3M794.11 F9 ANNAPURNALAYAM NARAYANA PANIKKAR

032:3M794:11
F9

MUL
066823

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number 032:3M794.11 F9

Accession Number 66823

Available for loan from

This book should be returned on or before the date last marked below.

2 MAY 1945

NOV 194

11 MAY 1949

21 SEP 1949

19 JAN 1950

AUG 1950

1 SEP 1950

26 MAY 1951

12 JUN 1951

22 FEB 1965

O. 61

Annapurnalayam.

# അന്നപൂണ്ണാലയം.

---

23 MAR 1932

ആർ. നാരായണപ്പണിക്കർ ബി. എ.

R. Narayana Panikkar

---

എസ്സ് ആർ. ബുക്കഡിപ്പോ,

തിരുവനന്തപുരം.

—:*:—

അനുവാദകന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജമാകുന്നു.

"വിദ്യാഭിവർദ്ധിനി" അച്ചുക്കൂടം,

കൊല്ലം.

൨-ാം പതിപ്പ് കാപ്പി—൫൦൦൦.

൧൧൦൫.

66823

# സമൎപ്പണം.

അന്നപൂൎണ്ണാദേവിക്കു്.

28 MAR 1932

# ഭൂമിക

ഈ പുസ്തകം, വംഗഭാഷാസാഹിത്യത്തിൽ അത്യുന്നതമായ ഒരു പദവിയെ പ്രാപിച്ചിട്ടുള്ള 'അന്നപൂർണ്ണാമന്ദിര' എന്ന ഗ്രന്ഥത്തിന്റെ ശുദ്ധഭാഷാന്തരമാകുന്നു. ഇതിന്റെ രചയിത്രിയായ ശ്രീമതി നിരുപമാദേവിയെപ്പററി അറിയാത്തവർ ബംഗാളിലെന്നല്ല, ഉത്തരഭാരതത്തിൽ എവിടെയും അതിവിരളമാണ്. അത്ഭുതകഥാനിബദ്ധങ്ങളോ ശൃംഗാരാഭാസമയങ്ങളോ ആയ ക്ഷുദ്രകൃതികൾ മാത്രം വായിച്ചു ശീലിച്ചിട്ടുള്ളവർ എന്തൊക്കെ പറഞ്ഞാലും, ഇതിനേക്കാൾ മെച്ചമായ ഒരു ആഖ്യായിക വംഗദേശത്ത് ഈ അടുത്ത കാലത്തെങ്ങും ഉണ്ടായിട്ടില്ലെന്നാണ് സഹൃദയന്മാരിൽ പലരുടേയും അഭിപ്രായം. പക്ഷേ മനുഷ്യഹൃദയത്തിന്റെ ഗതിവിഗതികളെ അതിവിശദമായി കാണിച്ചുതരുന്ന ഇത്തരം ഗാർഹ്യ കഥകളെ വായിച്ചു രസിക്കുന്നതിനുള്ള ശക്തി വിദ്യാസമ്പന്നരായ അപൂർവം ചിലരേ ഒഴിച്ചാൽ കേരളീയ ജനതയ്ക്കു തീരേ ഇല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. നമ്മുടെ ജനതയ്ക്ക് രുചിക്കണമെങ്കിൽ നായകന് സർവ്വഗുണങ്ങളും തികഞ്ഞിരിക്കണം. വിക്രമാദിത്യനേപ്പോലെ അത്ഭുതകൃത്യങ്ങൾ കൂടി ചെയ്യുന്നവനായാൽ പിന്നെ പറയാനുമില്ല. നായകൻ നല്ല പ്രഭുകുടുംബത്തിൽ ജനിച്ച്, എം. ഏ. പരീക്ഷയിൽ ഒന്നാം ക്ലാസിൽ പാസ്സായി, സാക്ഷാൽ മദനനേപ്പോലും അതിശയിക്കത്തക്ക രൂപലാവണ്യത്തോടുകൂടിയവനായിരുന്നാൽ, നായിക, 'നവയൗവനവും വന്നു നാൾതോറും വളരുന്ന' വിശ്വമോഹിനിയായിരിക്കും. നായകൻ സ്വഭാവത്തിൽ രാമചന്ദ്രനേപ്പോലിരുന്നാൽ നായിക സീതയേ അതിശയിക്കുന്നവളായിരിക്കും. വാല്മീകി മഹർഷിപോലും അദ്ദേഹത്തിന്റെ പാത്രങ്ങൾക്കു മനുഷ്യത്വം കൊടുപ്പാനായി അവരേക്കൊണ്ട് ഇടയ്ക്കിടയ്ക്ക് തെററുകൾ ചെയ്യിച്ചിട്ടുണ്ടെന്നുള്ള കഥ ആരും ഓർക്കുന്നതായി കാണുന്നില്ല. ലോകൈകമഹാകവിയായ കാളിദാസൻ, തന്റെ മൂന്നു നാടകങ്ങളിലും, മനുഷ്യർക്കു സാധാരണ കാണാവുന്ന ന്യൂനതകളോടുകൂടിയവരെയാണ് നായികാനായകന്മാരാക്കിയിരിക്കുന്നതെന്നുള്ള വസ്തുതയും അവർ വിസ്മരിച്ചുകളയുന്നു. നോക്കുക:—ദുഷ്യന്തൻ അതിഥി സൽക്കാരം ഏൽക്കാനായിട്ട്, ഒരു ഋഷിയുടെ ആശ്രമത്തിൽ ചെല്ലുന്നു. അവിടെ നവയുവതികളായ മൂന്നു കന്യകമാർ സ്വൈരസല്ലാപം ചെയ്യുന്നതു് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെടുന്നു. അതു കേൾക്കാനുള്ള കൗതുകം കൊണ്ട് അദ്ദേഹം ചെടികൾക്കിടയിൽ ഒളിച്ചിരിക്കുന്നു. ഇതൊക്കെ എന്തിന്? വാസ്തവത്തിൽ കവി ഇവിടെ ദുഷ്യന്തനേ ഒരു സാധാരണ മനുഷ്യനാ

ക്കു കയല്ലേ ചെയ്തിരിക്കുന്നതു്? ഭവഭൂതി ഗംഭീരാശയനായ രാമചന്ദ്രനേക്കൊണ്ടുപോലും ഒരു പ്രാകൃത മനുഷ്യനേപ്പോലെ വിലപിപ്പിച്ചിരിക്കുന്നതും നായകനു മനുഷ്യത്വം സമ്പാദിച്ചുകൊടുക്കാൻവേണ്ടി മാത്രമല്ലേ? ഏതുദേശത്തും ഏതുകാലത്തും മനുഷ്യൻ, മനുഷ്യൻതന്നെയാണു്.

അരിവൻ ഖലരെ നിഗ്രഹിക്കുമി
പ്പൌരവൻ നൃപതി നാടുവാഴവേ

എന്നൊക്കെ അഭിമാനത്തോടുകൂടി വണ്ടിയുടെ നേൎക്കു ചാടിപ്പുറപ്പെട്ട പൌരവനായ ദുഷ്യന്തന്റെ കാലത്തും പോലീസ്സുകാർ ഇന്നത്തേ പോലീസുകാരേക്കാൾ മെച്ചമായിരുന്നില്ലല്ലോ?

അതുപോലെതന്നെ വലിയ പ്രഭുകുടുംബത്തിൽ ജനിച്ചവൎക്കു മാത്രമല്ല ഹൃദയവും സുഖദുഃഖാദി വികാരങ്ങളും ഉള്ളതു്. അതുകൊണ്ടു്, പണ്ടു് തിലോത്തമയെ സൃഷ്ടിക്കാൻ സൃഷ്ടികൎത്താവു് പണിപ്പെട്ടതുപോലെ, സൎവ്വസൽഗുണസമ്പന്നരായ നായികാനായകന്മാരെ നിൎമ്മിക്കാൻ ഗ്രന്ഥകാരന്മാർ ശ്രമിക്കേണ്ട ആവശ്യമൊന്നുമില്ല. പ്രതിഭാശാലികളായ ആഖ്യായികാകാരന്മാൎക്കു്, "വല്ലഭനു പുല്ലുമായുധം" എന്നു പറഞ്ഞപോലെ, വെറും സാധാരണമായ പാത്രങ്ങളേക്കൊണ്ടു് സഹൃദയഹൃദയാഹ്ലാദകങ്ങളായ കഥകൾ രചിക്കാൻ കഴിയും എന്നുള്ളതിനു് അന്നപൂൎണ്ണാലയം ഒരു ഉത്തമ ദൃഷ്ടാന്തമാകുന്നു. വംശസമുദായത്തിന്റെ ഒരു മനോഹരമായ ചിത്രം ഈ ഗ്രന്ഥം വഴിക്കു നമുക്കു സിദ്ധിക്കുന്നുമുണ്ടു്.

പുരുഷന്മാർ രചിക്കുന്ന ആഖ്യായികകളിൽ സാധാരണമായി സ്ത്രീകൾക്കു് സ്ത്രീത്വത്തേക്കാൾ പുരുഷത്വമാണു് മികച്ചുനില്ക്കുന്നതെങ്കിലും, സ്ത്രീകൾ രചിക്കുന്ന അത്തരം കൃതികളിൽ, പുരുഷന്മാർ പുരുഷന്മാരായും സ്ത്രീകൾ സ്ത്രീകളായിട്ടുമാണു് കണ്ടുവരാറുള്ളതു്. "ഒരു സ്ത്രീയുടെ ഹൃദയത്തിൽ എത്രവിപുലമായ മഹാസമുദ്രമാണു മറഞ്ഞിരിക്കുന്നതെന്നു് നിങ്ങൾക്കു് ഒരു കാലത്തു് മനസ്സിലാകാതിരിക്കയില്ല" എന്നു് ഈഗ്രന്ഥത്തിൽ സതിയേക്കൊണ്ടു് നായകനായവിശേശ്വരനോടു പറയിച്ചിരിക്കുന്നതു്, വാസ്തവത്തിൽ, വനിതാലോകത്തിന്റെ പ്രാതിനിധ്യം സ്വയം വഹിച്ചു ഗ്രന്ഥകൎത്ത്രി പുരുഷലോകത്തോടു ചെയ്യുന്ന ഒരു ഉപദേശമായി പരിണമിച്ചിട്ടുണ്ടു. ഈ കഥയിലെ പ്രധാന പുരുഷപാത്രങ്ങൾ രാമശംകരഭട്ടാചാൎയ്യരും വിശേശ്വരനും ആണു്. രണ്ടുപേരും സൽഗുണാഢ്യരും രണ്ടുതരത്തിൽ ത്യാഗികളുമാണു്. രാമശങ്കരൻ തന്റെ കുടുംബഭാരം താങ്ങാൻ നിവൃത്തിയില്ലാതെ അകാലവൃദ്ധ

നായിത്തീൎന്ന് മരണം പ്രാപിച്ചു. എന്നാൽ ഭൂദേവിയെപ്പോലെ സൎവ്വംസഹയായ ജാഹ്നവിയുടെ ഹൃദയാന്തൎഭാഗത്തിൽ നിഗൂഢമായിക്കിടന്ന പ്രേമസമുദ്രത്തിന്റെ ആഴം നിൎണ്ണയിക്കാൻ ആൎക്കും സാധിക്കയില്ല. ദരിദ്രജനങ്ങളുടെ ഇടയ്ക്കു് ഇങ്ങനെ എത്ര എത്ര ജാഹ്നവിമാർ ആരുമാരുമറിയാതെ ജീവിച്ചു് പ്രപഞ്ചയവനികയ്ക്കുള്ളിൽ മറയുന്നു! അവരുടെ പരിശുദ്ധചരിത്രത്തെ രേഖപ്പെടുത്താൻ ഗ്രന്ഥകാരന്മാരും വായിക്കാൻ വായനക്കാരും ഇല്ലാതെ വരുന്നതാണ് അത്ഭുതം. തന്റെ ജ്യേഷ്ഠത്തിയുടെ ഒരു ഒററ കൊള്ളിവാക്കുപോലും സഹിക്കുന്നതിന് രാമശൎമ്മന്നു ക്ഷമയില്ല; ഭാൎയ്യയായ ജാഹ്നവിയോ, സങ്കടക്കടലിൽ കിടന്നിട്ടും ഒന്നും ആരേയും അറിവിക്കാതെ ഭൎത്താവിന്റേയും സന്താനങ്ങളുടേയും പരിചരണത്തിൽ സദാപി ഏൎപ്പെട്ടിരിക്കുന്നു. വിശേശ്വരൻ മഹാ ധൎമ്മിഷ്ഠനായിരുന്നിട്ടും, അദ്ദേഹത്തിന്റെ ചെറിയമ്മയായ അന്നപൂൎണ്ണയ്ക്കു സാധിച്ചതിൽ നൂറിലൊരംശംഎങ്കിലും നന്മ നാട്ടുകാൎക്കു ചെയ്വാൻ സാധിച്ചിട്ടില്ല. പുരുഷന്മാരുടെ ഹൃദയശൂന്യതയും, ആചാരങ്ങളുടെ കാൎക്കശ്യവുംനിമിത്തം സതിയേപ്പോലെ എത്ര കന്യകമാർ അകാലദേഹവിയോഗം ചെയ്വാനിടവരുന്നു; വല്ലകവികളും അവിടവിടെ ഇരുന്നു അവരുടെ ജീവിതത്തെ ഗാനം ചെയ്തുവെന്നു വന്നേക്കാം. പക്ഷേ അതുകൊണ്ടു പുരുഷന്മാരുടെ വജ്രഹൃദയമുണ്ടോ ഇളകാൻ പോകുന്നു. സാവിത്രിയുടെ ചരിത്രത്തിന് സംഗീതത്തിന്റെ മധുരിമയും കാവ്യത്തിന്റെ ആലോകനാമൃതത്വവും കാണപ്പെടുന്നു. എല്ലാപാത്രങ്ങളും ഒരുപോലെ സജീവങ്ങളാണ്.

ഈ ഗ്രന്ഥത്തേ ഇത്ര ഭംഗിയായും യാതൊരു തെററുകളും കൂടാതെയും അച്ചടിച്ചു തന്നതിന് ഞങ്ങൾ വി. വി. പ്രസ്സ് ഉടമസ്ഥന്മാരോടു കൃതജ്ഞതയുള്ളവരായിരിക്കുന്നു.

എന്ന്, കെ. പരമേശ്വരശാസ്ത്രി.

# അന്നപൂർണ്ണാലയം.

## ഒന്നാം അദ്ധ്യായം.

ഗ്രാമത്തിൻെറ സമീപത്തുകൂടി സ്വച്ഛജലമയിയായ നദി പ്രവഹിച്ചുകൊണ്ടിരുന്നു. ഗ്രീഷ്മത്തുവായതിനാൽ സ്വയമേ കൃശമായ അതിൻെറ ശരീരത്തിന്നു പൂർവ്വാധികം കാർശ്യം സംഭവിച്ചുപോയിട്ടുണ്ടെങ്കിലും 'ചുറുചുറുപ്പി'ന്നു കുറവൊട്ടും കാണുന്നില്ല. ഇരു പാർശ്വങ്ങളിലും വലിയ ബാബുജിമാരുടെ തോപ്പുകളാണ് അവിടെ നാളികേരം, പന മുതലായ വൃക്ഷങ്ങൾ തങ്ങളുടെ ഉന്നതശീർഷങ്ങളെ ആകാശത്തിലേയ്ക്കു ഉയർത്തിപ്പിടിച്ചുകൊണ്ടു നിശ്ചലമായി നില്ക്കുന്നു. പക്ഷെ, അവ ഇടക്കിടയ്ക്ക് പ്രദോഷവേളയിലെ സുമധുരമായ മന്ദപവനനേററ് അല്പം ശിരശ്ചാലനം ചെയ്യുന്നുണ്ട്. അവിടെയുള്ള ശിവക്ഷേത്രം തരുപ്പടർപ്പുകളിൽ മറഞ്ഞിരിക്കുന്നു. അതിൻെറ അഗ്രത്തിലുള്ള കനകനിർമ്മിതമായ ത്രിശൂലം മാത്രം അസ്തമനാർക്കൻെറ ചെങ്കതിരുകൾ പതിച്ച് ഉജ്ജ്വലശോഭം വിളങ്ങുന്നുണ്ട്.

ഇതുവരെ ആളുകളുടെ പോക്കും വരവും തുടങ്ങീട്ടില്ല. ഒരു ബാലികമാത്രം ആഢ്യന്മാരിലാരോ പണികഴിപ്പിച്ചിട്ടുള്ള നദീഘട്ടത്തിലെ വിശാലവും ശ്ലക്ഷ്ണവുമായ കല്പടികളിൽ കൂടി കീഴ്പ്പോട്ട് ഇറങ്ങിവരുന്നു. അവളുടെ കക്ഷത്തിൽ ഒരു പിത്തളക്കുടവും, തോളിൽ ഒരു ധോത്തിയും, ചെറിയ തോർത്തുമുണ്ടും ഉണ്ട്. ഒടുവിലത്തെപ്പടിയിൽ എത്തിയപ്പോൾ അവൾ ആരെയോ പ്രതീക്ഷിച്ചിട്ടെന്നപോലെ നാലുപാടും ഒന്നു കണ്ണോടിച്ചിട്ട്, കുറേനേരം അവിടെ നിശ്ചേഷ്ടം നിന്നു.

പ്രതീക്ഷിച്ച ആളിനെക്കാണായ്കയാൽ അവൾ ധോത്തിയെ കല്പടിയിൽ വെച്ചിട്ട്, ആററിലേയ്ക്കു ഇറങ്ങി. എന്നാൽ വിമനസ്കയെന്നപോലെ അവൾ വായിൽ വെള്ളം ഒഴിച്ചു കുലുക്കുഴിഞ്ഞുകൊണ്ടിരുന്നതേ ഉള്ളൂ. തത്സമയം വേറൊരുബാലിക ആ കടവിൽ വന്ന് നിലകൊണ്ടു. നമ്മുടെ ആദ്യത്തെ ബാലിക അന്യമനസ്കയായി നില്ക്കുന്നതുകണ്ടിട്ട്, രണ്ടാമത്തവൾ പതുക്കെപ്പതുക്കെ ഓരോ പടിയും കടന്ന്, താഴത്തുവന്ന്, ലഘുവായ ഒരു ശബ്ദം പുറപ്പെടുവിച്ചു. ഇതുകേട്ട് പ്രഥമബാലിക ഒന്നു ഞെട്ടിയെങ്കിലും, തിരിഞ്ഞു നോക്കിയപ്പോൾ ആൾ

ഇന്നാരെന്ന മനസ്സിലായതിനാൽ പുഞ്ചിരിതൂകിക്കൊണ്ട് "അമ്പോ! ഞാൻ പേടിച്ചുപോയല്ലോ" എന്നു പറഞ്ഞു.

അത്ഭുത, ഹാസ്യരസംകലൎന്ന സ്വരത്തിൽ പ്രതിവചിച്ചു.

"ഉൾനാട്ടുകാരിയല്ലേ! പിന്നെ പേടിക്കാതിരിക്കുന്നതെങ്ങനേ? ഞാൻ വന്നതുപോലും നീ അറിഞ്ഞില്ലല്ലോ! എന്താണ് ഇത്ര വലിയ ചിന്ത? നീ വന്നിട്ട് കുറേനേരമായൊ?"

"അധികമായില്ല. എന്താണ് ഇത്ര താമസിച്ചത്? മുമ്പൊക്കെ നേരത്തേവരുമായിരുന്നല്ലോ."

"ഞാൻ താമസിച്ചതിനുള്ള കാരണം പറയാം. നീ എന്താണ് വിഷണ്ണഭാവത്തിൽ ആലോചിച്ചുകൊണ്ടിരിക്കുന്നത്? അതു് ആദ്യമേ കേൾക്കട്ടേ".

ആദ്യത്തേ ബാലിക പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു.

"എനിക്ക് എന്താണ് വിശേഷിച്ചു ആലോചിപ്പാനുള്ളത്?"

"എന്തു്? ഒന്നുമില്ലേന്നോ!?" എന്നു പറഞ്ഞുകൊണ്ട് രണ്ടാമത്തെ ബാലിക സഖിയുടെ ദേഹത്തിൽ വെള്ളം കോരിയൊഴിച്ചു. എന്നിട്ടും അവൾ തന്റെ വസ്ത്രത്തെ കല്ലടിയിൽ എററിക്കൊണ്ടിരുന്നതല്ലാതെ ഒന്നും മിണ്ടിയില്ല. അതുകണ്ട് രണ്ടാമത്തവൾ വസ്ത്രത്തിൽ കടന്നു പിടിച്ചിട്ട്, "പറയൂ—പറഞ്ഞേ ഞാൻ വിടുകയുള്ളു" എന്നു ശഠിച്ചു.

പ്രഥമബാലിക "ഛേ! എന്താണു കാണിക്കുന്നത്? മുണ്ടു വിടൂ" എന്നു കയൎത്തു.

രണ്ടാമത്തവൾ വസ്ത്രത്തിൽനിന്ന് പിടിവിട്ടിട്ട്, സാഭിമാനം മുഖം തിരിച്ചുകളഞ്ഞു. അതു കണ്ടപ്പോൾ ആദ്യത്തേ പെൺകുട്ടിക്കു കുണ്ഠിതമുണ്ടായി.

"അല്ല! ഇതിനിടയ്ക്കു മുഷിഞ്ഞുകഴിഞ്ഞോ? അതു കൊള്ളുകയില്ല—ഞാൻ ചെയ്ത തെററിന് മാപ്പു ചോദിച്ചുകൊള്ളുന്നു. അകട്ടെ ചോദിപ്പാനുള്ളതു ചോദിച്ചു കൊള്ളുക. ഞാൻ മറുപടി പറയാൻ സന്നദ്ധയായിരിക്കുന്നു."

"നീ എന്താണ് നഞ്ചു തിന്നതുപോലെ ഇങ്ങനെ നില്ക്കുന്നത്? കാരണം പറയൂ."

"വിശേഷിച്ചു ഒരു കാരണവുമില്ല. ഞങ്ങളുടെ ഗൃഹസ്ഥിതികൾ എല്ലാം നിനക്കു നല്ലപോലെ അറിയാമല്ലോ. അറിഞ്ഞിരുന്നുകൊണ്ട് വീണ്ടും ചോദിച്ച് എന്നെ ലജ്ജിപ്പിക്കുന്നതെന്തിന്?"

"ഓഹോ! ഞാൻ വിചാരിച്ചതുപോലെ ഒരു വേല......"

"അതേ സഖി! നിങ്ങൾക്ക് അങ്ങനെ ഒക്കെപ്പറയാം."

അവൾ പറഞ്ഞുതീരുന്നതിനു മുമ്പേ രണ്ടാമത്തവൾ ഇടയ്ക്കു കേറിപ്പറഞ്ഞു.

"എനിക്കുള്ളതിൽ പകുതി ദുഃഖം നിനക്ക് ഉണ്ടായിരുന്നെങ്കിൽ നീ എന്തുചെയ്യുമെന്ന് എനിക്കു നിശ്ചയമില്ല. എന്നിട്ടും ഞാൻ നിന്നെപ്പോലെ ഉണക്കക്കൊള്ളിയായിരിക്കുന്നോ എന്നുനോക്കു."

ആദ്യത്തെ ബാലിക തന്റെ ആയതനേത്രങ്ങളെ സഖിയുടെ മുഖത്തേയ്ക്കു തിരിച്ചു. ആ സമയത്ത് അവളെ ഒന്നു കണ്ടിരുന്നുവെങ്കിൽ ഏതോ ഒരു ചതുരശില്പി, പ്രകൃതിയുടെ നിസർഗ്ഗകാന്തിയെ പതിന്മടങ്ങു വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഹൃന്മോഹനമായ ഒരു പ്രതിമ കൊണ്ടുവന്ന്, നദീതീരത്തിൽ നിശ്ചലമായി നിർത്തിയിരിക്കയാണോ എന്ന് ആരും സംശയിച്ചുപോകുമായിരുന്നു. മന്ദപവനന്റെ മൃദുല സ്പർശത്താൽ മൂന്നാലു ശിരോരുഹങ്ങൾ ചിന്നിച്ചിതറി അവളുടെ കവിൾത്തടങ്ങളിൽ കളിയാടിക്കൊണ്ടിരുന്നു. നദീദേവത, തന്റെ സ്വച്ഛവും നീലവർണ്ണവും ആയ ദർപ്പണത്തിൽ അവളുടെ നയനാസേചനകമായ പൂവൽമേനിയേ പകർത്തിയെടുത്തുകൊണ്ടിരുന്നതുപോലെ തോന്നി. ക്ഷീണതേജസ്വിയായ സൂര്യന്റെ ചെങ്കതിരുകളും ആ പ്രതിമയുടെ സുഷമയേ അനേകഗുണം വർദ്ധിപ്പിച്ചു. ഭാഗ്യദേവതയുടെ ഹൃദയം വജ്രകഠിനമായിരുന്നു. എന്നാൽ പ്രകൃതിയുടെ ഹൃദയമോ? അങ്ങനെയല്ല. അത് സദാപി കരുണാശീതളമായിരിക്കുന്നു.

ആ ബാലിക മധുരമായ സ്വരത്തിൽ പറഞ്ഞു.

"കമലേ! നിനക്കു എന്തു ദുഃഖമാണുള്ളത്? നീ സമ്പൽസമൃദ്ധിയോടു കൂടിയ ഒരു കുടുംബത്തിലെ സന്താനം. എല്ലാവിധത്തിലുമുള്ള സുഖങ്ങളും നിനക്ക് സ്വാധീനമായിരിക്കുന്നു. വേണ്ടുവോളം ധനമുണ്ട്. അച്ഛൻ, അമ്മ, സഹോദരീസഹോദരന്മാർ- എന്നുവേണ്ട സകലരും സദാപി സന്തോഷത്താൽ വിടർന്ന മുഖകമലങ്ങളോടുകൂടി ഇരിക്കുന്നു. അവരാരെങ്കിലും നിന്നെ അലട്ടുന്നുണ്ടോ? ദുഃഖമെന്നത് ഏതു പറവയുടെ പേരാണെന്നു നിനക്കറിയാമോ? പിന്നെ നീ ദുഃഖത്തിന്റെ കാര്യം പറയുന്നതെന്തിന്?"

"സതീ! എനിക്കു യാതൊരു ദുഃഖവും ഉണ്ടാകയില്ലെന്നാണോ നീ പറയുന്നതിന്റെ താല്പര്യം. പ്രപഞ്ചത്തിൽ ദാരിദ്ര്യത്തെക്കവിഞ്ഞ് ഒരു ദുഃഖവുമില്ലെന്നോ?"

സതിക്ക് ഈ വാക്ക് അതിദുസ്സഹമായിത്തോന്നി. അവൾ പറഞ്ഞു.

"എന്നു ഞാൻ പറയുന്നില്ല."

സതിക്ക തന്റെ ദാരിദ്ര്യത്തെപ്പററി പറയുന്നതും കേഠംക്കുന്നതും കൊല്ലുന്നതിനു തുല്യമായിരുന്നതിനാൽ അവഠം മൌനമവലംബിച്ചു.

"സതീ! നീ ഒന്ന് ആലോചിച്ചു നോക്കൂ. മററെല്ലാ ദുഃഖങ്ങളും നിഷ്പ്രയാസം സഹിക്കാം. മനോദുഃഖത്തിനുമാത്രം മരുന്നില്ല."

സതി ഒരു കൃത്രിമസ്മേരത്തോടുകൂടി പറഞ്ഞു.

"നിനക്ക് എന്തോ ഒരു മനോവ്യാധിയുണ്ടെന്നു തോന്നുന്നല്ലോ."

"ഛേ! ഛേ! ഞാൻ ഒരു കുബേരകന്യകയല്ലേ? എനിക്ക പിന്നെ ദുഃഖമെവിടെ?"

"സഹോദരീ! കാൎയ്യം തുറന്നു പറയൂ. ഞാൻ പറഞ്ഞതൊക്കെ മറന്നുകളയണം. അബദ്ധത്തിൽ പറഞ്ഞുപോയതിനെ ക്ഷമിക്കൂ."

"എനിക്ക വിവാഹം നടക്കാൻ പോകുന്നു."

"വിവാഹമോ? എന്ന്?"

"ഒന്ന് ഒന്നരമാസത്തിനുള്ളിൽ നടക്കും—പക്ഷേ വരനാരെന്നു മാത്രം ചോദിക്കരുത്."

സതി ചിരിച്ചുകൊണ്ടു പറഞ്ഞു.

"അതെനിക്കറിയാം. വിശ്വവർണ്ണനല്ലേ?"

"അല്ല സഹോദരി! അങ്ങനെ ആയിരുന്നെങ്കിൽ ദുഃഖത്തിന് അവകാശമെവിടെ? വേറൊരിടത്താണു വിവാഹാലോചന നടന്നിരിക്കുന്നത്."

സതി ഒന്നുഞെട്ടി. അവഠം വിസ്മയപൂർവം ചോദിച്ചു.

"നീ വിശ്വവർണ്ണനെ അല്ലാതെ മററാരെയും കല്യാണം കഴിക്കയില്ലെന്നാണല്ലോ പറഞ്ഞുകൊണ്ടിരുന്നത്? എന്താ! അച്ഛനും അമ്മയ്ക്കും സമ്മതമില്ലെന്നുണ്ടോ?"

"അവരോട്ട് ഞാൻ അക്കാൎയ്യത്തെപ്പററി മിണ്ടീട്ടേ ഇല്ല. അവർ നിരപരാധികളാണ്."

"അങ്ങനെ ആണെങ്കിൽ നീ സ്വമേധയാ ആപത്തു തലയിൽവലിച്ചുവച്ചതാണല്ലോ? ഛേ! അതു തീരെ പോരാത്തതാണ്. ആരെങ്കിലും കേട്ടാൽ എന്തുപറയും?"

"ഞാൻ ലജ്ജിച്ചു ലജ്ജിച്ചു ചാവാറായി. എന്തു ചെയ്യാം! എന്റെ ഇച്ഛയെ ഞാൻ എങ്ങനെ അറിവിക്കും?"

"മാതാപിതാക്കന്മാരോട്ട തുറന്നു പറയുന്നത് കൊള്ളാമെന്നു എനിക്ക തോന്നുന്നു."

"അതാണ് ഞാനും ആലോചിക്കുന്നത്. എന്നാൽ അതിനുമുമ്പ് ഒരു സംഗതി അറിഞ്ഞുവെയ്ക്കുന്നത് കൊള്ളാം. അദ്ദേഹ

ത്തിൻെറ മനോഭാവം അറിഞ്ഞേ മതിയാവൂ. അതിനാണ് പണി?"

കമലയുടെ മുഖത്തേയ്ക്ക് ആശ്ചര്യപൂർവ്വകം നോക്കിക്കൊണ്ടു സതി പറഞ്ഞു.

"ആരുടെ മനോഭാവമാണ് അറിയേണ്ടത്? വിശ്വവണ്ണൻെറയോ? ഛരി! അതു് എന്തൊരു സാഹസമാണ്. ഇങ്ങനെ പറയാൻ നാണമാവുകയില്ലേ?"

കമല വിസ്മയത്തോടും വിരക്തിയോടും പറഞ്ഞു.

"അല്ലാതെ മററു നിവൃത്തി എന്തു്? നിങ്ങൾ ഇതേവരെ പുസ്തകങ്ങളൊന്നും വായിച്ചിട്ടില്ലെന്നു തോന്നുന്നല്ലോ."

"ഞാൻ രാമായണം നിത്യവും വായിക്കാറുണ്ടു്."

കമല വ്യംഗ്യാത്മകമായി ഒന്നു ചിരിച്ചുകൊണ്ടുപറഞ്ഞു.

"കൊള്ളാം! ലോകത്തിൽ അറിഞ്ഞിരിക്കേണ്ടതെല്ലാം രാമായണത്തിലുണ്ടെന്നാണൊ നിൻെറ വിചാരം? അതിരിക്കട്ടെ. ഇന്നു നീ എൻെറ വീട്ടിലേയ്ക്കു ഒന്നു വരാമോ? വേണമെങ്കിൽ നല്ലനല്ല പുസ്തകങ്ങൾ ഞാൻ നിനക്കു വായിക്കാനായിത്തരാം. എൻെറ കൈവശം ഒന്നാന്തരം ഗ്രന്ഥങ്ങൾ പലതുമുണ്ടു്."

സതി കുറേ നേരം മിണ്ടാതെ നിന്നു. കമലയുടേയും തൻെറയും അവസ്ഥകൾക്കുതമ്മിലുള്ള അന്തരത്തെ അവൾ ആലോചിക്കയായിരുന്നു. ഒടുവിൽ അവൾ സഗൎവ്വം പറഞ്ഞു.

"എനിക്ക് പുസ്തകങ്ങളുടെ ആവശ്യമേ ഇല്ല"

"പുസ്തകങ്ങൾ വേണ്ടെന്നുവരികിൽ വേണ്ട. എന്നാൽ ഞാൻ ഇരിക്കുന്നിടത്തു ഒന്നു വരരുതെന്നുണ്ടോ?"

"അക്കാൎയ്യം എനിക്ക് തീൎച്ചപറവാൻ പ്രയാസമാണ്. പേരമ്മ ലഹളയൊന്നും കൂട്ടിയില്ലെങ്കിൽ വരാം."

"നിൻെറ അമ്മ എത്ര സാധു! മററവരെന്തു് ഇങ്ങനെ ആയതു്?"

"എന്തോ! ആൎക്കറിയാം ഞാൻ പോകുന്നു. വഴിയിൽ ആൾസഞ്ചാരം കൂടിക്കൂടി വരുന്നു."

രണ്ടുപേരും അതിവേഗം കല്പടികൾ കേറി മുകളിൽവന്നു. കുടം പൊക്കി എടുക്കുന്നതിന് സതി ബുദ്ധിമുട്ടുന്നതുകണ്ടപ്പോൾ കമല ചോദിച്ചു.

"ഇത്ര വലിയ കുടം കൊണ്ടുവന്നതെന്തിന്? കുറേക്കൂടി ചെറിയ കുടം ഇല്ലായിരുന്നോ?"

"ഈ കുടമായിരുന്നാലേ ആവശ്യമുള്ള വെള്ളം കൊണ്ടുപോവാൻ സാധിക്കൂ."

"അമ്മയ്യോ പേരമ്മയ്യോ വെള്ളംകോരിക്കൊണ്ടു പോയ്ക്കൂടേ?"

"അവൾക്ക് അവിടെ പിടിപ്പതുജോലിയുണ്ട്. ആ ജോലികൾ എനിക്കു ചെയ്യാൻ സാധിക്കുമോ?"

"നിന്റെ അനിയത്തി, സാവിത്രിയുണ്ടല്ലോ? അവൾക്കു വെള്ളം കോരിക്കൂടേ?"

"സാവിത്രിയോ;—പാവം! അവൾ തീരെ കുട്ടിയല്ലേ?"

"തീരെക്കുട്ടി പോലും! നിന്നേക്കാൾ ഒന്നോ രണ്ടോ വയസ്സിന്റെ കുറവുകാണുമായിരിക്കാം."

"സഖി! അങ്ങനെ പറയരുതേ! അവൾ എന്നേക്കാൾ ബുദ്ധിമുട്ടുന്നുണ്ട്. ഒരു കാര്യം ഞാൻ ഖണ്ഡിച്ചു പറയാം. അവളെപ്പോലെ ഒരു ബാലിക നിങ്ങളെപ്പോലുള്ള വലിയ ആളുകളുടെ വീടുകളിൽ ഉണ്ടാകുന്ന കാര്യം സംശയമാണ്. ആ സാധു കൊച്ചനിയന്റെ ഉപദ്രവങ്ങളെ ഒക്കെ സന്തോഷത്തോടുകൂടി പൊറുത്തും, ചേട്ടന്റെ ശകാരങ്ങളും പേരമ്മയുടെ മുള്ളുവാക്കുകളും ഒരക്ഷരംപോലും മറുവാക്കു പറയാതെ സഹിച്ചും, കഴിച്ചുകൂട്ടുന്നു. അച്ഛൻ പറയുന്നതൊക്കെ ഒരു എള്ളിട തെററിക്കാതെ പ്രവൎത്തിച്ചു വരുന്നു. അവൾ ചെയ്യുന്നതിൽ നൂറിലൊരുഭാഗം ജോലി, എന്നേക്കൊണ്ടു ചെയ്യാൻ സാധിക്കയില്ല ദരിദ്രകുടുംബത്തിൽ ജനിച്ചവളാകകൊണ്ട്, അവളുടെ ഗുണഗണങ്ങളിലൊന്നും നിങ്ങളുടെ ദൃഷ്ടിയിൽ പെടുന്നില്ലെന്നേ ഉള്ളു."

കമലയ്ക്കു് ഈ വാക്കുകൾ തീരെ രസിക്കാഞ്ഞതിനാൽ, കുറേനേരത്തേക്ക് അവൾ ഒന്നും മിണ്ടിയില്ല. വാസ്തവത്തിൽ അവൾക്കു സതിയോടു് അനല്പമായ പ്രീതിയുണ്ടായിരുന്നു. സതിക്കു ദുഃഖം ജനിപ്പിക്കത്തക്ക വാക്കുകൾ പറയണമെന്ന് അവൾക്കു ലേശം വിചാരമുണ്ടായിരുന്നില്ല. അഭ്യാസദൗഷ്ട്യംകൊണ്ടു മാത്രമാണ് ഈ മാതിരി അഭിമാനനിൎഭരമായ വാക്കുകൾ അവളുടെ മുഖത്തുനിന്നു പുറപ്പെട്ടതു്. സതിയോ, അവളും വാസ്തവത്തിൽ വലിയ അഭിമാനിനിയായിരുന്നു. ഒന്നുരണ്ടു പ്രാവശ്യം അവൾ കമലയുടെവാക്കുകൾക്കു നല്ല കണക്കിനു മറുപടി കൊടുത്തു. അന്യായമായ വാക്കുകൾ ആരുപറഞ്ഞാലും ശരി, ചുമ്മാ കേട്ടുകൊണ്ടിരിക്കുന്ന പതിവു് അവൾക്കില്ല. എന്നാൽ ഇങ്ങനെ കൂടക്കൂടെ അവർ തമ്മിൽ കലശലുകൾ ഉണ്ടാകാറുണ്ടെങ്കിലും ആ പിണക്കം ചിരസ്ഥായിയായിരുന്നിട്ടില്ല; മേലിൽ അങ്ങനെ സംഭവിക്കുന്ന കാര്യം സന്ദിഗ്ദ്ധവുമാണ്.

കമല ഇത്തവണ തീരെ പരാജിതയായി എന്നിട്ടും വളരെ നേരം

മിണ്ടാതെ ഇരിക്കാൻ അവൾക്കു സാധിച്ചില്ല. അവൾ ഇങ്ങനെ പറഞ്ഞു.

"നിങ്ങൾ ദരിദ്രരാണെന്നു വിചാരിച്ചുകൊണ്ട് ഞാൻ ഈവിധം പറഞ്ഞതാണെന്നു തന്നെ ഇരിക്കട്ടെ. എന്നാൽ മുഖത്തു് അടിച്ച വണ്ണം മറുപടി പറയുന്ന വിഷയത്തിൽ നീയും ഒട്ടും കുറച്ചിട്ടില്ല." സതി കമലയുടെ മുഖത്തു സൂക്ഷിച്ചു നോക്കിക്കൊണ്ടു് സസ്മിതം പറഞ്ഞു.

"നീ ചിലതൊക്കെ പറഞ്ഞതിനു ഞാൻ മറുപടി പറഞ്ഞതല്ലേ ഉള്ളു. സമത്തിനു സമം!"

"നിന്നോടു പറഞ്ഞു ജയിക്കാൻ എനിക്കു സാധിക്കയില്ല. അതിരിക്കട്ടെ. നീ വീട്ടിൽ എപ്പോൾവരും? അതു പറയൂ."

"അവസരംപോലെ ഞാൻ ഒരു ദിവസം വരാൻനോക്കാം."

"അതുപോരാ! നിന്നോടു ആലോചിപ്പാൻ പലതുമുണ്ടു്. നീ വരാതിരുന്നാൽ ഒരു കാൎയ്യവും നടക്കയില്ല. കഴിയുന്നതും വേഗത്തിൽ വരാൻ നോക്കണം."

"ആകട്ടേ, അങ്ങനെ തന്നേ."

കമല താരാപുരത്തിലെ ഒരു പ്രസിദ്ധ ജമീൻദാരുടെ കന്യകയായിരുന്നു. കൌബേരപദവിയിലിരുന്ന ഒരു പ്രഭുവിൻെറ വാത്സല്യഭാജനമായ പുത്രി ആയിരുന്നതുകൊണ്ടു്, അവൾക്കു സൎവ്വവിധസുഖസൌകൎയ്യങ്ങളും അത്യന്ത സുലഭമായിരുന്നു. ഇത്രമാത്രം സമ്പദാഢ്യയായ ഒരു ബാലികയ്ക്കു ദരിദ്രനായ രാമശംകരഭട്ടാചാൎയ്യൻെറ പുത്രിയോടു് ഈമാതിരി ദൃഢമായ മൈത്രീബന്ധം എങ്ങനെ ഉണ്ടായി? പരമാൎത്ഥത്തിൽ സമ്പന്നനായ ഒരുവന്നു് ഏതെങ്കിലും ഒരു ദരിദ്രജനത്തോടു മമതാബന്ധമുണ്ടായെന്നു കേട്ടാൽ ആരും അത്ഭുതപ്പെടാതിരിക്കയില്ല. സതിയോടുള്ള ഈ കൂട്ടുകെട്ടു കമലയുടെ വീട്ടുകാൎക്കു തീരെ രസിച്ചിട്ടില്ലായിരുന്നു. അവളെ ഈ വിഷയത്തിൽ അവർ കഠിനമായി ശാസിക്കാറുമുണ്ടായിരുന്നു. ധനികന്മാൎക്കു ദരിദ്രജനങ്ങളോടു സാധാരണ തോന്നാറുള്ള വിരുദ്ധഭാവവും പുച്ഛരസവും ഓൎത്തു, സതിയുടെ വീട്ടുകാർ സതിയേയും താക്കീതു ചെയ്യുവന്നു. ഇങ്ങനെ ഒക്കെ ഇരുന്നിട്ടും അവർ തമ്മിലുള്ള മൈത്രീബന്ധത്തിനു യാതൊരു വിധത്തിലുള്ള ശൈഥില്യവും ഇതേവരെ സംഭവിച്ചില്ല. സൌന്ദൎയ്യം, സമവയസ്കത, ബാലോചിതമായ സംസൎഗ്ഗേച്ഛ എന്നീ കാരണങ്ങളാൽ ഒരു രമണിക്കു് മറെറാരു രമണിയോടു സാധാരണ ഉണ്ടാകാറുള്ള ആകൎഷണമായിരിക്കാം ഈ വിചിത്രമായ മൈത്രീബന്ധത്തിനും കാരണമായിത്തീൎന്നതു്. കമലയ്ക്കു പതിമ്മൂന്നും സതിക്കു പന്ത്രണ്ടും വയസ്സായിട്ടേ ഉള്ളു. തന്നിമിത്തം അവരുടെ സ്ഥിതികൾക്കുള്ള അന്തരം

അവരുടെ പരസ്പരസ്നേഹബന്ധത്തെ ശ്ലഥമാക്കുന്ന വിഷയത്തിൽ തീരെ സഹായിച്ചില്ല.

കമല തൻെറ ഗൃഹത്തിൽ ചെന്നു്, മഞ്ചത്തിൽ കേറി ശയിച്ചു. വാസ്തവത്തിൽ വിവാഹനിശ്ചയത്തെപ്പററി കേട്ടതുമുതൽക്കു് അവളുടെ ഉന്മേഷമൊക്കെ അററുപോയി. മൂന്നു കൊല്ലമായി അവൾ വിവാഹത്തെ സംബന്ധിച്ചു് ചില നിശ്ചയങ്ങൾ ചെയ്തു വെച്ചിരുന്നു. അന്നൊരിക്കൽ അവൾ നദിയിൽ കുളിച്ചുകൊണ്ടിരിക്കവേ പെട്ടെന്നു് ഒഴുക്കിൽപെട്ടു മൃത്യുമുഖത്തോടു് ഏതാണ്ടു് അടുത്തപ്പോൾ, വിശേശ്വരൻ എന്നൊരുവൻ വെള്ളത്തിൽച്ചാടി, അവളെ രക്ഷിച്ചതു വേറെ ആരും അറിഞ്ഞിരുന്നില്ല. കമല വായിച്ചിട്ടുള്ള ആഖ്യായികകളിലൊക്കെ, ഈ മാതിരി യദൃച്ഛാസംഭവങ്ങൾ വിവാഹത്തിൻെറ പൂർവാംഗങ്ങളായിത്തീർന്നതായിട്ടേ കണ്ടിട്ടുള്ളു. വിശേശ്വരൻ യൌവനശ്രീതിരണ്ടകോമളാംഗൻ; അഭിജാതൻ; സർവോപരി അവിവാഹിതനമാണു്. താനോ? ഒരു സമ്പന്നൻെറപുത്രി; സർവാംഗസുന്ദരി; വിശേഷിച്ചു കന്യകയും. ഈ സ്ഥിതിക്കു് ആദ്യം പ്രേമവും, അതിനെത്തുടന്നു, വിവാഹവും അവശ്യം ഭാവിയല്ലേ? പക്ഷേ ഇതേവരേ കമല വിശേശ്വരനോടാകട്ടേ, വിശേശ്വരൻ കമലയോടാകട്ടേ പ്രേമകഥയേപ്പററി ഒരക്ഷരംപോലും മിണ്ടീട്ടില്ല. അതിനു അവൾക്കു് അവസരവും ഇല്ലായിരുന്നു. ഒന്നാമതായി, വിശേശ്വരൻെറ വീട്ടു് വളരെ അകലേയാണു്. രണ്ടാമതായി മുൻവിവരിച്ച സംഭവത്തിനുശേഷം വിശേശ്വരൻ ഇങ്ങോട്ടെങ്ങാനും വരികയാകട്ടേ, കമലയെ കാണുകയാകട്ടേ ചെയ്തിട്ടില്ല. എന്നിരുന്നാലും ആഖ്യായികകളിലെ നിയമമനുസരിച്ചു് അവൾ അയാളെ സ്നേഹിക്കാൻ കടപ്പെട്ടവളല്ലേ? അതുകൊണ്ടു സ്നേഹിക്കതന്നെ വേണം. അവൾ അങ്ങനെ ചെയ്യാതിരുന്നുമില്ല· പക്ഷേ വിശേശ്വരനു് ഇങ്ങോട്ടു് പ്രേമമില്ലാതിരുന്നാലോ? വിശേശ്വരനെത്തന്നെ വിവാഹം ചെയ്യാനുറച്ചശേഷം, അയാളുടെ താമസസ്ഥലവും മററും കണ്ടുപിടിക്കാൻ സാധിക്കാതെ വന്നാലോ? പക്ഷെ വിയോഗം ആദ്യമേ കല്പാന്തസ്ഥായിയായി തോന്നിയേക്കാമെങ്കിലും പിന്നീടു് ഏതെങ്കിലും വിധത്തിൽ നായികാനായകന്മാരുടെ പുനസ്സമാഗമം ഉണ്ടാകാതെവരില്ലെന്നു് അവൾ എത്രയോ ആഖ്യായികകളിൽ കണ്ടിരിക്കുന്നു. അങ്ങനെ ഒരു പുനസ്സമാഗമം ഉണ്ടാവാത്തവിധത്തിൽ കഥയേ നിബന്ധിച്ചിട്ടുള്ള ഗ്രന്ഥകാരന്മാരെ എല്ലാം കമല 'വയറുനിറയെ' ശകാരിക്കയാണു പതിവു്. ജീവിതനാടകത്തിൻെറ അമ്മാതിരി ദുഃഖപര്യവസായിയായ ശേഷാങ്കം കാണുന്നതിനു് അവൾക്കു ലേശംപോലും തൃപ്തിയും ക്ഷമയും ഉണ്ടായിരുന്നില്ല.

കമല മഞ്ചത്തിൽ കിടന്ന്, എന്തെല്ലാം ആലോചിച്ചുവെന്നോ എത്ര മനസ്സ്വായസം കുടിച്ചുവെന്നോ, ദൈവത്തിനു മാത്രമേ അറിയാവൂ. വേലക്കാരി അവളുടെ ആഹാരത്തെ ഒരു താലത്തിൽ എടുത്തുകൊണ്ടു് ഈ അവസരത്തിൽ അകത്തേക്കു കടന്നു. എന്നാൽ കമലയാകട്ടെ, അവളെ അവിടെനിന്ന് ഓടിച്ചിട്ടു കതകു ചാരിക്കളഞ്ഞു. ഒരു പുതിയ അഖ്യായിക ഈയിടക്ക് അവളുടെ കൈവശം വന്നുചേൎന്നിരുന്നു. അവൾ അതു തുറന്ന് ഒടുവിലത്തെ വശം അതിശീഘ്രം വായിച്ചുനോക്കി. അതിലെ നായികാനായകന്മാർ പരമാനന്ദപാരാവാരത്തിൽ മുങ്ങിയും പൊങ്ങിയും ജീവിതശേഷം നയിക്കുന്നതായി വൎണ്ണിക്കപ്പെട്ടിരിക്കുന്നതു കണ്ടപ്പോൾ, അവൾ സന്തുഷ്ടയായി. അതുകൊണ്ടു് അവൾ മഞ്ചത്തിൽ നീണ്ടു നിവൎന്നു കിടന്നിട്ടു ഗ്രന്ഥപാരായണം ആരംഭിച്ചു. വായിക്കുന്തോറും അവളുടെ മനസ്സ് കഥയിൽ ലയിച്ചുകൊണ്ടും വന്നു. ഒടുവിൽ നായികാനായകന്മാരുടെ ദുഃഖഫലട്ടമായപ്പോൾ അവൾ ഉറങ്ങിപ്പോയി. പുസ്തകം അവളുടെ വക്ഷഃപ്രദേശത്തു തന്നെ കിടന്നിരുന്നു. കമലയുടെ അമ്മ ഭൃത്യയോടുകൂടി അകത്തു കടന്ന് അവളെ ഉണൎത്തിയപ്പോൾ, തനിക്കു എപ്പോൾ എങ്ങനെ; ഉറക്കം വന്നു എന്നു ഓൎമ്മിക്കാൻ അവൾക്കു സാധിച്ചില്ല.

---

## രണ്ടാം അദ്ധ്യായം.

---

നേരം പ്രഭാതമായി. അകാലവൃദ്ധനായ രാമശംകരഭട്ടാചാൎയ്യൻ തന്റെ കുട്ടിച്ചുവരായ ഗൃഹത്തിന്റെ വാതുക്കൽ ഇരുന്നു ധൂമപാനം ചെയ്യുന്നു. അല്പനഗ്നമായ മേൽപുരയുടെ കഴുക്കോലിൽ തൂക്കിയിരുന്ന ഒരു പഞ്ജരത്തിനകത്ത് നിദ്രാധീനമായി ഇരുന്നിരുന്ന മൈന പെട്ടെന്നു ഉണൎന്ന് ഹരേ രാമ! ഹരേ രാമ! ഇത്യാദി നാമാവലി പാടുകയും ഇടയ്ക്കിടയ്ക്കു് ഭട്ടാചാൎയ്യരുടെ ശുഷ്കകാസത്തെ അനുകരിക്കയും ചെയ്യുന്നു. മേഞ്ഞിട്ട് ഒരു യുഗമായെന്നു തോന്നിക്കുന്ന അടുക്കളയുടെ സമീപത്തു കൂട്ടിയിരിക്കുന്ന ചാമ്പൽക്കൂട്ടത്തിനു മുകളിൽ കിടന്നിരുന്ന നായ് മൂക്കു വിറപ്പിച്ചുകൊണ്ടു് സ്വസ്ഥമായി ഉറങ്ങുന്നു. അങ്കണത്തിന്റെ നടുക്ക് തഴച്ചുനിന്ന അമ്രവൃക്ഷത്തിന്റെ ചുവട്ടിൽ കുററിയടിച്ചു കെട്ടിയിരുന്ന പശു അതിന്റെ കററക്കിടാവിനെ വാത്സല്യപൂൎവ്വം നക്കിക്കൊണ്ടു നില്ക്കുന്നു. വായു പോലും മന്ദമന്ദം ചരിച്ചു്, അങ്കണത്തിന്റെ കോണിൽ നില്ക്കുന്ന കദളീവൃക്ഷത്തിന്റെ പ്രകാണ്ഡത്തെ ഒട്ടും ഇളക്കാതെ, പത്രങ്ങളെ തലോടിക്കൊണ്ടിരിക്ക

ന്നതേ ഉള്ളൂ. ഭട്ടാചാര്യർ ഈ പ്രശാന്താവസ്ഥ കണ്ട് ഇങ്ങനെ ചിന്ത തുടങ്ങി.

"സർവ്വം നിശ്ചിന്തമായും നിശ്ചലമായും കാണപ്പെടുന്നു. മനുഷ്യ ചിത്തം മാത്രം ഇങ്ങനെ ഉദ്വിഗ്നമായും ചഞ്ചലമായും തീരാൻ കാരണമെന്തു്? പക്ഷി ആനന്ദത്തോടുകൂടി പാടുകയും അനുകരിക്കയും ചെയ്യുന്നു! പശു അതിൻെറ കുട്ടിയെ വാത്സല്യപൂർവ്വം ലാളിക്കുന്നു. നായ് ചുററും നടക്കുന്നതൊന്നും അറിയാതെ സുഖനിദ്രയിൽ ആണ്ടിരിക്കുന്നു. ഈ തിര്യക്കുകൾക്കു ചിന്തയുടെ കണിക പോലും കാണുന്നില്ല. അന്നപാനാദികൾ അവയ്ക്കും ആവശ്യമാണ്. എന്നാൽ അവ തങ്ങളുടെ വയററിനു വേണ്ടി ക്ലേശിക്കുന്നതേ ഇല്ല. തങ്ങൾക്കുവേണ്ടി മനുഷ്യർ ബുദ്ധിമുട്ടിക്കൊള്ളുമെന്നായിരിക്കുമോ അവയുടെ വിചാരം? അഹോ! മനുഷ്യൻെറ കാര്യങ്ങളെയും അന്വേഷിക്കുന്നതിനു ഇതുപോലെ മററാരെങ്കിലും ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. മനുഷ്യർ മാത്രം ഉദരപൂരണത്തിനായി മല മറിക്കേണ്ടിവന്നിരിക്കുന്നതു എന്തുകൊണ്ടു്? ലോകം ഈ വിധം പക്ഷപാതപൂർണ്ണമായിരിക്കാൻ ഹേതുവെന്തു്? പ്രകൃതിയുടെ ഗൌരവത്തിനും മാഹാത്മ്യത്തിനും ഏകഹേതുവായ മനുഷ്യൻെറ പേരിൽ പ്രകൃതിക്കു കാരുണ്യം ഈ വിധം കുറഞ്ഞുപോയതു എന്തുകൊണ്ടായിരിക്കാം?"

ഭട്ടാചാര്യർ ഇങ്ങനെ ഓരോന്നു വിചാരിച്ചു, വിചാരിച്ചു് അതിവിശാലമായ ഒരു ധൂമകുണ്ഡലി വിരചിച്ചുകൊണ്ടിരിക്കേ, ഇടിഞ്ഞു പൊളിഞ്ഞു കങ്കാള മാത്രാവിശിഷ്ടമായ ആ ഗൃഹത്തിൻെറ കതകു തുറന്നു ഒരു സ്ത്രീ വെളിക്കു വന്നു. അവൾ ദേഹത്തിൽ ചുവന്ന ഈരകളുള്ള ഒരു നേർത്ത സാരിയും, കൈകളിൽ ഉജ്ജ്വലവർണ്ണങ്ങളായ കുപ്പിവളകളും ധരിച്ചിരുന്നു. നെററിയിൽ ഒരു സിന്ദൂരപ്പൊട്ടുമുണ്ട്. ഇങ്ങനെ കേവലം സാമാന്യമായ ഒരു വേഷമാണ് അവൾക്കുള്ളതെങ്കിലും, അവളുടെ അനലംകൃതാവസ്ഥ ആ സ്ഥലത്തിൻെറ ശോഭയെ വർദ്ധിപ്പിച്ചതേ ഉള്ളൂ. അവൾ കിണററിൽ നിന്നും വെള്ളം കോരി അങ്കണവും ഗൃഹദ്വാരവും തളിച്ചതിനുശേഷം, തുളസിത്തടം മെഴുകി വൃത്തിയാക്കി. അനന്തരം അവൾ കൈ കഴുകീട്ടു; ഒരു ലോട്ടാജലവും ദന്തധാവനത്തിനുള്ള സാമഗ്രികളും കൊണ്ടുവന്നു് സ്വസ്വാമിയുടെ സമീപത്തു വെച്ചിട്ടു് മൃദുസ്വരത്തിൽ പറഞ്ഞു

"ഇത്ര നേരത്തെ എഴുന്നേററോ? രാത്രി കലശലായ നെഞ്ചുവേദനയുണ്ടായിരുന്നല്ലോ. പിന്നെന്തിന് ഇങ്ങനെ തണുപ്പു് ഏൽക്കുന്നു?"

ഭട്ടാചാൎയ്യർ സേഷ്യം മറുപടി പറഞ്ഞു.

"നെഞ്ചുവേദന കൊണ്ടുപോയ്ച്ചുട്ട്; മരിച്ചാലേ എനിക്കു വേദന ശമിക്കൂ."

ഈ വാക്കുകൾ കേട്ട് ആ സാധ്വി അത്യന്തം ദുഃഖത്തോടുകൂടി ഒന്നും മിണ്ടാതെ അദ്ദേഹത്തിനെ നോക്കിക്കൊണ്ടു നിന്നു. ഭട്ടാചാൎയ്യർ മുഖം തിരിച്ചുകളഞ്ഞു.

"മുഖം കഴുകണം" എന്ന് അല്പം കഴിഞ്ഞു് അവൾ പറഞ്ഞു.

"മുഖം കഴുകിക്കൊള്ളാം. ഇന്നത്തേക്ക് അരിയും പരിപ്പും ഉണ്ടോ അതു കേൾക്കട്ടെ."

അവൾ 'ഇല്ല' എന്നൎത്ഥത്തിൽ തല കുലുക്കി. "നിലം വിററിട്ടു കിട്ടിയ പണം മുഴുവനും ചെലവായോ?" എന്നദ്ദേഹം ഉദ്ധതസ്വരത്തിൽ ചോദിച്ചു.

"എത്ര പണം ഉണ്ടായിരുന്നു? മാസം മൂന്നു കഴിഞ്ഞില്ലേ? ഇനി എത്ര നാളത്തേക്കു കാണും?"

"കണ്ടില്ലെങ്കിൽ വേണ്ട! ഞാനെന്തു ചെയ്യാനാണു? തെണ്ടണോ"

ആ സ്ത്രീ ഒന്നും മിണ്ടാതെ അശ്രുക്കൾ പൊഴിച്ചുകൊണ്ടു നിന്നു. ഭട്ടാചാൎയ്യർ കോപപരവശനായിട്ടു പറഞ്ഞു തുടങ്ങി.

"നിന്റെ കൂട്ടക്കു കരച്ചിലും പിഴിച്ചിലും വേഗത്തിൽ വരും. കരയുന്നതുകൊണ്ടു് കാൎയ്യങ്ങൾ മുമ്പോട്ടു പോവുമെങ്കിൽ ഞാനും കരയാമായിരുന്നു."

ഇത്രയും പറഞ്ഞിട്ടു് അദ്ദേഹം അല്പം നമ്രസ്വരത്തിൽ തുടൎന്നു പറഞ്ഞു:—

"എനിക്കു് ഇന്നു് എങ്ങും പോവാൻ സാധിക്കയില്ല. അതുകൊണ്ടു ഇന്നത്തെക്കാൎയ്യം എങ്ങനെ എങ്കിലും നിൎവ്വഹിക്കണം. നാളെ വല്ല വഴിയും ഉണ്ടോ എന്നു നോക്കാം."

ഭട്ടാചാൎയ്യർ എഴുന്നേററു് നിത്യകൎമ്മാനുഷ്ഠാനത്തിനു പോയി. സാധുസ്ത്രീ നെടുവീൎപ്പിട്ടുകൊണ്ടു് അങ്കണം തൂത്തു വൃത്തിയാക്കിത്തുടങ്ങി.

സതീ! സതീ! എന്ന് അവർ ഉറക്കെ വിളിച്ചു.

കതകു തുറന്നു് കുസുമകലികപോലെയുള്ള ഒരു ബാലിക കണ്ണുകൾ രണ്ടും തിരുമ്മിക്കൊണ്ടു് വെളിക്കുവന്നു. തന്റെ മാതാവു് അങ്കണം തൂത്തുകൊണ്ടിരിക്കുന്നതു കണ്ടിട്ടു് "അമ്മേ! എന്തിനാണു് വിളിച്ചതു്?" എന്നു അവൾ ചോദിച്ചു

"സതി ഇതേവരെ എഴുന്നേററില്ലേ? ഈ അങ്കണം ഒന്നു തൂത്തെങ്കിൽ ഞാൻ പോയി വെള്ളം കൊണ്ടുവരുമായിരുന്നു."

"ഞാൻപോയി വെള്ളംകോരികൊണ്ടുവരാം" എന്നു പറഞ്ഞു് ആ ബാലിക കിണററിൻെറ അടുക്കലേക്കു തിരിച്ചു.

"മകളേ, നീ പോകണ്ട! ഇത്ര വലിയ കുടം നിനക്കു എടുത്തു പൊക്കാൻ സാധിക്കയില്ല" എന്നു പറഞ്ഞു അമ്മ അവളെ തടുത്തു. പക്ഷേ ബാലിക അതൊന്നും വകവയ്ക്കാതെ വെള്ളംകോരാൻ പൊയ്ക്കഴിഞ്ഞു. പാവപ്പെട്ട ജാഹ്നവി പിന്നീടു ഒന്നും മിണ്ടിയില്ല. എത്രതന്നേ നിർബന്ധിച്ചുനോക്കീട്ടും മകൾ വകവയ്ക്കുന്ന മട്ടു കാണാഞ്ഞതിനാൽ, അവർ തൻെറ ജോലി മുറയ്ക്കു തുടർന്നു.

ഭട്ടാചാര്യരുടെ മരിച്ചുപോയ ജ്യേഷ്ഠസഹോദരൻെറ ഭാര്യ ഈ സമയത്തു അങ്കണത്തിലേക്കുവന്നപ്പോൾ, അമ്മയും മകളും ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതുകണ്ടിട്ടു്, ഉച്ചത്തിൽപറഞ്ഞു:

"അമ്മയും മകളും കൊണ്ടുപിടിച്ചു ജോലിചെയ്യുന്നുണ്ടു്. വീട്ടിനുള്ളിൽ ഒരു മണി അരിപോലും ഇല്ലെന്നുള്ളകാര്യം അറിയുന്നേഇല്ല. ബെബുവാജി * എങ്ങോട്ടുപോയി? ഇന്നു അങ്ങാടിയിൽ പോകുന്നില്ലേ? കാളി എഴുന്നേററു ചോറിനു നിലവിളികൂട്ടുമ്പോൾ എന്തു എടുത്തുകൊടുക്കും? ഇന്നലെ പാൽക്കാരിയും പാലുതന്നില്ല. എങ്ങനെ തരും? ഏഴുജന്മത്തിനുള്ളിലെങ്കിലും പണം കിട്ടുമെന്നുള്ള ആശ ആ പാവത്തിനില്ല—എൻ്റ ഹേ! നിങ്ങൾ അതൊന്നും അറിയുന്നതേ ഇല്ല. പിന്നെ അവൾ എന്തിനാൾ പാൽ തരും?"

ജാഹ്നവി തൻെറ മനസ്സിനെ നിയന്ത്രണം ചെയ്തുകൊണ്ടു് സാവധാനമായി പറഞ്ഞു:

"ചേച്ചീ! ഈ അവസരത്തിൽ ഇങ്ങനെ ഒന്നും പറയരുതേ. അദ്ദേഹം വല്ലാതെ ദുഃഖിച്ചിരിക്കയാണു്. ഇതുകൂടി കേട്ടാൽ ദുഃഖം കുറേക്കൂടി വർദ്ധിക്കും. ഞങ്ങൾക്കൊക്കെ ഇതുകേട്ടു നല്ല വഴക്കമാണു്. പാൽക്കാരിയുടെ കാര്യം പറഞ്ഞാൽ അവൾക്കു ഈ മാസത്തെ പണമേ കൊടുക്കാനുള്ളു."

ജ്യേഷ്ഠത്തിഅമ്മകോപത്തോടുകൂടിപറഞ്ഞു.

"ഒരു മാസത്തെപ്പണം സാരമില്ലേ? നല്ലവാക്കു പറഞ്ഞാലും അതു നിങ്ങൾക്കു ശകാരമാണു്. ഞാനൊന്നും പറയുന്നില്ലേ, അപ്പ. പാൽ കിട്ടാതായാൽ കുഞ്ഞു ക്ഷീണിച്ചുപോകുമെന്നു വിചാരിച്ചു മാത്രംപറഞ്ഞതാണു്—കുഞ്ഞു ചത്താൽ എനിക്കെന്തുചേതം?"

---

* ഇതു് ഒരു ഓമനപ്പേരാണു്.

ഇങ്ങനെ ഓരോന്നു പറഞ്ഞു് പിറുപിറുത്തുംകൊണ്ട് അവർ പശുവിനു തവിടു കൊടുക്കാനായിപ്പോയി. അവരുടെ കോപം, ഉള്ളിൽ കൊള്ളാതെ, പുറത്തേയ്ക്കു പുറപ്പെട്ടു.

"അവലക്ഷണം പിടിച്ച പശു. കുട്ടി വളൎന്നുപോയതിനാൽ അവളും പാൽ തരുന്നില്ല. കുമ്പനിറയേ തിന്നാനേ കൊള്ളൂ. പോയി തുലയരുതോ?"

സാവിത്രി ഇതുകേട്ടു വിഷണ്ണയായിട്ട് ഇങ്ങനെ പറഞ്ഞു.

"പാവം—വല്ലതും വയറുനിറയേ തിന്നാതെ അവൾ എവിടുന്നു പാലുതരും?"

ജ്യേഷ്ഠത്തിഅമ്മ അവളുടെ വാക്കിനെ കേട്ടമട്ടുപോലും കാണിക്കാതെ, തന്റെ കോപത്തെ ശമിപ്പിക്കാനെന്നപോലെ ഒരു കമ്പെടുത്തു അവിടെ ഉറങ്ങിക്കിടന്നിരുന്ന പട്ടിയുടെ പള്ളയ്ക്കിട്ട് നല്ല നാലഞ്ചു അടികൊടുത്തു. സാധു നായ് "ബൌവൌ" "ബൌവൌ" എന്നു മോങ്ങിക്കൊണ്ട് ഓടി. പാവപ്പെട്ട മൈന ഈ ബഹളങ്ങളെല്ലാം കണ്ടു മിണ്ടാതെ ഇരിക്കയായിരുന്നു. ശണ്ഠ പിടിക്കുന്നതിനു വേറെ ആരേയും മുമ്പിൽ കാണാതായപ്പോൾ, നമ്മുടെ ഭദ്രകാളി അനങ്ങാതെ ഇരിക്കുന്ന മൈനയുടെ നേൎക്കു തിരിഞ്ഞു.

"ഈ നശിച്ചവീട്ടിലെ നാശം പിടിച്ച മൈനപോലും കാലത്തു കാലത്തു രാമനാമം ജപിക്കുന്നില്ല."

പിന്നെയും അവർ എന്തെല്ലാമൊക്കെയോ പുലമ്പി. ഈ കോലാഹലമെല്ലാം കേട്ട്, സതിയുടെ നിദ്രയ്ക്കു ഭംഗം വന്നു. അവൾ വെളിയിൽചെന്നു നോക്കിയപ്പോൾ, എല്ലാവരും ഉണൎന്നെഴുന്നേറ്റു ജോലിയിൽ ഏൎപ്പെട്ടിരിക്കുന്നതു കണ്ട്, "അയ്യോ! നേരം ഇത്ര പുലൎന്നോ?" എന്ന് കോമളസ്വരത്തിൽപ്പറഞ്ഞു.

ഈ വാക്കുകൾ ജ്യേഷ്ഠത്തിഅമ്മയുടെ ചെവിയിൽപ്പെട്ടു.

"അയ്യോ! പാവം! മുലകുടിമാറാത്ത കൊച്ചുകുഞ്ഞിനു ഇരുട്ടായതിനാൽ കണ്ണു കണ്ടുകൂടാ. ഒരു വിളക്കു കാണിച്ചുകൊടുക്കണേ" എന്നു അവർ ഹസിച്ചു.

സതിക്കു താൻ ചെയ്തതു തെറ്റാണെന്നുള്ള ബോധം ഉണ്ടായതിനാൽ, അവൾ ഒന്നും മിണ്ടാതെ, പാത്രങ്ങൾ മിഴക്കുന്നതിനായിപ്പോയി. അതുകണ്ടു ജാഹ്നവി പറഞ്ഞു:—

"ഇനി ഞാൻ കുളിക്കാൻ പോകുന്നു".

"അമ്മ പോയികുളിച്ചിട്ടു വരണം".

ഭട്ടാചാൎയ്യർ മുഖം കഴുകീട്ടു തിരിച്ചുവന്ന ഉടനെ, സപ്തദശവയസ്കനായ ഹരിശങ്കരൻ അദ്ദേഹത്തിനെ അലട്ടിത്തുടങ്ങി.

"വേറൊരു കാൎയ്യത്തിലും എനിക്ക് ഒരാലോചനയില്ല. ഒരു ദിവസം പള്ളിക്കൂടത്തിൽ ചെല്ലാതിരുന്നാൽ തലപോകും, എന്നാൽ മററു കുട്ടികളുടെ മുമ്പിൽ, കാൽ മറയ്ക്കാതെ എങ്ങനെ ചെന്നു നിൽക്കും. എനിക്കു ഇന്നുതന്നെ പാപ്പാസു വാങ്ങിത്തരണം."

ജാഹ്നവിയും ഇതിനിടയ്ക്കു കുളികഴിഞ്ഞുവന്നു. അവർ പുത്രൻെറ ഹസ്തത്തെ തൻെറ കൈയിൽ ധരിച്ചുകൊണ്ടു പറഞ്ഞു.

"മകനേ! ഇന്നത്തേക്കുകൂടി ഇങ്ങനെ കഴിയട്ടേ. നീ ഇപ്പോൾ പള്ളിക്കൂടത്തിൽ പോ—പിന്നീട്—"

"പിന്നീട് എന്നാണ്? എത്രനാൾ ഇങ്ങനെ കഴിക്കണം? എനിക്കു പാപ്പാസ് ഇന്നുതന്നെ വേണം."

ഭട്ടാചാൎയ്യൻ ഇതുകേട്ടു ഗൎജ്ജിച്ചു.

"ദരിദ്രബാലകന്മാൎക്ക് ഇത്ര പദവിയോ? അച്ഛന് എഴുന്നേല്ക്കാൻവയ്യ! മകനു കുതിരപ്പുറമേറണംപോലും—കുഞ്ഞേ! അവനവൻെറ അവസ്ഥയ്ക്കുതക്ക വേഷമേ കെട്ടാവൂ—അരിമണിയൊന്നു കൊറിക്കാനില്ലാത്തവൻ തരിവളയിട്ടു കിലുക്കാൻ മോഹിക്കുന്നതു കൊള്ളാമോ? നിങ്ങളെ ഒക്കെ പോററുന്നതിനു വേണ്ടി ഞാൻ മോഷ്ടിക്കാൻ പോകണമോ?"

നല്ല അവസരം കിട്ടിയെന്നു വിചാരിച്ച് ജ്യേഷ്ഠത്തിഅമ്മ തട്ടിവിട്ടു.

"ഇതൊക്കെ അവൻ അറിയുന്നതെന്തിന്? അച്ഛനാണെന്നും പറഞ്ഞു ഞെളിഞ്ഞിരുന്നാൽ മതിയോ? ആവശ്യമുള്ളതൊക്കെ ഉണ്ടാക്കികൊടുക്കതന്നെ വേണം. അവനു പ്രായമായി. എല്ലാവരുടെയും മുമ്പിൽ നാണിച്ചു തലതാഴ്ത്തി നടക്കുന്നു. നിങ്ങൾക്കു നാണംതോന്നാത്തതാണ് ആശ്ചൎയ്യം!"

ഇതിനിടയ്ക്കു് മൂന്നു വയസ്സു പ്രായമുള്ള കാളിശങ്കരൻ മാതാവിൻെറ ചേലാഞ്ചലത്തിൽ പിടികൂടിക്കൊണ്ടു് "അമ്മേ! എനിക്കു ചോറുതരൂ" എന്നു നിലവിളിച്ചു.

ഭട്ടാചാൎയ്യർ വീട്ടിനുള്ളിലേയ്ക്കുകടന്ന്, അയയിൽ ഇട്ടിരുന്ന ധോത്തിയെടുത്ത്, തോളിൽ ധരിച്ചുകൊണ്ടു പോവാനൊരുങ്ങി. ജാഹ്നവി മന്ദംമന്ദം അദ്ദേഹത്തിൻെറ പുറകേ ചെന്ന് "എങ്ങോട്ടു പോവുന്നു!" എന്നു ചോദിച്ചു.

"വല്ല വഴിയും ഉണ്ടാക്കാമോ എന്നു നോക്കാൻ—വഴിയുണ്ടാകുന്നതായാൽ, ഞാൻ തിരിച്ചു വരും; അല്ലാത്തപക്ഷം ഇതു അന്ത്യയാത്രയാണ്" എന്നുപറഞ്ഞിട്ടു് അദ്ദേഹം നടകൊണ്ടു.

ജാഹ്നവി സഗൽഗദം പറഞ്ഞു.

"കുഞ്ഞേ! ഹരി! പോയിനോക്ക്. അച്ഛൻ എങ്ങോട്ടു പോകുന്നു? സമാധാനം പറഞ്ഞു വിളിച്ചു കൊണ്ടുവാ! വേഗം. പോ, മകനേ—എന്താണ് അനങ്ങാതെ നില്ക്കുന്നതു്?"

"എങ്ങോട്ടു പോകാനാണ്? താനേ തിരിച്ചു വരും. ഞാൻ ഇന്നു ചാന്ദപുരത്തേയ്ക്കു പോകുന്നു. നരേന്ദ്രബാബുവിന്റെ കൂടെത്താമസിക്കും. അവിടെച്ചെന്നു താമസിക്കാൻ, അദ്ദേഹം എത്ര തവണ എന്നെ നിർബന്ധിച്ചിരിക്കുന്നു. നിങ്ങളേ ഒക്കെ വിചാരിച്ചു്, ഞാൻ ഇതേവരെ അദ്ദേഹത്തിന്റെ വാക്കു കേട്ടില്ല. ഇന്നു മുതൽക്ക് ഈ വീട്ടിൽനിന്നു പച്ചവെള്ളം കുടിക്കുന്നവൻ ചെമ്മാനാണ്—ഇതാ, ഞാൻ ഇപ്പോൾത്തന്നേ പോകുന്നു."

പാവപ്പെട്ട ജാഹ്നവി സ്തംഭിച്ചു നിന്നുപോയി. പാത്രം തേച്ചുകൊണ്ടിരുന്ന സതി, ഓടിവന്ന് ഇങ്ങനെ പറഞ്ഞു.

"രാമ! രാമ! ചേട്ടന്ന് ഇപ്പോൾ എന്തു പററി? ബുദ്ധിഭ്രമം പിടിപെട്ടോ? നിങ്ങളൊക്കേ ഈ വിധം ഞങ്ങളേ കൈവിട്ടു കളഞ്ഞാൽ ഞങ്ങൾക്കു പിന്നേ ഗതിയെന്താണ്? ചേട്ടൻ പോയി അച്ഛനെ വിളിച്ചുകൊണ്ടുവരൂ."

"നിങ്ങൾ ഇഷ്ടംപോലെ ചെയ്തുകൊള്ളുക. ഞാൻ ഇതാ പോകുന്നു" എന്നു പറഞ്ഞുകൊണ്ടു് അവൻ വെളിയിൽ ഇറങ്ങി.

സാവിത്രി ഓടിവന്നു്, അവന്റെ ഇരുകൈകളേയും പിടിച്ചുകൊണ്ടു പറഞ്ഞു.

"ചേട്ടാ! ഞാൻ കാൽപിടിച്ചു പറയുന്നു. അച്ഛനേ പോവാൻ സമ്മതിക്കരുതു്. പറഞ്ഞു സമാധാനപ്പെടുത്തി വേഗം വിളിച്ചുകൊണ്ടുവരൂ."

ബാലികയേ ശക്തിയോടുകൂടി തള്ളിനീക്കീട്ടു്, ഹരിശങ്കരൻ നടന്നുകളഞ്ഞു.

ജാഹ്നവി കുട്ടിയേ എടുത്തു മടിയിൽ ഇരുത്തിക്കൊണ്ടു് ചുമ്മാതെ ഇരുന്നു. അവൾ മുഖത്തു മൂടുപടം ധരിച്ചിരുന്നു. പാത്രത്തിലെ കരിപുരണ്ട കൈകളോടുകൂടി സതി, ചിത്രത്തിലെഴുതപ്പെട്ടവളെന്നപോലെ നിശ്ചലം നിലകൊണ്ടു. സാവിത്രി വീട്ടിനുള്ളിൽ ചെന്നു് അകമൊക്കെ തൂത്തുവെടിപ്പാക്കിത്തുടങ്ങി. അവളുടെ കൈകൾ ജോലിയിൽ ഏർപ്പെട്ടിരുന്നുവെങ്കിലും, അശ്രുപ്രവാഹം കൊണ്ടു് അവൾക്കു ഒന്നും കാണാൻ പാടില്ലായിരുന്നു. ജ്യേഷ്ഠത്തി അമ്മ മുറവിളികൂട്ടി, അവിടെ നടന്ന കഥകളൊക്കെ അങ്ങാടിപ്പരസ്യമാക്കി.

രാമശങ്കരൻ മനോവ്യാകുലത നിമിത്തം ഏലാപ്പുറംവഴിക്കു പുറപ്പെട്ടു. • മൂക്കിനുനേക്ക് നടന്നു എന്നല്ലാതെ, എങ്ങോട്ടേയ്ക്കെന്ന് നേരത്തേ അദ്ദേഹം തീച്ചപ്പെടുത്തിയിരുന്നോ എന്നു സംശയമാണ്. കല്ലും മുള്ളും കാലിൽ തറച്ചിട്ടും, അദ്ദേഹം അതൊന്നും വകവയ്ക്കാതെ നടന്നു. ഏലായിൽ ഒരിടത്തു മൂളിപ്പാട്ടു പാടിക്കൊണ്ടിരുന്ന ഒരു ഇടയൻ അദ്ദേഹത്തിനെക്കണ്ടിട്ട്, "ഭട്ടാചാൎയ്യജി! എങ്ങോട്ടാണ് കാൽനടയായി പുറപ്പെട്ടിരിക്കുന്നതു്?" എന്നു ചോദിച്ചു. "യമരാജന്റെ അടുക്കലേക്ക്" എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം അതിവേഗം നടന്നു. കുറേദൂരം ചെന്നപ്പോൾ "ആചാൎയ്യമഹാശയൻ എങ്ങോട്ടേയ്ക്കു്?" എന്നു വേറൊരുവൻ ചോദിച്ചു.

ബ്രാഹ്മണൻ തലപൊക്കി നോക്കിയപ്പോൾ, അതു ആ ഗ്രാമത്തിലെ വിശേശ്വരനാണെന്നു മനസ്സിലായി. അയാൾ മുട്ടററം മുണ്ടുപൊക്കിപ്പിടിച്ചുകൊണ്ടും, കാൽകൊണ്ട് മൺകട്ടകളെ തട്ടിപ്പൊട്ടിച്ചുകൊണ്ടും അദ്ദേഹത്തിന്റെ നേക്കു വരികയായിരുന്നു. ആചാൎയ്യർ പെട്ടെന്നു നിന്നു. സാധു ബ്രാഹ്മണൻ ആരേയും കണ്ടുമുട്ടരുതെന്നു വിചാരിച്ചാണ് ഈ ദുർഘടമാൎഗ്ഗത്തിൽ കൂടി പുറപ്പെട്ടതു്. പക്ഷെ 'പടപേടിച്ചു പന്തളത്തു ചെന്നപ്പോൾ, പന്തവും കത്തിപ്പട' എന്നു പറഞ്ഞപോലെ ആയി. വിശേശ്വരൻ അടുത്തുവന്ന് ആദരപൂർവം ചോദിച്ചു.

"എങ്ങോട്ടേയ്ക്കാണു പുറപ്പെട്ടിരിക്കുന്നതു്?"

"എങ്ങോട്ടേയ്ക്കെന്നില്ല. പാദങ്ങൾ എങ്ങോട്ടേയ്ക്കു നയിക്കുന്നോ അങ്ങോട്ടേയ്ക്കു് എന്നേയുള്ളു. എനിക്കു ഒരു ദിക്കിനോടും പക്ഷപാതമില്ല. പോകുന്നതു് ഏതു ദിക്കിലേയ്ക്കെന്നു നിങ്ങൾക്കു കണ്ടുകൂടേ?"

"ഇതു് ആളുകൾക്കു സഞ്ചരിക്കാനുള്ള വഴിയല്ലല്ലോ? പിന്നെന്താണ് ഈ വഴിക്ക് പുറപ്പെട്ടതു്?"

"ആളുകൾക്കു സഞ്ചരിക്കാനുള്ള വഴിയല്ലെങ്കിൽ പിന്നെ നിങ്ങൾ ഇങ്ങനെ നടക്കുന്നതെന്തിനു്?"

"എന്റെ കാൎയ്യം കളയണം. നേർവഴിക്കുപോയാൽ കാലവിളംബം നേരിടുമെന്നു വിചാരിച്ച് ഈ വഴിയേ നടന്നുവെന്നേയുള്ളു."

"ശരി! എന്നേ സംബന്ധിച്ചും അതുതന്നെ സമാധാനം."

"താരാപുരത്തിലെ സേട്ടന്മാരുടെ ബാങ്കുവരെ പോയിട്ട് സ്വല്പം കാൎയ്യം ഉണ്ടായിരുന്നു. തിരിച്ചു ഈ വഴിയേ പുറപ്പെട്ടുവെന്നേയുള്ളു."

"ഞാനും കാൎയ്യമുണ്ടായിട്ടു തന്നെയാണ് പോകുന്നതു്. ഒരു കാൎയ്യവും ഇല്ലാതെ ആരെങ്കിലും കല്ലു ചവിട്ടിത്തൊഴിക്കുമോ?"

"അതില്ല. അങ്ങ് എന്തൊക്കയോ മറയ്ക്കുന്നു. എന്നോടു പറയാവുന്ന കാൎയ്യമാണെങ്കിൽ പറഞ്ഞാൽ കൊള്ളാം. മറച്ചുവെച്ചതുകൊണ്ട് വിശേഷിച്ചു പ്രയോജനമൊന്നുമില്ലല്ലോ? എന്നോടു എന്തിനു സംകോചം ഭാവിക്കുന്നു?"

"എന്തു സംകോചമാണു കുഞ്ഞേ! എനിക്ക്?"

"എനിക്ക് ഏതെങ്കിലും വിധത്തിൽ അങ്ങയെ സഹായിക്കാൻ സാധിച്ചെങ്കിൽ വലിയ ചാരിതാർത്ഥ്യത്തിന് അവകാശമുണ്ട്."

രാമശംകരജി സ്ഥിരദൃഷ്ടിയോടുകൂടി ആ യുവാവിനെ ഒരു പ്രാവശ്യം നോക്കി. ആ യുവാവിന്റെ മുഖത്ത് അനന്യസാധാരണമായ ഒരു ഉദാരഭാവം സ്ഫുരിക്കുന്നതു് ആചാൎയ്യർ കണ്ടു. പരിപൂൎണ്ണമായ നിരീഹഭാവവും, നിഷ്കളങ്കതയും അവിടെ കളിയാടിക്കൊണ്ടിരുന്നു. ഭട്ടാചാൎയ്യർ ശാന്തസ്വരത്തിൽ പറഞ്ഞു.

"നിങ്ങൾ ഒരു നല്ല പയ്യനാണ്. ഈ വാക്കുകൾ നിങ്ങളുടെ മനസ്ഥിതിക്കു യോജിച്ചുതന്നെ ഇരിക്കുന്നു. എന്നാൽ ഞാൻ നിങ്ങളുടെ ഉപകാരത്തെ സ്വീകരിക്കുന്നതെങ്ങനെ? കേവലം അന്യനായ ഒരുവൻ ചെയ്യുന്ന ഉപകാരത്തെ അൎഹിക്കത്തക്കവണ്ണം ഞാൻ ആൎക്കെങ്കിലും ഉപകാരം ചെയ്തിട്ടുണ്ടോ?"

"ഒരു ഉപകാരത്തിനുപകരം എന്തെങ്കിലും അങ്ങ് സ്വീകരിക്കണമെന്നല്ല എന്റെ പ്രാർത്ഥന. ഞാൻ ചെയ്യണമെന്നു വിചാരിക്കുന്ന ഈ തുച്ഛസേവയെ പ്രേമഭാവത്തോടുകൂടി അങ്ങ് കൈക്കൊള്ളണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു"

"ഞാൻ പറയാം. കേട്ടുകൊള്ളുക. ഞാൻ ഏതെങ്കിലും ഒരു ജോലി തേടിപ്പുറപ്പെട്ടിരിക്കയാണ്. വീട്ടുചെലവിനു ആവശ്യമുള്ള പണം കിട്ടാത്തപക്ഷം എന്റെ വയററുപിഴപ്പെങ്കിലും നോക്കാമെന്നുവിചാരിച്ചു ഞാൻ പോകുന്നു."

ബ്രാഹ്മണന്റെ ഈ വാക്കുകേട്ട് വിശേശ്വരൻ ഒന്നുഞെട്ടി. വ്യഗ്രമായ സ്വരത്തിൽ അദ്ദേഹം പറഞ്ഞു.

"ശരി! അങ്ങ് എന്റെ പ്രാൎത്ഥനയെ കൈക്കൊള്ളാത്തപക്ഷം താരാപൂരത്തിലെ ബാങ്കിൽ, പത്തു ഉറുപ്പിക ശമ്പളത്തിൽ ഒരു കൎമ്മചാരിയുടെ ആവശ്യമുണ്ട്. ആ ജോലി അങ്ങ് സ്വീകരിക്കുക."

"ഞാൻ ഇന്നുമുതല്ക്കേ ജോലി ചെയ്യാൻ തയ്യാറാണ്. എന്നാൽ ഒരു മാസത്തെ ശമ്പളം എനിക്കു മുൻകൂറായിക്കിട്ടണം."

"അങ്ങിനെതന്നേ എന്നാൽ അങ്ങുപോവുക."

രണ്ടുപേരും അവരവരുടെ വഴിക്കു തിരിച്ചു. വിശ്വേശ്വരൻ ദീർഘമായി ഒന്നു നിശ്വസിച്ചു. അദ്ദേഹത്തിന് ഭട്ടാചാര്യ്യജിയുടെ മനഃസ്ഥിതി നല്ലപോലെ മനസ്സിലായി.

---

## മൂന്നാം അദ്ധ്യായം.

---

വിശ്വേശ്വരൻ ഒരു ഗ്രാമീണയുവാവാണ്. അദ്ദേഹത്തിന്റെ പിതാവ്, ആ ഗ്രാമത്തിലെ ഒരു വലിയ ജന്മിയായിരുന്നെങ്കിലും, തീരെ ആഡംബരവിവർജ്ജിതമായ ജീവിതമാണ് നയിച്ചുവന്നതു്. നാട്ടുകാർ അദ്ദേഹത്തിന്, ലുബ്ധൻ, പിശുക്കൻ, 'പഞ്ഞി' അറുത്ത കൈക്കു് ഉപ്പിടാത്തവൻ, എന്നിങ്ങനെ വിവിധബിരുദങ്ങൾ നൽകി. വലിയ ധനികനായിരുന്നിട്ടും, അദ്ദേഹത്തിനെന്നപോലെ, അദ്ദേഹത്തിന്റെ ഗൃഹത്തിനും ഒരു നിലയേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ, ആ ഗൃഹത്തിന് നീളവും വീതിയും വേണ്ടുവോളമുണ്ടായിരുന്നു. ഗോശാല പശുക്കളെക്കൊണ്ടും കന്നുകുട്ടികളെക്കൊണ്ടും വണ്ടിക്കാളകളെക്കൊണ്ടും നിറഞ്ഞിരുന്നു. നെല്ല്, വരക്, ഗോതമ്പ് ഇത്യാദി ധാന്യങ്ങൾ അറ നിറയെ കിടന്നിട്ടും, സാധാരണ ധനികന്മാരുടെ ഗൃഹങ്ങളിൽ കാണാറുള്ളതുപോലെ അത്ര വളരെ പരിചാരകന്മാർ അവിടെ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഇരിപ്പുമുറി വെറും സാമാന്യരീതിയിലുള്ളതായിരുന്നു. മേശ, കസാലകൾ, അലമാരികൾ, നിലക്കണ്ണാടി മുതലായ സാധന സാമഗ്രികളൊന്നും അവിടെ ഉണ്ടായിരുന്നില്ല. എല്ലാംകൊണ്ടും അദ്ദേഹത്തിന്റെ ഗൃഹം ഒരു സാധാരണ കൃഷീവലന്റെ ഗൃഹംതന്നെയായിരുന്നു.

എല്ലാ ജനങ്ങളും ഈ വൃദ്ധനെ 'നിധികാക്കുന്ന ഭൂതം' എന്നാണ് വിളിക്കാറുള്ളതു്. അദ്ദേഹത്തിന്റെ ഏകപുത്രനാത്രേ നമ്മുടെ വിശ്വേശ്വരൻ. ആ വീട്ടിലെ അംഗങ്ങളായിട്ടും പരിവാരങ്ങളായിട്ടും രണ്ടേരണ്ടുപേരേ ഉണ്ടായിരുന്നുള്ളൂ. അവരിൽ ഒന്നു വിശ്വേശ്വരൻ തന്നെ. രണ്ടാമത്തേതു് വിശ്വേശ്വരന്റെ മാതൃഷ്വസാവായ അന്നപൂർണ്ണയും ആയിരുന്നു. ആ വൃദ്ധയുടെ കൈവശത്തിലും ഒട്ടുവളരെ പണമുണ്ടെന്നാണ് ജനശ്രുതി. മാതൃഹീനനായ വിശ്വേശ്വരനെ ശുശ്രൂഷിക്കുവാനായി അവർ നാരായണചന്ദ്രമൈത്രേയന്റെ ഗൃഹത്തിൽ പാർപ്പുതുടങ്ങിയ അന്നുമുതൽക്കു്, നാട്ടുകാരുടെ ഹൃദയകുണ്ഡങ്ങളിൽ ഈർഷ്യാമഹാനലൻ പൂർവാധികം ജ്വലിച്ചുതുടങ്ങി.

നാരായണചന്ദ്രൻ തന്റെ പുത്രനായ വിശ്വേശ്വരനെ ദൃഷ്ടിക്കു മുമ്പിൽനിന്ന് അകന്നിരിക്കാൻ ഒരിക്കലും സമ്മതിച്ചില്ല. അതു കൊണ്ടു അയാൾക്കു ഗ്രാമവിദ്യാലയത്തിൽ മെറ്റ്റിക്കുലേഷൻ ക്ലാസു വരെ പഠിക്കാനേ സാധിച്ചിട്ടുള്ളൂ. പക്ഷേ വിശ്വവിദ്യാലയത്തിൽ പഠിച്ച് വലിയ ബിരുദങ്ങൾ സമ്പാദിക്കാനുള്ള ഭാഗ്യം അയാൾക്കു സിദ്ധിച്ചില്ലെങ്കിലും അയാളുടെ ശിക്ഷണം പരിപൂർണ്ണമായിട്ടുണ്ടെന്നാണ് ആളുകൾ പറയുന്നത്. 'വിദ്യാർണ്ണവം' 'വിദ്യാവാഗീശ്വരൻ' 'തർക്കചഞ്ചു,' 'സരസ്വതി' മുതലായ സംസ്കൃതോപാധികൾ സമ്പാദിച്ചിട്ടുള്ള പലരും, സംസ്കൃതഭാഷാപരിജ്ഞാനത്തിൽ വിശ്വേശ്വരനോടു കിടയാവുകയില്ലത്രേ! ഒരിക്കൽ ഈ യുവാവിന്റെ ചാർച്ചക്കാരനായ ഒരു എം. ഏ. ബിരുദധാരി അവിടെച്ചെന്നിരുന്നുവെന്നും, അദ്ദേഹത്തിന്റെ വിപുലമായ ബഹുഭാഷാപരിജ്ഞാനം കണ്ട്, ചകിതനായിപ്പോയെന്നും നാട്ടുകാർ പറയുന്നു. ഇങ്ങനെ വിശ്വേശ്വരനെപ്പറ്റി നാട്ടുകാരുടെ ഇടയ്ക്കു അനുകൂലമായ ജനപ്രവാദങ്ങൾ പലതും പ്രചരിച്ചിട്ടുണ്ട്. ഇങ്ങനെ ഒക്കെ ആണെങ്കിലും സ്ത്രീജനങ്ങളിലാരും അദ്ദേഹത്തിന്റെ ഗുണഗണങ്ങളെപ്പറ്റി ചർച്ച ചെയ്യാറേ ഇല്ലായിരുന്നു സൽപഥത്തിൽ നിന്ന് എള്ളിടപോലും വ്യതിചലിക്കാത്ത ഒരു നാണംകുണുങ്ങിയായിട്ടാണ് അവർ അദ്ദേഹത്തിനെ കണ്ടത്.

വിശ്വേശ്വരന്റെ പ്രായം എന്തെന്നു ഒരു നോട്ടത്തിൽ ആർക്കും നിർണ്ണയിക്കാൻ സാധിക്കയില്ല. അദ്ദേഹത്തിന്റെ ഇരുപതു കൊല്ലങ്ങളിൽ ഭൂരിഭാഗവും ഗൃഹത്തിനുള്ളിൽതന്നെയാണ് കഴിഞ്ഞുകൂടിയത്. ഇത്ര പ്രായമായിട്ടും അദ്ദേഹം തന്റെ സമവയസ്കരായ കൂട്ടുകാരോടുകൂടി ചുറ്റിനടക്കയോ സരസസല്ലാപങ്ങളിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. പതിനേഴാമത്തെ വയസ്സിൽ മെറ്റ്റിക്കുലേഷൻ പരീക്ഷ ജയിച്ചതിന്റെ ശേഷം അദ്ദേഹം വിദ്യാലയം വിട്ടു. അന്നുമുതല്ക്കു അദ്ദേഹം ദിവാനിശം തന്റെ മുറിയിലിരുന്നുതന്നെ ജീവിതം നയിച്ചു വന്നു. സ്നാനകർമ്മങ്ങൾക്കും മറ്റുമായി അവശ്യം വേണ്ടിവരുന്ന സമയം മാത്രമേ വെളിക്കു ഇറങ്ങാറുണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ ഇരുപ്പുമുറിയിൽ മറ്റാരും പ്രവേശിക്ക പതിവില്ല. അഥവാ വല്ലവരും കേറി നോക്കിയാൽ, മേശപ്പുറത്തു പുസ്തകങ്ങൾ കുന്നുപോലെ കൂട്ടിവെച്ചിരിക്കുന്നതും, വിശ്വേശ്വരൻ ചാരുകസാലയിൽ കിടന്ന് അനന്യമനസ്കനായി ഗ്രന്ഥപാരായണം ചെയ്തുകൊണ്ടിരിക്കുന്നതും കാണാം. വിശ്വേശ്വരനു പുസ്തകങ്ങളും പത്രങ്ങളും വാങ്ങി അയച്ചുകൊടുക്കുന്ന വിഷയത്തിൽ മാത്രം വൃദ്ധൻ തന്റെ 'പത്തിത്തന്'ത്തെ നിശ്ശേഷം മറന്നുകളഞ്ഞു. പരമാർത്ഥത്തിൽ തന്റെ പുത്രന്റെ

പുസ്തകപ്രീതിയെപ്പററി അദ്ദേഹം അന്തരാ, അഭിമാനിക്കുകയാണു ചെയ്തതു്. സംസാരികമായ യാതൊരു അസാധാരണ ചിന്തയും വിശേശ്വരൻെറ ഉള്ളിൽ കടന്നുകൂടുന്നതിനു നാരായണചന്ദ്രമൈത്രേയൻ ഇടവരുത്തിയില്ല. പുത്രനെ ഗൃഹസ്ഥാശ്രമിയാക്കീട്ടു് തൻെറ ജീവിതശേഷം കാശിയിൽ കഴിച്ചുകൂട്ടിയാൽ കൊള്ളാമെന്നു് അദ്ദേഹത്തിനു ആഗ്രഹമുണ്ടായിരുന്നു. എന്നാൽ അവിതക്കിതമായി യമരാജൻെറ സമൻസു വന്നുചേരുകയാൽ, ഈ മനോരഥത്തിനു പൂത്തിവന്നില്ല. പുത്രനെ മാതൃഷ്വസാവിൻെറ കൈയിൽ ഏൽപ്പിച്ചിട്ടു് അദ്ദേഹം ജീവിതനാടകത്തിൻെറ അന്തിമാംഗം അവസാനിപ്പിച്ചു.

പിതാവിൻെറ മരണശേഷം നാലുപാടും അന്ധകാരം വ്യാപിച്ചതായി വിശേശ്വരന്നു തോന്നി. തന്നെ ഈ വിധം സാഹിത്യാഗാരത്തിൽനിന്നു ബഹിഷ്കരിച്ചിട്ടു്, പ്രപഞ്ചത്തിൽ നിസ്സഹായനെന്നോണം തനിച്ചു വിട്ടുംവെച്ചു്, പിതാവു് എങ്ങോട്ടു പൊയ്ക്കളഞ്ഞുവെന്നു് ഈ യുവാവിനു മനസ്സിലായില്ല. ഒരു നവ്യജന്മം ആരംഭിച്ചതുപോലെയാണു് അദ്ദേഹത്തിനു തോന്നിയതു്. എന്നിട്ടും സംസാരശൃംഖലകളിൽ അധികമായി പെടുന്നതിനു് അദ്ദേഹത്തിനു ഇടയായില്ല. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിൻെറ പിതാവു്, സ്വപുത്രൻെറ ജീവിതസരണി കണ്ടകാകീണ്ണമാകാതിരിക്കാൻ വേണ്ട വ്യവസ്ഥകളെല്ലാം മുൻകൂട്ടി ചെയ്തുവെച്ചിരുന്നു. ഉത്തമഗ്രന്ഥങ്ങൾ വാങ്ങിക്കൊടുത്തു അദ്ദേഹത്തിൻെറ മസ്തിഷ്കത്തെ ഫലപുഷ്ടമാക്കിത്തീക്കാൻ പിതാവു ശ്രമിച്ചിരുന്നതിനാൽ, പിതൃാജ്ജിതമായ വലിയ ജമിന്ദാരിയെ യഥോചിതം ഭരിച്ചുകൊണ്ടു പോകുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. അതിനാൽ വിശേശ്വരൻ മുമ്പു്, സാഹിത്യാഗാരത്തിൽ എത്രത്തോളം അവഗാഢനായിരുന്നുവോ, അത്രത്തോളം ഇപ്പോൾ സംസാരവീഥിയിൽ സ്വച്ഛന്ദസഞ്ചാരം ചെയ്തുതുടങ്ങി. ലൌകികങ്ങളായ സകലകാൎയ്യങ്ങളെയും പൎയ്യവേക്ഷണം ചെയ്തുകൊണ്ടിരുന്നിട്ടും സമയദൌർല്ലഭ്യം എന്നൊന്നു് ഉള്ളതായി അദ്ദേഹത്തിനു അനുഭവപ്പെട്ടില്ല. ബാക്കിവരുന്ന സമയത്തെ എങ്ങനെ വിനിയോഗിക്കേണ്ടു എന്നായിരുന്നു അദ്ദേഹത്തിൻെറ ആലോചന. കാൎയ്യഭാരം വദ്ധിപ്പിക്കാൻ വേണ്ടി ആ യുവാവു് ഒരു പുതിയ ജമിന്ദാരികൂടി വിലയ്ക്കു വാങ്ങിയിട്ടു. അതിനെ ഒരു ഒന്നാംതരം തോട്ടമാക്കിത്തീക്കാൻ ശ്രമിച്ചു. ഈയിടയ്ക്കു തന്നെ നദീതീരത്തു് വേറൊരു പുരയിടം വാങ്ങി എന്തുദ്ദേശത്തോടുകൂടിയോ എന്തോ! അദ്ദേഹം ഒരു വലിയ പുരയുടെ പണിയും തുടങ്ങി. അതിനടുത്തുണ്ടായിരുന്ന കുട്ടിച്ചുവരായ ഭവാനീക്ഷേത്രം അദ്ദേഹത്തിൻെറ കൃപയാൽ വീണ്ടും പൂവസ്ഥിതിയെ പ്രാപിച്ചു. ലുപ്താവശേഷ

മായ രാമസാഗരത്തിലെമണ്ണെല്ലാം തോണ്ടിക്കളഞ്ഞതുനിമിത്തം, അതു നിമ്മലജലസമ്പൂണ്ണമായി. മഹിമാപുരത്തിലെ ജനങ്ങൾക്ക് ആവശ്യമുള്ള ജലം സംഭരിച്ചുകൊടുക്കുന്നതിനായി നിമ്മിക്കപ്പെട്ടിരുന്ന അണ പൊളിഞ്ഞുപോയതിനാൽ ഗ്രാമം അല്പാല്പമായി മുങ്ങിത്തുടങ്ങിയിരുന്നു. ആ അണയേയും വിശ്വേശ്വരൻ പൂവ്സ്ഥിതിയിൽ കെട്ടി ഉറപ്പിച്ചു. ഈ പരിഷ്കാരങ്ങൾ ഒക്കെ വരുത്തിയത് ആരെന്ന് എല്ലാപേക്കും അറിയാൻ പാടില്ലായിരുവെങ്കിലും, മഹാലുബ്ധനായ നാരായണചന്ദ്രൻെറ പണത്തിന് സൽഗതി കിട്ടിത്തുടങ്ങിയെന്ന് ചിലരുടെ ഇടയ്ക്കു സംസാരം ഉണ്ടാകാതിരുന്നില്ല. പരഹിതകാംക്ഷികളായ ചില സാധുക്കൾ വിശ്വേശ്വരനെ വിളിച്ചു, ബാബുജി അന്യന്മാക്കുവേണ്ടി താങ്കൾ ഈ പണമൊക്കെ എന്തിനു ചെലവുചെയ്യുന്നു? കീത്തിയും പുണ്യവും ഒരുപോലെ വദ്ധിപ്പിക്കുന്ന വേറെ വല്ല സല്ക്കമ്മങ്ങളും ചെയ്യരുതൊ? എന്ന് ഉപദേശിക്കാറുണ്ടായിരുന്നു. അതിനു വിശ്വേശ്വരൻ പറഞ്ഞ മറുപടി ഈവിധമായിരുന്നു.

"അത്ര വലിയ കീത്തിക്കുവേണ്ടി വലിയ വലിയ കാര്യങ്ങൾ ചെയ്യുന്നത് എൻെറ ശക്തിക്കപ്പുറമാണ്. രണ്ടൊ നാലോ ഉറുപ്പിക കൊണ്ടു ചെയ്യാവുന്ന ജോലികൾതന്നെ അധികമായിരിക്കുന്നു."

അതുകേട്ടു അവരിൽ അല്പം ബുദ്ധിയുള്ളവർ പറഞ്ഞു:—

"എന്നാൽ ഈ കാര്യങ്ങൾക്കായി അങ്ങ് ഒട്ടുവളരെ പണം ചെലവാക്കിക്കൊണ്ടുതന്നെയാണല്ലോ ഇരിക്കുന്നത്."

ഈ വാക്കുകളെ ഉദാസീനഭാവത്തിൽ ശ്രവിച്ചിട്ട്, അദ്ദേഹം മറുപടി പറഞ്ഞു:—

"അങ്ങനെ വാരിക്കോരിച്ചെലവാക്കുന്നതിനു എൻെറ പക്കൽ പണം എവിടെയിരിക്കുന്നു?"

വിശ്വേശ്വരൻെറ പിതൃവിയോഗാനന്തരം വീട്ടുകാര്യങ്ങളെല്ലാം ഇളയമ്മ സന്തോഷപൂർവ്വം നിവ്വഹിച്ചുവന്നു. എന്നാൽ എന്തോ ഒരു കുറവു തൻെറ ഗൃഹത്തിൽ ഉള്ളതായി അവക്കു പെട്ടെന്നു ഒരു തോന്നൽ ഉണ്ടായി. ഈ ഗൃഹത്തിലെ ശൂന്യവും സുഖദുഃഖസമ്മിശ്രവുമായ ലഘുപരിവാരത്തിന് ഒരു നവവധൂസമാഗമത്താൽ പുതുമ വരുത്തിയാൽ കൊള്ളാമെന്നു അവർ ഇച്ഛിച്ചു. അതുകൊണ്ടു ഒരു ദിവസം അവർ വിശ്വേശ്വരനോടു പറഞ്ഞു:—

"വിശ്വേശ്വരാ! എനിക്കു ഒരു അനുഗ്രഹമുണ്ട്."

"എന്താണ്? ചെറിയമ്മേ!"

"എല്ലാ വീടുകളും കൊച്ചുകൊച്ചു വധുക്കളെക്കൊണ്ടു ശോഭിക്കുന്നു. എൻെറ ഗൃഹംമാത്രം വെറും ശൂന്യം!"

"അതിനു ഞാൻ എന്തുചെയ്യും? മനുഷ്യരെ യന്ത്രത്തിൽ വാത്തെടുക്കാൻ കഴിയുമോ? ഭഗവാൻ തരാത്തതിനു നാം വിചാരിച്ചാൽ എന്താണു് ഉപായം?"

"ഉപായമൊക്കെ ഉണ്ടു്. ഒരു വധുവിനെ എങ്ങനെയെങ്കിലും എനിക്കു കൊണ്ടുവന്നു തന്നേ മതിയാവൂ."

ഇളയമ്മയുടെ ഈ വാക്കുകേട്ടു വിശേശ്വരൻ ചിരിച്ചു ചിരിച്ചു ചത്തുപോയി. ഇളയമ്മയ്ക്കു അതുകണ്ടപ്പോൾ കോപം വന്നു.

"ഇത്ര ചിരിക്കാൻ എന്തിരിക്കുന്നു? ഇപ്പോൾതന്നെ വധുവിനെ കൊണ്ടുവരണം. അല്ലെങ്കിൽ ആളുകൾ എന്തു പറയും?" എന്നു അവർ പറഞ്ഞു.

"ചെറിയമ്മേ! സ്വന്ത മൂക്കറുത്തും അന്യന്മാരുടെ ശകുനം മുടക്കുന്നതു മനുഷ്യസ്വഭാവമാണു്. വല്ലവരുടേയും കുട്ടിയെ വീട്ടിൽ കൊണ്ടുവന്നു പാർപ്പിക്കുന്നതു് എന്തിനാണെന്നു പറയൂ. വേണ്ടാത്ത വയ്യാവേലി ഉണ്ടാക്കി വെയ്ക്കുകതന്നെ. ഇവിടെ നാം രണ്ടുപേരും—അമ്മയും മകനും സുഖമായി പാക്കുന്നു അതിലെന്താണു ആക്ഷേപം?"

"ആക്ഷേപം ഒന്നുമില്ലേ? വീട്ടിൽ ഒരാളുകൂടി ഉണ്ടായാൽ എന്താണു്?"

"ഒരാളുകൂടി ഉണ്ടാകുമ്പോൾ പിന്നെ വേറൊരാളുകൂടി വേണമെന്നു തോന്നും. മനുഷ്യന്റെ ആശയ്ക്കു അതിരുണ്ടോ? അതു് അങ്ങിനെ വളർന്നുകൊണ്ടേ ഇരിക്കും. അതിനാൽ ഭഗവാൻ ഈ ജന്മത്തിൽ നമുക്കു തന്നിട്ടുള്ളതൊക്കെ മതി. അതുകൊണ്ടു തൃപ്തിപ്പെടുന്നതാണു് ശുഭം."

"ഇങ്ങനെ ഒരു പിച്ചനെ ഞാനെങ്ങും കണ്ടിട്ടില്ല. എനിക്കു നീ പറയുന്നതൊന്നും കേൾക്കുകയേ വേണ്ട. ഞാൻ നിനക്കു ഒരു വധുവിനെ അന്വേഷിക്കതന്നെ ചെയ്യും."

"ചെറിയമ്മയുടെ ഇച്ഛ! ഒന്നെന്നു എന്തിനു വെയ്ക്കുന്നു? ആയിരം പേരെ കൊണ്ടുവന്നു പാർപ്പിച്ചുകൊള്ളണം. ഞാൻ തന്നെ രണ്ടു മൂന്നു കുട്ടികളുടെ പേരുകൾ പറയാം."

"ശരി! കേൾക്കട്ടെ, ഞാൻ അവരിൽ ഒരാളെ തിരഞ്ഞെടുത്തു കൊള്ളാം."

"അതു് കഷ്ടമാണു. ഒരാളെ എടുത്തുകൊണ്ടു മറ്റുള്ളവരെ വിൽക്കുകയോ, തിരിച്ചേല്പിക്കയോ ചെയ്യാനാണോ ചെറിയമ്മയുടെ ഭാവം? അതു പാടില്ല. കൊണ്ടുവരുന്നെങ്കിൽ എല്ലാവരെയും ഇവിടത്തന്നെ പാർപ്പിക്കണം. അവരുടെ ശോഭകൊണ്ടു വീടൊക്കെ പ്രകാശിക്കട്ടെ."

"മകനെ! ഈ പിച്ചുകളൊക്കെ കളയൂ. ആകട്ടേ; നീ കല്യാണം കഴിക്കുമോ ഇല്ലയോ?"

"ചെറിയമ്മ എന്റെ അഭിപ്രായത്തിൽനിന്നു അകന്നകന്നു പൊയ്ക്കളയുന്നു. എത്ര വധുക്കളെ വേണമെങ്കിലും വീട്ടിൽ വരുത്തി പാൎപ്പിച്ചു കൊള്ളരുതോ? എന്നാൽ എനിക്കു ഒരു പ്രാവശ്യം ഭാരതത്തിലെ പ്രസിദ്ധ നഗരികളേയും തീൎത്ഥസ്ഥലങ്ങളേയും സന്ദർശിച്ചാൽ കൊള്ളാമെന്നു ഞാൻ എത്രയോ പ്രാവശ്യം പറഞ്ഞിരിക്കുന്നു. ചെറിയമ്മയുടെ മുഖത്തിൽ നിന്നുതന്നെ, പലതവണ വൃന്ദാവനത്തിന്റെ കഥ കേട്ടുകേട്ട് ആ പുണ്യസ്ഥലം സന്ദർശിക്കാൻ എനിക്കു അത്യാശ ജനിച്ചു കഴിഞ്ഞു. ആ സ്ഥലങ്ങളെ ഞാൻ സ്വയം ചെന്നുകണ്ട് ചെറിയമ്മയെ തോൽപ്പിക്കും. ചെന്നു കാണാതെ ചെറിയമ്മയുടെ വാക്കുകളെ വിശ്വസിച്ചുകൊണ്ടു മാത്രം ഇരിക്കുന്നതു് കുറെ കഠിനമാണ്. അതിനും പുറമേ അച്ഛന്റെ ഗയാശ്രാദ്ധം ചെയ്യേ മതിയാവൂ. ഞാൻ ചെറിയമ്മയെക്കൂടെ കൊണ്ടുപോവാനാണു നിശ്ചയിച്ചിരിക്കുന്നതു്. അല്ലെങ്കിൽ ഞാൻ വഴിയിൽ പട്ടിണി കിടന്നു ചത്തുപോയേയ്ക്കും."

"ഞാൻ നിന്റെ കൂടെ വരികയില്ലെന്നു ആരു പറഞ്ഞു? നിന്നെ എപ്പോഴെങ്കിലും തനിച്ചു വിടുന്നതിനു എനിക്കു കഴിയുമോ? എന്നാൽ വിവാഹം നടത്തിയിട്ടു പോകുന്നതുകൊണ്ടു എന്താണു ദോഷം?"

"അങ്ങനെയാണെങ്കിൽ ചെറിയമ്മ ഇവിടെ ഇരുന്നു വിവാഹത്തിനുള്ള ഏൎപ്പാടുകൾ ചെയ്യണം. ഞാൻ തനിച്ചു പോവാം."

"നീ പോയാൽ പിന്നെ ഞാൻ ആരുടെ വിവാഹത്തിനാണു ഏൎപ്പാടു ചെയ്യേണ്ടതു്?"

"അതു ചെറിയമ്മയ്ക്കേ അറിയാവൂ."

"എന്തൊരു കഷ്ടമാണ്! ഇങ്ങനെ ഒരു സിദ്ധാന്തിയെ ഞാൻ എങ്ങും കണ്ടിട്ടില്ല. ആകട്ടെ—പോ—ആല്യമായി അതൊക്കെ നടക്കട്ടെ."

ഈ സംഭാഷണം ഇങ്ങനെ അവസാനിച്ചു. സന്ധ്യയ്ക്കു വിശ്വേശ്വരൻ പൂന്തോട്ടത്തിൽ ലാത്തിക്കൊണ്ടിരുന്ന തത്സമയം ഒരു ക്ഷുദ്രബാലിക ഒരു ചെറിയ മൺകുടത്തിൽ വെള്ളം കോരി എടുത്തുകൊണ്ടു ആ വഴിക്കു വരുന്നതു് അദ്ദേഹം കണ്ടു. ഇടുങ്ങിയ പാതയായതിനാൽ, അവൾ വിശ്വേശ്വരനു പോവാനായി വഴിമാറിക്കൊടുത്തു. അവളുടെ കാലിൽ ഒരു മുള്ളു തറച്ചതുകണ്ട് "വഴിവിട്ടു നടക്കുന്നതെന്തിനു്?

നേർവഴിയെ പോകരുതോ? ഇവിടെയൊക്കെ പാമ്പുകളും ധാരാളമുണ്ട്, സൂക്ഷിച്ചു നടക്കണം" എന്നു വിശേശ്വരൻ പറഞ്ഞു.

ബാലിക മന്ദഹാസം തൂകിക്കൊണ്ടു പറഞ്ഞു:—

"എന്നാൽ അങ്ങ് എന്തിനാണ് വഴിവിട്ടു ഏലായിലേക്കു ഇറങ്ങുന്നതു?"

ഈ ചോദ്യത്തിനു ഉത്തരമൊന്നും പറയാതെ, 'നേർവഴിക്കു പോകൂ' എന്നു ഉപദേശിച്ചിട്ടു അദ്ദേഹം വഴി ഒഴിഞ്ഞുകൊടുത്തു വിശേശ്വരൻ കുറെ ദൂരം നടന്നിട്ടു, ഒരു വളവു തിരിഞ്ഞപ്പോൾ, ആ ബാലിക മുമ്പു നിന്ന സ്ഥലത്തു തന്നെ നില്ക്കുന്നതു കാണുകയാൽ ആശ്ചയ്യപൂവ്വം അല്പം നിന്നു. അവൾ അദ്ദേഹത്തിന്റെ നേക്കുതന്നെ നോക്കിക്കൊണ്ടിരുന്നതിനാൽ, തന്നോടു വല്ലതും സംസാരിക്കാൻ ഉണ്ടായിരിക്കുമെന്നു അദ്ദേഹം ഊഹിച്ചു. അവളെ എവിടെ വച്ചോ കണ്ടിട്ടുള്ളതായും അദ്ദേഹത്തിനു തോന്നി. അവൾ ആരായിരിക്കും? ആരുടെ കന്യക? എന്നൊന്നും ഓമ്മവന്നില്ല. മുമ്പു ഒന്നുരണ്ടു പ്രാവശ്യം കണ്ടിട്ടുള്ള കാഴ്ചം തീച്ചയാണ്. കൌതുഹലപൂവ്വം വിശേശ്വരൻ ബാലികയുടെ അടുക്കലേയ്ക്കു തിരിച്ചു ചെന്നിട്ടു "നിങ്ങൾ ആരുടെ കന്യകയാണ്?" എന്നു ചോദിച്ചു.

"ഭട്ടാചായ്യജിയുടെ"

"ഏതു ഭട്ടാചായ്യജി? രാമശങ്കരഭട്ടാചായ്യജിയോ?"

"അതേ."

ബാലിക പിന്നീടു ഒന്നും സംസാരിക്കുന്ന മട്ടു കാണായ്കയാൽ, നിസ്സഹായനെന്നോണം അദ്ദേഹം തിരിച്ചു നടന്നുതുടങ്ങി.

പരിചയമില്ലാത്തവരോടു സ്വയമേവ വല്ലതും ചോദിക്കുന്നതു, അദ്ദേഹത്തിന്റെ സ്വഭാവത്തിനു വിപരീതമാണ്. ആരെങ്കിലും സംസാരിക്കുന്നതിനായി അടുത്തു ചെന്നിട്ട്, സങ്കോചം നിമിത്തം ഒന്നും മിണ്ടാതിരുന്നാൽ, അദ്ദേഹവും അതേ കാരണത്താൽത്തന്നെ മിണ്ടാതെ കഴിച്ചുകൂട്ടും. ഇങ്ങനെയുള്ള അവസരങ്ങളിൽ തലതാഴ്ത്തി, ഭൂദേവിയേ നോക്കിനില്ക്കുയാണ് അദ്ദേഹത്തിന്റെ പതിവു്. അന്ന് ഭട്ടാചായ്യനോട് ഒന്നുരണ്ടുവാക്കുകൾ സംസാരിച്ചുപോയതു്, ആ സാധു ബ്രാഹ്മണന്റെയും കുടുംബത്തിന്റെയും ദയനീയാവസ്ഥയെപ്പറ്റി ചെറിയമ്മ പറഞ്ഞിട്ടുള്ള വാക്കുകൾ അദ്ദേഹത്തിന്റെ തരുണവും കോമളവും ആയ ഹൃദയത്തിൽ ഗാഢഗാഢം പതിഞ്ഞിരുന്നതുകൊണ്ടു മാത്രമാണ്. രാമശങ്കരന്നും അദ്ദേഹത്തിന്റെ പുത്രന്നും, എന്തെങ്കിലും ജോലി സമ്പാദിച്ചുകൊടുത്താലേ തന്റെ മനസ്സിനു സ്വാസ്ഥ്യം ഉണ്ടാവുകയുള്ളു എന്നു അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു. എന്നാൽ

നല്ല കുലത്തിൽ ജനിച്ചവരാരും കേവലം അന്യനായ ഒരുവൻെറ സഹായത്തേ കൈക്കൊള്ളുകയില്ലെന്ന് അദ്ദേഹം സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല. അക്കാര്യം ഓർത്തപ്പോൾ അദ്ദേഹത്തിനു വലിയ സങ്കോചം ഉണ്ടായി. അതുകൊണ്ട് ആചാര്യക്ക് ഉദ്യോഗം ഉണ്ടാക്കി കൊടുത്തതിനുശേഷം അദ്ദേഹത്തിൻെറ കാര്യത്തെപ്പററി വിശേശ്വരൻ അന്വേഷിച്ചതേ ഇല്ല. എന്തെങ്കിലും വിധത്തിൽ ആ സാധുവിനു ഒരു നന്മ ചെയ്തുകൊടുത്താൽ കൊള്ളാമെന്നുള്ള ആഗ്രഹം ഉണ്ടായിരുന്നു; അത് സാധിക്കയും ചെയ്തു. ഇങ്ങനെ എട്ടുപത്തുദിവസമായി മനസ്സിനെ പീഡിപ്പിച്ചുകൊണ്ടിരുന്ന വിചാരത്തിനു നിവൃത്തി ഉണ്ടായി.

വിശേശ്വരൻ തിരിച്ചു നടന്നുതുടങ്ങിയതു കണ്ട്, സതി വീണ്ടും അദ്ദേഹത്തിൻെറ നേൎക്ക നോക്കി. അവൾ ധൈര്യം അവലംബിച്ച് മന്ദം മന്ദം പറഞ്ഞു:—

"അവിടത്തേ അടുക്കൽ—അവിടത്തേ അടുക്കൽ—". വിശേശ്വരൻ പിന്നെയും വിസ്മയപൂർവ്വം നിന്നു.

"എന്നോടു വല്ലതും പറയാനുണ്ടോ?"

"ഉണ്ട്."

സതി സങ്കോചം നിമിത്തം വല്ലാതെ പരുങ്ങി. പക്ഷേ പറയാനുള്ളതു പറയാതെ നിവൃത്തിയുമില്ല. സഖിയോടു എങ്ങനെ കള്ളം പറയും? അതു വലിയ അന്യായമല്ലേ? ബാലിക സങ്കോചം പൂണ്ടു നില്ക്കുന്നതുകണ്ട്, വിശേശ്വരൻ മധുരമായ സ്വരത്തിൽ ചോദിച്ചു.

"എന്താണു പറയാൻ മടിക്കുന്നത്? ഇതു ലജ്ജിച്ചിട്ട് ആവശ്യം എന്ത്?"

സതി പരുങ്ങലോടുകൂടി പറഞ്ഞു:—

"കമല പറഞ്ഞയച്ചു.........."

"കമലയോ? ഏതു കമല?"

അല്പം വിസ്മയത്തോടും കുണ്ഠിതത്തോടുംകൂടി സതി പറഞ്ഞു:—

"ആ വലിയവീട്ടിലെ കന്യക. അവളെ അവിടുന്ന് അറികയില്ലേ? കമലയേ അന്നു വെള്ളത്തിൽനിന്നു രക്ഷിച്ചത് അവിടന്നാണല്ലോ."

ആശ്ചര്യപൂർവ്വം വിശേശ്വരൻ പറഞ്ഞു:—

"ഓഹോ! അവളോ? അതു പുരാണകഥയല്ലേ? അവൾക്കു എന്തു പററി?"

"അവിടന്ന്—അവിടന്നു വിവാഹം കഴിച്ചോ എന്നു അന്വേഷിച്ചു കൊണ്ടുവരണമെന്നു കമല പറഞ്ഞു."

വിശ്വേശ്വരൻ പൊട്ടിച്ചിരിച്ചുപോയി.

ചെറിയമ്മയുടെ വാക്കുകൾ ഇതിനിടയ്ക്കു നാടൊക്കെ പരന്നു കഴിഞ്ഞിരിക്കുമോ എന്ന് അദ്ദേഹം ശങ്കിച്ചു. ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: –

"ആലോചന മുറയ്ക്കു നടക്കുന്നു. അതുകൊണ്ട് അവൾക്കെന്താണ്?"

നമ്രശിരസ്കയായി നിന്നുകൊണ്ടുതന്നെ, അവൾ മധുരസ്വരത്തിൽ പറഞ്ഞു:—

"കമലയ്ക്കു അവിടത്തെ നേർക്ക് അനുരാഗം ജനിച്ചിട്ടുണ്ട്. അങ്ങയെ വിവാഹംചെയ്യണമെന്ന് അവൾ ആഗ്രഹിക്കുന്നു."

സതിയുടെ ഈ വാക്കുകൾ കേട്ടപ്പോൾ വിശ്വേശ്വരനു വിസ്മയം അല്പം കുറഞ്ഞു. ചിരി മാത്രം തടുത്തു നിറുത്താൻ സാധിക്കാതെ ആയി. എന്നാൽ നമ്മുടെ ക്ഷുദ്രബാലിക ലജ്ജാവനതമുഖിയായി നില്ക്കുന്നതുകണ്ടിട്ട്, അവളുടെ മുമ്പിൽവെച്ച് അങ്ങനെ ചിരിക്കുന്നത് അനുചിതമാണെന്നുള്ള വിചാരത്തോടുകൂടി പറഞ്ഞു:—

"എന്തുകൊണ്ട്? അവൾക്കു വേറെ ഒരിടത്തുനിന്നും വിവാഹാലോചന വന്നിട്ടില്ലേ?"

സതിക്കു വിശ്വേശ്വരന്റെ ഫലിതം മനസ്സിലായില്ല. അതുകൊണ്ട് അവൾ അവളുടെ ആർജ്ജവബുദ്ധിക്ക് അനുയോജിച്ചവിധം ഉത്തരം പറഞ്ഞു:—

"ചാന്ദപുരത്തിലെ ജമിൻദാർ വിവാഹത്തിന് ആലോചിച്ചു. എന്നാൽ അവൾക്ക് അതു ഇഷ്ടമില്ല."

"വാസ്തവമോ?"

"അതെ."

വിശ്വേശ്വരൻ ഗംഭീരഭാവം അവലംബിച്ചുകൊണ്ടു പറഞ്ഞു:—

"അദ്ദേഹത്തിനെത്തന്നെ കല്യാണംകഴിക്കണമെന്നു പറയൂ. അവരൊക്കെ വലിയ വലിയ ആളുകളാണ്. വരന്റെ ഘോഷയാത്രയും മററും പൊടിപൂരമായിരിക്കും."

സതി ലജ്ജാസ്നിഗ്ദ്ധമായ നേത്രങ്ങളാൽ വിശ്വേശ്വരന്റെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു പറഞ്ഞു.

"അവിടുന്നും ഒരു വലിയആളാണല്ലോ—അതുപോലുള്ള ഒരു ഘോഷയാത്ര അങ്ങേയ്ക്കും കൊണ്ടുവരരുതേ?"

"ഭ്രാന്തുപിടിച്ചോ? ചാന്ദപുരത്തിലെ ജമിൻദാർ എവിടെ? ഞാൻ എവിടെ?"

"ഞാൻ കമലയോട് എന്താണു പറയേണ്ടതു്?"

വിശ്വേശ്വരനു പിന്നെയും ചിരിവന്നു. പണിപ്പെട്ടു ഗംഭീരഭാവം അവലംബിച്ചുകൊണ്ടു് അദ്ദേഹം പിന്നെയും പറഞ്ഞു:—

“ഇങ്ങനെ പറയൂ. ഞാൻ വരനായ്വന്നാൽ വലിയ ദുർഘടമുണ്ടു്. കല്യാണത്തിനു ഉണ്ടാക്കുന്ന നെയ്യപ്പവും മധുരപദാർത്ഥങ്ങളും എനിക്കു പിടിക്കയില്ല. ഒന്നും തിന്നാതെ പട്ടിണി കിടന്നു കിടന്നു ചത്തുപോയേക്കും. വിവാഹത്തിനു പലമാതിരി പലഹാരങ്ങൾ ഉണ്ടായിരിക്കുമെന്നും അവയൊക്കെ ഞാൻ കടിച്ചു കടിച്ചു വിഴുങ്ങി വലിയ അനർത്ഥം ഉണ്ടാക്കിവെയ്ക്കുമെന്നും പലനാളായി വിചാരിച്ചുവരുന്നു. അതുകൊണ്ടു് ഞാൻ വരനാവണമെന്നേ ആഗ്രഹിക്കുന്നില്ല. മനസ്സിലായോ.”

സതിക്കു് വളരെ കുണ്ഠിതമുണ്ടായെങ്കിലും, ഈ വാക്കുകൾ കേട്ടപ്പോൾ അവൾക്കും ചിരിവന്നുപോയി.

“അങ്ങു് നേരംപോക്കു പറകയാണു്” എന്നു് അവൾ പറഞ്ഞു.

“നേരംപോക്കല്ല. പച്ചപ്പരമാർത്ഥമാണു്. ആ സാധുവിന്റെ വാക്കിനെത്തള്ളിക്കളയുന്നതിനു് എനിക്കും മനസ്താപമില്ലാതില്ല എന്നാൽ നിങ്ങൾതന്നെ പറയൂ. നല്ലനല്ല സ്വാദുപദാർത്ഥങ്ങൾ കണ്ടാൽ തിന്നാതെ വിട്ടുകളയുന്നതെങ്ങനെയാണു്?”

സതി വിഷണ്ണഭാവത്തോടുകൂടി പോവാൻ ഭാവിച്ചു. അതു കണ്ടു് വിശ്വേശ്വരൻ ചോദിച്ചു:—

“നിങ്ങളുടെ പേരെന്തു്?”

“സതി.”

“ചേട്ടൻ തിരിച്ചു വന്നോ? നിങ്ങളുടെ അച്ഛൻ അന്നു—”

“അതേ” എന്നു പറഞ്ഞിട്ടു് അവൾ മുന്നോട്ടു നടന്നു. വിശ്വേശ്വരൻ സംകോചത്തോടുകൂടി ചോദിച്ചു:—

“അച്ഛൻ എന്നും താരാപുരത്തെ ബാങ്കിൽ പോവാറുണ്ടോ?”

“പോകാറുണ്ടു്” എന്നു അവൾ നടന്നുകൊണ്ടുതന്നേ പറഞ്ഞു.

വിശ്വേശ്വരനു പലതും ചോദിക്കാനുണ്ടായിരുന്നു. അവൾക്കു വല്ല സംഗതിയിലും ബുദ്ധിമുട്ടു നേരിടുന്നുണ്ടോ? എന്നു അറിയാൻ അദ്ദേഹം കാംക്ഷിച്ചു. എന്നാൽ അതിനെപ്പറ്റി ചോദിക്കുന്നതിനു മുമ്പുതന്നേ സതി നടന്നുകഴിഞ്ഞു. അതിനും പുറമേ ഈവക സംഗതികളെപ്പറ്റി അന്വേഷിക്കുന്ന വിഷയത്തിൽ അദ്ദേഹത്തിനു അല്പമായ സംകോചവും നേരിട്ടു. അന്നത്തെ സംഭാഷണത്തിനു ശേഷം രാമശങ്കരൻ അദ്ദേഹത്തെ കണ്ടിട്ടേ ഇല്ല.

# നാലാം അദ്ധ്യായം.

രാമശങ്കരഭട്ടാചാൎയ്യർ പ്രതിമാസം പത്തു ഉറുപ്പിക വീട്ടിൽ കൊണ്ടുവന്നു. അതുകൊണ്ടു കളത്രപുത്രാദി സകലരോടുമുള്ള സൎവ്വ ഋണങ്ങളിൽനിന്നും താൻ വിമുക്തനായെന്ന് അദ്ദേഹം അഭിമാനിച്ചു. ഇപ്പോൾ അദ്ദേഹത്തിന് ഒന്നിനേപ്പററിയും ഒരു ചിന്തയും ഇല്ല. പ്രതിദിനം, യഥാസമയം സ്വച്ഛന്ദനായി, സ്നാനഭോജനാദികൾ കഴിക്കയും, ഒന്നുരണ്ടു ചിലുമ്പി പുകയില കുടിക്കയും ചെയ്തിട്ട്, തനിക്കായി ജാഹ്നവി കോരിവയ്ക്കാറുള്ള ജലംകൊണ്ട് കയ്യും മുഖവും കഴുകി, ഉടുപ്പും ധോത്തിയും ധരിച്ച്, അദ്ദേഹം തന്റെ ജോലികൾക്കായി പൊയ്ക്കൊണ്ടിരിക്കുന്നു. രാത്രി എട്ടു മണിക്ക് കണിശമായി വീട്ടിൽ എത്തും. അനന്തരം സുഖമായി ഭക്ഷണം കഴിച്ചിട്ട്, സ്വസ്ഥചിത്തനായി കിടന്ന് ഉറങ്ങാൻ പോകും.

രാമശംകരന്റെ മകൻ വളരെ നാളായി, പള്ളിക്കൂടത്തിൽ പോകാറില്ല. പ്രായേണ ചാന്ദപുരത്തിലേ ബാബുമാരോടുകൂടി ദിവസങ്ങൾ നയിച്ചുവരുന്നു. അക്കൂട്ടർ വിനോദാൎത്ഥം ഒരു നാടകസംഘം ഏൎപ്പെടുത്തീട്ടുണ്ട്. സ്ത്രീപാൎട്ടു എടുത്തു് അഭിനയിക്കുന്ന വിഷയത്തിൽ അയാൾ അദ്വിതീയനാണ്. തന്നിമിത്തം അയാളെ വിടുന്ന കാൎയ്യത്തിൽ, ബാബുമാൎക്ക് തീരെ സമ്മതമുണ്ടായിരുന്നില്ല. വല്ലപ്പോഴും അയാൾ വീട്ടിൽ വന്നാൽ തന്നെയും, സഹോദരിമാരോടു കലശൽ ഉണ്ടാക്കീട്ട്, സ്വയമേവ തിരിച്ചുപോകയാണു പതിവു്. രാമമന്ദിരത്തിലേ വരണ്ട റൊട്ടിയും ചീരക്കറിയുമല്ല അയാൾ ഇയ്യിടെ ഭക്ഷിക്കുന്നതു്. അവിടത്തെ കീറിപ്പറിഞ്ഞ കമ്പിളത്തിൽ കിടന്നാൽ അയാൾക്കു ഇപ്പോൾ ഉറക്കം വരികയുമില്ല. രാമശംകരനും അയാൾ അവിടെ വരാതിരിക്കുന്നതിനെപ്പററി ദുഃഖമില്ലായിരുന്നു. വലിയ ആളുകളോട്കൂടി സഹവസിക്കയാകകൊണ്ട് അയാൾക്കു വല്ല ഉദ്യോഗവും ലഭിച്ചേയ്ക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. ശിരസ്സിൽ സീമന്തരേഖ വിശദമായി കാണത്തക്കവണ്ണം ഭംഗിയായി കോതി വകുത്തുവെച്ചിട്ടുള്ള തലമുടിയും, വിചിത്രമായ വടിയും, ഷൎട്ടും, ധോത്തിയും, സിഗററു പെട്ടിയും ഒക്കെ കണ്ടപ്പോൾ, അയാളേപ്പററി ഇനി വിഷാദിക്കേണ്ട അവശ്യമില്ലെന്നു അദ്ദേഹത്തിനു തോന്നി. ജാഹ്നവീദേവി മാത്രം തനിച്ചിരുന്ന് കൂടക്കൂടെ അശ്രുക്കൾ പൊഴിക്കാറുണ്ട്. അമ്മയുടെ നേത്രങ്ങൾ ബാഷ്പകലുഷിതമായിക്കാണുമ്പോൾ കന്യകമാരും കരഞ്ഞുതുടങ്ങും. ഈ മൂന്നു പ്രാണികൾക്കു മാത്രമേ ഹരിശംകരനെപ്പററിയുള്ള ചിന്താഭാരം വിട്ടുപോകാതിരിക്കുന്നുള്ളു.

അവക്കും പിടിപ്പതു ജോലി ഉണ്ടായിരുന്നു.

വീട്ടുജോലികൾ ഒരു വിധത്തിൽ ഒതുക്കീട്ടു ജാഹ്നവി നൂലു നൂല്ക്കുകയോ, പട്ടുനൂലിനു ചായമിടുകയോ, ചെയ്തുകൊണ്ടിരിക്കും. അ സമയത്തൊക്കെയും, അവരെ സഹായിക്കാനായി രണ്ടു കന്യകമാരും അടുത്തുതന്നെ കാണും. അവക്കു രണ്ടു പേക്കും തുന്നൽപ്പണിയിൽ ബഹു സാമത്ഥ്യമാണ്. എന്നാൽ അതിലേക്കു കുറേ പണച്ചെലവുണ്ട്. അതുകൊണ്ട് അധികം പണച്ചെലവ് ഇല്ലാത്ത ജോലികളാണ് അവർ സാധാരണ ചെയ്തുവരുന്നത്. അതിൽ നിന്നു കിട്ടുന്ന ആദായത്തിൽ വളരെ കുറച്ചു മാത്രമേ അവർ ചെലവഴിയ്ക്കു.

"സ്വാമിയ്ക്കു മാസംതോറും പത്തുഉറുപ്പിക കിട്ടുന്നുണ്ടു. അതുകൊണ്ടുമാത്രം ചെലവു നടക്കുമോ? അതിനും പുറമേ ഭാവിയിൽ ഉണ്ടായേക്കാവുന്ന പൊല്ലാക്കാലത്തേയ്ക്കു വല്ലതും കരുതിവെയ്ക്കാതെ തരവുമില്ല. സ്വാമിക്കു കാസത്തിന്റെ ഉപദ്രവം കൂടക്കൂടെ വന്നുകൊണ്ടേ ഇരിക്കുന്നു. കന്യകമാരും വളന്നുവരുന്നു. സൌന്ദര്യം മാത്രം ഉണ്ടായതുകൊണ്ട് വല്ല കാര്യവും നടക്കുമോ? രൂപത്തേയും ഗുണത്തേയും ഇന്ന് ആരു നോക്കുന്നു? പണമില്ലെങ്കിൽ പിണം. അങ്ങിനെ മൂടത്തക്കവണ്ണം ഉറുപ്പിക കൊണ്ടുചെന്നു വെച്ചാലേ വരനേ കിട്ടു. എന്നാൽ ഇവിടെ എല്ലാം ചെലവുതന്നേ. ആഹാരത്തിനു മാത്രം മുട്ടുകൂടാതെ കഴിഞ്ഞുപോകുന്നുണ്ട്. കുഞ്ഞുങ്ങളെ എങ്ങനെ കല്യാണം കഴിച്ചു കൊടുക്കും? അതിനെപ്പററിയുള്ള ചിന്തപോലും അക്കുമില്ല." എന്നിങ്ങനെ ഓരോന്നുവിചാരിച്ചു ജാഹ്നവി ഒരു ദീർഘശ്വാസം വിട്ടു. ഒടുവിൽ അവർ എല്ലാററിനേയും സർവേശ്വരനിൽതന്നെ സമർപ്പിച്ചു.

നേരം നട്ടുച്ചയായി. നാലുപാടും നിശബ്ദം. തുപ്പു, തളി, പാത്രംതേപ്പു മുതലായവ കഴിഞ്ഞിരിക്കുന്നു. മാർജ്ജാരിക തുളസിത്തറയ്ക്കു സമീപത്തു കിടന്ന് സ്വച്ഛന്ദം ഉറങ്ങുന്നു. അങ്കണത്തിന്റെ അഴികളിൽ പടന്നുപിടിച്ചുകിടക്കുന്ന വെള്ളിലവള്ളിയുടെ ഇലകൾ സൂര്യന്റെ കിരണങ്ങൾ ഏററു തിളങ്ങുന്നു. മുററത്തു തഴച്ചു നില്ക്കുന്ന വാഴക്കന്നുകൾ വെയിലിന്റെ കാഠിന്യത്തെ തെല്ലുപോലും വകവയ്ക്കാതെ തങ്ങളുടെ ബന്ധുരമായ ശ്യാമകാന്തിച്ചുടയാൽ കാണികളുടെ നയനങ്ങൾക്കു കുളുർമ്മ നല്കിക്കൊണ്ടിരിക്കുന്നു. തേന്മാവുകളുടെ ഇലപ്പടർപ്പുകളിൽ മറഞ്ഞിരുന്ന്, അവയുടെ ഫലങ്ങൾ യഥേച്ഛം ആസ്വദിച്ചാസ്വദിച്ച്, അത്യന്തം പ്രസന്നഭാവം പൂണ്ട കുയിലിനങ്ങൾ കുഹുകു—കുഹുകു എന്നു പാടിക്കൊണ്ടിരിക്കുന്നു. ജാഹ്നവി കുറെയേറെച്ചണം എടുത്തുകൊണ്ടുവന്നു മാർദ്ദവം വരുത്താനായി വെള്ളത്തിൽ മുക്കിത്തുടങ്ങി. സാവിത്രി അതിനെ യത്നപൂർവകം ശരിയാക്കി അടുക്കി

വച്ചുകൊണ്ടുമിരുന്നു. സതി മാതാവിൻെറ മുഖത്തു നോക്കിക്കൊണ്ടു ചോദിച്ചു.

"അമ്മേ! കമല ശ്വശ്രൂരഗൃഹത്തിൽനിന്നു തിരിച്ചുവന്നിട്ടുണ്ട്. ഞാൻ അവളെ ഒന്നു കണ്ടിട്ടുവരട്ടേ"

"പോയിട്ടു വാ! എന്നാൽ വലിയ വെയിലായിരിക്കുന്നല്ലോ മകളേ! അല്പം കൂടി കഴിഞ്ഞിട്ടു പോയാൽ പോരെ!"

"കുറച്ചു കഴിഞ്ഞാൽ വഴിയിൽ ആറംത്തിരക്കാകും. അതുകൊണ്ട് ഇപ്പോറംതന്നെ പോകുന്നതാണ് നല്ലത്. സാവിത്രി! നീകൂടെ വരൂ"

സാവിത്രി വിസമ്മതസൂചകമായി തല ആട്ടി.

"ഞാൻ എങ്ങനെ തനിച്ചുപോവും?"

അതു കേട്ടു അമ്മ പറഞ്ഞു:—

"സാവിത്രി! നീ കൂടെ പോ! അവറം തനിച്ചു പോകുമോ? മകളേ!"

വെയിലുകൊണ്ടു വാടിയ തൻെറ കോമളവദനത്തെ അല്പമൊന്നു തിരിച്ച്, നെററിത്തടത്തിൽ ചിതറിക്കിടന്ന കുറുനിരകളെ ഒതുക്കിക്കൊണ്ട്, അവറം വിനയമസൃണമായ സ്വരത്തിൽ പറഞ്ഞു.

"ചേച്ചി! കാളീശങ്കരനെ കൂട്ടിക്കൊണ്ടുപോവുക. ഞാൻ അമ്മയുടെ അടുക്കൽ ഇരുന്ന് ചരടു പിരിക്കയല്ലേ? എനിക്കു ഇത് ചെയ്യാൻ സാധിക്കുമോ എന്നു ഞാൻ ഒന്നു പരീക്ഷിച്ചുനോക്കുകയാണ്. ഇന്ന് ഒരിടത്തും എനിക്കു പോകാൻ സാധിക്കയില്ല."

സതി കൊച്ചനിയനെ ചാടൂക്തികളാൽ മിരട്ടി, വശപ്പെടുത്തിട്ട്, അവൻെറ ശിരസ്സിൽ ഒരു തോത്തുമുണ്ടും ധരിപ്പിച്ച് എളിയിൽ എടുത്തുകൊണ്ട് കമലയുടെ ഗൃഹത്തിലേക്കു തിരിച്ചു.

"വെയിൽ വളരെ കഠിനമായിരിക്കുന്നു മകളേ! നീയും തലയിൽ ഒരു മുണ്ട് ഇട്ടോളു." എന്നു ജാഹ്നവി വിളിച്ചുപറഞ്ഞു.

സതി സ്വമാതാവിൻെറ വാക്കുകളെ ഗൌനിക്കാതെ നടന്നു.

കുബേരഗൃഹമായതിനാൽ, അവിടെ പ്രവേശിച്ചമാത്രയിൽ അവളുടെ കാൽ വിറച്ചു. കമല ശ്വശ്രൂരഗൃഹത്തിൽ പോയിട്ട് ഇപ്പോറം രണ്ടുകൊല്ലമായിരിക്കുന്നു. അന്നുമുതല്ക്കു സതി ഈ ഗൃഹത്തിൽ വന്നിട്ടേ ഇല്ല. അന്നത്തേക്കാറം ഇന്നു അവറംക്കു പ്രായവും കൂടുതലായിരിക്കുന്നു; അതിനനുസരിച്ചു സങ്കോചവും വൎദ്ധിച്ചിട്ടുണ്ട്. പ്രഭുകുടുംബങ്ങളിലെ വധൂജനങ്ങളും കുട്ടികളും സാധാരണക്കാരോട് ഉരിയാടുന്ന കാൎയ്യമോ സന്ദിഗ്ദ്ധം. കണ്ണുതുറക്കുന്നതുപോലും അവൎക്കു ലജ്ജാവഹമാണു. സതി ഈ സംഗതികറം ഓൎത്തു.

"ഇനിമേലിൽ ഞാൻ ഇവിടെ വരികയില്ല" എന്ന് അവൾ ഈ അവസരത്തിൽ മനസ്സിൽ ഉറച്ചു.

എന്നാൽ കമല ഓടിവന്ന്, അവളുടെ കഴുത്തിൽ കെട്ടിപ്പിടിച്ച നിമിഷത്തിൽ, സതിയുടെ ആ നിശ്ചയം വന്നവഴിയേതന്നെ അന്തർദ്ധാനം ചെയ്തു. ഈ രണ്ടുകൊല്ലങ്ങൾക്കിടയിൽ കമലയുടെ ദേഹം അല്പം കൊഴുത്തിട്ടുണ്ട്. അവളുടെ സൌന്ദര്യവും വർദ്ധിച്ചിരിക്കുന്നു. വസ്ത്രഭൂഷാദി സൌഭാഗ്യങ്ങളുടെ ഉന്നിദ്രദീപ്തി അവളുടെ ശരീരത്തിൻെറ നിസർഗ്ഗകാന്തിയേ ശതഗുണീഭവിപ്പിക്കുന്നു. സതി ഒന്നും മിണ്ടിയില്ല. മുഗ്ദ്ധനേത്രങ്ങളാൽ അവളേ നോക്കിക്കൊണ്ടിരുന്നതേ ഉള്ളു. കമലയ്ക്കും ആദ്യം ഒന്നും പറവാൻ സാധിച്ചില്ല. ഈ സതി അന്നത്തേ സതിഅല്ലായിരിക്കുമോ? എന്ന് അവൾക്കുതോന്നി. ദാരിദ്ര്യമദ്ധ്യത്തിൽ വളൎന്നവളെങ്കിലും, അവളുടെ ഗവിതവും സുന്ദരവും ആയ മുഖം ഏതോ ഒരു ശില്പവിദഗ്ദ്ധൻെറ അഭിനവവും അപൂൎവ്വവുമായ കല്പനാവൈഭവത്തിൻെറ പരിണതഫലമായിരിക്കുമോ എന്നു അവൾ ശങ്കിച്ചുപോയി. ദൈൎഘ്യം അല്പം കൂടീട്ടുണ്ടെങ്കിലും ശരീരത്തിനു മെലിവ് അത്രയ്ക്കു വൎദ്ധിച്ചിട്ടുണ്ട്. ശുഷ്കവും രൂക്ഷവുമായ കേശസമൂഹം അവളുടെ സൌന്ദര്യധോരണിയുടെ ക്ഷീണവും, സുകുമാരവുമായ ഛായയെന്നോണം, ശരീരത്തിൻെറ പശ്ചാൽഭാഗത്തേ നിശ്ശേഷം ആവരണം ചെയ്തുകൊണ്ട്, ലംബിതമായിരിക്കുന്നു. അധരങ്ങളിൽ ശാന്തിനിർഭരമായ ഒരു മൃദുഹസിതം കളിയാടുന്നുണ്ടെങ്കിലും, ഉജ്ജ്വലവും വിശാലവും ആയ നേത്രങ്ങളിൽ വിഷാദത്തിൻെറ മലിനച്ഛായ പതിഞ്ഞിരിക്കുന്നു അവളുടെ കഴുത്തിൽ കൈകൾ ഇട്ടുകൊണ്ട്, കമല പറഞ്ഞു:—

"നീ ഇത്ര കഠിനഹൃദയയായില്ലോയോ? എനിക്ക് ഇവിടേ കഷ്ടിച്ച് എട്ടു ദിവസത്തെ താമസമേ ഉള്ളു. അതിൽ മൂന്നു ദിവസം കഴിഞ്ഞിരിക്കുന്നു. എന്നിട്ടും നിന്നേ ഇതേവരേ കാണാൻ സാധിച്ചില്ലല്ലോ. എനിക്ക് വരാമായിരുന്നെങ്കിൽ ഇതിനു മുമ്പേ നിൻെറ വീട്ടിൽ എത്തുമായിരുന്നു"

സതി പുഞ്ചിരിതൂകി. കമല തുടൎന്നു പറഞ്ഞു:—

"നീ ദീനം പിടിച്ചവളേപ്പോലെ ഇരിക്കുന്നതെന്തു്?"

"എന്തുദീനം? നാം തമ്മിൽ കണ്ടിട്ട് എത്രനാളായി എന്ന് ആലോചിക്കയായിരുന്നു."

"രണ്ടു വൎഷമായിരിക്കണം—അല്ലാതെന്തു്? എങ്ങോട്ടും പോകാനും വരാനും സാധിക്കാത്ത ഒരു ദിക്കിൽ ഞാൻ അകപ്പെട്ടുപോയി. എന്തെല്ലാം പറകയും കേൾക്കയും ചെയ്തിട്ടാണെന്നോ ഇന്നു ഇങ്ങോട്ടു വരാൻ സാധിച്ചതു്?"

എന്നു പറഞ്ഞിട്ടു കമല ചിരിച്ചു. അതുകേട്ടു സതിക്കും ചിരി വന്നു.

"ആരോടാണ് പറകയും കേൾക്കയും ഒക്കെ ചെയ്തതു? വീട്ടുകാരോടോ?"

"ആരോടെന്നോ? നല്ലകാൎയ്യമായി. അമ്മാവനും അമ്മാവിക്കും തൻെറ മകൻെറ ഇഷ്ടത്തിനു വിരുദ്ധമായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? എൻെറ ചേട്ടത്തി ചിലപ്പോഴൊക്കെ അമ്മാത്തു പോകാറുണ്ട്. എന്നാൽ എനിക്കുമാത്രം ആ ഭാഗ്യമില്ല. എനിക്കു ഇങ്ങോട്ടൊന്നു വരണമെന്ന് വല്ലപ്പോഴും അവരോടുപറഞ്ഞാൽ, അവർ എന്തെങ്കിലും കളിപറഞ്ഞു ഒഴിഞ്ഞുകളയും. 'നവ വധുവായതുകൊണ്ടാണ് അമ്മാത്തുപോകാൻ ഇത്ര ആശ. ഞങ്ങൾക്കും ആദ്യമൊക്കെ ഇങ്ങിനെ ആയിരുന്നു. അമ്മാത്തേക്കു വരുന്നകാൎയ്യം അവൎക്കു കേട്ടുകൂട. അവരുടെ ഹൃദയം അത്ര വജ്രകഠിനമാണ്"

ഇങ്ങനെ സഖിമാർ രണ്ടുപേരും സരസസല്ലാപത്തിൽ ഏൎപ്പെട്ടു; കമലയുടെ സുഖസൌഭാഗ്യങ്ങളെപ്പററി കേട്ടപ്പോൾ, സതിക്കു പരമാൎത്ഥത്തിൽ അളവററ മനസ്സുഖമുണ്ടായി. അവളുടെ ഹൃദയത്തിൽ, രണ്ടുവൎഷത്തിനു മുമ്പുണ്ടായ സംഭവം ചിലപ്പോഴൊക്കെ ഉദിച്ചു പൊങ്ങാറുണ്ടായിരുന്നു. കമലയുടെ അവസ്ഥ, ഇപ്പോൾ എന്തായിരിക്കും? എന്ന് ആലോചിച്ച്, അവൾ അപ്പോഴൊക്കെ വ്യാകുലപ്പെട്ടു വന്നു. വിവാഹസമയത്തു കമലയുടെ മുഖത്തു സ്ഫുരിച്ച ഖിന്നഭാവവും, വിരക്തിയും കണ്ടിട്ട്, സതി വല്ലാതെ ദുഃഖിക്കയുണ്ടായി. അക്കാരണത്താൽ അവൾക്കു വിശേശ്വരനോട്ടും നീരസംതോന്നി.

ഇപ്പോൾ അവളുടെ സകലചിന്തകളും വിട്ടുമാറി. എന്നാൽ ഒരുകാൎയ്യം ചോദിച്ചറിയാൻ അവൾക്കു വലിയ കൌതുഹലമുണ്ടായി. പക്ഷെ അതു അനുചിതമാണെന്നു വിചാരിച്ച്, അവൾ ആ ആഗ്രഹത്തെ നിരോധിച്ചുകളഞ്ഞു. വേറെ പല സംഗതികളെപ്പററിയും സംസാരിച്ചതിനുശേഷം കമല പറഞ്ഞു.

"ഇനി നിൻെറ കാൎയ്യങ്ങളെപ്പററി കേൾക്കട്ടെ."

"എനിക്കു എന്തുകാൎയ്യമാണുള്ളതു്?"

"വിവാഹകാൎയ്യത്തെപ്പററിപ്പറയണം. ഇനി എത്ര നാളത്തേയ്ക്കുകൂടിയുണ്ട് ഈ തപസ്യ?"

സതി ചിരിച്ചുപോയി.

"ചിരിച്ചുകൊണ്ടിരുന്നാലൊന്നും പോരാ. എന്താ വിവാഹത്തെ സംബന്ധിച്ച് വല്ലതും ആലോചനയുണ്ടോ?"

"എനിക്കറിയാമൊ."

"എന്തൊരു പൊട്ടിയാണ് നീ ഇത്ര പ്രായമായിട്ടും. ഒന്നും അറിഞ്ഞുകൂടേ? പ്രായപൂൎത്തി വന്നിരിക്കുന്നു. ഇനി വിവാഹം നടത്തിയേ മതിയാവൂ."

"വിവാഹം അങ്ങനെ പതുക്കെ നടന്നുകൊള്ളും. അച്ഛൻ വരനെ അന്വേഷിച്ചു കൊണ്ടുവരും. വീടു പണയമെഴുതി പണം ഉണ്ടാക്കും. അപ്പോൾ വിവാഹവും നടക്കും."

"നീ എന്തു പറയുന്നു? നിന്റെ സുന്ദരമായ മുഖം കണ്ടാൽ, അള്ളുകൾ ഓടിയെത്തി റാഞ്ചിക്കൊണ്ടുപോവുമല്ലോ."

"നീ കൊണ്ടുപോവുമായിരിക്കാം—അങ്ങനെ കൊണ്ടുപോവാൻ ഒരുക്കമാണെങ്കിൽ, ഞാൻ ഇതാ വരാൻ തയ്യാറായിരിക്കുന്നു."

എന്നു പറഞ്ഞിട്ടു സതി ചിരിച്ചു. എന്നാൽ കമലയുടെ കണ്ണുകൾ നിറഞ്ഞു. അവൾ ഖിന്നസ്വരത്തിൽ പറഞ്ഞു:—

ഇതിന് ഇനി എന്താണ് ഉപായം?"

"എന്തിനു? ഞാൻ ഇങ്ങനെ മാതാപിതാക്കന്മാൎക്കു ഒരു ഒഴിയാബാധയായി വീട്ടിൽ പാൎക്കും. ഒരു കുമാരിയായിരിക്കുന്നതുകൊണ്ട് എനിക്കു ദുഃഖമുണ്ടെന്നു നിങ്ങൾ തെററിദ്ധരിക്കരുത്. ഈ ദരിദ്രാവസ്ഥയിലും എന്റെ അച്ഛനു എന്നെ കല്യാണം കഴിച്ചുകൊടുക്കണമെന്നുള്ള വിചാരമുണ്ടാകുന്നല്ലോ എന്നുള്ള കുണ്ഠിതമെ എനിക്കുള്ളു."

എന്നു പറഞ്ഞിട്ട് സതി പോവാനൊരുങ്ങി.

"അല്ല! അല്ല! പോവുകയൊ?"

"ഇപ്പോൾ എനിക്കു പോകണം—വഴിയിൽ ആൾത്തിരക്കായിത്തുടങ്ങി. ഇനി താമസിക്കുന്നതു ഭംഗിയല്ല."

"നാളെയും വരുമോ?"

"നാളെ വരാനൊക്കുകയില്ല. പോകുന്നതിനുമുമ്പുതന്നേ ഒരിക്കൽകൂടി വരാൻ നോക്കാം."

"സതീ! നീ ഇങ്ങനെ ആയിപ്പോയല്ലൊ. ഞാൻ നിന്നെക്കാണാൻ ധൃതികൂട്ടിക്കൊണ്ടിരിക്കയായിരുന്നു. നീയൊ? ഏതെങ്കിലും ഒരു ദിവസം വരാമെന്നു പറഞ്ഞിട്ടു കടന്നുകളയുന്നു നിന്റെ ഇഷ്ടംപോലെ."

കുട്ടിയേ എളിയിൽ എടുത്തുകൊണ്ട്, സതി സസ്മിതം വീട്ടിലേക്കു തിരിച്ചു. വീട്ടിൽ വന്നപ്പോൾ, അവിടെ ഒരു പ്രളയകാണ്ഡം ഉപസ്ഥിതമായിരിക്കുന്നതു കണ്ടു. ലജ്ജാംഗല്യനാദിഭാവങ്ങളോടുകൂടി അവളുടെ പേരമ്മ, ഉച്ചസ്ഥായി പിടിച്ചു പ്രസംഗിച്ചുകൊണ്ടിരിക്കുന്നു. "പതിന്നാലു വയസ്സുള്ള—ഒന്നു പ്രസവിക്കാൻ കാലമായ—പെണ്ണിനെ വലിയവരുടെ വീട്ടിൽ അയയ്ക്കാൻ നാണം തോന്നിയി

ല്ലല്ലോ!—അതകട്ടെ—ഇന്നു ദേവരജി വരട്ടെ. ഞാൻ വഴിയുണ്ടാക്കാം. ഇതിനു പരിഹാരമുണ്ടാക്കാതെ ഞാൻ ജലപാനം കഴിക്കയില്ല ”

രാത്രി എട്ടുമണിക്കു രാമശങ്കരൻ വന്നു സാവിത്രി ജലവും തോർത്തും കൊണ്ടുചെന്നു കൊടുത്തിട്ട്, ഒരു വിശറി എടുത്ത് അദ്ദേഹത്തിനെ വീശിത്തുടങ്ങി. ജാഹ്നവി ഒരു താലത്തിൽ ഭക്ഷ്യപദാൎത്ഥങ്ങൾ കൊണ്ടുവന്ന്, സ്വാമിയുടെ മുമ്പിൽ വെച്ചു. അദ്ദേഹം ഉണ്ണാനിരുന്നു സതി നിലവിളിച്ചുകൊണ്ടിരുന്ന കാളീശങ്കരനെ തട്ടിത്തട്ടി ഉറക്കാൻ നോക്കിയെങ്കിലും ഒരുവിധത്തിലും ഉറങ്ങുകയില്ലെന്നു കണ്ടപ്പോൾ, അവനെ പായിൽ കിടത്തീട്ട്, അച്ഛന്റെ സമീപത്തുചെന്ന് ഇരുന്നു. “നീ പോയി കുഞ്ഞിനെ ഉറക്കു. ഞാൻ അച്ഛനെ വീശിക്കൊള്ളാം” എന്ന് അവൾ സാവിത്രിയോടു പറഞ്ഞു. സാവിത്രി കൊച്ചനിയനെ കൈമടക്കിൽക്കിടത്തി, അമ്പിളിഅമ്മാച്ചനെ കാണിച്ചുകൊടുത്തുകൊണ്ടും, മന്ദംമന്ദം ആട്ടിക്കൊണ്ടും താരാട്ടു പാടിത്തുടങ്ങിയപ്പോൾ, ബാലകനും തന്റെ സഹോദരിയെ അനുകരിച്ച് കൈകാലുകൾ കുടഞ്ഞ്, അവ്യക്തസ്വരത്തിൽപാടാനാരംഭിച്ചു. ജാഹ്നവി വാതുക്കൽ തന്നേ നിന്നു, തന്റെ സ്വാമി ഭക്ഷണം കഴിക്കുന്നതു നോക്കിക്കൊണ്ടിരുന്നു. ദീപപ്രകാശത്തിൽ അവർ സതിയെ പെട്ടെന്നു നോക്കി. പ്രസന്നമായ ചന്ദ്രികയിൽ, ദാരിദ്ര്യദേവതയുടെ നിവാസഭൂവായ ആ അങ്കണത്തിൽ, വികസ്വരാവസ്ഥയെ പ്രാപിച്ച കുസുമകലികപോലെ ഇരുന്നിരുന്ന സതിയിൽ ദൃഷ്ടി പതിച്ച ഉടനേ തന്നെ, അവരുടെ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും ഒരു ദീർഘനിശ്വാസം പൊങ്ങി. ഇതുകണ്ടു സതിയും തന്റെ മാതാവിന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി.

ഇതുനേരം ചേട്ടത്തി അമ്മ ഒരുവിധം ഒതുങ്ങിയിരുന്നു. അവരുടെ ഉറക്കമൊക്കെ പോയി. വേഗം അടുക്കളയുടെ വാതുക്കൽ എത്തി. ഭട്ടാചാൎയ്യരുടെ താലത്തിനു സമീപം ഒരു നാല്ക്കാലി എടുത്തിട്ടു അതിൽ ഇരുപ്പായി. രാമശങ്കരൻ ഒരു പ്രാവശ്യം ശിരസ്സു അല്പം ഉന്നമിപ്പിച്ചു അവരെ നോക്കിയിട്ട്, വീണ്ടും താലത്തിൽ തന്നെ ദൃഷ്ടിപതിപ്പിച്ചുകൊണ്ടു ഊണു തുടങ്ങി. ചേട്ടത്തിയമ്മയുടെ ധൈൎയ്യമെല്ലാം പമ്പകടന്നു. അവൾ മുനമുനത്തുതുടങ്ങി.

“ഉണ്ണണമെന്നുള്ള കാൎയ്യം മാത്രമല്ലാതെ മററു വല്ലതും നിങ്ങൾക്കു അറിയാമൊ? ഇവിടെ രണ്ടു പെൺകുട്ടികൾ വളൎന്നിരിക്കുന്നു. ഒരാൾക്കു പതിന്നാലും, മററവൾക്കു പന്ത്രണ്ടും ആയി വയസ്സ—നിങ്ങൾ അറിയുന്നുണ്ടോ? കണ്ണു പൊട്ടിപ്പോയൊ? അതോ ബുദ്ധിഭ്രമം പിടിപെട്ടോ?”

രാമശങ്കരൻ സൈഷ്യം മറുപടി പറഞ്ഞു:—

"അതിൻ ഞാനെന്തുവേണം? പണമില്ലാതെ കുട്ടികളെ എങ്ങനെ വിവാഹം ചെയ്തുകൊടുക്കും?"

"അങ്ങനെയാണെങ്കിൽ അച്ഛനായതെന്തിന്? രണ്ടു കുട്ടികൾക്കും ചൊല്ലും വിളിയും ഇല്ല. അവക്ക് ഇഷ്ടമുള്ളിടത്തൊക്കെ പോകയും വരുകയും ചെയ്യുന്നു. ചോദിക്കാൻ വല്ലവരുമുണ്ടോ? ഏൻ്റ്ഫേ! നിങ്ങൾ രണ്ടുപേരും അച്ഛനമ്മമാരല്ല. കശാപ്പുകാരാണ്. ഇതിനെപ്പററി ഒരു ചിന്തയും നിങ്ങൾക്കില്ല ചോറ് എങ്ങനെ അങ്ങോട്ടു ഇറങ്ങുന്നു? അതാണ് അശ്ചര്യം!"

ജാഹ്നവി ശാന്തസ്വരത്തിൽ പറഞ്ഞു:—

"ഇതൊക്കെപ്പറയുന്നതിന് ഇതാണോ അവസരം? തലയിലെഴുത്തുതന്നെ."

ഇതു കേട്ടപ്പോൾ ചേട്ടത്തിയുടെ കോപം കുറേക്കൂടി വൎദ്ധിച്ചു. അവർ ആകാശം പിളക്കുമാറ് ഉച്ചത്തിൽ ഇങ്ങനെ അലറി.

"ഇതുകൊണ്ടു തന്നെയാണ് ഞാൻ ഒരിക്കലും ഒന്നും പറയാത്തത്. ജീവിക്കുകയോ മരിക്കുകയോ ചെയ്യട്ടെ; എനിക്കെന്ത്? അച്ഛനമ്മമാക്കു ഒരു വിചാരവും ഇല്ലെങ്കിൽ ഞാൻ എന്തിന് ഈ പൊല്ലാപ്പുകൾ ഒക്കെ ഉണ്ടാക്കിവെക്കുന്നു? ഞാൻ നൂറുപ്രാവശ്യം കഷ്ടം വെച്ചാലും എന്തു പ്രയോജനം? മുഖത്തു കരി പുരളുന്നതു് എനിക്കാണോ? ശത്രുക്കൾ എന്നേ നോക്കി ചിരിക്കുമോ? പിന്നെ ഞാനെന്തിന് ഇതൊക്കെപ്പറയുന്നു?"

രാമശംകരൻ ഊണു നിൎത്തീട്ട്, എഴുന്നേല്ക്കാൻ ഭാവിച്ചു. സതി അദ്ദേഹത്തിൻെറ കാലുപിടിച്ചുകൊണ്ടു പറഞ്ഞു:—

"അച്ഛാ! എഴുന്നേല്ക്കരുത്. ഇരുന്നു ഊണുകഴിക്കണം."

അദ്ദേഹം കാൽ വലിച്ചെടുത്തിട്ട് "പോയി ചാകുവിൻ നിങ്ങളെല്ലാവരും ചാകുവിൻ! ഞാനും മരിക്കാം. അപ്പോൾ ശുഭമാകും" എന്നു പറഞ്ഞു. ഇങ്ങിനെ പറഞ്ഞു പറഞ്ഞ് ശ്വാസോച്ഛ്വാസാഭിഭൂതനായി, ചുമച്ചു ചുമച്ച്, അദ്ദേഹത്തിന് ബോധക്ഷയം നേരിട്ടു. ജാഹ്നവി പരിഭ്രമത്തോടുകൂടി ഓടിവന്ന്, അദ്ദേഹത്തിൻെറ വയററിലും മാറിടത്തിലും തടവിത്തുടങ്ങി. സാവിത്രി വിശറി എടുത്തു വീശി സതി മാത്രം സ്തംഭിച്ചു നിന്നുപോയി.

അല്പം സ്വാസ്ഥ്യം വന്നപ്പോൾ, രാമശംകരൻ എല്ലാവരുടേയും നിർബന്ധത്താൽ ഊണു കഴിച്ചു. സരി മുറിക്കകത്തുചെന്നു കിടന്നു. സ്വാമിക്കു പൂൎണ്ണസ്വാസ്ഥ്യം വന്നതിനു ശേഷമേ, ജാഹ്നവിക്കു സമാധാനമായുള്ളു. അപ്പോൾ അവൾ, സാവിത്രിയോട് "സതി എവിടെ?" എന്നുചോദിച്ചു.

"ചേച്ചി ഉറങ്ങാൻ പോയി. അമ്മ ചോറു വിളമ്പണം. ഞാൻ പോയി വിളിച്ചുകൊണ്ടുവരാം."

എന്നുപറഞ്ഞിട്ട്, അവൾ ചെന്നു "ചേച്ചീ! ഉണ്ണാൻ വരു", എന്നു വിളിച്ചു. എന്നാൽ സതി ഒന്നും മിണ്ടിയില്ല.

"ചേച്ചീ എഴുന്നേല്ക്കൂ—ഞാൻ കാൽക്കൽവീണു പറയുന്നു. എഴുന്നേല്ക്കൂ—അച്ഛൻ പറഞ്ഞ വാക്കുകേട്ട് ഇത്ര കോപിച്ചാലോ? അച്ഛൻെറ ബുദ്ധിമുട്ടുകൾ ചേച്ചിക്കും അറിഞ്ഞുകൂടേ? എഴുന്നേൽക്കൂ. പോയി ഒന്നുരണ്ടു വായെങ്കിലും ഉണ്ടിട്ടുവരു."

സതി മുഖത്തുനിന്ന് മുണ്ടെടുത്തു മാററീട്ട്, ഛിന്നസ്വരത്തിൽ പറഞ്ഞു:—

"നിങ്ങൾ രണ്ടുപേരും ഉണ്ണണം. എനിക്കു വിശപ്പില്ല—ചോറു ഒട്ടും വേണ്ട."

"ഞാൻ ചേച്ചിയുടെ കാല്ക്കൽ തലതല്ലി മരിക്കും; അല്ലെങ്കിൽ എഴുന്നേൽക്കൂ."

"സാവിത്രി! എൻെറ ലക്ഷ്മി! പ്രിയപ്പെട്ട കൊച്ചനിയത്തി!—നീ പോയി ഊണു കഴിക്കൂ. എനിക്ക് മനസ്സിനു തീരെ സുഖമില്ല."

"അതൊന്നും എനിക്കു കേൾക്കണ്ട. ഒന്നു രണ്ടു വായെങ്കിലും ഉണ്ടിട്ടു വരണം."

ജാഹ്നവി വന്നു സതിയുടെ കൈപിടിച്ച് എഴുന്നേല്പിച്ചിട്ട്, സ്ഥിരകണ്ഠത്തിൽ ഇങ്ങനെ പറഞ്ഞു —

"നിങ്ങളൊക്കെ ഇങ്ങനെ തുടങ്ങിയാൽ ഞാൻ എങ്ങനെ ജീവിക്കും? വരു, മകളെ! ഊണുകഴിക്കൂ."

ഒടുവിൽ എല്ലാവരും ചേന്നു ഊണുകഴിച്ചു.

അതിരാവിലെ രാമശങ്കരൻ എഴുനേററു, ഹുക്കാപിടിച്ചതിനു ശേഷം കുറേനേരം ആലോചനയിൽ മുഴുകി ഇരുന്നു. ഒടുവിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു:—

"നോക്കൂ—ഇന്നു മുതൽക്ക് ഞാൻ മകളുടെ വിവാഹകാൎയ്യത്തിൽ മനസ്സുവെച്ചു പ്രയത്നിക്കാം. എന്നാൽ പണത്തിന് ഈ വീടു പണയമെഴുതാതെ നിവൃത്തിയില്ല. വരൻ ആരായിരുന്നാലും പത്തഞ്ഞൂറു ഉറുപ്പികയിൽ കുറയാതെ കൊടുക്കേണ്ടിവരും. വീടു വിററോ പണയപ്പെടുത്തിയോ കുറെ പണം വാങ്ങിക്കാം."

"ആദ്യമായി വരനെ അന്വേഷിക്കണം—പണത്തിൻെറ കാൎയ്യം പിന്നീട് ആലോചിച്ചാൽ മതിയല്ലോ" എന്നു ജാഹ്നവി പറഞ്ഞു.

"നീ ഇങ്ങനെ പറയുന്നു. എന്നാൽ വരനെ അന്വേഷിക്കും മുമ്പ് പണം തയ്യാറാക്കണമെന്നാണ് എൻെറ അഭിപ്രായം—മകൾക്കായി ഗൃഹദ്വാരംകൂടി പോകട്ടെ."

ജാഹ്നവി അകത്തു ചെന്നു നോക്കി. സതി ഉറങ്ങിപ്പോയി. അവൾ ഈ വർത്തമാനമൊന്നും കേട്ടില്ലെന്നുകണ്ടപ്പോൾ അവൾക്ക് തെല്ല് ആശ്വാസമുണ്ടായി. സാധുസ്ത്രീ ശാന്തിനിർഭരമായ ഒരു നെടുവീർപ്പ് വിട്ടു.

---

## അഞ്ചാം അദ്ധ്യായം.

---

വിശ്വേശ്വരൻെറ ചെറിയമ്മയായ അന്നപൂർണ്ണാദേവി സാവിത്രീവ്രതത്തിനുള്ള ഒരുക്കങ്ങൾ എല്ലാം പൂർത്തിയാക്കിയിരിക്കുന്നു. സദ്യക്കുള്ള ചട്ടവട്ടങ്ങൾ എല്ലാം 'തിരുതകൃതി'യായി നടക്കുന്നു. അങ്കണത്തിൽ വലിയ വലിയ അടുപ്പുകൾ കൂട്ടി വിവിധജാതിഭോജ്യപാനീയങ്ങൾ പാകം ചെയതുടങ്ങി. ഒരിടത്ത്, തയാർചെയ്തുകഴിഞ്ഞ ഹൽവാ മുതലായ മധുരപദാർത്ഥങ്ങളെ തൂക്കിനോക്കുന്നു. പാൽക്കാരികൾ, പാലും തൈരും നിറഞ്ഞ കുടങ്ങൾ കൊണ്ടുവന്ന്, വരാന്തയിൽ ഒതുക്കി വെച്ചുകൊണ്ടിരിക്കുന്നു. ചിലർ വിറകുകീറി അടുക്കിവെയ്ക്കുന്നു. ബ്രാഹ്മണകുലതിലകന്മാരായ പാചകന്മാർ കരങ്ങളിൽ സുദർശനചക്രംപോലുള്ള ചട്ടുകങ്ങൾ ധരിച്ചുകൊണ്ട്, രാവണൻെറ ഭോജനസമയത്തെന്നപോലെ വലിയ വലിയ വാർപ്പുകളിൽ നെയ്യൊഴിച്ച് നെയ്യപ്പം തെരുതെരെ ചുട്ടെടുക്കുന്നു. പലമാതിരി പാത്രങ്ങൾകൊണ്ട് അങ്കണം നിറഞ്ഞുകഴിഞ്ഞു. ഇന്നലേവരെ ഒരു അനക്കവും ഇല്ലാതിരുന്ന ഗൃഹത്തിൽ ഇന്നു എന്തൊരു ബഹളമായിരിക്കുന്നു! ചെറിയമ്മ എന്താവശ്യപ്പെട്ടാലും അതൊക്കെ ഒരു ലോപവും കൂടാതെ വിശ്വേശ്വരൻ സംഭരിച്ചുകൊടുത്തുകൊണ്ടിരിക്കുന്നു. അന്നപൂർണ്ണാദേവി വ്രതസമാപനാനന്തരം നെററിത്തടത്തിൽ യജ്ഞചിഹ്നമായ തിലകം അണിഞ്ഞ്, പട്ടുവസനങ്ങളും ധരിച്ച്, മൂർത്തിമതിയായ ശാന്തി എന്നപോലെ, ഗൃഹത്തിൽ ചുററിനടന്നു എവിടെവിടെ, എന്തെന്തു സാമാനം ആവശ്യമുണ്ടോ അതൊക്കെ അതാതു സമയത്തു എത്തിച്ചുകൊടുക്കുന്നു.

ഒടുവിൽ ബ്രാഹ്മണസദ്യ അവസാനിച്ചു. അവരെല്ലാം അന്നപൂർണ്ണയുടെ കൈയിൽനിന്ന് താംബൂലവും യജ്ഞോപവീതവും ദക്ഷിണയും വാങ്ങിട്ട്, അവക്ക് വേണ്ടുവോളം ആശീർവ്വാദങ്ങൾ നല്കി.

സ്നേഹാർദ്രങ്ങളായ നേത്രങ്ങളോടുകൂടി അന്നപൂർണ്ണ വിശ്വേശ്വരനെ ക്കൊണ്ടു് അവരുടെ മുമ്പിൽ പ്രണമിപ്പിച്ചിട്ടു്, അവരോടു പറഞ്ഞു.

"നിങ്ങളെല്ലാവരും എൻെറ ഈ കണ്മണിക്കു കൂടി ആശീർവാദം നൽകിയാലും."

അനന്തരം ആ സ്ത്രീരത്നം സുമംഗലികൾക്കു ആദരപൂർവം ചതുർവിധഭോജനം നൽകി. ജാഹ്നവിയും തൻെറ രണ്ടു പുത്രിമാരോടുകൂടി വന്നിരുന്നു. അന്നപൂർണ്ണ മുഗ്ദ്ധനേത്രങ്ങളാൽ കൂടക്കൂടെ സതിയെ നോക്കി. താംബൂലവും പട്ടും വാങ്ങിക്കൊണ്ടു്, സുമംഗലികൾ സ്വസ്വഗൃഹങ്ങളിലേക്കു പോവാൻ തുടങ്ങിയപ്പോൾ. അന്നപൂർണ്ണ മധുരവും മുഗ്ദ്ധവുമായ പുഞ്ചിരിയോടുകൂടി ജാഹ്നവിയോടു പറഞ്ഞു.

"നിങ്ങൾ അല്പം ഇരിക്കുക. പിന്നീടു പോയാൽ മതി. എനിക്കു ചില കാര്യങ്ങൾ സംസാരിക്കാനുണ്ടു്."

ബഹളമെല്ലാം ശമിച്ചപ്പോൾ അന്നപൂർണ്ണ ഒരു പീഠമെടുത്തു് ജാഹ്നവിയുടെ സമീപത്തു ഇട്ടിട്ടു് അതിന്മേൽ ഇരുന്നു.

"നിങ്ങളുടെ മൂത്ത മകൾക്കു എന്തു പ്രായമായി?"

"പത്തുപതിനാലായി."

"വിവാഹത്തിനു ആലോചന വല്ലതും നടന്നോ?"

"വരനെ അന്വേഷിച്ചു കൊണ്ടിരിക്കയാണു്."

"ഇത്ര സുന്ദരിയായ ഒരു ബാലികയ്ക്കു വേണ്ടി ആളുകൾ തിക്കിക്കേറി വരുമല്ലോ—പിന്നെന്താണു് ഇത്ര കാലവിളംബം നേരിട്ടതു്."

ജാഹ്നവി ഒന്നും മിണ്ടിയില്ല. അന്നപൂർണ്ണ തുടൎന്നു പറഞ്ഞു:—

"വിശ്വവിനു് ഇതുപോലൊരു വധുവിനെക്കിട്ടിയെങ്കിൽ എത്ര നന്നായിരുന്നു."

സതി അവനതമുഖിയായി; അവളുടെ ദേഹത്തിൽ വിയർപ്പുകണങ്ങൾ പൊടിച്ചു തുടങ്ങി. ക്ഷീണസ്വരത്തിൽ ജാഹ്നവി പറഞ്ഞു.

"സോദരി! വിശ്വവിനു് ഏതുമാതിരി വധുവാണു് കിട്ടാത്തതു്? ഇതിനേക്കാൾ ആയിരം മടങ്ങു് സൌന്ദര്യമുള്ള ബാലികയെ വേണമെങ്കിലും നിഷ്പ്രയാസം കിട്ടുമല്ലോ?"

"നിങ്ങളുടെ ഈ രണ്ടു കുട്ടികളേപ്പററിയും ആളുകൾ വളരെ പ്രശംസിച്ചു പറയുന്നു. പ്രായമായതിനുശേഷം ഞാൻ അവരെ കണ്ടിട്ടേ ഇല്ല. ആകട്ടെ! ഞാൻ പറഞ്ഞതിൽനിന്നു് നിങ്ങൾ എന്താണു് മനസ്സിലാക്കിയതു്. ഞാൻ ഇതാ വാക്കു തരുന്നു; സതിയെ എനിക്കു തരിക."

ജാഹ്നവി ബദ്ധജിഹ്വയായി. അവർ വളരെ പണിപ്പെട്ടു് ക്ഷീണസ്വരത്തിൽ പറഞ്ഞു."

"സോദരി! എൻെറ കന്യകയ്ക്കു് അങ്ങനെ ഒരു ഭാഗ്യം ഉണ്ടാകുമോ?"

"അതൊക്കെ ഇരിക്കട്ടെ. ഇങ്ങനെയുള്ള ഒരു ബാലികയ്ക്കു് ഭാഗ്യമില്ലെങ്കിൽ പിന്നെ ആൎക്കാണ് ഉണ്ടാവുന്നതു? ഇവൾ സാക്ഷാൽ ഭാഗ്യലക്ഷ്മിയല്ലേ. മകളേ! നീ നന്നാ വിയൎക്കുന്നല്ലോ. ഇവിടെ വാ; ഞാൻ വീശാം."

അന്നപൂൎണ്ണ ചേലാഞ്ചലംകൊണ്ടു് സതിയെ വീശിത്തുടങ്ങി. എന്നാൽ വിയൎപ്പു് ഒന്നുകൂടി വൎദ്ധിച്ചതേ ഉള്ളു. സാവിത്രി സതിയുടെ അടുക്കലേക്കു മാറി ഇരുന്നിട്ടു്, സസ്മിതം അവളുടെ മുഖത്തേക്കു നോക്കി. ജാഹ്നവി പറഞ്ഞു:—

"സോദരി! നേരം അധികം ഇരുട്ടി. ഞങ്ങൾ ഇനി പോകട്ടെ ഞാൻ ചോദിച്ചതിനു മറുപടി പറയൂ."

"സഹോദരി! എന്റെ സതിക്കു് നിങ്ങളുടെ ദാസിയാവുന്നതിനെക്കവിഞ്ഞു് എന്തൊരു സൌഭാഗ്യമാണ് വരാനുള്ളതു്? അവൾ നിങ്ങളുടേതു തന്നെ. അതിനേപ്പററി ചോദിക്കാനും പറയാനും എന്തിരിക്കുന്നു? എന്നാൽ വിശേശ്വരനു കൂടി സമ്മതമാവണ്ടേ?"

"സതിയിൽ അവന്റെ മനസ്സു ഇണങ്ങാത്ത പക്ഷം, അവനു വിവാഹയോഗം വിധിച്ചിട്ടില്ലെന്നു തീൎച്ചയാണ്. എന്നാൽ ഒരുകാൎയ്യം വേണം. ഈ വൎത്തമാനം വെളിക്കു വിടരുതു്. വിശ്വ മഹാസിദ്ധാന്തിയാണ്. ഞാൻ സാവധാനം അവനെ വശപ്പെടുത്തിക്കൊള്ളാം. നിങ്ങളുടെ മകളെക്കണ്ടാൽ ഏതു യുവാവിനും അഭിനിവേശം ജനിക്കാതിരിക്കയില്ല. ഞാൻ നിങ്ങൾക്കു വാക്കു തന്നുകഴിഞ്ഞിരിക്കുന്നു. ഒന്നുരണ്ടുമാസം കഴിഞ്ഞോട്ടെ."

ജാഹ്നവി വീട്ടിൽച്ചെന്നു് ഈ വൎത്തമാനമൊക്കെ സ്വഭൎത്താവിനെ അറിയിച്ചു. ഉറങ്ങിത്തുടങ്ങിയ രാമശങ്കരൻ അതു കേട്ടപ്പോൾ എഴുന്നേററിരുന്നു. സന്തോഷം കൊണ്ടു് അദ്ദേഹത്തിന്റെ ഹൃദയം വികസിച്ചു.

"ഇനി ചിന്തയ്ക്കു് യാതൊരു അവകാശവുമില്ല. വിശ്വേശ്വരൻ നല്ലകുട്ടത്തിലാണ്. അവൻ പണത്തിന്നു് ആവശ്യപ്പെടുകയില്ല. അവു! അങ്ങനെ ആണെങ്കിൽ വീടുവില്ക്കാതെ കഴിഞ്ഞു. അടിയന്തരച്ചെലവിലേക്കു മാത്രം അല്പം പണമുണ്ടായാൽ മതി. അതു് ക്രമേണ കൊടുത്തുതീൎക്കയും ചെയ്യാം."

ജാഹ്നവി പറഞ്ഞു:—

"അത്ര സന്തോഷിക്കാൻ കാലമായിട്ടില്ല. ആശകൊണ്ടു മാത്രം വിവാഹം നടക്കുമോ? അതു് എങ്ങിനെയെങ്കിലും തട്ടിത്തിരിഞ്ഞുപൊയ്ക്കൂടെന്നില്ലല്ലോ."

"ഛേര! ഛേര! അങ്ങനെവരില്ല. അവർ വാക്കിനു നെറിയുള്ളവരാണ്. വിശേപശപരനെ ഞാൻ നല്ലപോലെ അറിയും. അവൻ വളരെനല്ല പയ്യനാണ്. അതിനും പുറമെ എൻെറ മകഠം രൂപഗുണത്തിൽ ഒട്ടും കുറഞ്ഞവളുമല്ലല്ലോ. ഈ ഗ്രാമം മുഴുവനും നടന്നുനോക്കുക! ആക്കു ഇതുപോലെ ഒരു മകളുണ്ട്? കേഠക്കട്ടെ."

സപ കന്യകയുടെ രൂപഗുണത്തെപ്പററി ഓത്തപ്പോഠം അദ്ദേഹം പെട്ടെന്നു ഗവ്വിതനായി. ജാഹ്നവി ഒന്നും മിണ്ടിയില്ല. എന്തുകൊണ്ടോ, ഈ അതക്കിതവും അസംഭാവിതവുമായ ഉച്ഛ്വാസശയ്ക്കു അവളുടെ ഹൃദയത്തിൽ പ്രതിഷ്ഠ ലഭിച്ചില്ല.

മൂന്നു നാലു ദിവസം കഴിഞ്ഞു് ഒരിക്കൽ അന്നപൂർണ്ണ സതിയേയും സാവിത്രിയേയും ക്ഷണക്കത്തു അയച്ചു സപഗൃഹത്തിൽ വരുത്തി. സതിക്കു കലശലായ ലജ്ജയുണ്ടായി. എങ്കിലും പോകാതെ നിവൃത്തി ഇല്ലെന്നു വിചാരിച്ചു്, അവഠം പോകാതിരുന്നില്ല. അന്നപൂർണ്ണ പ്രേമപൂവ്വകം രണ്ടുപേരേയും അടുത്തിരുത്തിക്കൊണ്ടു് സംഭാഷണം തുടങ്ങി.

കുളികഴിഞ്ഞു്, ഉണക്കിയ മുണ്ടും, വെളുപ്പിച്ച യജ്ഞോപവീതവും ധരിച്ചു്, വിശേപശപരൻ ഊണുകഴിപ്പാനായി ചെറിയമ്മയുടെ അടുക്കലേക്കു വന്നു. രണ്ടു ബാലികമാരേയും കണ്ടപ്പോഠം അദ്ദേഹം അല്പമൊന്നു ശങ്കിച്ചുനിന്നെങ്കിലും, പിന്നീടു് എന്തോ ആലോചിച്ചിട്ടെന്നപോലെ, നേരെ ചെറിയമ്മയുടെ അടുക്കൽ ചെന്നിട്ടു്—

"ചെറിയമ്മേ! ഇവർ ആരുടെ കുട്ടികളാണ്?" എന്നുചോദിച്ചു.

"ആരുടെ കുട്ടികളാണെന്നു് നിനക്കു് അറിഞ്ഞുകൂടെ?" വിശേപശപരൻ സൂക്ഷിച്ചുനോക്കി. സതി ലജ്ജിച്ചു തലതാഴ്ത്തി. സാവിത്രിക്കും അന്നപൂർണ്ണയുടെ ഉദ്ദേശ്യം മനസ്സിലായിരുന്നതിനാൽ, അല്പം സങ്കോചമുണ്ടാകാതിരുന്നില്ല.

"ചെറിയമ്മേ! ഇതു സതിയാണ് മറേറ കുട്ടിയോ?"

"അവളുടെ അനിയത്തി-സാവിത്രി. മകനേ! എത്ര മണിമണിപോലുള്ള പെൺകുട്ടികഠം!"

"ഇന്നു വ്രതം വല്ലതുമുണ്ടോ? ഇവരെ വിളിച്ചു വരുത്തിയിരിക്കുന്നതെന്തിന്?"

"വ്രതമുണ്ടെങ്കിലേ ഇഷ്ടജനങ്ങളെ വിളിച്ചുവരുത്താവൂ എന്നുണ്ടോ? നീ ഇവിടെഇരുന്നു ഇവരോടു സംസാരിക്കൂ. ഞാൻപോയി ചോറുവിളമ്പിക്കൊണ്ടുവരാം."

അന്നപൂൎണ്ണ പോയി. വിശ്വേശ്വരൻ വാതായനത്തിൽ കേറി ഇരുന്നു. "സതി—നിന്റെ അനിയന്റെ പേരെന്താണ് അവനെ ഇന്നു കൊണ്ടുവന്നിട്ടില്ലേ?"

സതി ലജ്ജാപരവശയായി. അവളുടെ കവിൾത്തടങ്ങൾ റോസാപ്പുഷ്പങ്ങൾ പോലെ തുടുത്തു. ചെവിയിൽ "ധായ്! ധായ്" എന്നൊരു ശബ്ദം മുഴങ്ങുംപോലെ തോന്നി. ശിരസ്സിൽ നിന്ന് വിയൎപ്പു നിൎഗ്ഗളം പ്രവഹിച്ചുതുടങ്ങി.

സാവിത്രി തന്റെ സഹോദരിയുടെ ഈ വിഷമാവസ്ഥ കണ്ടിട്ട് മൃദുസ്വരത്തിൽ മറുപടിപറഞ്ഞു.

"അവന്റെ പേരു കാളിശംകരനെന്നാണ്. ഉറങ്ങിപ്പോയതുകൊണ്ട് അവനെ കൊണ്ടുവന്നിട്ടില്ല."

"നിന്റെ പേരു സാവിത്രി എന്നാണോ?"

"അതെ"

"നിന്നെ ആദ്യം കണ്ടകാലത്ത്, നീ തീരെ കുട്ടിയായിരുന്നു. അതുകൊണ്ടാണ് തിരിച്ചറിയാൻ സാധിക്കാഞ്ഞത്. സതി! നീ പഠിക്കുന്നില്ലേ! എന്തെല്ലാം പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്, രാമായണവും മഹാഭാരതവും വായിച്ചിട്ടുണ്ടോ?"

സതിക്കു മറുപടിപറവാൻ സാധിച്ചില്ല. അവളുടെ ഈ സങ്കോചം വിശ്വേശ്വരനു തീരെ രസിച്ചില്ല. അദ്ദേഹം അല്പം മുഷിഞ്ഞു സാവിത്രിയാണ് ഈ പ്രശ്നത്തിനു മറുപടിപറഞ്ഞത്.

"ചേച്ചി രാമായണവും മഹാഭാരതവും വായിച്ചിട്ടുണ്ട്"

"നീ വായിച്ചിട്ടുണ്ടോ?"

ഇതുകേട്ടപ്പോൾ സാവിത്രിയും തല കുനിച്ചു കളഞ്ഞു.

ഊണു കഴിഞ്ഞു രണ്ടുപേരും വീട്ടിലേയ്ക്കു പോയപ്പോൾ, ചെറിയമ്മ വിശ്വേശ്വരനോടു ചോദിച്ചു.

"ഈ രണ്ടു കുട്ടികളിൽ ആൎക്കാണ് അധികം അഴക്?—പറയാമോ? ഒന്നു നോക്കട്ടെ."

"അധികം അഴകോ?" വിശ്വേശ്വരൻ അത്ഭുതത്തോടുകൂടി ചോദിച്ചു.

"രണ്ടും, നല്ല കുട്ടികൾതന്നെ. ആൎക്കാണ് സൌന്ദൎയ്യം അധികം; ആൎക്കു കുറവു—എന്നൊന്നും ഞാൻ നോക്കിയില്ല. എന്നാൽ ചെറിയമ്മ എന്തിനാണ് ഇവരെ ഇവിടെ വരുത്തിയത്."

"എന്തിനെന്നു നിനക്കു ഇതുവരെ മനസ്സിലായില്ലേ? ആശ്ചൎയ്യം! സതി എത്ര നല്ലകുട്ടി! അവളുടെ മുഖത്തുനിന്നു കണ്ണുപറിക്കാൻ തോന്നുന്നില്ല."

"അതു വാസ്തവം തന്നെ; രണ്ടുപേരും സുശീലകളാണ്—

ചെറിയമ്മേ! അവൾക്ക് ഈയിടെ വിശേഷിച്ച് വല്ല ബുദ്ധിമുട്ടും നേരിട്ടിട്ടുണ്ടോ?"

"ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടോ എന്നോ?—എന്നാൽ—കുട്ടി വളൎന്നു പോയി. അതിനെപ്പററി അവൾക്ക് ഒട്ടുവളരെ വിചാരമുണ്ട്"

"എന്തിന്?"

"അവളെ വിവാഹം ചെയ്തുകൊടുക്കണ്ടേ? അതു നിസ്സാരകാൎയ്യമാണോ? നല്ല മണിമണിപോലെയുള്ള കുട്ടിയായിരുന്നിട്ടും ഇതേവരെ ആരും വന്നുചേൎന്നിട്ടില്ല. ഇക്കാലത്ത് എവിടെനിന്നു വരാനാണ്? പണമേപണം എന്നായിപ്പോയില്ലേ?"

"അങ്ങനെയാണെങ്കിൽ ചെറിയമ്മ കുറേപ്പണം കൊടുക്കാഞ്ഞതെന്തു? പാവങ്ങൾക്കു വലിയ ബുദ്ധിമുട്ടായിരിക്കണം."

ക്രോധപൂൎവ്വം ചെറിയമ്മ പറഞ്ഞു.

"പണം പലിശയ്ക്കു കൊടുക്കാൻ സ്ഥലമില്ലാതെ നോക്കിയിരിക്കയല്ലേ ഞാൻ. എന്നെ ഉപദേശിക്കാൻ വന്നിരിക്കുന്നു. പണം ഉണ്ടായെന്നു വെച്ച് നല്ല വരനേക്കിട്ടുമോ? എത്ര സുന്ദരിയും സുശീലയുമായ കുട്ടി! പക്ഷേ യോഗ്യനായ വരൻ ആകാശത്തിൽനിന്നു പറന്നുവരുമോ?"

"അതുശരിതന്നെ – അങ്ങനെആണെങ്കിൽ, ഞാൻ തക്കതായവരനെ അന്വേഷിച്ചു കൊടുക്കാം. പണം ചെറിയമ്മയും കൊടുക്കണം."

ഈ വാക്കുകൾ അന്നപൂൎണ്ണയ്ക്കു തീരെ സഹിച്ചില്ല. അവർ ഒടുവിൽ ഇങ്ങനെ പറഞ്ഞു.

"നിന്നോടു വാദിക്കാൻ ഞാനല്ല. ഇതുപോലൊരു കുട്ടിയെ എവിടെ കിട്ടും?"

വിശേശ്വരന് അവരുടെ കോപകാരണം ഗ്രഹിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് അദ്ദേഹം തൻെറ വായന മുറിയിലേക്കു നടന്നു.

ഒരുമാസം കഴിഞ്ഞു. ഒരിക്കൽ വിശേശ്വരൻ എന്തോ കാൎയ്യത്തിനായി രാമശങ്കരൻെറ ഗൃഹത്തിൽ ചെന്നിരുന്നു. അപ്പോൾ കാളി, മുണ്ടൊന്നും ഉടുക്കാതെ, ഒരിടത്തുനിന്ന് കന്നുകുട്ടിയെ പിടിച്ചു കളിച്ചുകൊണ്ടിരുന്നു. കളിയിൽ മുഴുകിയിരുന്നതിനാൽ പശു പാഞ്ഞുവന്നതിനെപ്പോലും അവൻ കണ്ടില്ല. വിശേശ്വരൻ ഓടിച്ചെന്നു കാളിയെ എടുത്തു മാററിക്കളഞ്ഞു. ബാലൻ കന്നുകുട്ടിയെ വിട്ടതു കണ്ട്, പശു അവനെ എതിൎക്കാതെ, അതിൻെറ അടുത്തു ചെന്ന്, അതിനെ നക്കിത്തുടങ്ങി. വിശേശ്വരൻ വാത്സല്യപൂൎവം ബാലനോടു ചോദിച്ചു.

"ബാബുജി നിങ്ങളുടെ പേരെന്തു?"

"ഞാൻ ബാബുജിയും മററുമല്ല—കാളീപാദനാണ്."

"ശരി! എന്നാൽ—കാളി! നിന്നെ പശു കുത്തിയിരുന്നെങ്കിൽ നീ എന്തുചെയ്യുമായിരുന്നു?"

എന്തു ചെയ്യുമായിരുന്നു, കമ്പെടുത്ത് നല്ല അടി കൊടുക്കുമായിരുന്നു.

ഇങ്ങനെ വീരവാദം പറഞ്ഞെങ്കിലും അവൻ അപ്പോഴും വിറയ്ക്കുകയായിരുന്നു. വിശേശ്വരൻ അവനെ ധൈര്യപ്പെടുത്താൻ നോക്കി. തത്സമയം ആരോ ഒരാൾ വാതലിന്റെ സമീപത്തു നിന്ന് 'കാളി' എന്നു വിളിച്ചു. വിശേശ്വരൻ തിരിഞ്ഞു നോക്കിയപ്പോൾ അതു് സതിയാണെന്നു മനസ്സിലായി. സതി വിശേശ്വരനെ കണ്ടുകയാൽ പെട്ടെന്നു നിന്നുപോയി. യുവാവാകട്ടെ അടുത്തു ചെന്നിട്ട്,

"ഇനിയെങ്കിലും കുട്ടിയെ പശു പായാതെ നോക്കിക്കൊള്ളണേ! കുട്ടികളുടെ കാര്യത്തിൽ കുറേക്കൂടി ശ്രദ്ധിക്കേണ്ടതല്ലേ?"

സതി ഒന്നും മിണ്ടിയില്ല. വിശേശ്വരൻ തന്റെ കൈത്താരിൽ ഇരുന്ന കുട്ടിയെ ഏൽപ്പിക്കാനായി, അടുത്തു ചെന്നപ്പോൾ അവൾ അല്പം പുറകോട്ടു മാറിക്കളഞ്ഞു. വല്ലവരും കണ്ടേയ്ക്കുമൊ എന്ന ഭയം അവളെ ബാധിച്ചു. വിശേശ്വരൻ കാളിയെ താഴത്തു നിറുത്തീട്ട് പറഞ്ഞു:—

"അവനേ എടുത്തുകൊള്ളുക. അവൻ പേടിച്ചു വിറയ്ക്കുന്നു."

സതി കുട്ടിയെ എടുത്തു. കുട്ടി മാത്രമല്ല വിറച്ചത്; അവളും ലജ്ജയാൽ കമ്പിതഗാത്രയായി. വിശേശ്വരൻ ഉടനേ ചോദിച്ചു:—

"നിങ്ങൾ പിന്നീടു ചെറിയമ്മയുടെ അടുക്കൽ പോയില്ലേ?"

ഒരു ഉത്തരവും പറയാതെ സതി അകത്തേക്കു പൊയ്ക്കളഞ്ഞു. വിശേശ്വരനു അതു തീരെ രസിച്ചില്ല. "കൃതജ്ഞതാസൂചകങ്ങളായ ഒന്നു രണ്ടു വാക്കുകളെങ്കിലും ഈ അവസരത്തിൽ പറയാതെ പൊയ്ക്കളഞ്ഞതു് തീരേ നന്നായില്ല. ഇത്ര ലജ്ജിപ്പാൻ കാര്യമെന്തു്?" എന്ന് അദ്ദേഹം വിചാരിച്ചു.

ഒന്നു രണ്ടു മാസംകൂടി ഇങ്ങനെ കഴിഞ്ഞു. അപ്പോൾ ചെറിയമ്മ ആലോചന തുടങ്ങി. "വിശേശ്വരൻ എന്തൊരു മറയനാണ്! അവനോടു സ്പഷ്ടമായി പറയുന്നതുതന്നേ കൊള്ളാം. അല്ലെങ്കിൽ ഈ ജന്മത്തു് ഞാൻ പറയുന്നതിന്റെ അർത്ഥം അവൻ ഗ്രഹിക്കയില്ല." ഒരു ദിവസം അവർ പുത്രനെ അടുക്കൽ വിളിച്ചു, വളച്ചുകെട്ടൊന്നും കൂടാതെ പറഞ്ഞു:—

ഞാൻ നിനക്കു വിവാഹത്തിനുള്ള നിശ്ചയം ചെയ്തുകഴിഞ്ഞിരിക്കുന്നു.

അടുത്തമാസത്തിൽ നീയും സതിയുമായുള്ള വിവാഹം നടത്തണം.”

വിശ്വേശ്വരൻ അമ്പരന്നുപോയി. അത്ഭുതത്തെ ഒട്ട് അടക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു:—

“ചെറിയമ്മ ഇപ്പറയുന്നതെന്താണ്? സതിയ്ക്ക് എന്റെ സംബന്ധം പാടുണ്ടോ?”

“എന്തുകൊണ്ടു പാടില്ല? സ്വജാതി—പോരെങ്കിൽ അകന്ന ഒരു ബന്ധുവുമാണ്—പിന്നെ വിവാഹത്തിനു ബാധകമെന്തു്?”

“ബാധകമൊന്നുമില്ലേ? അവളുടെ സഹോദരൻ എന്നെ ‘ചേട്ടാ’ എന്നാണു വിളിക്കുന്നത്. അവളും ‘വിശ്വണ്ണ!’ എന്നാണ് എന്നെ വിളിക്കാറ്. രാമ! രാമ! സഹോദരീസഹോദരന്മാർ തമ്മിൽ വിവാഹമോ?”

“അപ്പോൾ നീ വിവാഹം ചെയ്യുകയില്ലെന്നാണോ പറയുന്നത്? ഇനി എപ്പോഴെങ്കിലും കല്യാണം കഴിക്കണമെന്നു തോന്നിയാൽ അന്ന് ഇതുപോലെ ഒരു ബാലികയെ കിട്ടുമോ?”

“ചെറിയമ്മേ! നല്ല ഒൻപതെണ്ണം വേണമെങ്കിൽ കിട്ടും. ഇതുപോലൊരുത്തിയെ കിട്ടിയില്ലെങ്കിൽ തന്നെ എന്തു്? ചെറിയമ്മയ്ക്കു ഒരു മകൾ മതിയല്ലോ അവൾ കുരൂപയല്ലാതിരുന്നാൽ പോരേ!. ഈ ആഗ്രഹത്തെ ഞാൻ പൂരിപ്പിച്ചു തന്നുകൊള്ളാമെന്നു ഇതാ വാഗ്ദാനം ചെയ്തുകൊള്ളുന്നു. എന്നാൽ വിവാഹകാര്യത്തിൽ ഇപ്പോൾ എന്നെ നിർബന്ധിക്കരുത്.”

“ഇപ്പോഴില്ലെങ്കിൽ പിന്നെ എന്നാണ്? മൂത്തു മൂത്തു പല്ലുകൊഴിഞ്ഞതിനുശേഷമോ? നിനക്കു വയസ്സ് ഇരുപത്തിനാലായില്ലേ? എന്നിട്ടും കുട്ടിത്തനം വിടാത്തതെന്തു്? എന്നാൽ ഞാൻ അവസാനവാക്കാണ് ഇപ്പറയുന്നത്—വാക്കു കൊടുത്തുപോയി—എനിക്കു അപമാനം വരുത്തരുത്. രണ്ടുമാസമായിട്ട്, അവർ എന്നെ വിശ്വസിച്ചിരിക്കയാണ്. നീ എന്റെ വാക്കിനെ വിലയില്ലാതാക്കുന്നപക്ഷം ഇനി ഞാൻ ഇവിടെ താമസിക്കയില്ല.”

വിശ്വേശ്വരൻ കുഴങ്ങി. അദ്ദേഹം ദുഃഖപൂർവ്വം പറഞ്ഞു.

“ചെറിയമ്മേ! ഇതുവരെ ക്ഷമിച്ചിരുന്നില്ലേ? ഇനി ഒന്നരവർഷംകൂടി ഇതുപോലെ ക്ഷമിച്ചിരിക്കൂ. ഞാൻ കാൽപിടിച്ചു പ്രാർത്ഥിക്കുന്നു. എന്റെ മനസ്സിനു കുറേക്കൂടെ ഉറപ്പുവന്നുകൊള്ളട്ടേ”

“ഉറപ്പു വരുന്നതെന്തിനായിട്ട്? ലോകത്തിൽ ആരും കല്യാണം കഴിക്കാറില്ലേ?”

"വിവാഹം ധാരാളം നടക്കാറുണ്ടു്. എന്നാൽ ഞാൻ വിവാഹം നടത്തീട്ടില്ലല്ലോ? അതുകൊണ്ടു ഭയം തോന്നുന്നു. ഞാൻ ഇതേവരെ മനസ്സിനെ സ്വാധീനമാക്കി നിൎത്തി. ഇനിയും അങ്ങനെ നിൎത്തിക്കൊണ്ടിരിക്കാൻ കാംക്ഷിക്കുന്നു. ഇപ്പോൾ എന്നെ നിൎബന്ധിച്ചാൽ എന്റെ ആ ആശ ശിഥിലമായിപ്പോകും. ചെറിയമ്മേ! എനിക്കു അല്പം അവസരം തരിക. ഈ വിധം നിൎബന്ധിക്കരുതേ."

ചെറിയമ്മ ഭഗ്നാശയായിട്ടു ഇങ്ങനെ പറഞ്ഞു:

"വിശേശ്വര! അവൾക്കു ഇനി ഒരുകൊല്ലംകൂടി ആ കുട്ടിയുടെ വിവാഹം നീട്ടിവെച്ചുകൊണ്ടിരിക്കാൻ സാധിക്കുമോ? ഞാൻ എങ്ങനെ അവരുടെ മുഖത്തു നോക്കും? ഇനി ഈ ഗ്രാമം വിട്ടു താമസിക്കയേ നിവൃത്തിയുള്ളു."

"അങ്ങനെയാണെങ്കിൽ ഞാനും ചെറിയമ്മയുടെ കൂടെ ഉണ്ടാവും. നോക്കൂ! അവൾക്കു എന്നേക്കാൾ യോഗ്യനായ ഒരു നല്ല വരനെ അന്വേഷിച്ചുകൊടുത്താൽ പോരേ? എന്തു ചെലവു വന്നാലും വേണ്ടുകില്ല. അവൾക്കു് ബുദ്ധിമുട്ടു നേരിടാതിരുന്നാൽ മതിയല്ലോ."

"നിന്റെ മനസ്സുപോലെ ചെയ്യുക. എന്നാൽ വിശേശ്വര! നീ ഒരു നല്ല കുട്ടിയെ കാൽകൊണ്ടു തട്ടിക്കളയുകയാണു്. ഒടുവിൽ പശ്ചാത്തപിക്കേണ്ടി വരും. അതു തീൎച്ചയാണു്."

ചെറിയമ്മ നിരാശയോടുകൂടി മിണ്ടാതെ ഇരുന്നു. അവരുടെ ഹൃദയത്തിൽ കഠിനവേദനയുണ്ടായി. വിശേശ്വരൻ അതു ഗ്രഹിക്കാതിരുന്നുമില്ല. എന്നാൽ തന്റെ നിശ്ചയത്തെ ലംഘിക്കുക എന്നുള്ളതു അദ്ദേഹത്തിനു പ്രാണൻ പോകുന്നതിനു സമാനമായിരുന്നു. ചെറിയമ്മ സതിയെ അവിടെ വരുത്തിയതിന്റെ ഉദ്ദേശ്യം ഇപ്പോൾ അദ്ദേഹത്തിനു മനസ്സിലായി. ഈ സംഗതി അറിയാതെ, താൻ സതിയോടു സങ്കോചം വിട്ടു സംസാരിച്ചതും, അവൾ ലജ്ജാപാരവശ്യത്താൽ നിലത്തുനോക്കി നിന്നുകളഞ്ഞതും ആ യുവാവിന്റെ സ്മൃതിപഥത്തിൽ ഉദിച്ചു. "ഛേ! ഛേ! ഞാൻ ചെയ്തതു് വലിയ തെററായിപ്പോയി" എന്നു അദ്ദേഹം സ്വയം കഥിച്ചു.

അടുത്ത ദിവസം വിശേശ്വരൻ രാമശങ്കരന്റെ വീട്ടിൽ ചെന്നു്, വലിയ ആത്മീയഭാവത്തോടുകൂടി പറഞ്ഞു:—

"ഞാൻ സതിക്കു ഒരു നല്ല വരനെ അന്വേഷിച്ചു വച്ചിരിക്കുന്നു. ഒരു സഹോദരിയെ കല്യാണം കഴിച്ചുകൊടുക്കുന്ന വിഷയത്തിൽ ഒരു സഹോദരനു് എന്തെല്ലാം അവകാശങ്ങളുണ്ടോ, ആ അവകാ

ശത്തെ ഉപയോഗിച്ച് ഞാൻ തത്സംബന്ധമായ സകല ചെലവുകളും ചെയ്യുന്നതിന്നു ശീട്ടയാക്കിയിരിക്കുന്നു.

കോപാവേശത്താൽ രാമശംകരന് നാലുദിക്കും ഇരുൾ അടഞ്ഞതായി തോന്നി. അദ്ദേഹത്തിന്റെ ആത്മാഭിമാനത്തിന്നു വലിയ ഇടിവു തട്ടി. എന്തു്? തന്റെ കന്യക ഇത്രയ്ക്കു ഹീനയോ? എന്നു അദ്ദേഹം വിചാരിച്ചു. വൃദ്ധൻ ഗർവ്വിതസ്വരത്തിൽ പറഞ്ഞു.—

"അപ്പനേ! ഞാൻ നിങ്ങൾക്കു വളരെ കടപ്പെട്ടിരിക്കുന്നു. ഇതിൽ കൂടുതൽ കൃപ കാണിച്ച് എന്നെ പീഡിപ്പിക്കരുതു്. എന്റെ കന്യകയെ സംബന്ധിച്ച ഋണത്തിൽ നിന്ന്, ഞാൻ സ്വയം മോചനം സമ്പാദിച്ചുകൊള്ളാം. അതുകൊണ്ടു് ആ വിഷയത്തിൽ നിങ്ങളുടെ സഹായം എനിക്കാവശ്യമില്ല."

വിശ്വേശ്വരൻ വളരെയൊക്കെ പറഞ്ഞുനോക്കി. എന്നിട്ടും ബ്രാഹ്മണൻ തന്റെ ദൃഢനിശ്ചയത്തെ മുറുക്കിപ്പിടിച്ചുകൊണ്ടിരുന്നതേ ഉള്ളൂ. ഒടുവിൽ നമ്മുടെ യുവാവു് വിഷണ്ണനായിട്ടു വീട്ടിൽ തിരിച്ചുവന്ന്, ചെറിയമ്മയോടു വിവരമൊക്കെ വിസ്തരിച്ചു പറഞ്ഞു.

ചെറിയമ്മ ലജ്ജാഭാരത്താലും ദുഃഖത്താലും പരവശയായിട്ട് ഇങ്ങനെ പറഞ്ഞു:—

"ഇനി എനിക്ക് ഇവിടെ താമസിക്കാൻ സാധിക്കയില്ല. ഞാൻ അവരുടെ മുഖത്തു് എങ്ങനെ നോക്കും? മകനേ! ദയവു ചെയ്തു് എനിക്കു യാത്രക്കുവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്യുക."

വിശ്വേശ്വരൻ ഒന്നും മിണ്ടാതെ സകല ഒരുക്കങ്ങളും അതിവേഗത്തിൽ ചെയ്തു ചെറിയമ്മ കാശിക്കു ടിക്കററുവാങ്ങി. വിശ്വേശ്വരൻ, തന്നെ വണ്ടികേററീട്ടു തിരിച്ചുപോരുമെന്നായിരുന്നു വൃദ്ധയുടെ വിചാരം. എന്നാൽ വണ്ടിവിട്ട ഉടനെ അദ്ദേഹവും അതിൽ കേറി ഇരുന്നു. അതുകണ്ടു് "നീ എവിടെ പോകുന്നു?" എന്നു ചെറിയമ്മ ചോദിച്ചു

"നിങ്ങൾ പോകുന്നതെങ്ങോട്ടോ അങ്ങോട്ടേക്കുതന്നെ ഞാനും. എന്റെ അമ്മ മരിച്ചുപോയിട്ടും, ചെറിയമ്മയുണ്ടായിരുന്നതിനാൽ ഞാൻ ഹീനമാതൃകനായില്ല. ഇപ്പോൾ എന്നെ അമ്മയില്ലാത്തവനായി പെരുവഴിയിൽ തള്ളിവിട്ടാൽ ഞാൻ എങ്ങോട്ടു പോകും?"

അന്നപൂർണ്ണ ഈ വാക്കുകൾക്കു് എന്തുത്തരമാണു പറയുക! അവർ വിശ്വുവിനെപ്പിടിച്ച്, അദ്ദേഹത്തിന്റെ നിറുകയിൽ ഒന്നു ചുംബിച്ചു.

---

## ആറാം അദ്ധ്യായം.

---

മനുഷ്യന്റെ സർവ്വകാര്യങ്ങളും നിർവ്വിഘ്നം നടന്നുകൊണ്ടിരിക്കവേ, അയാൾക്കു ഉണ്ടാവാറുള്ള മനസ്സമാധാനവും വിവിധയന്ത്രണങ്ങളാൽ കാതരമായിരിക്കുന്ന രോഗീമുഖത്തു മരണാനന്തരം വ്യാപിച്ചുകാണാറുള്ള കാന്തിച്ഛടയും, സതിയെ കല്യാണം കഴിച്ചു കൊടുത്തതിനു ശേഷം, രാമശങ്കരഭട്ടാചാര്യന് ഉണ്ടായി. അദ്ദേഹത്തിന്റെ ഹൃദയാന്തർഭാഗത്തുനിന്നും ഒരു മുക്തി നിശ്വാസം പൊങ്ങി. അദ്ദേഹം പരമാനന്ദനിമഗ്നനെന്നപോലെ കാണപ്പെട്ടു. നവഗ്രാമത്തിലെ ഒരു പടുകിഴവൻ മുന്നൂറു ഉറുപ്പിക രൊക്കം എണ്ണി വാങ്ങിക്കൊണ്ടു സതിയേ പത്നീരൂപത്തിൽ ഗ്രഹിച്ചു—അല്ല—അവൾക്കു പത്നിയുടെ പദവി നൽകി. എന്നു പറയുന്നതാണു കുറേക്കൂടി പരമാർത്ഥം. എന്തുകൊണ്ടെന്നാൽ വിവാഹാനന്തരം അവൾ ശ്വശുരഗൃഹത്തിൽ പോയതേ ഇല്ല. ആ പടുകിഴവൻ കേവലം പരോപകാരത്തിന്റെ പരമകാഷ്ഠ കാണിപ്പാനും, രാമശങ്കരഭട്ടാചാര്യന്റെ കുലത്തെ രക്ഷിപ്പാനും ആയിട്ടത്രേ ഈ വിവാഹം കഴിച്ചത്. പണത്തിനു ബുദ്ധിമുട്ടു നേരിടുമ്പോഴൊക്കെ, കന്യാഭാരത്താൽ ദുഃഖിതന്മാരായ പിതാക്കന്മാരെ തേടിപ്പിടിച്ചു, അവരുടെ ഭാരത്തെ നിലത്തു ഇറക്കിവെച്ചിട്ടു, തന്റെ ആവശ്യം നിറവേററുക, ഈ പരോപകാരിയുടെ ഒരു പതിവാണ്. ഇനി ഈ വ്യവസായം അധികകാലം നടക്കുകയില്ലെന്നും ചിത്രഗുപ്തൻ ഇതിനിടയ്ക്കു തന്റെ കണക്കുകളൊക്കെ ശരിപ്പെടുത്തിവച്ചു കാണണമെന്നും അദ്ദേഹത്തിനു ഒരു ഭയം നേരിട്ടുതുടങ്ങി. അതുകൊണ്ടു കഴിയുന്നത്ര വേഗത്തിൽ, ഇത്തരത്തിലുള്ള ഒട്ടധികം പരോപകാരങ്ങൾ ചെയ്തു പുണ്യസമ്പത്തു നേടിവെയ്ക്കാൻ ഈ മഹാമനസ്കൻ കാപ്പുകെട്ടി ഇറങ്ങിയിരിക്കയാണ്. അയാളുടെ കാര്യം അങ്ങനെ ഇരിക്കട്ടെ. രാമശങ്കരനോ? ഇനി ചിന്തയ്ക്കു എന്തവകാശം? സതിയെ വിവാഹം ചെയ്തുകൊടുത്തു. ഇനി ജാതി നഷ്ടമാവുമെന്നുള്ള ഭയം വേണോ? ആ ഭയം പാടേ നീങ്ങിക്കഴിഞ്ഞിരിക്കുന്നു. ഒരു ഗൃഹഭാരം ഉണ്ടായിരുന്നതിനെപ്പററി വല്ല വിചാരവും വേണോ? അതു ബാങ്കുകാർക്കു നാനൂററിഅമ്പതു രൂപായ്ക്കു പണയപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഈ ജന്മത്തു അതിനെ ഒഴിപ്പിച്ചെടുക്കാൻ സാധിക്കയില്ലെന്നു, അദ്ദേഹത്തിനു നല്ല നിശ്ചയമായിരുന്നു. ആ സ്ഥിതിക്കു അതിനെപ്പററി വല്ലതും ചിന്തിക്കേണ്ടതായിട്ടുണ്ടോ? ഇനി രാമശങ്കരനു ഏകാവലംബമായിരിക്കുന്നതു, പ്രതിമാസം കിട്ടിവരുന്ന പത്തു

ഉറുപ്പികയും അകാലവാൎദ്ധക്യം പ്രാപിച്ചിരുന്ന ശരീരവും മാത്രമത്രെ. മൃത്യുവിൻെറ അന്ത്യശാസനം വന്നുചേരാൻ ഇനി കാലതാമസമില്ലെന്ന് അദ്ദേഹം ഗ്രഹിച്ചിരുന്നു. ഇത്രനാഠം ജീവിച്ചിരുന്നതു പോരെ? അതുതന്നെ കുറെ അധികമായില്ലെ? പരമാൎത്ഥം പറയുന്നതായാൽ രാമശങ്കരന്ന് ജീവിതം ഒരു വലിയ ഭാരമായി തീൎന്നിരിക്കുകയാണ്; സതിയെ മുന്നിൽ കണ്ടാൽ ഉടനെ ശുണ്ഠിപിടിച്ചു തുടങ്ങും. മൂത്തമകൻ വല്ലപ്പോഴും വീട്ടിൽ കയറിയാൽ വയറുനിറയെ ശകാരം കൊടുത്തിട്ട്, അവിടെ നിന്നു ഇറങ്ങിപ്പോവാൻ പറയും. വെറും കൈക്കുഞ്ഞായ കാളിയെപ്പോലും തല്ലുകയും നുള്ളുകയും ഒക്കെ ചെയ്യും. ചേട്ടത്തിയേയൊ ഭാൎയ്യയേയൊ കണ്ടാൽ മുഖം വീൎപ്പിച്ചുകൊണ്ട് മിണ്ടാതെ ഇരിക്കും. ഇങ്ങനെയൊക്കെയാണ് രാമശങ്കരൻെറ ഇപ്പൊഴത്തെ മട്ട്. ജാഹ്നവിയുടെ സ്ഥിതിയോ? കുട്ടി കരകയോ ശാഠ്യം പിടിക്കയോ ചെയ്യട്ടെ—ചേട്ടത്തിഅമ്മ ആകാശം പൊളിഞ്ഞു തലയിൽ വീഴത്തക്കവണ്ണം ലഹള കൂട്ടട്ടേ—എന്തൊക്കെയായാലും ജാഹ്നവി ഒരു അക്ഷരംപോലും മിണ്ടാതെ കണ്ണീരും കൈയുമായി സ്വന്തജ്ജോലികഠം ചെയ്തുകൊണ്ടിരിക്കുന്നു. രാമശങ്കരന്നു കാസത്തിൻെറ ഉപദ്രവം കലശലാവുകയും തന്നിമിത്തം ശരീരാസ്വാസ്ഥ്യം വൎദ്ധിക്കയും ചെയ്യുമ്പൊഴൊക്കെ, അവർ രാമ! രാമ എന്നുച്ചരിച്ചുകൊണ്ട്, രാത്രിയെക്കൂടി പകലാക്കിവരുന്നു. അദ്ദേഹം ശുശ്രൂഷിക്കുന്നവരെ എല്ലാം കുത്തുമൂൎത്ത വാക്ശരങ്ങഠം പ്രയോഗിച്ചു വ്രണപ്പെടുത്താറുണ്ടെങ്കിലും, ജാഹ്നവി അവയെ സഹിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു.

ഇങ്ങനെ സതിയുടെ വിവാഹത്തിനു ശേഷം മാസം ആറു കഴിഞ്ഞു. ക്രമേണ, രാമശങ്കരൻെറ ശരീരം ജീവച്ഛവംപോലെ ആയി എന്നിട്ടും ബാങ്കിലേക്കു പോകുന്ന കാൎയ്യത്തിൽ അദ്ദേഹം വിഘ്നംവരുത്തിയില്ല.

ഒരു ദിവസം വൈകുന്നേരത്ത് ആകാശം കാർമേഘപടലത്താൽ സമാവൃതമായിരുന്നു. സാവിത്രി വീട്ടുജോലികഠം ചെയ്തുകൊണ്ടിരുന്നു. ജാഹ്നവി കൂടക്കൂടെ തൻെറ ജോലി ഉപേക്ഷിച്ചിട്ട് വാതുക്കൽ പോയി നോക്കുന്നുണ്ട്. എന്തൊരു ദുർദ്ദിനം! സ്വാമി ഇതേവരെ വന്നില്ലല്ലോ. എങ്ങനെ വരും? ചേട്ടത്തിഅമ്മ ഗ്രാമത്തിൽ എവിടെ ഒക്കെയോ പോയിട്ടു തിരിച്ചുവന്നു. പക്ഷേ കുട്ടികളെ ശാസിക്കുന്നതിനും ശകാരിക്കുന്നതിനും ഇതു് ഒരു നല്ല അവസരമല്ലെന്നു അവഠം വിചാരിച്ചു. അതിന് ഇനിയൊരു ദിവസം പ്രതിക്ഷിക്കയെല്ലാതെ നിവൃത്തി എന്തു്?

പെട്ടെന്നു ഘോരാന്ധകാരം സൎവ്വത്ര വ്യാപിച്ചു. മേല്പുര പൊളിഞ്ഞുവീഴുമെന്നു തോന്നി. കുട്ടിച്ചുവരായ ആ വീട്ട് കാററുകൊണ്ട് ആടി

ത്തുടങ്ങി. താർമഷിപോലെ ഇരുണ്ടകാർമേഘംനിമിത്തം അങ്കണത്തിൽ വെളിച്ചം തീരെ ഇല്ലായിരുന്നു. വാഴകൾ നിലത്തേക്കു ചാഞ്ഞു. മാവിൽനിന്നും മാങ്ങപൊഴിഞ്ഞുവീണുകൊണ്ടിരുന്നതിനാൽ ചേട്ടത്തിഅമ്മ ഒരു കുട്ടയെടുത്തു തലയിൽ ചൂടിക്കൊണ്ട്, മാമ്പഴം പെറുക്കിഎടുക്കാൻപോയി. വേറെ ആരേയും കിട്ടാത്തതുകൊണ്ട് അവർ കൊട്ടങ്കാററിനെ നല്ലക്കണക്കിന് ശകാരിച്ചുതുടങ്ങി. പക്ഷേ അവർ എത്ര ഉറക്കെ ശകാരിച്ചിട്ടും, അവരുടെ തീവ്രസ്വരംകൊട്ടങ്കാററിന്റെ ഘോരശബ്ദത്തിൽ അണ്ടുപോയതേ ഉള്ളൂ. ജാഹ്നവീദേവി വാതുക്കൽ തന്നെ നിന്നു. അവരുടെ വ്യഗ്രവും വ്യാകുലവും ആയ ദൃഷ്ടികൾ കാർമേഘങ്ങളുടെ നിബിഡമായ അന്ധകാരത്തെപ്പോലും ഭേദിച്ച് അതിദൂരം സഞ്ചരിച്ചുകൊണ്ടിരുന്നു. സാവിത്രിയുടെ ഭയാകുലമായ നേത്രം മാത്രമു പത്തെ കൂടക്കൂടെ പരിശോധിച്ചു. അവളുടെ രൂക്ഷവും ശിഥിലവുമായ ശിരോരുഹങ്ങൾ കാററത്തു പറന്നുകൊണ്ടിരുന്നു. വിപച്ഛങ്കയാൽ ഉണ്ടായ കാതരഭാവം അവളുടെ മുഖത്തു നല്ലപോലെ സ്ഫുരിച്ചു. ഒരു പ്രാവശ്യം അവൾ 'അമ്മേ!' എന്നൊന്നു വിളിച്ചുപോയി.

എന്നാൽ ജാഹ്നവി മറുപടി ഒന്നും പറഞ്ഞില്ല. പെട്ടെന്നു ഘോരമാരിയും തുടങ്ങി. ചേട്ടത്തിഅമ്മ ഓടിവരും വഴിക്ക്, കാൽ വഴുതിപ്പോകയാൽ നിലംപതിച്ചു. സാവിത്രി ഓടിച്ചെന്ന് അവരേ എഴുനേല്പിക്കാൻ നോക്കി. ശരീരത്തിന് അല്പം ക്ഷതം പററുകയാൽ അവർ കരഞ്ഞുപോയി. ഇതൊക്കെയായിട്ടും ജാഹ്നവി അചല പ്രതിമപോലെ വാതുക്കൽ നിന്നതല്ലാതെ ഒരക്ഷരംപോലും ഉരിയാടിയില്ല.

പ്രകൃതിയുടെ തുമുലാന്ദോളനത്താൽ മുകളിലുള്ള പദാർത്ഥങ്ങൾ താഴെയും, താഴെയുള്ളവ മുകളിലും ആയിസംഹാരമൂർത്തി നൃത്തം ചെയ്യുമ്പോലെതോന്നി ഈ ശബ്ദപ്രളയത്തിനിടയ്ക്കും, വെളിയിൽ എന്തോ ഒന്നു വീഴുന്ന ശബ്ദവും, അതിനെത്തുടർന്നുണ്ടായ ഞരക്കവും, ജാഹ്നവിയുടെ കർണ്ണപുടങ്ങളിൽ പതിക്കാതിരുന്നില്ല. അവൾ അതിവേഗം ശബ്ദം പുറപ്പെട്ട സ്ഥലത്തേക്കു ഓടി. സതിയും സാവിത്രിയും അവളേ അനുഗമിച്ചു. കാൽ വഴുതിയെങ്കിലും, അവർ പടിപ്പുരയിൽ ഓടിയെത്തി.

പടിപ്പുരയ്ക്കു വെളിയിൽ, രാമശങ്കരൻ കമിഴ്ന്നു, കിടക്കുന്നതായി അവർ കണ്ടു. ജാഹ്നവി അടുത്തുചെന്ന്, അദ്ദേഹത്തിനെ താങ്ങി എടുത്തു. രണ്ടു കുട്ടികളും "അച്ഛാ അച്ഛാ" എന്ന് ആർത്തസ്വരത്തിൽ വിലപിച്ചുതുടങ്ങി.

"മിണ്ടാതിരിക്കിൻ കുഞ്ഞുങ്ങളെ! എനിക്കു തന്നെ എടുത്തുകൊണ്ടു പോവാൻ സാധിക്കയില്ല. നിങ്ങൾ കൂടി പിടിക്കുവിൻ."

ജാഹ്നവി തത്സമയം ആലിലപോലെ വിറച്ചു. പ്രകൃതിയുടേ എന്നപോലെ, അവളുടെ മുമ്പിലും ദാരുണമായ അന്ധകാരം പരന്നു. മൂന്നുപേരും കൂടി വളരെ ബുദ്ധിമുട്ടി, ഭട്ടാചാര്യ്യജിയുടെ സംജ്ഞാഹീനമായ ശരീരത്തേ വീട്ടിനുള്ളിൽ കൊണ്ടുവന്നു. കാലിനു പററിയ ക്ഷതം നിമിത്തം ചേട്ടത്തി അമ്മ "അയ്യോ! അയ്യോ!" എന്നു ആക്രോശിച്ചുകൊണ്ടിരിക്കയായിരുന്നു. "വലിയമ്മേ! വേഗം രീകത്തിക്കൂ" എന്നു സതി വിളിച്ചുപറഞ്ഞു

ചേട്ടത്തി അമ്മ മുടന്തിമുടന്തിച്ചെന്ന്, നെരിപ്പോട്ടിൽ തീ കത്തിച്ചു. രാമശങ്കരൻെറ നനഞ്ഞ മുണ്ടുകൾ അഴിച്ചു മാററീട്ടു, ശരീരം നല്ലപോലെ തോർത്തിയതിനുശേഷം, ശുഷ്കവസ്ത്രം ധരിപ്പിച്ച്, അവർ അദ്ദേഹത്തിനെ കിടക്കയിൽ കൊണ്ടുചെന്നു കിടത്തി. സതി ഒരു പൊളിഞ്ഞ പെട്ടിയിൽ നിന്നു കീറിപ്പറിഞ്ഞ ഒരു ഫ്ളാനൽ എടുത്തുകൊണ്ടുവന്ന് നെരിപ്പോട്ടിൽ പിടിച്ചു ചൂടുവരുത്തീട്ട്, തൻെറ പിതാവിൻെറ കൈകാലുകൾ തിരുമ്മിത്തുടങ്ങി. ഒരക്ഷരം പോലും ആരും മിണ്ടിയില്ല "സാവിത്രി മാത്രം ഗൽഗദത്തോടുകൂടി, അച്ഛാ," എന്നു ഒരു പ്രാവശ്യം വിളിച്ചു.

ഇതേവരെ കാളി ഭയപ്പെട്ട്, ഒരു കോണിൽ പോയി ഇരിക്കയായിരുന്നു. സാവിത്രിയുടെ ശബ്ദം കേട്ടതിനാൽ, അവന് അല്പം ധൈര്യ്യമുണ്ടായി. അവൻ ഉച്ചൈസ്തരം നിലവിളിച്ചു.

സതി പറഞ്ഞു. "കാളി! നീ കരയുന്നതെന്തിന്? അച്ഛനൊന്നുമില്ല." അനന്തരം അമ്മയോടായിട്ട് "അല്പം പാൽ തിളപ്പിച്ചു കൊണ്ടുവരൂ" എന്നു അവൾ പറഞ്ഞു.

"നീ പോയി പാൽ തിളപ്പിക്കൂ. എനിക്കു കാലും കൈയും ആടുന്നില്ല" എന്ന് ശബ്ദം താഴ്ത്തിക്കൊണ്ട് ജാഹ്നവി മറുപടി പറഞ്ഞു.

സതി പാൽ കാച്ചിക്കൊണ്ടുവന്ന്, ഒരു കരണ്ടി എടുത്ത്, അല്പാല്പമായി പിതാവിനു കോരിക്കൊടുത്തു. അപ്പോൾ അദ്ദേഹത്തിനു അല്പം ബോധം വീണു. പാൽ കുടിക്കുന്നതിനിടയ്ക്ക്, സാധുബ്രാഹ്മണൻ ഒന്നു രണ്ടു പ്രാവശ്യം നെടുവീർപ്പിട്ടു. എല്ലാവരും നിശ്ചലരായി, കൈകാലുകൾ പോലും അനക്കാൻ ധൈര്യ്യമുണ്ടാകാതെ ഇരുന്നു. ക്രമേണ അദ്ദേഹം കണ്ണുകൾ തുറന്ന് ഒരു വശത്തേക്കു തിരിഞ്ഞുകിടക്കാൻ ശ്രമിച്ചു. അതു കണ്ടപ്പോൾ സതി 'അച്ഛാ' എന്നൊന്നു വിളിച്ചു. രാമശംകരൻ ആ കന്യകയുടെ നേക്കു നോക്കീട്ട് 'ആരത്?' എന്നു ചോദിച്ചു.

66823

"അച്ഛാ! ഞാനാണ്. സതി."

മൃതനെന്നപോലെ കിടന്നിരുന്ന രാമശംകരൻ, എന്തു ശക്തിയാലെന്നറിഞ്ഞില്ലാ, ഉത്തേജിതനായി എഴുനേററിട്ടു വലത്തു കൈകൊണ്ടു അവളെ തള്ളി മാററിക്കൊണ്ടു പറഞ്ഞു:—

"പോ! മാറിനില്ക്കൂ! പോ മറയത്തു! മുടിയാൻ പിറന്നവൾ! "നീ എന്തുചെയ്യാൻ പോകുന്നു? എന്നെ ആഹാരം കഴിപ്പിക്കുമോ?— അസത്തേ! എൻെറ മുമ്പിൽനിന്നു പോകുന്നോ? ഇല്ലയോ"

സതിമാറിനിന്നു. ജാഹ്നവി മിണ്ടാതെ അധോമുഖിയായിരുന്നുകൊണ്ടു സ്വാമിയുടെ ശരീരത്തെ ചൂടുപിടിപ്പിച്ചുതുടങ്ങി. ചേട്ടത്തി അമ്മയ്ക്കു ദേഷ്യം വന്നു. "ചാവാൻ പോകുമ്പോഴും ചണ്ടിത്തനം വിടുന്നില്ല" എന്ന് അവർ തട്ടിവിട്ടു.

"ഇപ്പോൾ അല്പം ആശ്വാസമില്ലേ? എങ്ങനെ ഇരിക്കുന്നു" എന്ന് ജാഹ്നവി ചോദിച്ചു.

"എങ്ങനെ ഇരിക്കാനാ? ഇതാണ് എൻെറ അന്തിമദിനം! നീ കാണുന്നില്ലേ? ഞാൻ ഇതാ പോകുന്നു."

ജാഹ്നവി മൌനം പൂണ്ടു. സാവിത്രി കരഞ്ഞുകൊണ്ട്

"അച്ഛാ! ഈ മാതിരി വാക്കുകൾ പറയാതിരിക്കൂ" എന്നുപറഞ്ഞു.

അവളുടെ മേൽ തീവ്രദൃഷ്ടികൾ പതിപ്പിച്ചുകൊണ്ട്, രാമശംകരൻ പറഞ്ഞു:—

"എന്തു? ഇതിൽ ദുഃഖിപ്പാൻ എന്തിരിക്കുന്നു? എൻെറ മരണം നിനക്കു ദുഃഖഹേതുവായിരിക്കത്തക്കവണ്ണം, ഞാൻ എന്തു ചെയ്തിരിക്കുന്നു? ഞാൻ ഒരു പിതാവിനെപ്പോലെ നിന്നോടു വാത്സല്യപൂർവം പെരുമാറീട്ടുണ്ടോ? നീ ജനിച്ചതിൽ പിന്നെ ഞാൻ നിനക്കു വയറുനിറയെ ഒരിക്കലെങ്കിലും ചോറു തന്നിട്ടുണ്ടോ? അതുമിതുമൊക്കെ എന്തിനു പറയുന്നു? നീ ഇത്രത്തോളം വളൎന്നു. ഞാൻ മരിച്ചുപോയാലും, നിൻെറ സ്ഥിതിക്കു ഒരു മാററവും വരാനില്ല ഞാൻ ജീവിച്ചിരുന്നാൽ നിന്നെയും ഒരു പടുകിഴവനു കല്യാണം കഴിച്ചുകൊടുക്കും. ഞാൻ നിങ്ങളുടെ അച്ഛനോ? ഒരിക്കലും അല്ല."

ഉദ്വേഗാധിക്യത്താൽ രാമശംകരൻ വീണ്ടും അൎദ്ധമൂർച്ഛിതനായി. ഒരു നിമിഷത്തിനുള്ളിൽ വീണ്ടും ബോധം വന്നപ്പോൾ "ഹരി വന്നോ? അവനെ ഇവിടെങ്ങും കേററരുതു്. ആട്ടിപ്പുറത്താക്കണം" എന്നു പറഞ്ഞു.

സാവിത്രി ചോദിച്ചു:—"എവിടെ? ചേട്ടൻ വന്നില്ലല്ലോ."

"വന്നില്ലേ? നന്നായി—ഞാൻ അവൻ വെയ്ക്കുന്ന പിണ്ഡം പോലും തൊടുകയില്ല. കാളി പിണ്ഡം വെയ്ക്കൂ."

ജാഹ്നവി സ്വഹസ്തകമലത്താൽ സ്വാമിയുടെ വാ പൊത്തി ക്കൊണ്ടു പറഞ്ഞു.—

"അനങ്ങാതെ കിടന്ന് ഉറങ്ങണം. അപ്പോൾ സുഖക്കേടിനു ശമനമു ണ്ടാകും. എന്താണ് ഉറങ്ങാത്തതു്?"

"സുഖക്കേടിനു കുറവു വരുമെന്നോ? കൊള്ളാം—എന്റെ സകല സു ഖക്കേടുകളും ഒരുമിച്ചു അവസാനിക്കാനാണ് പോകുന്നതു്."

സതി അവിടെനിന്നു മാറി പുറവാതുക്കൽ പോയി ഇരുന്നു. കതകു അല്പം തുറന്നിരുന്നു. അപ്പോഴും മഴ, ഒരു തുള്ളിക്ക് ഒരു കുടം എന്ന മട്ടിൽ പെയ്തുകൊണ്ടുതന്നേ ഇരുന്നു. ഭേകാരവവും ഘോരാന്ധ കാരവും നാലുപാടും പരന്നു. അതിശീതളമായ കാറ്റ് അവളുടെ ശരീരത്തിൽ തറച്ചുകേറുന്നതുപോലെ തോന്നി. സതി ആ അന്ധകാ രത്തിലേയ്ക്കു നിശ്ചലദൃഷ്ട്യാ നോക്കിക്കൊണ്ടിരുന്നു. ഈ അന്ധകാര ത്തിൽ യാത്രപുറപ്പെടുന്ന ആൾക്കു പിന്നീട് ഒരിക്കലെങ്കിലും ദിനമുഖം കാണ്മാൻ സാധിക്കുമോ? എന്ന് അവൾ ആലോചിച്ചു.

രാമശങ്കരൻ ഈ അവസരത്തിൽ അല്പമൊന്നു മയങ്ങി. എന്നാൽ ഏതാനും നിമിഷങ്ങൾക്കുള്ളിൽ വീണ്ടും ഉണർന്നിട്ട് "കാളി യുടെ അമ്മ എവിടെ?" എന്നു ചോദിച്ചു.

"എന്താണ്? ഞാൻ ഇവിടെത്തന്നെ ഉണ്ടു്."

"കാളി എവിടെ?"

"സ്വാമിയുടെ അടുത്തുതന്നെ കിടന്നുറങ്ങുന്നു."

വളരെ പ്രയാസപ്പെട്ടു് രാമശങ്കരൻ അവന്റെ തലയിൽ കൈവച്ചു.

"അങ്ങു് എന്താണു ചെയ്യുന്നതു്?" എന്നു ജാഹ്നവി ചോദിച്ചു.

"ഞാൻ അവനെ അശീർവ്വദിക്കയാണ്. സാവിത്രി ഉറങ്ങിയോ?"

'അച്ഛാ', എന്നു വിളിച്ചുകൊണ്ടു അവൾ അച്ഛനു സമ്മുഖമായി അടു ത്തുചെന്നു നിന്നു.

"ഇങ്ങുവാ! നിന്നെയും ഞാൻ അശീർവ്വദിക്കുന്നു."

"അച്ഛാ! ഇങ്ങനെ ഒന്നും പറയരുതേ! വലിയ സങ്കടമാണ്"

എന്നു പറഞ്ഞു് അവൾ കരഞ്ഞുതുടങ്ങി.

"സാവിത്രി! കരയാതിരിക്കൂ. കരഞ്ഞാൽ അച്ഛനു സുഖക്കേടു വർദ്ധി ക്കും" എന്നു ജാഹ്നവി അവളേ ശാസിച്ചു.

"ഇല്ല! ഇല്ല! എന്തു സുഖക്കേടു? മകളേ! ഞാൻ നിന്നെ അനുഗ്രഹി ക്കുന്നു. ഹരി! ഹരി വന്നില്ലേ, ഇരിക്കട്ടേ—അവനെയും ഞാൻ അശീർവ്വദിക്കുന്നു. ആയിരം കുഞ്ഞുങ്ങളിരിക്കട്ടേ, എന്നാലും തൻകുഞ്ഞു തൻകുഞ്ഞുതന്നെ അല്ലേ?"

"അച്ഛാ! ചേച്ചിയേ അശീർവ്വദിക്കാത്തതെന്തു്? ചേച്ചിയെക്കൂടി അച്ഛൻ അനുഗ്രഹിക്കു" എന്നു സാവിത്രി പറഞ്ഞു.

ഇടയ്ക്കിടയ്ക്കു കണ്ണും ഇടറിക്കൊണ്ടു അദ്ദേഹം പറഞ്ഞു:—

"നിൻെറ ചേച്ചിയേയോ? സതിയേയോ? അവളേ അശീർവ്വദിക്കയോ? അതോ ഉപഹസിക്കയോ?- ഏതാണ് ഞാൻ ചെയ്യുന്നതു്? അച്ഛൻ—കഷ്ടം—അച്ഛനായിരുന്നുകൊണ്ടു് ഈ മരണശയ്യയിൽ വച്ചു് അവളെ ഉപഹസിക്കണമെന്നോ?"

ജാഹ്നവി ക്ഷമാസ്വരത്തിൽ പറഞ്ഞു:—

"അങ്ങു് എന്താണു ഇങ്ങനെ പറയുന്നതു്? നോക്കൂ! അങ്ങയുടെ സതി വാതലിന് അടുത്തു ഇരിക്കുന്നു. അവളേ ഒന്നു വിളിക്കയെങ്കിലും ചെയ്യേണം."

ഭട്ടാചാര്യർ അങ്ങോട്ടു ദൃഷ്ടികളെ നയിച്ചിട്ടു് "സതീ! വാ! മകളേ" എന്ന് ക്ലാന്തസ്വരത്തിൽ വിളിച്ചു.

സതി കഴിവുള്ളിടത്തോളം ശിരസ്സിനെ നമിപ്പിച്ചുകൊണ്ടും ഇടത്തേ കൈയിനാൽ കണ്ണുകൾ പൊത്തിക്കൊണ്ടും പിതാവിൻെറ കാൽക്കൽ ച്ചെന്ന് ഇരുന്നു.

ഭട്ടാചാര്യർ പറഞ്ഞു:—

"അവിടെ അല്ല, ഇങ്ങു് അടുത്തു വന്നിരിക്ക്. നിന്നോടു ഒന്നു രണ്ടു കാര്യം പറയാനുണ്ടു്. നിന്നെ ഞാൻ ഒട്ടു വളരെ ശകാരിച്ചു."

സതി മുഖം കൈകളാൽ മറച്ചുകൊണ്ടു് പിതാവിൻെറ ഉപധാനത്തിനു സമീപത്തു വന്ന് ഇരുന്നു. നിമിഷനേരം അവളുടെ മുഖത്തെയ്ക്കു നോക്കിയിട്ടു് രാമശങ്കരൻ പറഞ്ഞു:—

"നിനക്കും ഞാൻ അശിസ്സുകൾ തരുന്നു—അല്ല—അശിസ്സുകളുടെ ആവശ്യമെവിടെ? നിന്നേ— നിന്നേ— വിശേഷിച്ചൊന്ന്— ഇല്ല. ഇനി അക്കാര്യം പറഞ്ഞിട്ടു എന്തു കാര്യം? എന്തു ചെയ്യാം? ഞാൻ നിന്നെയും അശീർവ്വദിക്കുന്നു. മകളേ? കേൾക്ക്. പിതാവിൻെറ പാപഫലം ശിശുക്കൾ കൂടി അനുഭവിക്കാതെ തരമില്ല—നിങ്ങൾക്ക ഇപ്പോൾ നേരിട്ടിരിക്കുന്ന സംകടങ്ങളൊക്കെയും എൻെറ പാപ കർമ്മങ്ങളുടെ ഫലമാണ്. ഇനിയും അനുഭവിച്ചേയ്ക്കാം. ഞാൻ എന്തു ചെയ്യേണ്ടു? ഞാൻ അറിയേ ഒരു പാപവും ചെയ്തിട്ടില്ല. ഇതെല്ലാം പൂർവ്വജന്മത്തിൽ ചെയ്തിട്ടുള്ള ദുഷ്കർമ്മങ്ങളുടെ ഫലമായിവരാം. ഞാൻ ഏതു മുഖം കൊണ്ടാണ് നിന്നെ അശീർവ്വദിക്കേണ്ടതു്? അശീർവ്വാദത്തിൻെറ തായ്വേരുപോലും ഞാൻ എൻെറ സ്വന്തകൈകൊണ്ടു തന്നെ അറുത്തു കളഞ്ഞില്ലേ? എന്നാൽ ശത്രുന്താം

ഇല്ലാതെ വന്നതുകൊണ്ടു മാത്രമാണ് ഈ വിധം സാഹസ്സത്താൽ സന്താനഹത്യ ചെയ്യപോയതെന്നു നീമനസ്സിലാക്കണം. ഞാൻ എന്തു ചെയ്യും? വേറെ വല്ല ഉപായവും ഉണ്ടായിരുന്നോ?"

സതി സ്തംഭിച്ചു നിന്നതല്ലാതെ ഒരക്ഷരം മിണ്ടിയില്ല.

"അതൊക്കെ ഇരിക്കട്ടേ! ഇനി അല്പം ഉറങ്ങാൻ നോക്കണം" എന്ന് ജാഹ്നവി പറഞ്ഞു.

"ഉറങ്ങുകയോ? എന്തിനാ ഉറങ്ങുന്നു? അല്പംകൂടി കഴിഞ്ഞാൽ നിത്യശാന്തി എന്നു പറയപ്പെടുന്ന ഗംഭീരവും ക്ലേശരഹിതവും ആയ നിദ്ര താനേ വന്നുകൊള്ളും. അതുവരെയുള്ള ഏതാനും നിമിഷങ്ങൾക്കുള്ളിൽ, എനിക്കു പറയാനുള്ള ഒന്നുരണ്ടു സംഗതികൾ പറഞ്ഞു തീർത്തു കൊള്ളട്ടേ. സതി! നീ എവിടെ പോയി.? മകളേ!—അല്ല—എങ്ങനേ മകളാകും—സതി! ശ്രദ്ധിച്ചു കേൾക്കുക. ഞാൻ എന്താണു പറഞ്ഞു കൊണ്ടിരുന്നതു! മറന്നുപോയല്ലോ. അതേ! ആശീർവാദം. ഞാൻ എന്തു പറഞ്ഞാണ് നിന്നേ ആശീർവദിക്കേണ്ടതു്? ഞാൻ ഇതാ പൊയ്ക്കഴിഞ്ഞു. നിന്നേ......"

സ്ഥിരവും അവികൃതവും ആയ സ്വരത്തിൽ സതി പറഞ്ഞു.

"അച്ഛൻ പോകുമോ? ഇല്ല. അച്ഛനെ എനിക്കു തൃപ്തിയാവോളം ശുശ്രൂഷിക്കാൻ ഇതേവരെ സാധിച്ചിട്ടില്ല. അതുകൊണ്ടു അച്ഛന്റെ അടുത്തിരുന്ന്, വേണ്ടുവോളം ശുശ്രൂഷിക്കുന്നതിനു എനിക്കുകഴിയുമാറു് എന്നെ അനുഗ്രഹിച്ചാലും."

"എന്റെ അടുത്തിരുന്നോ? അതേ! അതു പരമാനന്ദപ്രദമായ ഒരു പ്രദേശമാണ്. അതിനു സന്ദേഹമില്ല. വിശ്രാമം! കേവലം വിശ്രാമം! മകളേ! നീ വരുന്നോ? നിനക്കു് വലിയ കഷ്ടതയായിരിക്കാം! മകളേ! ഈ ചെറുപ്രായത്തിൽ—ഈ നവയൌവനാവസ്ഥയിൽ നിനക്ക് ഇത്രമാത്രം ശാന്തിവന്നുപോയോ? അങ്ങനെ ആണെങ്കിൽ മകളേ! വാ! എന്റെ മടിയിൽ വന്നിരുന്നോളൂ. കുട്ടിക്കാലത്തു നിന്നെ എടുത്തു എപ്രകാരം കൈത്തലത്തിൽ കിടത്തി ലാളിച്ചോ, അതുപോലെ ഇപ്പൊഴും നിന്നേ എടുത്തുകൊണ്ട് ഞാൻ പൊയ്ക്കൊള്ളാം."

ജാഹ്നവി സ്വാമിയുടെ ഹൃദയോദ്വേഗത്തെ ശമിപ്പിക്കാനായി അദ്ദേഹത്തിന്റെ നെററിയിലും മുഖത്തും കൈകൊണ്ടു മന്ദംമന്ദം തടവിക്കൊണ്ടിരുന്നു.

രാമശങ്കരൻ തുടന്നു പറഞ്ഞു:—

"അപരാധി—അതേ—ഞാൻ വലിയ അപരാധിതന്നെ. ഞാൻഎന്തു് അപരാധം ചെയ്തുവെന്നോ? കേട്ടു കൊള്ളുക. ദരിദ്രനായിരിക്കെ ഞാൻ എന്തിനു വിവാഹം ചെയ്തു? എന്തിനു ഗൃഹസ്ഥനായി? എന്തിനു അനേകം കുട്ടികളുടെ പിതാവായി? പക്ഷേ ഇതിൽ അപരാധി വാസ്തവത്തിൽ ഞാനാണോ? എന്റെ മാതാപിതാക്കന്മാരല്ലേ? അവരുടെ പാപഫലം ഞാൻ അനുഭവിച്ചു. എന്റെ പാപഫലം നിങ്ങളും അനുഭവിക്കുന്നു. ഞാൻ എങ്ങനെ ദോഷിയാവും അതിനാൽ മകളേ! വാ ഞാൻനിന്നേ ആശീർവ്വദിക്കും. എന്നാൽ ഇന്നല്ല; കുറെനാൾകഴിഞ്ഞു് ആലോചിക്കട്ടേ--അതേ—അതിനുശേഷം—"

ഭ്രാന്തനായ രോഗി ഇങ്ങനെ ഓരോന്നു പറഞ്ഞു പറഞ്ഞു് ഉറങ്ങിപ്പോയി.

രാത്രി മിക്കവാറും അവസാനിച്ചു. മാതാവു പല പ്രാവശ്യം നിർബന്ധിച്ചതിനാൽ, സാവിത്രി കട്ടിലിന്റെ അടുത്തുചെന്നു കിടന്നു ഉറങ്ങിക്കൊണ്ടിരുന്നു. സതിക്കും ഉറക്കം വന്നു. എന്നാൽ കതകിൽ ചാരി ഇരുന്നു് ഒന്നു മയങ്ങിയതേ ഉള്ളു. ജാഹ്നവി മാത്രം ഉറങ്ങാതെ സ്വാമിയെ നോക്കിക്കൊണ്ടിരുന്നു. അവർ പെട്ടെന്നു് സതിയുടെ ദേഹത്തിൽ കൈവെച്ചുകൊണ്ടു് 'സതീ' എന്നു വിളിച്ചു. സതികണ്ണു തിരുമ്മിക്കൊണ്ടു് "അമ്മേ! എന്താണു്?" എന്നു ചോദിച്ചു.

"നോക്കു്! മകളെ! അച്ഛന്റെ മുഖത്തുനിന്നു ഘർ! ഘർ! എന്നൊരു ശബ്ദം! മുഖംകൊണ്ടു് എന്തൊക്കെയോ കാണിക്കുന്നു! അയ്യോ മകളെ! ഞാൻ എന്തു ചെയ്യട്ടേ."

കുറേനേരം നോക്കിക്കൊണ്ടു നിന്നശേഷം സതി പറഞ്ഞു:—

"അമ്മേ ഞാൻ ചെന്നു ഡാക്ടരെ വിളിച്ചുകൊണ്ടുവരാം."

"നേരം വെളുത്തില്ലല്ലോ! നീ എങ്ങനെ പോകും?"

അവർ തമ്മിൽ സംസാരിച്ചതു് മന്ദമന്ദമായിരുന്നെങ്കിലും സാവിത്രി ഉണർന്നു എഴുനേററിരുന്നു.

"ഞാൻ പോകാം" എന്നു് അവൾ പറഞ്ഞു.

"നീ കുട്ടിയല്ലേ—തനിച്ചു പോയി എന്തു ചെയ്യാനാ?"

"അമ്മ തീ കത്തിക്കു ഞാൻ പോയിട്ടു വേഗത്തിൽവരാം—രമാകാന്ത ബാബുവിന്റെ വീടു് അടുത്താണല്ലോ" എന്നു സതി പറഞ്ഞു.

സതി നടന്നു. ജാഹ്നവി തീ കത്തിച്ചു സ്വാമിയുടെ കൈകാലുകൾ അനത്തിക്കൊണ്ടിരുന്നു. എന്നാൽ അവരുടെ ദൃഷ്ടികൾ ഗൃഹദ്വാരത്തിൽ തന്നെ ആയിരുന്നു. അര മണിക്കൂറിനുള്ളിൽ സതി ഡാക്ടരോടുകൂടി അവിടെ എത്തി. അപ്പോഴാണു് എല്ലാവർക്കുംജീവൻ

വീണതു്. രോഗിയുടെ അവസ്ഥ കണ്ടിട്ടു്, ഡാക്ടർ ഒന്നും മിണ്ടിയില്ല. ഫീസും വാങ്ങിയില്ല. അദ്ദേഹം രണ്ടു മരുന്നുപൊതികൾ കൊടുത്തിട്ടു് സ്വഗൃഹത്തിലേക്കു മടങ്ങി. എന്നാൽ രാമശങ്കരനു് പിന്നീടു ബോധമേ ഉണ്ടായില്ല. രോഗിയുടെ സ്ഥിതി ഉത്തരോത്തരം കഷ്ടമായതേയുള്ളൂ. ചേട്ടത്തി അമ്മയുടെ ഉച്ചൈസ്തരമായ ആക്രോശങ്ങൾ അയൽക്കാരായ മൂന്നു നാലുപേരെ അവിടെ വിളിച്ചുവരുത്തി. അവർ ഭട്ടാചാര്യരെ എടുത്തു് തുളസിത്തറയുടെ കീഴിൽ കൊണ്ടുവന്നു. ജാഹ്നവി ഇരു കൈകളാലും സ്വാമിയുടെ പാദങ്ങളെ പിടിച്ചു് അവയിൽ തന്റെ മുഖം വെച്ചുകൊണ്ടു കരഞ്ഞുതുടങ്ങി. എന്നാൽ ഉച്ചത്തിൽ കരയുന്നതിനു അവൾക്കു കഴിഞ്ഞില്ല. അവളുടെ നേത്രങ്ങളിൽ അശ്രുക്കൾ നിറഞ്ഞിരുന്നു. ചേട്ടത്തിഅമ്മ 'ഗംഗാ നാരായണബ്രഹ്മ' എന്നു ജപിച്ചുതുടങ്ങി. തത്സമയത്തു് ഉഷസ്സിന്റെ ശാന്തജ്യോതിസ്സ് പതിവുപോലെ നാലുപാടും പരന്നു കൊണ്ടിരുന്നു.

---

## ഏഴാം അദ്ധ്യായം.

---

ഭട്ടാചാര്യ പരിവാരങ്ങളുടെ ഹാഹാകാരങ്ങളാലും ആർത്തനാദങ്ങളാലും സമീപപ്രദേശം മുഖരിതമായിരുന്നിട്ടും, സംസാര ചക്രം യഥാപൂർവ്വം തിരിഞ്ഞുകൊണ്ടുതന്നേ ഇരുന്നു. പ്രപഞ്ചത്തിൽ നിത്യവും നടക്കാറുള്ള കാര്യങ്ങൾക്കൊന്നിനും ഒരു വിഘ്നവും നേരിട്ടില്ല. ദിവസങ്ങൾ ഒന്നിനുപുറകേമറ്റൊന്നായി, മുറയ്ക്കു മുമ്പോട്ടു പൊയ്ക്കൊണ്ടേ ഇരുന്നു. ഗ്രാമത്തിലെ പരോപകാരതല്പരരായ യുവജനങ്ങൾ രാമശങ്കരന്റെ അന്തിമ സംസ്കാരവിഷയത്തിൽ കഴിയുന്ന ഒത്താശകളെല്ലാം ചെയ്തു കൊടുത്തു. സുപുത്രനായ ഹരി തൽക്കാലം ഗ്രാമത്തിലെങ്ങും ഇല്ലാതിരുന്നതിനാൽ ആചാര്യരുടെ മുഖത്തു് കൊള്ളി വെയ്ക്കുന്നജോലി ജാഹ്നവിയെക്കൊണ്ടു് നിർവ്വഹിച്ചു. തത്സമയത്തു അവൾക്കു് ബോധക്ഷയമുണ്ടായി. അതുകൊണ്ടു് എല്ലാവരും കൂടി അവളേ സ്നാനം ചെയ്യിച്ചു് വസ്ത്രങ്ങൾ മാറ്റി, സതിയുടെ സമീപത്തു എത്തിച്ചു കൊടുത്തു. ഇങ്ങനെ ആ യുവജനങ്ങൾ തങ്ങളുടെ കടമയെ പൂർണ്ണമായി നിറവേറ്റി.

ആ ശോകഭരിതമായ പ്രദേശത്തു നിന്നും ദിവസങ്ങൾ ഓരോന്നായി കടന്നു കളഞ്ഞു. എന്തുകൊണ്ടെന്നാൽ ആരുടേയും മുഖം നോക്കുന്ന സമ്പ്രദായം അവയ്ക്കില്ല. അവ പൊയ്ക്കൊണ്ടുതന്നേ ഇരിക്കും.

മനുഷ്യൻ മാത്രം പണിപ്പെട്ടു് അവയുടെ ഇടയ്ക്കു് തങ്ങളുടെ സ്ഥാനം ഉറപ്പിക്കാൻ നോക്കുന്നു. ജാഹ്നവി ഒരക്ഷരം മിണ്ടിയില്ല; അനങ്ങുകപോലും ചെയ്യുന്നില്ല. സതിയും സാവിത്രിയും അവരുടെ മുഖത്തു നോക്കിക്കൊണ്ടു് ദിവസങ്ങൾ കഴിച്ചുകൂട്ടുന്നു. എന്നാൽ ഇടയ്ക്കിടെ കാളികരയുമ്പോഴൊക്കെ, അവർ അവന്റെ കരച്ചിൽ മാററുന്നതിന് ശ്രമിക്കാറുണ്ടു്. ശ്രാദ്ധത്തിന് ഇനി ദിവസം രണ്ടേ ബാക്കിയുള്ളു. ബാങ്കുകാർ ധർമ്മബുദ്ധിയാൽ പ്രേരിതരായിട്ടു്, കണക്കു നോക്കി അഞ്ചണ ഒരു പൈസയിൽ, ഔദാര്യപൂർവ്വകം പൈസ തള്ളിയിട്ടു ബാക്കി ഒൻപതു ഉറുപ്പിക പതിനൊന്നണ അവർക്കു് അയച്ചുകൊടുത്തു. സതി അവയെ സൂക്ഷിച്ചു വച്ചിരുന്നു. ഊണുകഴിച്ചില്ലെങ്കിലും പിതാവിന്റെ ശ്രാദ്ധകർമ്മം കഴിക്കാതെ തരമില്ലല്ലോ. ഓരോ ദിവസവും അവർ ഹരിയുടെ വരവു് പ്രതീക്ഷിച്ചു പ്രതീക്ഷിച്ചു കഴിച്ചുകൂട്ടി. എന്നാൽ സുപുത്രനായ ഹരി വരുന്ന മട്ടു കണ്ടില്ല. ചാന്ദപുരത്തേയ്ക്കു അയച്ചിരുന്ന ആൾ മടങ്ങിവന്നു് "ഹരി അവിടെ ഇല്ല—കൽക്കത്തായിലാണു്" എന്നുള്ള വിവരം അറിയിച്ചു. ചാന്ദപുരത്തുകാർ കത്തു മുഖേന പിതാവിന്റെ മരണവാർത്ത അയാളെ അറിവിക്കാതിരുന്നില്ല. പക്ഷേ കത്തു അയാൾക്കു കിട്ടിയില്ലായിരിക്കാം.

ക്രമേണ ശ്രാദ്ധദിവസവും ആസന്നമായി. എല്ലാവരും കൂടി ജാഹ്നവിയെ വിളിച്ചു്, കാര്യസ്ഥാനത്തിൽ ഇരുത്തിയപ്പോഴത്രേ അവർക്കു സുബോധം വന്നതു്. ഇതേവരെ അവർ ഒരു വെറും പാവ എന്നോണം പുത്രിമാർ പറയുമ്പോലെ ഒക്കെ പ്രവർത്തിച്ചുകൊണ്ടു് അന്യമനസ്കയായി കഴിച്ചുകൂട്ടി. ഇപ്പോൾ അവർക്കു കാര്യത്തിന്റെ ഗൌരവം മനസ്സിലായി. അവർ പറഞ്ഞു:—

"സതീ! എങ്ങനെയാണു് ഇക്കാര്യം നിർവ്വഹിക്കേണ്ടതു്? ഹരി എവിടെ?"

"ചേട്ടൻ ഇതുവരെ വന്നില്ല."

"നീ അവനു് എഴുതി അയച്ചില്ലേ?"

"ചേട്ടൻ കൽക്കത്തയിലാണു്. കത്തു അയച്ചിരുന്നു. പക്ഷേ കിട്ടിക്കാണുകയില്ല."

ജാഹ്നവി ചിന്തയിൽ മുഴുകി.

"അങ്ങനെയാണെങ്കിൽ കാളിയെക്കൊണ്ടു കർമ്മം നടത്തിക്കാം. അദ്ദേഹത്തിനു് അവനെയാണു് പ്രീതി."

ഒരു ദിവസം മുഴുവൻ ഉപവസിച്ചിട്ടു്, ആറുവയസ്സുമാത്രം പ്രായമുള്ള കാളി, സ്വപിതാവിനു പിണ്ഡദാനം ചെയ്തു. കർമ്മം അവസാനിച്ചപ്പോൾ നിർജ്ജീവപ്രായമായിത്തീർന്ന ബാലകനെ സതി

എടുത്തുകൊണ്ടു പോയി, അമ്മയുടെ അടുക്കൽ ഇരുത്തീട്ട് ഇങ്ങനെ പറഞ്ഞു:—

"അമ്മേ! കാളിയുടെ മുഖത്തേക്ക് ഒന്നു നോക്കൂ? അല്ലാത്തപക്ഷം ഇവൻെറ ജീവനും രക്ഷിപ്പാൻ നിവൃത്തിയില്ലാതാവും. അമ്മ ഇങ്ങനെ നിർജ്ജീവയായി ഇരുന്നാലോ? കാളികൂടിപ്പോയാൽ പിന്നെ, നാമൊക്കെ ആരുടെ മുഖം കണ്ടു് ജീവിക്കും?"

ജാഹ്നവി പെട്ടെന്ന് എഴുനേററിരുന്നു. അവർ തൻെറ കൈ കൊണ്ടുതന്നേ ആ ബാലകന് ഹവിഷ്യാന്നം നൽകിയതിനുശേഷം, അവനെ എടുത്തു മടിയിൽ ഇരുത്തി. ഗ്രാമത്തിലേ ചില ധനി കന്മാർ ആരും ചോദിക്കാതെ തന്നെ സഹായാർത്ഥം അവക്കു കുറേ പ്പണം, അയച്ചുകൊടുത്തിരുന്നു. ആ പണംകൊണ്ടു് മാമൂലിൻപടി, ഒന്നു രണ്ടു ബ്രാഹ്മണക്കു മിഷ്ടാന്നം നൽകീട്ട്, അവർ രാമശങ്കരൻെറ ദാരിദ്ര്യപീഡിതമായ ആത്മാവിൻെറ ക്ഷുത്തൃഷ്ണകൾക്കു അല്പം ശാന്തി നൽകി.

ഇതിനിടയ്ക്കു ഹരിശങ്കരൻ എന്തു ചെയ്തുകൊണ്ടിരുന്നുവെന്നു നമുക്ക് നോക്കണ്ടേ? അയാൾ ബാബുവർഗ്ഗത്തോടുകൂടി കൽക്കത്തയിൽ സുഖമായിത്താമസിച്ച്, ദുർഗ്ഗേശനന്ദിനിയുടെ അഭിനയം കണ്ടു കൊണ്ടിരിക്കയായിരുന്നു. അവരും ഈ നാടകം അഭിനയിക്കാൻ ഉദ്ദേശിച്ചിരിക്കയാണ്. അതിൽ അയിഷയുടെ വേഷം ഹരിശങ്കര നാണ് കെട്ടുന്നതു്. ബാബുമാർ ഹരിശങ്കരനേ കൽക്കത്തയിലേക്കു കൊണ്ടുവന്നതു് അയിഷയുടെ അഭിനയം കാണിച്ചുകൊടുത്തു്, അയാ ളെക്കൊണ്ടു അതിനെ അതിശയമാകുംവണ്ണം അഭിനയിപ്പിക്കുന്നതിനു വേണ്ടിമാത്രമായിരുന്നു. ഹരി എല്ലാവിധത്തിലും പ്രസന്നനായിരിക്ക യായിരുന്നു; എന്നാൽ ഇപ്പോൾതന്നേ വീട്ടിൽപോകണം എന്നൊരു ഉൽകണ്ഠ അയാളുടെ ഹൃദയത്തിൽ എങ്ങനെയോ ഉണ്ടായി. ബാബു മാർ തടുത്തതുമില്ല. അയാൾ എഴുന്നേററു് സ്വഗ്രാമത്തിലേക്കു തിരിച്ചു.

രാമശങ്കരൻ മരിച്ചിട്ടു് പന്ത്രണ്ടു ദിവസമായിരിക്കുന്നു. ഇക്കാല ത്തിനിടയ്ക്കു് ഭട്ടാചാര്യപരിവാരത്തിൻെറ ശോകത്തിന് അല്പം കുറവു വന്നിട്ടുണ്ടു്. ദുഃഖിച്ചിരിക്കാൻ അവക്കു അവസരമെവിടെ? ശ്രാദ്ധ ച്ചെലവു് നീക്കി ബാക്കിയുണ്ടായിരുന്ന സ്വല്പം പണംകൊണ്ടു്, അവർ ഇതുവരെ ഒരു വിധം കഴിച്ചുകൂട്ടിയെന്നേ പറയേണ്ടു. അന്ധകാരമയ മായ ഭവിഷ്യത്തിൻെറ കാളമേഘമായ സതിയുടേയും സാവിത്രിയുടേയും മുഖത്തു നല്ലപോലെ പതിഞ്ഞിരുന്നു. സതി അന്നു് മാതാവിൻെറ ശയ്യക്കരികിൽ നിന്നു് എഴുനേററു്, പാത്രങ്ങളും മററും മിഴക്കി അടുക്ക

ളയിൽ വെച്ചിട്ട്, കുറേനേരം ചക്ക് കറക്കി നൂൽ എടുത്തശേഷം ജാഹ്നവിയുടെ മുറിക്കകത്തു ഒരു പായിൽ കിടന്നിരുന്ന കാളിയെ ഉറക്കി. ആ ബാലൻ നിദ്രയിൽ മുഴുകിയതു കണ്ട്, അവൾ അവന്റെ ശിരസ്സിൽ കൈവച്ചുകൊണ്ട്, വീട്ടിന്റെ നാലുപാടും തന്റെ ശൂന്യനേത്രങ്ങളെ ഒന്നു നയിച്ചു. അവളുടെ ഹൃദയത്തിൽ പലമാതിരി വിചാരങ്ങൾ അഹമഹമികാവന്നു പൊങ്ങി. വളരെക്കാലമായി സുഗ്രഥിതമായിരുന്ന അവളുടെ ജീവിതം ഈ നിമിഷത്തിൽ ഗ്രന്ഥിഹീനവും ശൃംഖലാശൂന്യവും വിപര്യസ്തവും ആയിത്തീൎന്നിരിക്കുന്നു. "പൃഥിവി യാതൊന്നും അറിയാത്തവളെന്നപോലെ, അങ്ങനേ സ്മിതരുചി ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. ദിവസങ്ങൾ ചിന്താകണികപോലും കൂടാതെ യഥാപൂൎവ്വം വന്നും പോയും ഇരിക്കുന്നു. സൂൎയ്യൻ അന്നത്തേപ്പോലെ ഇന്നും പ്രകാശിക്കുന്നുണ്ട്. ചന്ദ്രന്റെ കിരണങ്ങൾ മുന്നേപ്പോലെ തന്നെ ഇപ്പോഴും ശീതളമായിരിക്കുന്നു. നിശാദേവി എന്നത്തേയും പോലെ ഇന്നും താരാഹാരം അണിഞ്ഞു ശോഭിക്കുന്നുണ്ട്. ഹാ! പ്രകൃതിയുടെ നിൎദ്ദയത! ആരും, ആൎക്കുവേണ്ടിയും ഒരിക്കൽ പോലും അനുശോചിക്കുന്നില്ല. അതൊക്കെ പോകട്ടേ. എന്റെ ഹൃദയം എല്ലാററിനേക്കാളും കഠിനമല്ലേ?"—ഇങ്ങനെ അവൾ ഓരോന്നു വിചാരിച്ചു.

ഹരി വീട്ടിനുള്ളിൽ കാലെടുത്തുവെച്ചപ്പോൾ തന്നെ, അവിടെ എന്തോ തകരാറുകൾ പററീട്ടുണ്ടെന്നു ഗ്രഹിച്ചു. അവിടം ശ്രീവിഹീനമായും, മലിനമായും, അന്ധകാരമയമായും കിടന്നു. അച്ഛനു കാസത്തിന്റെ ഉപദ്രവം കൂടുതലായിരിക്കുമോ എന്ന് അയാൾ ആദ്യം ശങ്കിച്ചു. ഭയത്തോടുകൂടി അയാൾ വീട്ടിൽ പ്രവേശിച്ചിട്ട്, "അച്ഛാ!" എന്ന് ഒന്നു വിളിച്ചു.

അതുകേട്ട്, സതിയും സാവിത്രിയും തങ്ങളുടെ ജോലി ഉപേക്ഷിച്ചു. ജാഹ്നവിയും സംഭ്രമത്തോടുകൂടി അങ്കണത്തിലേക്കു നോക്കി. തന്റെ സ്വാമി ഹരിയോടൊന്നിച്ചു വന്നിരിക്കുന്നോ എന്നു അവർ സംശയിച്ചുപോയി. പക്ഷേ നോക്കിയപ്പോൾ സംശയം തീൎന്നു. സ്വാമി ഇല്ല; ഹരി മാത്രമേ ഉള്ളു. ജാഹ്നവി കണ്ണടച്ചു കളഞ്ഞു.

ഹരി വീണ്ടും 'അച്ഛ' എന്നു വിളിച്ചു. ഈ ശബ്ദം ചേട്ടത്തിയമ്മയുടെ നിദ്രക്കു ഭംഗം വരുത്തി. അവർ വേഗത്തിൽ എഴുനേററു അങ്കണത്തിലേക്കു വന്നു.

"ഓ! ഇതാരു? ഹരിയോ? രാമരാമ ഇങ്ങനെ ഒരു കുരുകുരുത്തംകെട്ട മകൻ ലോകത്തിൽ ആൎക്കും ഉണ്ടായിട്ടില്ല; ഉണ്ടാകയുമില്ല. ഇപ്പോൾ വന്ന് അച്ഛാ! അച്ഛാ! എന്നു വിളിക്കുന്നു. അച്ഛൻ

സ്വൎഗ്ഗത്തിൽ എത്തീട്ട് ദിവസം പന്ത്രണ്ടുകഴിഞ്ഞു. അച്ഛനു കൊള്ളിവെച്ചോ? പിന്നെ പിണ്ഡദാനം ചെയ്തോ? രണ്ടു അഞ്ജലി ജലമെങ്കിലും കൊടുത്തോ? ഇങ്ങനെയുള്ള പുത്രൻ എന്തിന്? പോയിത്തുലയരുതോ? എന്ന് അവർ ഒരേ ശ്വാസത്തിൽ തട്ടിവിട്ടു."

ഹരി പെട്ടെന്ന് ഇരുന്നുപോയി. ഇങ്ങനെ വരുമോ? സാവിത്രി മുമ്പിൽ നില്ക്കുന്നതുകണ്ട്, അയാരം വികലസ്വരത്തിൽ ചോദിച്ചു:—

"സാവിത്രി! എന്താണ് ഉണ്ടായതു്? പറയൂ. എന്താണ്? അച്ഛൻ ഇവിടെ ഇല്ലേ? സാവിത്രീ! പറയൂ. ഇക്കേട്ടതു സത്യമാണോ? അല്ല. അല്ല. അങ്ങനെ ഒരിക്കലും വരികയില്ല."

സാവിത്രി ഇരുകൈകളാലും തൻെറ മുഖം മറച്ചു. ജാഹ്നവി കണ്ണടച്ചുകിടക്കയായിരുന്നു. അവരുടെമേൽ ഹരിയുടെ ദൃഷ്ടി പതിഞ്ഞു അവർ മലിനവസ്ത്രം ധരിച്ചിരിക്കുന്നു തലമുടി അഴിഞ്ഞ് എണ്ണമയം ലേശം ഇല്ലാതെ ചിതറിക്കിടക്കുന്നു. മുഖംവരണ്ട് പീതവൎണ്ണമായിരിക്കുന്നു. എന്തൊരു ദയനീയാവസ്ഥ! സാക്ഷാൽ ലക്ഷ്മീദേവിയെപ്പോലിരുന്ന തൻെറ ഹാസ്യമയിയായ അമ്മയാണോ ഇതു്? എന്നു വിചാരിച്ച മാത്രയിൽ ഹരിയുടെ അശ്രുകക്കശമായിരുന്ന നേത്രങ്ങളിൽ പോലും ജലകണങ്ങളുടെ അവിർഭാവം ഉണ്ടായി. അയാരം രണ്ടു കൈകരം കൊണ്ടും കണ്ണുകരം പൊത്തിക്കൊണ്ട് മിണ്ടാതെ കുറേനേരം അവിടെ ഇരുന്നു. ഒടുവിൽ സാവിത്രി ശാന്തമായ സ്വരത്തിൽ പറഞ്ഞു:—

"ചേട്ടാ! അമ്മയുടെ അടുക്കലേക്കു ചെല്ലൂ."

"അമ്മയുടെ അടുക്കലോ? ഇല്ല. ഞാൻ ഒരിക്കലും പോകയില്ല. ഞാൻ ഇതാ പോകുന്നു."

സതി അയാളുടെ മുമ്പിൽ ചെന്നുനിന്നിട്ട്, കഠിനസ്വരത്തിൽ പറഞ്ഞു:—

"കഴിഞ്ഞതൊക്കേ പോയില്ലേ? അതിനു പ്രായശ്ചിത്തമുണ്ടോ? ഇനി അമ്മയെ ആശ്വസിപ്പിക്കുക. അനിയൻെറ ജീവനേയെങ്കിലും രക്ഷിക്കുക. എങ്ങോട്ടാണ് ഓടിപ്പോവാൻ ഭാവിക്കുന്നതു്? പോയി അമ്മയുടെ അടുക്കൽ ചെന്നിരിക്കൂ."

സതിയുടെ ഈ വാക്കുകരംക്കു പ്രതികൂലമായി പ്രവൎത്തിക്കുന്നതിന് ഹരിക്കു ധൈൎയ്യമുണ്ടായില്ല. അയാരം എഴുന്നേററു അമ്മയുടെ അടുക്കലേക്കു പുറപ്പെടാൻ ഭാവിച്ചപ്പോരം, ചേട്ടത്തി അമ്മ "തൊടരുതു? ആരെയും തൊട്ടുപോകരുതു; പോയി കുളിച്ചിട്ടു വാ" എന്നു അലറി.

അല്പം ആലോചിച്ചിട്ടു സതി പറഞ്ഞു.

"അടുത്തുള്ള കുളത്തിൽച്ചെന്നു കുളിച്ചിട്ടു വരൂ. നദിയിൽ പോകേണ്ട കാര്യമില്ല."

വീട്ടിനു വെളിക്കു കടന്നാലുടനേ അയാൾ ഓടിപ്പോയേക്കുമെന്നു വിചാരിച്ച് സതിയും കുളത്തിൻെറ കരയിൽപോയി നിന്നു. കുളി കഴിഞ്ഞു ഹരി മാതാവിൻെറ സമീപത്തുചെന്നു വളരേനേരം കരഞ്ഞു കൊണ്ടിരുന്നു.

ജാഹ്നവി ദീർഘമായി ഒന്നു നിശ്വസിച്ചിട്ട് മധുരസ്വരത്തിൽ പറഞ്ഞു:—

"മകനേ! കരയാതിരി! ഇനി കരഞ്ഞതുകൊണ്ട് എന്തുപ്രയോജനം. അദ്ദേഹത്തിനു നിന്നോടുണ്ടായിരുന്ന കോപമെല്ലാം അവസാനകാലത്തു തീൎന്നുപോയി. നിനക്കു അനേകം ആശീൎവാദങ്ങൾ പറഞ്ഞിട്ടാണ്, അദ്ദേഹം ഈ ലോകം വിട്ടത്. അതുകൊണ്ട് നിനക്കു ക്ഷേമമുണ്ടാകും. നീ സുഖിയായിത്തീരും."

ഹരി തൻെറ ഈ കൃത്യലോപത്തിനു ഇടയാക്കിയ ബാബുമാരെ ഒട്ടുവളരെ ശകാരിച്ചു. ഇനിതാൻ അവരോടു സഹവാസം ചെയ്യുകയില്ലെന്നും അയാൾ ശപഥം ചെയ്തു. ഏതാനും ദിവസം അയാൾ വീട്ടിൽനിന്ന് ഇറങ്ങിയതേ ഇല്ല. ഒരുദിവസം അയാൾ സതിയോടു പറഞ്ഞു:—

"അനിയത്തീ! നോക്കു. ഞാൻ ഇങ്ങനെ ഇവിടെ ഇരുന്നാൽ കാര്യമൊന്നും നടക്കുകയില്ല. ജോലി വല്ലതും കിട്ടുമോ എന്നു നോക്കട്ടെ. ഇടയ്ക്കിടയ്ക്കു ഞാൻ ഇവിടെ വരാം. ഇപ്പോൾ പത്തുഉറുപ്പിക എൻെറ കൈവശമുണ്ട്. അതുകൊണ്ടു തല്ക്കാലത്തെ ചെലവുകളൊക്കെ നീ നടത്തിക്കൊള്ളണം. ഞാൻ താമസിയാതെ വന്നു ഗൃഹഭരണം കൈയേറ്റുകൊള്ളാം. നിങ്ങൾ ഒന്നുകൊണ്ടും കുണ്ഠിതപ്പെട്ടിട്ടു ആവശ്യമില്ല. എന്തെങ്കിലും അത്യാവശ്യം നേരിട്ടാൽ, ചന്ദ്രപുരത്തിലെ ബാബുമാരുടെയൊ മററു വല്ലവരുടേയോ മേൽവിലാസത്തിൽ എഴുതി അയച്ചാൽ മതി. ഞാൻ ഇങ്ങനെ ഇരുന്നാൽ കാര്യമൊന്നും മുന്നോട്ടു പോകയില്ല."

സതി ഒന്നും മിണ്ടിയില്ല. അവൾ പണം കൈയിൽ വാങ്ങി.

സാവിത്രി കരുണമായ സ്വരത്തിൽ പറഞ്ഞു:—

"ചേട്ടാ! ഒരു ദിവസംകൂടി ഇവിടെ താമസിക്കൂ. അമ്മയ്ക്കു ചേട്ടനെ കാണുമ്പോൾ അല്പം ധൈൎയ്യം ഉണ്ടാകും. കുറച്ചുനാൾകൂടി കഴിഞ്ഞു പോയാൽ മതി."

"നിനക്കു പിച്ചു പിടിച്ചോ? ഇവിടെ ഇരുന്നാൽ കാൎയ്യങ്ങൾ എങ്ങനെ നടക്കും. നീ അമ്മയോടു ഇപ്പോൾ ഒന്നും പറയേണ്ട! അമ്മ കരഞ്ഞേക്കും. ഞാൻ പോയിട്ടു പറഞ്ഞാൽമതി."

സന്ധ്യയായി. ജാഹ്നവി സാവിത്രിയെ അടുത്തു വിളിച്ചു, അവളുടെ പൊടിയണിഞ്ഞു ചിതറിക്കിടന്നിരുന്ന കേശപാശത്തെ ഒതുക്കി കെട്ടിവയ്ക്കാൻ നോക്കി. സാവിത്രിയുടെ നേത്രങ്ങളിൽ അപ്പോൾ ഒന്നു രണ്ടു ബാഷ്പകണങ്ങൾ പൊടിഞ്ഞു. അതിനെ അവൾ അമ്മ കാണാതെ തുടച്ചുകളഞ്ഞിട്ടു പറഞ്ഞു:—

"അമ്മേ! ഇപ്പോൾ ഇങ്ങനെ കിടക്കട്ടെ. ഇനി ഒരിക്കൽ കെട്ടിവയ്ക്കാം."

ജാഹ്നവിയുടെ കൈകൾ ക്ഷീണാധിക്യത്തിൽ ശിഥിലമായിരുന്നു. എന്നിട്ടും അവൾ പറഞ്ഞു.

"മകളെ! തലമുടി ചിടപിടിച്ചു പോയല്ലോ. കുറച്ചു കഴിഞ്ഞാൽ അഴിച്ചു ശരിയാക്കാൻ സാധിക്കയില്ല."

രാത്രിയിലത്തെ ജോലി ഒക്കെ തീൎത്തു അടുക്കള അടച്ചിട്ടു സതി കാളിക്കുള്ള പാൽ ഒരു പാത്രത്തിലെടുത്തുകൊണ്ടുവന്നു. അവൾ പാൽ പാത്രം ഉറിയിൽ വെച്ചപ്പോൾ ജാഹ്നവി ചോദിച്ചു.

"അടുക്കള പൂട്ടിയൊ? ഹരി ഉണ്ടില്ലല്ലൊ. നിങ്ങൾക്കും ഊണു കഴിക്കണ്ടേ?"

"ചേട്ടൻ ഊണു കഴിച്ചു. അടുക്കളയിൽ ഇനി ജോലി ഒന്നുമില്ല. നിനക്കു ഉണ്ണണ്ടേ? ഹരി എവിടെപ്പോയി?"

ജോലി വല്ലതും കിട്ടുമോ എന്നു നോക്കാനായി ചന്ദ്രപുരത്തേയ്ക്കു പോയിരിക്കയാണ്."

"അയ്ഹാ! എന്നോടു ഒന്നും പറഞ്ഞില്ലല്ലോ."

അമ്മ കരഞ്ഞേയ്ക്കുമെന്നു ഭയപ്പെട്ടു മിണ്ടാതിരുന്നതാണ്. മൂന്നുനാലു ദിവസത്തിനുള്ളിൽ തിരിച്ചുവരുമെന്നു പറഞ്ഞു. ജോലി ഇല്ലാതിരുന്നാലോ? കാൎയ്യങ്ങൾ നടന്നു പോകണ്ടേ? ചെലവിനു പത്തു ഉറുപ്പിക എന്നെ ഏൽപ്പിച്ചിട്ടുണ്ട്?"

ജാഹ്നവി കുറെനേരത്തേയ്ക്കു ഒന്നും മിണ്ടിയില്ല. അതിനുശേഷം നെടുവീൎപ്പു വിട്ടുകൊണ്ടു അവർ മൃദുസ്വരത്തിൽ പറഞ്ഞു:—

"എന്തിനു കരയുന്നു. അവൻെറ ഇഷ്ടംപോലെ ചെയ്തുകൊള്ളട്ടെ."

പിന്നെയും അവർ സാവിത്രിയുടെ തലമുടി ചിടകളഞ്ഞു ശരിയാക്കാൻ നോക്കീട്ടു ക്ലാന്തസ്വരത്തിൽ പറഞ്ഞു:—

"സതി! എനിക്കു വയ്യ. നീ സാവിത്രിയുടെ തലമുടി ഒന്നുകോതി ശരിയാക്കി കെട്ടിവെയ്ക്കൂ."

സതി സാവിത്രിയുടെ തലമുടി കോതി ഒതുക്കാൻ തുടങ്ങി. എന്നാൽ അവൾ കൈകുതറിക്കളഞ്ഞിട്ടു മാറിനിന്നു. സതിയാവട്ടെ ബലാൽക്കാരമായി അവളെ പിടിച്ചു നിർത്തീട്ട്, അവളുടെ തലമുടി ശരിപ്പെടുത്തി ഭംഗിയായി കെട്ടിവെച്ചു. ജാഹ്നവി വിരിച്ചിരുന്ന തൻെറ പായിൽ ചെന്നുകിടപ്പായി. അമ്മയുടെ ഉരഃപ്രദേശത്തിൽ തൻെറ ശിരസ്സുവെച്ചുകൊണ്ടും അവരുടെ വലത്തു കൈ എടുത്ത്, തൻെറ ദേഹത്തിൽ ഇട്ടുകൊണ്ടും സാവിത്രിയും കിടന്നു.

സതി പറഞ്ഞു:—

"അമ്മേ! അല്പം വെള്ളമെങ്കിലും കുടിക്കു."

"വേണ്ട മകളേ! എന്നെ ഉപദ്രവിക്കാതിരിക്കു. എനിക്കു ഉറക്കം വരുന്നു."

മാതാവിൻെറ ഈ നിർവാക്കും നിസ്പന്ദവുമായ ചിന്ത, സർവദാ നിദ്രക്കു സമാനം തന്മയതാപൂർണ്ണമാണെന്നു സതി ധരിച്ചു. ചിന്താവ്യഗ്രയായിരിക്കുമ്പോൾ അവർ ആരുടെ വാക്കും കേൾക്ക പതിവില്ല. അതുകൊണ്ടു സതി പോയി, ഉറങ്ങിക്കിടന്നിരുന്ന തൻെറ കൊച്ചനിയനേ ഉണർത്തീട്ട്, പാൽ കോരിക്കൊടുത്തതിനുശേഷം, അവനേ വാത്സല്യപൂർവകം തട്ടിഉറക്കി. പശുവിൻപാലായിരുന്നു ബാലകൻെറ ഏകജീവനം. അതുകൊണ്ട് സതി പശുവിനെ പരിപാലിക്കുന്ന വിഷയത്തിൽ അത്യന്തം ശ്രദ്ധ കാണിച്ചുവന്നു.

രാത്രി ക്രമേണ വൎദ്ധിച്ചു വൎദ്ധിച്ചു വന്നു. അന്നത്തേ ചൂട് ദുസ്സഹമായിരുന്നു. വിളക്ക് അണച്ചിട്ടു, സതി ജനലിനു സമീപത്തു മുണ്ടു വിരിച്ചു കിടന്നു. അവളുടെ സുദീൎഘവും ജടിലവും ആയിരുന്ന കേശപാശങ്ങൾ നാലുപാടും ചിതറിക്കിടന്നിരുന്നു. വെളിയ്ക്ക് ആകാശത്തിൽ ആഷാഢമാസത്തിലെ ഘനപടലം ഉരുണ്ടുകൂടിക്കൊണ്ടിരുന്നു. വെളിച്ചത്തിൻെറ ലാഞ്ഛനംപോലും ഒരിടത്തും കാൺമാനുണ്ടായിരുന്നില്ല. സ്തംഭിതയായ പൃഥിവിയും തന്നെപ്പോലെ മലിനമായ ചേലവിരിച്ച് വല്ല കോണിലും പോയികിടക്കുകയായിരിക്കുമോ എന്നു സതി സംശയിച്ചു അവളുടെ ഹൃദയം അവസന്നമായും ഖിന്നമായും ഇരുന്നു. അടുത്ത പ്രഭാതം കാണാൻപോലും, തനിക്കു സാധിക്കുമോ എന്നുകൂടി അവൾ സംശയിച്ചുപോയി.

തൻെറ ശരീരത്തിൽ ഈ ദുൎഭരമായ ഭാരം എന്തിനു കേററിവെച്ചിരിക്കുന്നു എന്ന്, എത്ര ആലോചിച്ചിട്ടും, അവൾക്കു മനസ്സിലായില്ല. ജോലിയിൽ ഏൎപ്പെട്ടിരിക്കുമ്പോൾമാത്രം അവൾക്കു അല്പം മനസ്വാസ്ഥ്യം ഉണ്ടായിരുന്നു. അല്ലാതുള്ള അവസരങ്ങളിൽ ഈ ഭാരം അവളേ നിഷ്പീഡനം ചെയ്യുകൊണ്ടിരുന്നു. എത്ര നാൾ

ഇങ്ങനെ കഴിച്ചു കൂട്ടിയാൽ ജീവിതം ഒടുങ്ങും? ഈ ചുമട്ട് അവളുടെ ശിരസ്സിൽനിന്നു ഒരിക്കലും ഇറങ്ങുകയില്ലെന്നു വരുമോ? അല്പം കരഞ്ഞാൽകൊള്ളാമെന്നു അവൾക്കു തോന്നി. എന്നാൽ കരച്ചിൽ വന്നിട്ടുവേണ്ടെ?

അവൾ പൃഥിവിയെ നോക്കികൊണ്ടു "അഹൊ എന്തൊരു കൂരിരുട്ട്! ഈ അന്ധകാരം ഒരിക്കലും അവസാനിക്കയില്ലെന്നോ" എന്നു വിചാരിച്ച്, ആകാശത്തിലേക്കു നോക്കിയപ്പോൾ, അവിടേ ഒരു നക്ഷത്രം മിന്നിമിന്നിക്കൊണ്ടിരിക്കുന്നത് അവൾ കണ്ടു.

"ഇതു എൻെറ അച്ഛനായിരിക്കുമോ? മരിച്ചുപോയ അച്ഛൻ എന്നെ അങ്ങോട്ടു വിളിക്കുക അല്ലയിരിക്കണം. ഇപ്പോഴും അദ്ദേഹം എന്നെ വിളിച്ചുകൊണ്ടിരിക്കുന്നോ?"

എന്നിങ്ങനെ അവൾ ആലോചിച്ചുകൊണ്ടിരിക്കേ, ആ നക്ഷത്രം ക്രമേണ വളൎന്ന് ഉജ്ജ്വലവും വികടവും ആയ നേത്രങ്ങളോടുകൂടി തന്നെനോക്കി കൊണ്ടിരിക്കുന്നതുപോലെ അവൾക്കു തോന്നി. അവൾ ഭയപരവശയായിത്തീരുകയാൽ വാതിൽ അടച്ചു കളഞ്ഞിട്ട്, അമ്മയുടെ അരികിൽ പോയിക്കിടന്നു. ഉറങ്ങിക്കിടന്ന സഹോദരീസഹോദരന്മാരെ ഒരു പ്രാവശ്യം സ്പൎശിച്ചിട്ട് അവൾ അവ്യക്തസ്വരത്തിൽ പറഞ്ഞു:—

"ഇല്ല! എനിക്ക് ഈ അവസരത്തിൽ പോകുന്നതിനു തീരെ ഇഷ്ടമില്ല."

മൂന്നുമാസം കഴിഞ്ഞു. ഹരി ഇടയ്ക്കിടയ്ക്കു അവിടെ വന്ന് കുറെ പണം സതിയെ ഏൽപ്പിച്ചിട്ടു തിരിച്ചുപോകാറുണ്ടായിരുന്നു. ആ സംഖ്യകൊണ്ടും, അവർ വേലചെയ്തു ഉണ്ടാക്കിയ ചെറിയ തുക കൊണ്ടും, വീട്ടുചെലവുകൾ ഒരു വിധം നടന്നുവന്നു.

ഒരു ദിവസം സതി കുളിക്കാനായി കുളത്തിലേയ്ക്കു പോയിരിക്കെ ആയിരുന്നു. സാവിത്രി പശുവിനു തവിടു കൊടുത്തു കൊണ്ടിരുന്നു. ഒരു തപാൽശിപായി വന്നു "എഴുത്തുണ്ട്" എന്നു വിളിച്ചു പറഞ്ഞു. കാളി ചെന്നു എഴുത്തുവാങ്ങിയിട്ട് അമ്മയുടെ പക്കൽ കൊടുത്തു. അവർ തുളസിത്തടം മെഴുകിക്കൊണ്ടിരിക്കയായിരുന്നു. ഇടത്തുകൈകൊണ്ടു കത്തെടുത്തു അവർ വായിച്ചുതുടങ്ങി. വായിച്ചുകൊണ്ടിരിക്കേ അവർ വേപഥുമതിയായി നിലത്തു ഇരുന്നുപോയി.

സതി ഇതിനിടയ്ക്കു കുളികഴിഞ്ഞുവന്നു. അവൾ ഈയിടയ്ക്കു നദിയിൽ പോകാറുണ്ടായിരുന്നില്ല. കുടവും വെള്ളവും അടുക്കളയിൽ കൊണ്ടുവന്നു വച്ചിട്ട്, അവൾ അമ്മയുടെ അടുക്കലേയ്ക്കുചെന്നു. "അമ്മേ! എന്താണു കരയുന്നതു? എന്തു സംഭവിച്ചു?"

എന്നു അവൾ ചോദിച്ചു. ജാഹ്നവിയുടെ മുഖത്തുനിന്നു വാക്കുകൾ ഒന്നും പുറപ്പെട്ടില്ല.

കാർഡു നിലത്തുതന്നെ കിടന്നിരുന്നു. സതി അതു എടുത്തു വായിച്ചുനോക്കി.

സതിയുടെ വൃദ്ധനായ വരൻ മരിച്ചുപോയെന്നായിരുന്നു കത്തിൻെറ സാരം. അതിൽ ഇങ്ങനെ എഴുതിയിരുന്നു:—

"ഞാൻ അദ്ദേഹത്തിൻെറ പുത്രനാണ്. കൊച്ചമ്മയെ വിവരം അറിവിക്കാനായി ഈ കത്തു എഴുതുന്നു. ശ്രാദ്ധദിവസം നിങ്ങൾ എല്ലാവരും ബന്ധുജനങ്ങളോടുകൂടി വന്നുചേരണമെന്നു അപേക്ഷിക്കുന്നു."

ഈ കത്തു വായിച്ചിട്ട് സതി കുറേനേരം മിണ്ടാതെ നിന്നു. അവൾ ഇടത്തേ കയ്യിൽ കത്തുപിടിച്ചുകൊണ്ട്, വിവർണ്ണയായി നില്ക്കുന്നതു കണ്ടിട്ട്, സാവിത്രി വിസ്മയപൂർവ്വം അടുത്തുചെന്നു അതിനെ വായിച്ചു നോക്കി "അയ്യൊ! അയ്യൊ!" എന്നു അവൾ നിലവിളിച്ചുപോയി.

ചേട്ടത്തിഅമ്മയും ഓടിവന്നു. അവരും വാവിട്ടു കരഞ്ഞു. ക്രമേണ അകത്തിലുള്ളവരൊക്കെ ഓടി എത്തി. അയ്യോ കഷ്ടം! പാവം! എന്നൊക്കെ അവർ പലവുരു പറഞ്ഞു. ജാഹ്നവി മാത്രം ഇരുകൈകൾകൊണ്ടും മുഖം പൊത്തിക്കൊണ്ടു കിടന്നതേ ഉള്ളു.

'കരയുന്നതു തന്നേ അആക്ഷേപം! സതിയുടെ വിവാഹം നടന്ന അന്നായിരുന്നു വാസ്തവത്തിൽ കരയേണ്ടിയിരുന്നത്. ആ ദിവസം കഴിഞ്ഞു പോയില്ലേ? ഇനി ഇപ്പോൾ കരഞ്ഞിട്ടു കാര്യമെന്തു്?"
ഇങ്ങനെ ആയിരുന്നിരിക്കാം ജാഹ്നവിയുടെ വിചാരം.

ഏതാനും ദിവസങ്ങൾ കൂടി കഴിഞ്ഞു. ചേട്ടത്തി അമ്മപറഞ്ഞു:—

"വരാനുള്ളതൊക്കെ വന്നു. സതീ! വാ! മകളേ! കുളിച്ചിട്ടുവരാം".

സതി സ്ഥിരകണ്ഠത്തിൽ ചോദിച്ചു:—

"കുളത്തിലാണോ?"

"കുളത്തിലോ? അല്ല. അല്ല. നദിയിൽതന്നെ പോകണം"
എന്ന്, എല്ലാവരും പറഞ്ഞു.

സതിയുടെ ഭാവം കണ്ടു് എല്ലാവരും അവളെ മനസാ ഇങ്ങനെ പുച്ഛിച്ചു:—

"ഇതെന്തൊരു പെണ്ണ്? ഗൃഹപ്രവേശം നടത്തിയില്ലെന്നുവച്ച് ഭർത്താവു ഭർത്താവല്ലന്നു വരുമോ.? സീമന്തരേഖയിൽ സിന്ദൂരം

ഛാൎത്തി, മുറയ്ക്കു വിവാഹം കഴിച്ചതല്ലേ. ഒന്നു കരയുകയെങ്കിലും ചെയ്യണ്ടേ?"

സതിയുടെ കൈയിൽ കിടന്നിരുന്ന കുപ്പിവളകൾ പൊട്ടിച്ചു കളയേണ്ടിവന്നപ്പോൾ, ചേട്ടത്തിഅമ്മയും വാസ്തവത്തിൽ കരച്ചിൽ വന്നു. സതിക്കു് ഒരു കൂസലുമുണ്ടായിരുന്നില്ല. അവൾ ഒരു കല്ലെടുത്തു് അവയേ പൊട്ടിച്ചു ദൂരെ എറിഞ്ഞു കളഞ്ഞു.

സ്നാനം കഴിഞ്ഞു്, വെള്ളച്ചേലധരിച്ചു് സിന്ദൂരവും കൈവളകളും ദൂരെക്കളഞ്ഞിട്ടു്, സതി സഹജമായ ഭാവത്തിൽ സ്വഗൃഹത്തിലേക്കു തിരിച്ചു. എന്നാൽ എല്ലാവരുടെ ദൃഷ്ടികളും അവളിൽ പതിഞ്ഞതിനാൽ ഉണ്ടായ അവ്യക്തക്ഷോഭം നിമിത്തം അവളുടെ ഹൃദയം അപ്രസന്നമായിരുന്നു. വാതുക്കൽ എത്തിയ ഉടനെ ചേട്ടത്തിഅമ്മ വിളിച്ചു പറഞ്ഞു:—

"കാളി! അല്പം വേപ്പിന്റെ ഇലകൊണ്ടു വാ!. സതി! നീ അകത്തേക്കു കേറാൻ വരട്ടെ; വേപ്പില പല്ലുകൊണ്ടു കടിച്ചിട്ടു്, അഗ്നിസ്പർശം ചെയ്തശേഷമേ അകത്തേക്കു പോകാവൂ."

സതി അവർ പറഞ്ഞതുപോലെ ഒക്കെ ചെയ്തു. സാവിത്രി അകത്തു നിന്നു് ഇങ്ങോട്ടുവരാൻ ഭാവിച്ചപ്പോൾ ഒരാൾ, "നീ ഇങ്ങോട്ടെങ്ങും വരരുതു്. ചേച്ചിയുടെ മുഖത്തുനോക്കരുതു്" എന്നു പറഞ്ഞു. സതി തന്റെ മുഖം പെട്ടെന്നു മറച്ചുകളഞ്ഞു. എന്നാൽ സാവിത്രി ഇതിനിടയ്ക്കു് ഓടിവന്നു് "അയ്യോ എന്റെ ചേച്ചി!. ആരാണു് ചേച്ചിയുടെ വേഷം ഇങ്ങനെ ഒക്കെ ആക്കിയതു്?" എന്നു ചോദിച്ചുകൊണ്ടു് അവളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു കഴിഞ്ഞു. ഇതു കണ്ടു് സ്ത്രീകളെല്ലാവരും അവളെ ശകാരിച്ചുതുടങ്ങി. സതി അവിടെ ഇരുന്നുപോയി. സാവിത്രി അവളുടെ തോളിൽ തന്റെ ശിരസ്സു വെച്ചുകൊണ്ടു് കരഞ്ഞുതുടങ്ങി. സതി അവളുടെ കണ്ണീർ തുടച്ചുകളഞ്ഞിട്ടു, സാന്ത്വനവാക്കുകളാൽ അവളെ ആശ്വസിപ്പിക്കാൻനോക്കി.

ചേട്ടത്തിഅമ്മ ചെന്നു് ജാഹ്നവിയോടു പറഞ്ഞു:—

"എഴുന്നേല്ക്കു, തലയിൽ എഴുതിയപോലെയെല്ലാം വന്നുചേന്നു. നിങ്ങൾ പോയി സതിക്കു് വല്ലതും ആഹാരം കൊടുക്കണം; ഇനി കരഞ്ഞതുകൊണ്ടു് വല്ലഫലവുമുണ്ടോ?"

ജാഹ്നവി എഴുന്നേററു. അവർ അടുത്തുചെന്നപ്പോൾ സതിയും എഴുന്നേററു. കന്യകയുടെ ഈ വിധവാമൂൎത്തികണ്ടപ്പോൾ അവരുടെ ധൈൎയ്യമെല്ലാം ശിഥിലമായി. അവൎക്കു് ഒന്നു കരഞ്ഞാൽ കൊള്ളാമെന്നു മോഹമുണ്ടായി. പക്ഷേ മുഖത്തു നിന്നു് ഒററവാക്കുപോലും വെ

ളിക്കവന്നില്ല. അവർ സതിയെ മാറോടണച്ചു കൊണ്ടു് കുറേനേരം നിന്നു. ഒടുവിൽ "മകളേ വരൂ അല്പം സർബത്തു കുടിക്കൂ" എന്നുപറഞ്ഞു.

സതി അധോമുഖിയായി നിന്നുകൊണ്ടു്, "അമ്മേ! എനിക്കു ദാഹമൊട്ടുമില്ല. അമ്മ അല്പം കുടിക്കൂ; ഞാൻ പോയി ആഹാരം തയ്യാറാക്കാം" എന്നുപറഞ്ഞു.

"വേണ്ട മകളേ! ഇന്നു പേരമ്മ പാകം ചെയ്തു കൊള്ളും. നിനക്കു്പാടില്ല."

"അങ്ങ്ഹ!" എന്നു പറഞ്ഞിട്ടു്, അവൾ ഇരുന്നു.

---

## എട്ടാം അദ്ധ്യായം.

---

വിശേശ്വരനും അന്നപൂർണ്ണയും തീർത്ഥഭ്രമണം ചെയ്തുചെയ്തു് വർഷം ഒന്നു കഴിഞ്ഞു. ഒരു കാലത്തു വിശേശ്വരന്നു് പശ്ചിമനഗരികളെ സന്ദർശിക്കണമെന്നു് മോഹമുണ്ടായിരുന്നു. എന്നാൽ അന്നു് അദ്ദേഹത്തിനു ജോലിത്തിരക്കു നിമിത്തംപോകാൻ സാധിച്ചില്ല. ഇപ്പോഴാകട്ടെ, രണ്ടുപേരുംചേന്നു സകല തീർത്ഥങ്ങളിലും സഞ്ചരിച്ചു. സാവിത്രി, ഗായത്രി, പുഷ്കരം, ചന്ദ്രനാഥം, ഭാസ്കരം, ഹരിദ്വാരം എന്നീ കഷ്ടസാദ്ധ്യങ്ങളായ തീർത്ഥങ്ങൾപോലും, ഇത്തവണ അദ്ദേഹം സന്ദർശിച്ചു. ഈ തീർത്ഥങ്ങളെ ചെറിയമ്മ മുമ്പു സന്ദർശിച്ചിട്ടേ ഇല്ല. അതുകൊണ്ടു വീട്ടിനു വെളിക്കു ഇറങ്ങിയപ്പോൾ, ഇവയൊക്കെ സന്ദർശിച്ചശേഷമേ തിരിച്ചു മടങ്ങുകയുള്ളുവെന്നു അവർ ശപഥംചെയ്തിരുന്നു.

യാവജ്ജീവം ഗൃഹാന്തർഭാഗത്തിൽ കഴിച്ചുകൂട്ടിയ വിശേശ്വരന്നു് ഇപ്പോൾ ഒരു പുതിയ ജന്മം സമാരംഭിച്ചതായി തോന്നി. ഇന്നു് ഇവിടെ ആണെങ്കിൽ, നാളെ അവിടേ; മററന്നാൾ വേറൊരിടത്തു്. എവിടെയും, സ്നാനം, ദർശനം, പർവ്വതാരോഹണം ഇത്യാദി ആനന്ദപ്രദങ്ങളായ വ്യാപാരങ്ങളിൽ വ്യാപൃതനായിരുന്നതിനാൽ, വിശേശ്വരന്നു, ആത്മവിസ്മൃതിപോലും സംഭവിച്ചു. ചന്ദ്രനാഥതീർത്ഥം ദർശിച്ച അവസരത്തിൽ, അദ്ദേഹംഒരു ദിവസം ഇങ്ങനെപറഞ്ഞു:—

"ചെറിയമ്മേ! ഇനി ഒരിടത്തും പോകേണ്ട ആവശ്യമില്ല. ഇവിടെതന്നെ ഒരു ഗൃഹം നിർമ്മിച്ചു നമുക്കു താമസിക്കാം."

ചെറിയമ്മയ്ക്കു ചിരിവന്നു. പരമാർത്ഥത്തിൽ പശ്ചിമനഗരങ്ങ

ളിൽ സഞ്ചരിച്ചുകൊണ്ടിരുന്ന കാലത്തു് അവക്ക് സുഖം തോന്നിയിടത്തോളം തന്നെ ദുഃഖവുമുണ്ടായി. ദുർഭിക്ഷമാകുന്ന കരാളമൂത്തി അ പ്രദേശങ്ങളെ ഗ്രസിച്ചു കഴിഞ്ഞിരുന്നു.

ഒരു ദിവസം വിശേഷശാൻ പറഞ്ഞു:—

"ചെറിയമ്മേ! നമ്മുടെ വീട്ടു് ഉപേക്ഷിച്ചിട്ടു്, ഇവിടെ സ്ഥിരവാസമാക്കിയാൽ എത്ര നന്നായിരിക്കുമെന്നോ!"

"എന്തുകൊണ്ടു്?"

"നോക്കരുതെ! എത്ര ദാരിദ്ര്യം പിടിച്ച ദിക്കു്! എല്ലായിടത്തും അളുകൾ "ഒരു പിടി അന്നം തരണേ! ഒരു പിടി അന്നം തരണേ" എന്നു പറഞ്ഞുകൊണ്ടു നടക്കുന്നു. ഇവിടെ ആക്കു് എന്തുസാമാനം അവശ്യമുണ്ടെന്നോ, ആക്കു എന്തുസഹായം അപേക്ഷിതമായിരിക്കുന്നെന്നോ ഏവനും ചോദിക്കാതെ തന്നെ അറിയാം. ദാരിദ്ര്യം എന്നൊന്നു് ഉണ്ടെന്നുള്ളതു ഈ ദിക്കിൽ സഞ്ചരിച്ചാലേ മനസ്സിലാവൂ."

ഉദാസീനമായ മുഖഭാവത്തോടുകൂടി ചെറിയമ്മ ഒന്നു ചിരിച്ചു.

"ഇതു് എന്തൊരു പിച്ചാണു്! നമ്മുടെ നാട്ടിൽ ദാരിദ്ര്യമില്ലെന്നോ?"

"എവിടെയാണു് ദാരിദ്ര്യം? ഉണ്ടെങ്കിൽ തന്നെയും ഇവരോടു സാദൃശ്യപ്പെടുത്തുമ്പോൾ, നമ്മുടെ നാട്ടുകാരുടെ സ്ഥിതിക്കു എത്രമെച്ചം; അ നാട്ടു് സുജലവും സുഫലവും സസ്യശ്യാമളവുമായിരിക്കുന്നു. അവിടെ ആക്കും പട്ടിണി കിടന്നു് ചാവേണ്ടിവരികയില്ല."

"അതു് ശരിയായിരിക്കാം. എന്നാൽ നമ്മുടെ രാമശങ്കരഭട്ടാചാര്യന്റെ ഗൃഹസ്ഥിതി ഒന്നു ആലോചിച്ചു നോക്കൂ."

"വാസ്തവം! പക്ഷെ അവർ ഇവിടെ എങ്ങാനും ആയിരുന്നെങ്കിൽ ഇതിനുമുമ്പുതന്നേ പരലോകം കാണുമായിരുന്നു. അവിടെ ആയതുകൊണ്ടു് അവർ ഇന്നും മാനമായിജ്ജീവിക്കുന്നു. നോക്കൂചെറിയമ്മേ! അന്നത്തിന്റെ അഭാവം ഇല്ലാത്തിടത്തു് ആക്കെങ്കിലും ഒരു ഉപകാരം ചെയ്തുകൊടുക്കാൻ സാധിക്കുമോ? ഉപകാരം ചെയ്യുന്നവനും സ്വീകരിക്കുന്നവനും ലജ്ജ തോന്നുന്നു. അവിടെ ദരിദ്രന്മാർപോലും ഒരു തരത്തിൽ അല്ലെങ്കിൽ മററൊരുതരത്തിൽ ദിവസങ്ങൾ തള്ളിനീക്കിക്കൊണ്ടിരിക്കുന്നു. അവരുടെ ജീവിതം സുഖദുഃഖസമ്മിശ്രമായിത്തന്നെ ഇരിക്കുന്നു. മററൊരുത്തന്റെമുമ്പിൽ 'ഭിക്ഷാംദേഹി' എന്നുപറയുന്നതിനു ആരെയും അഭിമാനം സമ്മതിക്കുന്നില്ല. ഏതു ദേശത്തുശീലസങ്കോചാദികൾ ഇല്ലാതിരിക്കുന്നു; ഏതു ദേശത്തു് നിസ്സഹായതനിമിത്തം പകലും രാത്രിയും പാവങ്ങൾ മൃത്യുമുഖം പ്രാപിച്ചുകൊണ്ടിരിക്കുന്നു; അവിടെ

വന്നു പാൎക്കുകയാണു വേണ്ടതു്. അങ്ങിനെയുള്ള സ്ഥലത്തു നമുക്കു പലതും ചെയ്യാൻ സാധിക്കും."

ചെറിയമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു:—

"എന്തുചെയ്യാനാണു സാധിക്കുന്നതു്? അതു പോകട്ടെ നിനക്കു എന്തുചെയ്യണമെന്നാണു് മോഹം?"

വിശേശ്വരൻ തലതാഴ്ത്തി. ലജ്ജ നിമിത്തം അയാളുടെ കവിൾത്തടങ്ങൾ അരുണവൎണ്ണമായി. വമ്പു പറയുന്ന സ്വഭാവം അയാൾക്കു തീരെ ഇല്ലായിരുന്നു. ഭാവാവേശത്താൽ ഹൃദയം ആന്ദോളിതമാകുമ്പോഴൊക്കെ അയാൾ തൂഷ്ണീംഭാവം അവലംബിക്കുകയാണു് പതിവു്. അതുകൊണ്ടു അയാൾ ഒരു അതിഥിശാല പണിയിക്കണമെന്നു വിചാരിച്ചതിന്റെ അടുത്ത ക്ഷണത്തിൽതന്നെ ആ പുണ്യകൎമ്മത്തിൽ നിന്നു് നിരുദ്ധനായി ഭവിച്ചു. "സഹോദരന്മാരെ! വരുവിൻ! ഞാൻ വലിയ കുബേരനാണു്. നിങ്ങൾക്കാവശ്യമുള്ളതൊക്കെ എന്റെ അടുക്കൽ വന്നു ചോദിച്ചുകൊള്ളുക; ഞാൻ നിങ്ങളുടെ സൎവ്വദുഃഖങ്ങളേയും നിവാരണം ചെയ്തുതരാം" എന്നെല്ലാം എങ്ങിനെയാണു് ആളുകളോടു പറയുക. ഭാവങ്ങളുടെ ഉത്തേജനത്താൽ അദ്ദേഹം ആക്കാൎയ്യത്തിൽ പ്രവേശിക്കണമെന്നു വിചാരിച്ചു എന്നേ ഉള്ളു; പക്ഷെ ഉത്തരക്ഷണത്തിൽ പ്രസ്തുതചിന്തകളാൽ അതിൽനിന്നു വിരമിച്ചുകളഞ്ഞു. വസ്തുങ്ങളുടെ വില വളരെ കുറഞ്ഞിട്ടുള്ളതുകൊണ്ടായിരിക്കാം അദ്ദേഹം പണി നിൎത്തിവച്ചുകളഞ്ഞതെന്നു് ആളുകൾ വിചാരിച്ചു. വിശേശ്വരൻ ഇപ്രകാരം കെട്ടിടം പണി നിൎത്തി വെക്കുന്നതിനു വേറൊരു കാരണം കൂടി ഉണ്ടായിരുന്നു. തന്റെ നാട്ടിൽ 'പരാന്നം പരമസങ്കടമായി കരുതുന്നവരേ ഉള്ളുവെന്നു് അദ്ദേഹം ഓൎത്തു. കേവലം വേഷധാരികളായ വൈഷ്ണവന്മാൎക്കു് ഈ മാതിരി സങ്കോചങ്ങളൊന്നും ഇല്ലായിരിക്കാം. അവൎക്കു ഭിക്ഷ വാങ്ങുന്ന വിഷയത്തിൽ സാധാരണ ഉദാസീനതയും കാണാറില്ല. എന്നാൽ വിശേശ്വരന്റെ നാട്ടിൽ അവൎക്കും സുഭിക്ഷംതന്നെ. ധൎമ്മബുദ്ധികളായ ഗൃഹസ്ഥന്മാരുടെ ഉദാരതയാൽ അവൎക്കു യാതൊരു കുറവും കാണുന്നില്ല. ഊണിനുള്ള വക അവൎക്കു എവിടെയും ലോഭം കൂടാതെ കിട്ടും. പിന്നെ അതിഥിശാല പണിയിച്ചാലോ? ഇങ്ങനെ മറ്റു ചിന്തകളും അദ്ദേഹത്തിനെ ആ പുണ്യകൃത്യത്തിൽനിന്നു പിൻവലിപ്പിക്കുന്നതിന്നു് സഹായിച്ചു.

പടിഞ്ഞാറൻദിക്കുകളിൽ സഞ്ചരിച്ചു്, അവിടത്തെ സാധാരണ ജനതയുടെ ദുൎദ്ദശ കണ്ടപ്പോൾ, വിശേശ്വരന്നു് അശ്രുപ്രവാഹം തടഞ്ഞുനിൎത്താൻ സാധിച്ചില്ല. അവിടെ സ്ഥിരവാസം ഉറപ്പിച്ചു്, തന്റെ ചിരകാലികമായ ഇച്ഛയെ പൂരിപ്പിക്കണമെന്നു അദ്ദേഹത്തിന്നു്

അനുഗ്രഹമുണ്ടായി. എന്നാൽ മനസ്സിനെ ക്ഷീണിപ്പിക്കുന്ന ഒരു ചിരി ചിരിച്ചു, തന്റെ ചെറിയമ്മ ആ ഇച്ഛയേയും പ്രതിബന്ധിച്ചുകളഞ്ഞു. "കുബേരഭണ്ഡാഗാരം കരസ്ഥമായാലേ ഈ ദേശത്തെ ദാരിദ്ര്യപിശാചികയെ ഉച്ചാടനം ചെയ്യാൻ സാധിക്കൂ" എന്ന് അദ്ദേഹം തന്റെ ഗംഭീരമായ ബുദ്ധികൊണ്ടു കണ്ടുപിടിച്ചു. യഥേച്ഛം ദാനം ചെയ്യുന്ന വിഷയത്തിൽ അന്നപൂർണ്ണ തന്റെ മകനു പ്രതിബന്ധമായി നിന്നില്ല. എന്നാൽ അവർ അദ്ദേഹത്തിനേ സ്വഗൃഹത്തിലേക്കു മടങ്ങിപ്പോവാൻ പ്രേരിപ്പിച്ചുകൊണ്ടേ ഇരുന്നു. തന്റെ മകന്റെ ബുദ്ധി ചഞ്ചലമാണെന്ന് അവർ വിചാരിച്ചു. ദീർഘകാലം ഈ ദിക്കിൽ താമസിച്ചാൽ, അദ്ദേഹത്തിനു കുറേക്കൂടെ പിച്ചു പിടിക്കുമെന്നും അവർ കണ്ടു. കൈവശമുള്ള പണം മുഴുവനും വ്യർത്ഥമായി ചെലവു ചെയ്തശേഷം തന്റെ മകൻ കണ്ണീരും കൈയുമായി റോഡുനീളെ നടക്കുന്നതു കാണാൻ ഇടവരുന്നതു് അവക്കു ദുസ്സഹമായിരുന്നു.

ചെറിയമ്മയുടെ നിർബന്ധത്താൽ വിശേശ്വരന്ന് സ്വഗൃഹത്തിലേക്കു മടങ്ങാതെ ഗത്യന്തരമില്ലെന്നായി. അദ്ദേഹം അതിനുവേണ്ട ഒരുക്കങ്ങൾ എല്ലാം ചെയ്തുതുടങ്ങി. ചെറിയമ്മ ഊണു തയ്യാറാക്കിക്കൊണ്ടിരിക്കയായിരുന്നു. സമയം ഉച്ചതിരിഞ്ഞു്, നാലു മണിയോളമായി. തലമുടിയൊക്കെ ചിന്നിച്ചിതറി നന്നേ വിയർത്തൊലിച്ചു്, വെയിൽകൊണ്ടു വാടിയ മുഖത്തോടുകൂടി വിശേശ്വരൻ അകത്തേക്കു കടന്നു. അന്നപൂർണ്ണ അദ്ദേഹത്തിനു കുറേ സർബത്തു പകൎന്നു കൊടുത്തിട്ടു്, വിശറികൊണ്ടു വീശി ക്ഷീണം ഒരുവിധം ആററി. അദ്ദേഹം തിരിച്ചുവരാൻ ഇത്രമാത്രം അമാന്തിച്ചതു് എന്തുകാരണത്താലാണെന്ന് അവക്കു മനസ്സിലാകാതിരുന്നില്ല.

അമ്പതുപേൎക്കു ആഹാരം തയ്യാറാക്കണമെന്നു് വിശേശ്വരൻ പറഞ്ഞാൽ, ചെറിയമ്മ സ്വമേധയാ നൂറുപേൎക്കു തയാറാക്കാൻ ഒരുങ്ങും. വിശേശ്വരനും ചുമ്മാതിരിക്കയില്ല. അദ്ദേഹം ഉരുളിയും വാർപ്പുമെല്ലാം അടുപ്പിൽ കയററീട്ടു്, ഒരു തോൎത്തുടുത്തുകൊണ്ടു അങ്ങോട്ടും ഇങ്ങോട്ടും ഓടിനടക്കും. ചെറിയമ്മ കറികളും പലഹാരങ്ങളുമൊക്കെ പാകംചെയ്തു വെച്ചുകൊണ്ടിരിക്കും. ഒടുവിൽ നൂറുപേരുടെ സ്ഥാനത്തു് ഇരുനൂറുപേർ വന്നുചേൎന്നു ലഹളയുണ്ടാകും. ഊണു കഴിക്കാത്തവൎക്കു ഒടുവിൽ അരിയും സാമാനങ്ങളും കൊടുത്തു് അവരെ സമാധാനപ്പെടുത്തി അയക്കും. ഇങ്ങനെയൊക്കെയാണു് വിശേശ്വരന്റെ ഇപ്പോഴത്തെ വ്യവസായങ്ങൾ. ഇടവിടാതെ ഇത്തരത്തിലുള്ള കഠിനപരിശ്രമങ്ങൾ ചെയ്കയാൽ വിശേശ്വരൻ ഒന്നുമെലിഞ്ഞുവിളത്തിട്ടുണ്ടു്. ഒന്നുരണ്ടുപ്രാവശ്യം അദ്ദേഹത്തിനു കഠിന

ജ്വരം പോലും പിടിപെട്ടു. അങ്ങനെഇരിക്കെ; ചെറിയമ്മ ഒരുദിവസം സാമാനങ്ങളെല്ലാം കെട്ടിത്തയാറാക്കി വച്ചതിൻെറ ശേഷം, വിശേശ്വരനെ നിർബന്ധിച്ചു വണ്ടി കേററിക്കൊണ്ടു് അവിടെനിന്നും നേരേ വീട്ടിലേക്കു തിരിച്ചു—"നല്ലപോലെ ഓർമ്മിച്ചുകൊള്ളണം. വീട്ടിൽചെന്നു ഒരുമാസം തികയുന്നതിനുമുമ്പു് ഞാൻ നിൻെറ വിവാഹം നടത്തും" എന്നു് അവർ വണ്ടിക്കകത്തുവെച്ചു പറകയും ചെയ്തു.

ഇങ്ങനെയാണു് നമ്മുടെ വിശേശ്വരൻ സ്വഗൃഹത്തിലേക്കു മടങ്ങാനിടയായതു്. വാസ്തവം പറയുന്നതായാൽ വിശേശ്വരനു് വിവാഹത്തെപ്പററി കേട്ടപ്പോൾ വലിയ ഭയമുണ്ടായി. മുമ്പു് അദ്ദേഹം വിവാഹം ചെയ്യേണ്ടെന്നു സങ്കല്പിച്ചതു് എന്തുകൊണ്ടെന്നു് പറവാൻ പ്രയാസമാണു്. എന്നാൽ ഇപ്പോൾ ആ സങ്കല്പം അശ്വത്ഥവൃക്ഷം പോലെ ശാഖോപശാഖം വളൎന്നു തടിച്ചുപോയി. ചണ്ഡവാതൃയ്ക്കു പോലും ഇളക്കാൻ സാധിക്കാത്ത വിധത്തിൽ അതു വേരുറച്ചു കഴിഞ്ഞിരിക്കുന്നു. മുമ്പു അതിപേലവമായിരുന്ന ആ സങ്കല്പവൃക്ഷത്തിൻെറ ചെറുവേരു ഇന്നു പാഷാണഭേദിയായ ദൃഢമൂലമായി പരിണമിച്ചിരിക്കുന്നു. മുമ്പൊക്കെ വിവാഹകാൎയ്യത്തിൽ മനസ്സുവെയ്ക്കാതിരുന്നതു നിരന്തര ഗ്രന്ഥപാഠം നിമിത്തമായിരിക്കണം. അമ്മയോ സഹോദരിമാരോ അടുത്തുണ്ടായിരുന്നെങ്കിൽ അദ്ദേഹം വിവാഹം ചെയ്യാൻ പ്രേരിതനാകുമായിരുന്നു. ചെറിയമ്മ അദ്ദേഹത്തിൻെറ ഗൃഹത്തിൽ വന്നുചേൎന്ന ഒരു പുതിയ ആൾ മാത്രമായിരുന്നു. അവർ തൻെറ കൎത്തവ്യപാലനത്തിലല്ലാതെ മറെറാന്നിലും മനസ്സു വച്ചിരുന്നില്ല. വേറൊരാളുടെ സന്താനത്തെ അതിരു കവിഞ്ഞു ലാളിക്കുന്ന വിഷയത്തിൽ അവൎക്കു വിപ്രതിപത്തിയുണ്ടായിരുന്നു. എന്നാൽ ഈ വാൎദ്ധക്യദശയിൽ അവരുടെ ആ മനസ്ഥിതി തീരെ മാറിപ്പോയി.

വിശേശ്വരനു് ഇക്കാലത്തു് സ്ത്രീ എന്ന പേരിനോടു പോലും വെറുപ്പായിരുന്നു. സാഹിത്യവിമർശത്തിൽ ഏൎപ്പെടുമ്പോഴൊക്കെ, ഓരോരോ കൃതികളിൽ സ്ത്രീജാതിക്കുനൽകിയിരിക്കുന്നപ്രാധാന്യംകണ്ടു്, അദ്ദേഹം ഭയപരവശനാകാറുണ്ടായിരുന്നു. ഒരു സാധാരണ ബാലിക, അഥവാ സ്ത്രീ എങ്ങനെ പുരുഷൻെറ വിശാലമായ ജീവിതത്തിലെ സകല സുഖദുഃഖങ്ങൾക്കും കേന്ദ്രസ്വരൂപമായി പരിണമിക്കുന്നുവെന്നു എത്രതന്നെ ആലോചിച്ചിട്ടും, അദ്ദേഹത്തിനു മനസ്സിലാക്കാൻ സാധിച്ചില്ല. എന്നാൽ സാഹിത്യലോകത്തിനെന്നപോലെ മനുഷ്യലോകത്തിനും പ്രാണസ്ഥാനീയയായിരിക്കുന്നതു സ്ത്രീ ആണെന്നു് അദ്ദേഹം കാണാതിരുന്നില്ല. ഈ ആത്മവിസ്മാരകമായ മോഹവലയിൽ

നിന്നു്, തന്റെ അത്മാവിനെ എങ്ങനെ രക്ഷിക്കേണ്ടു എന്നു് അദ്ദേഹം
നിരന്തരം ആലോചിച്ചു കൊണ്ടിരുന്നു. ചിലപ്പോൾ അദ്ദേഹം സ്വ
യം വിവാഹിതനായിഗ്ഗണിച്ചു് സങ്കല്പനേത്രത്താൽ തന്റെ ആ വി
വാഹിതാവസ്ഥയെ നിരീക്ഷിച്ചതിന്റെ ഫലമായിട്ടു്, സമസ്ത സുഖ
കല്പനയും ഒരു ബാലികയുടെ സുഖദുഃഖങ്ങളിൽ ഋഢമൂലമായിരിക്കുന്നു
വെന്നു മനസ്സിലാക്കി. സകല ചിന്തകളുടേയും സകല കർമ്മഭാരങ്ങ
ളുടേയും പരിസമാപ്തി ആ ബാലികയിൽ തന്നേ. സർവേച്ഛകളും,
സർവസ്നേഹങ്ങളും, സർവപ്രീതികളും ആ ക്ഷുദ്രമൂർത്തിയിൽ ചെന്നു്
അവസാനിക്കുന്നു. ഈ മാതിരി ജീവിതത്തിനു വേണ്ടിയാണോ മനു
ഷ്യൻ ഇത്ര വളരെ കാംക്ഷിക്കുന്നതു്? സുഖമെന്നും, ശാന്തിയെന്നും,
തൃപ്തിയെന്നും മറ്റും പറയുന്നതു് ഇതിനെയാണെങ്കിൽ ദാസ്യം എന്നു
പറയുന്നതു പിന്നെ ഏതിനെയാണു്? ഇങ്ങനേ ഓരോന്നു ചിന്തി
ച്ചു ചിന്തിച്ചു്, വൈവാഹിക ജീവിതം അതിനിന്ദ്യമെന്നു അദ്ദേഹം
ഉറച്ചു.

അവർ രണ്ടുപേരും സ്വന്ത ഗ്രാമത്തിനു സമീപം എത്തിയ
പ്പോൾ നേരം സന്ധ്യയായി. ആ ഗ്രാമത്തിന്റെ സസ്യസമൃദ്ധമായ
പ്രകൃതി, ചന്ദ്രികയിൽ ഒരു ചിത്രമെന്നപോലെ ശോഭിച്ചു. മൈതാ
നത്തിലെ ചിരപരിചിതമായ പവനൻ, ഒരു പ്രിയമിത്രം എന്ന
പോലേ, അവരുടെ ശിരോരുഹങ്ങളെ വാത്സല്യപൂർവം തലോടുകയും,
താടിയിൽ പിടിച്ചു കുശലക്ഷേമങ്ങൾ അന്വേഷിക്കയും ചെയ്തുതു
ടങ്ങി. പെട്ടെന്നു വിശേശ്വരന്റെ നേത്രങ്ങളിൽ ജലം നിറഞ്ഞു.
ബാല്യദശയിൽ, വിട്ടുപൊയ്പോയ പ്രിയമാതാവു അശ്വത്ഥച്ഛായ
യിൽ നിന്നുകൊണ്ടു, വിദേശത്തു നിന്നു തിരിച്ചു വരുന്ന പ്രിയപുത്ര
നായ തന്നേ സ്നേഹപ്രഫുല്ലമായ നേത്രങ്ങളാൽ നോക്കി വാത്സല്യത്തോ
ടുകൂടി വിളിച്ചുകൊണ്ടിരിക്കും പോലെ തോന്നി. ആ തീവ്രമായ ആന
ന്ദത്തിന്റെ പ്രതിഘാതത്തെ നിരോധിക്കുന്നതിനു വേണ്ടി, വിശേ
ശ്വരൻ അവിടെ സ്വല്പം നിന്നു പെട്ടെന്നു് അദ്ദേഹം പൃഥ്വിയിൽ
ശിരസ്സുവെച്ചിട്ടു,—ആരേയെന്നു് അറിഞ്ഞുകൂടാ— ഒന്നു പ്രണമിച്ചു.
ആ സമയത്തു, ചെറിയമ്മ കാളവണ്ടിക്കുള്ളിൽ, പട്ടുതളിട്ടും കൊണ്ടു
ഇരിക്കയായിരുന്നു. അതു ഭാഗ്യമായി. അല്ലെങ്കിൽ മകന്റെ ഈ പ്രവൃ
ത്തികണ്ടു് അവർ കരഞ്ഞുപോകുമായിരുന്നു. ചെറിയമ്മ വീട്ടിനകത്തു
കടന്നു് അത്യന്തമായി പരിശോധിച്ചതു പശുക്കളെ ആണു്. തപസ്വി
യുടേയും തമ്മധനന്റേയും മാതാവായ പഴേ ഭൃത്യ ഗൃഹത്തിന്റെ ബഹി
ർഭാഗമെല്ലാം വളരെ ശുചിയാക്കി വെച്ചിരുന്നു എന്നു വരികിലും, പൂട്ടി
യിട്ടിരുന്ന വീട്ടിന്റെ അകപ്പാടെയുള്ള അവസ്ഥ കണ്ടപ്പോൾ, വിദേ
ശയാത്ര വേണ്ടായിരുന്നു എന്നു അന്നപൂർണ്ണ പശ്ചാത്തപിച്ചു തുടങ്ങി.

തീൎത്ഥസ്ഥലങ്ങളിൽ നിന്നു കൊണ്ടുവന്നിട്ടുള്ള പാത്രങ്ങളെയും വസ്ത്രങ്ങളെയും പ്രസാദത്തെയും അയൽക്കാൎക്ക് അയച്ചു കൊടുക്കണമെന്നുള്ള തീവ്രമായ ഇച്ഛയെ തൽക്കാലം നിരോധിച്ചിട്ട്, അവർ മകന്റെ വിശപ്പും ദാഹവും ആററാനുള്ളവഴി ആദ്യമായിനോക്കി. വിശേശ്വരനൊ ഗ്രാമം മുഴുവനും ഒന്നു ചുററി നോക്കിക്കൊണ്ടിരുന്നു. അന്യന്മാരുടെ ഗൃഹങ്ങളിൽ പോകുന്നതു് അദ്ദേഹത്തിന്റെ സ്വഭാവത്തിന് വിപരീതമായിരുന്നെങ്കിലും, ഈ അവസരത്തിൽ, വീടുതോറും പോകണമെന്ന് അദ്ദേഹത്തിനു ആഗ്രഹംതോന്നി. എന്നാൽ വല്ലവരും വല്ലതും പറഞ്ഞുണ്ടാക്കിയെങ്കിലോ എന്നു വിചാരിച്ച് ആ ആഗ്രഹത്തെ വിശേശ്വരൻ തടഞ്ഞുനിൎത്തീട്ട്, ആദ്യമായി തന്റെ വാഴത്തോട്ടം ചെന്നുനോക്കി. സൂൎയ്യദേവൻ ആ സമയത്ത് ഹീനതേജസ്വിയായി അസ്താചലത്തെ സമീപിച്ചുകഴിഞ്ഞിരുന്നു. തോട്ടത്തിൽ പതുക്കെപ്പതുക്കെ അന്ധകാരം വ്യാപിച്ചുതുടങ്ങി. കദളീവൃക്ഷങ്ങളെ വാത്സല്യപൂൎവം ഒരു തവണ നോക്കീട്ടു, അദ്ദേഹം തിരിച്ചുവന്നു. ഗ്രാമത്തിലെ ഓരോ വൃക്ഷവും ഓരോ ഗൃഹവും അദ്ദേഹത്തിനു എത്ര മനോമോഹനമായി തോന്നിയെന്നോ; പരിചിതനോ, അപരിചിതനോ ആയ വല്ലവനും കണ്ടുമുട്ടീട്ടു, "ബാബുജി എപ്പോൾ വന്നു" എന്നു ചോദിച്ചാൽ മതി അദ്ദേഹം ആനന്ദസമുദ്രത്തിൽ മുഴകി. മുറയ്ക്കും സംഭാഷണം തുടങ്ങും. ഗ്രാമത്തിലെ സാധാരണ മനുഷ്യർ പോലും ഇന്നേ ദിവസം അദ്ദേഹത്തിന്റെ ഹൃദയത്തെ ആവൎജ്ജിച്ചു. അവരുടെ സ്ഥിതിഗതി അറിയുന്നതിനു, അതിയായ കൌതൂഹലം അദ്ദേഹത്തിനുണ്ടായി.

തെക്കുമാറി രാമശംകരന്റെ ഗൃഹം കാണപ്പെട്ടു. ആ ഗൃഹം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പതിച്ച മാത്രയിൽ, അദ്ദേഹം അവിടെ നിന്നുപോയി. ഭട്ടാചാൎയ്യരെ ഒന്നു വിളിക്കണമെന്ന് അദ്ദേഹത്തിനു ആശ തോന്നി. എന്നാൽ അന്നത്തെ വിവാഹാലോചനയും മററും ഓൎമ്മയിൽ വന്നതിനാൽ വിളിക്കുന്നതിനു ധൈൎയ്യമുണ്ടായില്ല. ഓരോന്ന് ആലോചിച്ചുകൊണ്ടു അദ്ദേഹം മുന്നോട്ടു നടന്നു. കുറച്ചുദൂരത്താണ് ഉമേശമുഖോപാദ്ധ്യായന്റെ വീട്ട്. അവിടെ വരാന്തയിൽ ഇരുന്നു് മുഖർജി ധൂമപാനം ചെയ്തുകൊണ്ടിരുന്നു. വിശേശ്വരൻ അങ്ങോട്ടുകേറിച്ചെന്നു. "ആരതു്?" എന്നു മുഖർജി ചോദിച്ചു.

"ഞാനാണ് വിശേശ്വരൻ."

"ഓ! അനിയൻ ഇരിക്കൂ. പടിഞ്ഞാറുനിന്ന് എപ്പോൾ വന്നു? സുഖം തന്നെയല്ലേ?"

കുറേ നേരം അവർ സംസാരിച്ചുകൊണ്ടിരുന്നു ഗ്രാമത്തിലെ സമാചാരങ്ങൾ ഒക്കെചോദിച്ചുചോദിച്ചു, സമയം അധികം ഇരുട്ടി.

വിശ്വേശ്വരൻ തിരിച്ചു വീട്ടിൽ ചെന്നപ്പോറം ചെറിയമ്മ ഒരു താലത്തിൽ ആഹാരസാധനം പകൎന്നു മററൊന്നുകൊണ്ടു മൂടിവെച്ചിട്ടു, ഉറക്കം തൂങ്ങിക്കൊണ്ടിരുന്നു. വിശ്വേശ്വരൻ അനങ്ങാതെ ഒരു നാല്ക്കാലിയിൽ ചെന്ന് ഇരുന്നു. ചെറിയമ്മ ഞെട്ടി ഉണൎന്നിട്ട് പറഞ്ഞു:—"നോക്കൂ. ചോറു തണുത്തുപോയല്ലോ. ഒന്നുരണ്ടു ദിവസമായിട്ട് നീ ജലപാനംപോലും കഴിക്കാറില്ല. എവിടെ എങ്കിലും പോകണമെന്നുണ്ടെങ്കിൽ ഊണു കഴിഞ്ഞിട്ടാവരുതോ? ഇവിടെ വന്നതിനുശേഷവും ഇങ്ങനെതന്നെ. ഇനി ഉറങ്ങാൻ കിടന്നാൽ എഴുന്നേല്ക്കുന്നത് എപ്പോഴാണ്? നിനക്കു ഏതു ജന്മത്തിലെങ്കിലും..."ചെറിയമ്മ എന്തോ പറവാൻ ഭാവിച്ചു. എന്നാൽ മകൻെറ ഖിന്നഭാവവും നമ്രശിരസ്സും കണ്ടിട്ട്, അവർ അദ്ധോക്തിയിൽ വിരമിച്ചു. ഒടുവിൽ "നീ ഇതുവരെ എവിടെ ആയിരുന്നു?" എന്നു മാത്രം ചോദിച്ചു.

"ഉമേശമുഖൎജ്ജിയുടെ അവിടെ."

"അവൎക്കൊക്കെ സുഖം തന്നെയോ? ഗ്രാമത്തിലെ മററാളുകറംക്കും സുഖം തന്നെയല്ലേ?"

"എല്ലാവരുടേയും കാൎയ്യങ്ങറം ഒരുമിച്ചു എങ്ങനെ പറയും? എന്നാൽ ഒരു സംഗതി പ്രത്യേകിച്ചു പറയാനുണ്ട്. നമ്മുടെ രാമശങ്കര ഭട്ടാചാൎയ്യർ മരിച്ചുപോയി."

ചെറിയമ്മയ്ക്കു വളരെ മനസ്താപമുണ്ടായി. അവർ ഒന്നും മിണ്ടിയില്ല.

"പാവം! അദ്ദേഹത്തിൻെറ വധു—കഷ്ടം!" എന്നീ വാക്കുകറം അവരുടെ നാവിൽ നിന്നു പുറപ്പെട്ടു. കുറച്ചു കഴിഞ്ഞ് അവർ പറഞ്ഞു:—

"അദ്ദേഹത്തിനു സംസാരശൃംഖലകളിൽ നിന്നു മോചനം ലഭിച്ചു."

വിശ്വേശ്വരൻ ഒന്നും മിണ്ടിയില്ല.

രാത്രി മുഴുവനും അന്നപൂൎണ്ണയ്ക്കു ഉറക്കം വന്നില്ല. ജാഹ്നവിയുടെ ശാന്തവും, സക്ലേശസഹവുമായ രൂപം അവരുടെ മുമ്പിൽ നൃത്തംചെയ്തുകൊണ്ടിരുന്നു. അവർ അതിരാവിലെ എഴുന്നേററ്, ധോത്തിയും മേൽമുണ്ടും എടുത്തുകൊണ്ട് സ്നാനത്തിനായി നദിയിലേയ്ക്കുപോയി. നദിയിൽ ആറംക്കൂട്ടം വളരെയുണ്ടായിരുന്നു. അന്നപൂൎണ്ണയേക്കണ്ടു് എല്ലാവരും കുശലപ്രശ്നങ്ങറം ചെയ്തു. രാമശംകരൻെറവീട്ടിൽ നിന്ന് ചേട്ടത്തി അമ്മയും വന്നിരുന്നു. അവർ ഉച്ചത്തിൽപറഞ്ഞു:—

"നിങ്ങറം ഇനി ഇങ്ങോട്ടു വരികയില്ലെന്നാണ് ഞങ്ങളൊക്കെ വിചാരിച്ചതു്."

"എന്തുകൊണ്ടു്?" എന്നുചോദിച്ചിട്ട്, അന്നപൂൎണ്ണ, വെള്ളവ

സ്ത്രം ധരിച്ച് അവിടെ നിന്നിരുന്ന ജാഹ്നവിയെ നോക്കി. എന്നാൽ അവർ മുഖം തിരിച്ചുകളഞ്ഞു. അല്പം തെക്കു മാറി സാവിത്രി കുളിച്ചു കൊണ്ടിരുന്നു. അവളുടെ ക്ലാന്തമായ മുഖത്തെപ്പിടിച്ച് ഒന്നു ചുംബി ക്കണമെന്നു അവൾക്കു തോന്നി. എന്നാൽ അതിനു ധൈര്യമുണ്ടായില്ല. അവരോടു എങ്ങനെ സംസാരിക്കും? കുളിച്ചു കഴിഞ്ഞു, അവർ പോകാൻ ഭാവിച്ചപ്പോൾ, ഒരു യുവതി ശ്വേതവസ്ത്രം ധരിച്ച് തല മുടി കെട്ടാതെ, സാവിത്രിയാൽ ആശ്ലിഷ്ടയായി നില്ക്കുന്നതു കണ്ടു. അതു് ആരായിരിക്കും? സതിയോ? അന്നപൂർണ്ണ കാഷ്ഠസദൃശം നിശ്ച ലയും നീരവയും ആയി അവിടെ നിന്നുപോയി.

---

## ഒൻപതാം അദ്ധ്യായം.

---

വിശ്വേശ്വരൻ വീണ്ടും തന്റെ മുറിയിൽ തനിച്ചുപോയിരുന്ന്, ഗ്രന്ഥപാരായണത്താൽ മനസ്സിനെ വിനോദിപ്പിക്കാൻ നോക്കി. എന്നാൽ ഇത്തവണ അദ്ദേഹത്തിന്റെ ഉദ്യോഗത്തിനും ഇച്ഛയ്ക്കും തമ്മിൽ പൊരുത്തം കണ്ടില്ല. പടിഞ്ഞാറൻ ദേശങ്ങളിൽ വച്ചു ണ്ടായ ജീവിതാസ്വാദത്തിന്റെ സ്മരണ അദ്ദേഹത്തിനെ വിട്ടുമാറാതെ ഇരുന്നു; തന്നിമിത്തം ഗ്രന്ഥസമൂഹത്തിനിടയ്ക്കു്, കാഷ്ഠഭാരം പേറിയ കഴുതയുടെ അനുഭൂതി കൂടക്കൂടെ ഉണ്ടായി. ഈ മുറിയ്ക്കു് മുമ്പുണ്ടായി രുന്ന ആകർഷണ ശക്തി ഇപ്പോൾ എങ്ങോട്ടു പോയെന്ന് അറിഞ്ഞു കൂടാ. ബാങ്കിൽ പോയിട്ടു തിരിച്ചു വന്നു ഗൃഹകാര്യങ്ങൾ അന്വേഷി ക്കാൻ തുടങ്ങിയപ്പോഴും ഒരു വൈമനസ്യം അദ്ദേഹത്തിനെ ബാധിച്ചു. പാരിവാരത്തിനു ഏൾപ്പിച്ചിരുന്ന നിലങ്ങളിലെ വിളവെടുപ്പു പോയി നോക്കണമെന്നും അദ്ദേഹത്തിനു ആഗ്രഹമുണ്ടായിരുന്നു. അതിലേക്കായി പാതിവാരക്കാരെ വിളിച്ചു വരുത്തി, അദ്ദേഹം ചില തൊക്കെ ചോദിച്ചറിയുകയും ചെയ്തു. എന്നാൽ ഒന്നു രണ്ടു ദിവസം കഴിഞ്ഞപ്പോഴേക്കും അദ്ദേഹത്തിന്റെ മനസ്സു ആ വിഷയത്തിൽനിന്നു വിനിവർത്തിച്ചു. ഒരു ജോലിയിലും ഏർപ്പെടാതെ വിശ്വേശ്വരൻ നദീ തീരത്തിലും മാന്തോട്ടത്തിലും, കദളീവനത്തിലും, മൈതാനത്തിലും, വയലുകളിലും ഒക്കെ ആത്മസന്തുഷ്ടനായ ഒരു പഥികനെന്നോണം ചുററിനടക്കയോ, ചെറിയമ്മയുടെ അടുക്കൽചെന്നു മിണ്ടാതെ ഇരി ക്കയോ ചെയ്തുവന്നു. അന്നപൂർണ്ണാദേവിക്ക് ഈയിടെ എന്തു പററി യൊ? എന്തൊ? അവരുടെ മുഖത്തിനു തീരെ പ്രസന്നത കാണുന്നില്ല. പഴേപോലെ അവർ സ്നേഹപൂർവ്വം സംസാരിക്കാറുമില്ല. ചെറിയമ്മ

യുടെ ഹൃദയത്തിൽ എന്തോ ദുസ്സഹമായ വ്യഥ കടന്നുകൂടിട്ടുണ്ടെന്ന് വിശേശ്വരൻ നിഷ്പ്രയാസം ഗ്രഹിച്ചു. അതുകൊണ്ടത്രേ അദ്ദേഹം അവരുടെ സമീപത്തു സങ്കോചത്തോടുകൂടി വർത്തിച്ചത്. ഒരു ദിവസം ചെറിയമ്മ കാര്യം തുറന്നു പറഞ്ഞു:—

"അതുകട്ടെ, നീ യാതൊരു ചിന്തയും കൂടാതെ ഇങ്ങനെ ഇരിക്ക്. എനിക്ക് വയസ്സായില്ലേ? ഇതേവരെ കഴിച്ചുകൂട്ടിയതുപോലെ തന്നെ ബാക്കി ജീവിതവും ഞാൻ കഴിച്ചുകൂട്ടിക്കൊള്ളാം. നിനക്ക് കല്യാണം കഴിക്കണമെന്ന് സ്വയമേവ ആഗ്രഹം തോന്നുന്നകാലത്ത് അങ്ങനെ ചെയ്തുകൊള്ളുക. ഞാൻ ഇനി ആക്കാര്യത്തെപ്പററി ഒരക്ഷരംപോലും പറയുകയില്ല."

വിശേശ്വരൻ മിണ്ടാതെ ഈ വാക്കുകൾ കേട്ടുകൊണ്ടിരുന്നു. എന്നാൽ കുറേനാളായി ചെറിയമ്മയോടു പറയണമെന്ന് താൻ വിചാരിച്ചിരുന്ന കാര്യം, പറയാനുള്ള അവസരം ഇതുതന്നെയെന്നു അദ്ദേഹം കണ്ടു. ഇനിയും അവക്ക് വല്ലതും പറവാനുണ്ടായിരിക്കമെന്നു വിചാരിച്ച്, അദ്ദേഹം കുറേനേരം മൌനമവലംബിച്ചു. എന്നാൽ അവർ പിന്നൊന്നും മിണ്ടിയില്ല. പഞ്ഞി കടഞ്ഞ് അതിൻെറ കുരു കളഞ്ഞുകൊണ്ട് അവർ മിണ്ടാതെ ഇരുന്നു.

അല്പം പശ്ചാത്താപത്തോടുകൂടി യുവാവു പറഞ്ഞു:—

"ചെറിയമ്മേ! അവരേപ്പററി വല്ല വർത്തമാനവും അറിഞ്ഞോ?"

പഞ്ഞി കടയുന്ന ജോലിയിൽ നിന്ന് വിരമിച്ചിട്ട്, അവർ വിശേശ്വരനേ നോക്കിക്കൊണ്ടു ചോദിച്ചു:—

"എന്തു വർത്തമാനം?"

"ഈയിടയ്ക്ക് അവർ എങ്ങനെ കഴിച്ചുകൂട്ടുന്നു? അവരോടു അന്നത്ര നീചമായി പെരുമാറിയതിനു ശേഷം, ഇപ്പോൾ അവരുടെ വീട്ടിൽ ചെന്നു അവക്ക് ഉണ്ടായിട്ടുള്ള വിപത്തുകൾ കണ്ട് ചിരിക്കാനെന്നോണം വർത്തമാനങ്ങൾ ചോദിച്ചറിവാൻ ഒരുമ്പെടുന്നതിനു എനിക്കു പിച്ചുണ്ടോ?"

അവരുടെ ഈ തിരസ്കാരത്തേ കേട്ടിട്ടും, കേൾക്കാത്ത മട്ടിൽ വിശേശ്വരൻ വീണ്ടും പറഞ്ഞു:—

"അവരുടെ വീട്ടിൽ പോകാതെ തന്നെ വിവരങ്ങൾ അറിയാമല്ലോ."

"അവർ എത്ര നല്ലവരെന്ന് ഇത്ര അടുത്തു താമസിച്ചിട്ടും നീ ഇതുവരെ മനസ്സിലാക്കീട്ടില്ല. എനിക്കു നല്ലപോലെ അറിയാം. മരിച്ചുപോയാലും, അവർ അന്യന്മാരുടെ മുമ്പിൽ ചെന്നു തെണ്ടിപ്പരിഷകളുടെ മട്ടിൽ സ്തുതിപാഠം ചെയ്തു 'വല്ലതും തരണേ' എന്നു പ്രാർത്ഥിക്കയില്ല. ഈയിടെ ഹരിചെന്ന് അവരുടെ കാര്യങ്ങൾ അന്വേഷിക്കാറുണ്ടെന്നു കേൾക്കുന്നു."

വിശേശ്വരൻ മനഃക്ലേശത്തോടു കൂടി പറഞ്ഞു:—
"ഹരിയോ! അവൻ കൈവിട്ടു പോയില്ലേ? തീരെ അധഃപതിച്ചു പോയി. അവനും ഡിപ്യൂട്ടി സാഹേബിൻെറ ഓരുമകനായ നരേന്ദ്രജമിൻദാരും കൂടി കുതിരപ്പുറത്തു കേറി സവാരി ചെയ്യുന്നതു ഞാൻ ഒരിക്കൽ കണ്ടു. അവൻെറ മോടിയും ആഡംബരവും അകരത്തിലുള്ള എല്ലാവരുടേയും ദൃഷ്ടിയിൽ പെടാതിരുന്നില്ല. ഛേ! അവനു നാണം കണികാണാൻ പോലുമില്ലാത്തതിലാണു അത്ഭുതം."
"അതു എനിക്ക് എങ്ങനെ അറിയാം? അവൻെറ വേഷം കണ്ടു അവരുടെ ദാരിദ്ര്യം ഒക്കെ നീങ്ങിപ്പോയെന്ന് ആളുകൾ ഭ്രമിച്ചു പോയിരിക്കണം."
"ചെറിയമ്മേ! ഒരു ദിവസം നിങ്ങൾക്കു അങ്ങോട്ടു ഒന്നു പോകരുതോ?"
അന്നപൂർണ്ണ അല്പം ആലോചിച്ചിട്ടു കോപത്തോടുകൂടിപറഞ്ഞു:—
"ഇല്ല—എന്നെക്കൊണ്ട് അക്കാൎയ്യം സാധിക്കയില്ല. എനിക്ക് സതിയുടെ അമ്മയുടെ മുഖത്തു നോക്കാൻ നാണമില്ലേ? വേണമെങ്കിൽ നീ പോയി വിവരമറിഞ്ഞുവാ."
വിശേശ്വരൻ ആലോചിച്ചു നോക്കിയതിൽ ഒരു വഴിയും കണ്ടില്ല. അവർ അത്യന്തം കഷ്ടസ്ഥിതിയിലാണെന്നുള്ള കാൎയ്യത്തിൽ അദ്ദേഹത്തിനു തീരെ സംശയമില്ലായിരുന്നു. എന്നാൽ അവൎക്കു സഹായം ചെയ്തു കൊടുക്കാനുള്ള മാൎഗ്ഗം എന്തു്?ഒരുപായവും അദ്ദേഹത്തിൻെറ ബുദ്ധിയിൽ ഉദിച്ചില്ല. കാളി കുട്ടിയാണ്. അവൻ വഴിക്കുവല്ലതും ചെയ്താൽ കാൎയ്യം ഉടൻതന്നെ വെളിയിലാവും. അതു് ശരിയല്ല. ഒട്ടുവളരെ നേരം ഗാഢമായി ആലോചിച്ചതിൻെറ ശേഷം, "വരുന്നതു വരട്ടേ! സാവിത്രിയോടും സതിയോടും ഇക്കാൎയ്യത്തെപ്പററി സംസാരിക്കതന്നെ വേണം. സഹായം സ്വീകരിക്കാൻ അവരോടു അപേക്ഷിക്കണം" എന്ന് അദ്ദേഹം ഉറച്ചു. പക്ഷേ അങ്ങനെ ഒന്നു സങ്കല്പിക്കുന്നതിനു തെല്ലും പ്രയാസമുണ്ടായിരുന്നില്ല. ആ സങ്കല്പത്തെ പ്രവൃത്തിരൂപത്തിൽ പരിണമിപ്പിക്കുന്ന കാൎയ്യം വിശേശ്വരനെസ്സംബന്ധിച്ചിടത്തോളം വളരെ കഠിനമായിരുന്നു. ഒന്നാമതായി സംകോചം കണക്കിലധികം; രണ്ടാമതായി സതിയേയും സാവിത്രിയേയും കണ്ടുമുട്ടുന്ന കാൎയ്യം ബഹു ദുൎഘടം. ഈ നിലയിൽ എന്താണുചെയ്യുക.
സതീസാവിത്രിമാർ ദരിദ്രസന്താനങ്ങൾ; വിശേശ്വരൻ ഭാഗ്യവാരാശിയും. അതുകൊണ്ടു് ആ രണ്ടുകൂട്ടരും വെളിയിൽ അധികം ഇറങ്ങി നടക്കുന്നവരല്ല. സാവിത്രി ചിലപ്പോൾ വെള്ളംകോരാനായിനദീ

തീരത്തിൽ വരാറുണ്ട്. അവളെ വേണമെങ്കിൽ അവിടെവെച്ചുകാണാം. സതിയ്യാവട്ടെപടിഞ്ഞാറുവശത്തുള്ള കുളം വിട്ടുവെളിക്കു പോകാറേ ഇല്ല. ഉൾനാട്ടുകളിൽ നല്ല നല്ല കുടുംബങ്ങളിൽജനിച്ച ബാലിക മാർ പോലും വെളിയിൽ ധാരാളം സഞ്ചരിക്ക പതിവാണ്. അതിൽ ആക്ഷേപമൊന്നുമില്ല. എന്നു വരികിലും, ദരിദ്ര ജനങ്ങളുടെ കന്യ കമാർ തങ്ങളുടെദീനസ്ഥിതി ഓൎത്തു്, വെളിയിൽ അധികമായി ഇറ ങ്ങാറില്ല. സാവിത്രിയേപ്പററി അവിടവിടെ ആളുകൾ ചൎച്ചചെയ്യു തുടങ്ങിയിരിക്കുന്നു. "അല്ല! സാവിത്രിക്കു പ്രായപൂൎത്തി ആയല്ലോ— പതിനാലു വയസ്സു തീൎന്നായും കാണണ്ടേ? ഇനി എന്നാണ് കല്യാ ണം നടത്താൻ പോകുന്നതു്?" എന്നൊരുത്തി പറഞ്ഞു. ഹൃദയത്തിന സ്വല്പം മാൎദ്ദവമുള്ള മറെറാരുത്തിയാകട്ടേ "ചേട്ടത്തിയ്യു നടത്തിയ മാതിരി ഒരു വിവാഹം നടത്താതിരിക്കയാണ് ഭേദം. മനോവേദ നയെങ്കിലും ഇല്ലാതിരിക്കുമല്ലോ" എന്നു അഭിപ്രായപ്പെട്ടു. ധൎമ്മത്തിൽ നിന്ന് എള്ളിടപോലും വ്യതിചലിക്കാത്ത ചില സമുദായസംരക്ഷി ണികൾ വിറപൂണ്ടുകൊണ്ടു പറഞ്ഞു:—"ഘോര! ഘോര! അതൊക്കെ നോക്കാറുണ്ടോ? എല്ലാം കൎമ്മഫലമാണ്. തലയിൽ എഴുതിവിട്ടതു മാച്ചുകളയാൻ ആൎക്ക് സാധിക്കും? അതുകൊണ്ടു വിവാഹം ചെയ്യി ക്കാതിരിക്കുന്നതു് ഉചിതമല്ല. ജാതി മൎയ്യാദയെ ലംഘിക്കാമോ? അത ല്ലേ പ്രധാനമായി ആലോചിപ്പാനുള്ളതു്?"

വെളിക്കിറങ്ങിയാൽ സാവിത്രിക്ക് ഈ മാതിരി പലതും കേൾക്കേണ്ടിവരും. അതുകൊണ്ടു അവൾ വളരെ ദുഃഖിച്ചാ ണ് വെളിയിൽ സഞ്ചരിക്കാറുള്ളതു്. ഗ്രാമവാസികൾ ഊണുകഴി ച്ചു്, വിശ്രമിക്കുന്ന അവസരം നോക്കിയേ അവൾ വെളിയിൽ ഇറങ്ങു. ഈ സംഗതി വിശേശ്വരൻ ഊഹിച്ചറിഞ്ഞു. ഇതു ഒരു നല്ല അവസരമാണെന്ന് അദ്ദേഹം വിചാരിച്ചു. അതിലുള്ള ദൂഷ്യം അദ്ദേഹം മനസ്സിലാക്കാതിരുന്നുമില്ല. പക്ഷേ വേറെ നിവൃത്തി എന്തു്? ഓൎമ്മയുണ്ടായ കാലം മുതൽക്കു അദ്ദേഹം അന്യഗൃഹത്തിൽ പോകാറില്ല. ഇങ്ങനെ ഒരു വിചിത്രസ്വഭാവം അദ്ദേഹത്തിനുണ്ട്. ലജ്ജയ്ക്കും അതിരില്ല. ആരോടും മുഖത്തുനോക്കി സംസാരിക്കുന്ന കാൎയ്യം വിശേശ്വരന് വലിയ വിഷമമാണ്. വിശേഷിച്ചു്; ഈ അവസരത്തിൽ ധൎമ്മവാസസ്സും ധരിച്ചു് പുറപ്പെട്ടിരിക്കയുമാകുന്നു. പിന്നെ എങ്ങനെ ഭട്ടാചാൎയ്യരുടെ ഗൃഹത്തിൽ, ജാഹ്നവീദേവിയുടെ മുമ്പിൽ ചെന്നു നില്ക്കും? ഈ വേഷപ്പകൎച്ച കണ്ടാൽ അവരെന്തു വിചാരിക്കും? പോരെങ്കിൽ അവരുടെ മുമ്പിൽ പ്രത്യക്ഷീഭവിച്ചു സംകോച ത്തിനു കാൎയ്യവുമുണ്ടല്ലോ. ആ അവമാനത്തെ അവർ അല്പമെങ്കിലും മറന്നുകാണുമോ?

മദ്ധ്യാഹ്നത്തിലെ പ്രശാന്തവേളയിൽ വിശ്വേശ്വരൻ വൃക്ഷയരായയെ അവലംബിച്ച് അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരിക്കേ, അരയാലിൻെറ ചുവട്ടിൽ അല്പം നിന്ന്, അതിൻെറ തൂങ്ങിക്കിടന്ന ഒരു ശാഖയിൽ പിടിച്ചുവലിച്ചുകൊണ്ടിരുന്നു. ശീതത്തിൻെറ പ്രഥമസഞ്ചാരം പ്രകൃതിശരീരത്തെ കണ്ടകിതമാക്കി. വൃശ്ചികക്കൃഷി ഇറക്കിയ വയലുകൾ ലക്ഷ്മീഭഗവതിയുടെ മനോഹരമായ പട്ടുവസനംപോലെ വിളങ്ങി. ഉന്നതവും ഋജുവുമായ നാളികേരവൃക്ഷങ്ങൾ ഫലാഭോഗത്താൽ നമ്രങ്ങളായി നിന്നു. പാകഫലങ്ങൾ കൊതിച്ച് വാഴകളിൽ പറന്നെത്തിയ പക്ഷികൾ ചലപലച്ചിലച്ചു കൊണ്ടിരുന്നു. മാദ്ധ്യാഹ്നികമാരുതൻ വംശരന്ധ്രങ്ങളിൽ പ്രവേശിച്ച്, ഇടയ്ക്കിടയ്ക്ക് മധുരവും കരുണരസഭരിതവുമായ കുഴൽനാദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ഐശ്വര്യം, ലാവണ്യം, പ്രത്യാശ, ആനന്ദം ഇവയുടെ സമൃദ്ധിയാൽ അനുഗൃഹീതമായ ഈ പ്രദേശത്തെ, ചിത്രകാരൻെറ സ്വപ്നഛവിയെന്നോണം വിശ്വേശ്വരൻ കണ്ടു. നാലു ദിക്കിലും വൈഷ്ണവശക്തിയായ ശ്രീദേവിയുടെ സ്നിഗ്ദ്ധകടാക്ഷങ്ങൾ പതിഞ്ഞിരിക്കുന്നതുപോലെതോന്നി. വളരെ ദൂരത്തുനിന്ന്, രൂക്ഷകേശിനിയും മലിനവസനയും ആയ ഒരു ദരിദ്രബാലിക മാത്രം ഒരു വലിയകുടം താങ്ങിയെടുത്തുകൊണ്ട്, അതിൻെറ ഭാരത്താൽ അവനതാംഗിയായി പതുക്കെപ്പതുക്കെ നടന്നുവന്നുകൊണ്ടിരുന്നു. അതു കണ്ടപ്പോൾ വിശ്വേശ്വരൻെറ കണ്ണുകൾ നിറഞ്ഞുപോയി.

അവൾ അടുത്തുവന്നു. വിശ്വേശ്വരൻ സംഭ്രമം നിമിത്തം തൂഷ്ണീകനായി നിന്നുപോയി. അവളെ ഒന്നു വിളിക്കാനുള്ള ധൈര്യംപോലും അദ്ദേഹത്തിനുണ്ടായില്ല. ആ സ്ഥിതിക്ക് സംസാരിക്കുന്ന കാര്യം പറയാനുണ്ടോ? സംകോചം കൊണ്ട്, തന്നെ അവൾ കാണാതിരുന്നെങ്കിൽ നന്നായിരുന്നു എന്നു പോലും, അദ്ദേഹം വിചാരിച്ചു. ഈ അവസ്ഥയിൽ തന്നേ കാണുന്ന പക്ഷം, സാവിത്രിയും ലജ്ജിക്കാതിരിക്കയില്ലെന്നു വിചാരിച്ച്, അദ്ദേഹം തൻെറ ബുദ്ധിഹീനതയെ ശപിച്ചു. അദ്ദേഹത്തിൻെറ ഈ സംകോചത്തെ ഈശ്വരൻ ദൂരീകരിച്ചതുമില്ല. ഒരു പെൺകുട്ടിയേപ്പോലെ നാണംപൂണ്ടു, വിശ്വേശ്വരൻ അരയാൽ വൃക്ഷത്തെ നോക്കിക്കൊണ്ടു നിന്നു. എന്നാൽ സാവിത്രി അദ്ദേഹത്തിനേ കാണാതിരുന്നില്ല. ലജ്ജിതയും സംകോചവതിയും കർത്തവ്യവിമൂഢയും ആയിട്ട് അവൾ, 'അവിടെനിന്നു കളഞ്ഞാലോ?' എന്നു ആലോചിച്ചു. എന്നാൽ അവൾ ഒരുവിധം തൻെറ ലജ്ജയെ ഒതുക്കീട്ട്, നമ്രശിരസ്കയായി മുന്നോട്ടു തന്നെ നടന്നു.

വിശേശ്വരൻ ഇതിനിടയ്ക്ക്, താൻ ചെയ്യേണ്ടതെന്തെന്നു, ആലോചിച്ച് ഉറച്ചു കഴിഞ്ഞു. ഈ അവസരത്തിൽ സംകോചം ഭാവിച്ചാൽ ഇതുപോലെ ഒരു സൌകര്യം ഇനി കിട്ടുമോ? അതുകൊണ്ടു ധൈര്യം അവലംബിച്ചു അദ്ദേഹം മുമ്പോട്ടു നടന്നു. 'സാവിത്രി' എന്ന് ഒന്നു വിളിച്ചു.

സാവിത്രി ഞെട്ടി. അവൾ തിരിഞ്ഞുനോക്കാതെ നടന്നു.

വിശേശ്വരൻ പിന്നെയും പറഞ്ഞു:—

"സാവിത്രി! അല്പം അവിടെ നിൽക്കൂ. എനിക്ക് ഒരു കാര്യം പറയാനുണ്ട്. കേട്ടിട്ടു പോവുക"

സാവിത്രി അവിടെ നിന്നു. ഒരു പ്രാവശ്യം അദ്ദേഹത്തിൻെറ മുഖത്തേക്ക് നോക്കീട്ട് അവൾ അധോമുഖിയായി മൃദുസ്വരത്തിൽ ചോദിച്ചു:—

"അങ്ങ് എന്താണ് പറഞ്ഞത്?"

വിശേശ്വരൻ പിന്നെയും ദുർഘടത്തിലായി. എങ്ങനെയാണ് സംഭാഷണം തുടങ്ങേണ്ടതു്? കുറച്ചുനേരം ഒന്നും മിണ്ടാതെ നിന്നിട്ട് ഒടുവിൽ സാവിത്രിയേക്കാളും മൃദുസ്വരത്തിൽ ഇങ്ങനെ ആരംഭിച്ചു.

"നിൻെറ ചേട്ടൻ ഈയിടെ അവിടെ വരാറുണ്ടോ?"

"ചിലപ്പോഴൊക്കെ വരാറുണ്ട്."

"അയാൾക്കു ജോലി വല്ലതും കിട്ടിയോ?"

കൌതുഹലപൂർവ്വം അദ്ദേഹത്തിൻെറ മുഖത്തേക്കു നോക്കിക്കൊണ്ട് സാവിത്രി ചോദിച്ചു:—

"എന്തുജോലി?"

"ഉദ്യോഗം വല്ലതും കിട്ടിയോ?"

"എന്തോ."

"നിനക്കു നിശ്ചയമില്ലേ."

"ഇല്ല."

വളരെ പ്രയാസപ്പെട്ട് പൂർവ്വാധികം കോമളമായ സ്വരത്തിൽ അദ്ദേഹം പിന്നെയും ചോദ്യം തുടങ്ങി.

"അയാളാണോ വീട്ടുവേലകൾ നടത്തിക്കൊണ്ടിരിക്കുന്നതു്."

ഈ പ്രശ്നത്തിനു സാവിത്രി മറുപടി പറഞ്ഞില്ല. അതു് അവൾക്ക് തീരെ രസിച്ചില്ലെന്നു വിശേശ്വരൻ ഗ്രഹിച്ചു. അദ്ദേഹം സങ്കോചം കൈവെടിഞ്ഞിട്ടു പറഞ്ഞു:—

"നീ അന്യഥാ ധരിക്കരുതു്. ഇവിടങ്ങളിലുള്ളവരുടെ സ്ഥിതിഗതികൾ അറിയാൻ ആഗ്രഹമുള്ളതുകൊണ്ട് മാത്രം ചോദിക്കുന്നതാണ്. നിനക്കു നീരസം തോന്നുന്നുണ്ടോ?"

ഇല്ല."

"നിൻെറ സഹോദരൻ പണം തരാറുണ്ടോ? പണം ഇല്ലാതെ ഈ ലോകത്തിൽ ഒരു കാൎയ്യവും നടക്കയില്ലല്ലോ! അതുകൊണ്ട് ചോദിക്കുന്നു. അത്രേയുള്ളു."

"ചിലപ്പോഴൊക്കെ വല്ലതും തരാറുണ്ട്."

"അതുകൊണ്ട് എല്ലാ ചെലവുകളും നടക്കുമോ? വല്ലതിനും ബുദ്ധിമുട്ടു നേരിടാറുണ്ടോ?"

സാവിത്രി അല്പം അധീരയായിട്ടു പറഞ്ഞു:—

"ബുദ്ധിമുട്ടുകളൊന്നുമില്ല. ഞാൻ പോകുന്നു."

"സ്വല്പംകൂടി നില്ക്കുക! നീ ഒന്നും തെളിച്ചു പറയുന്നില്ല. എന്തിനാണ് ഇത്ര സംകോചം? ഞാൻ നിങ്ങളുടെ ഒരു സഹോദരനാണ്. അന്യനല്ല. എന്നോടു പറയുന്നതിൽ സംശയിക്കാനെന്തുള്ളു?"

സാവിത്രി തൻെറ മുഖത്തെ തെല്ലൊന്നുയൎത്തി, പുരികം അല്പം ചുളിച്ച്, വിശാലമായ നേത്രങ്ങളാൽ അദ്ദേഹത്തിനെ നോക്കിക്കൊണ്ട് ക്രോധനിർഭരമായ സ്വരത്തിൽ ചോദിച്ചു.

"അങ്ങ് അങ്ങയുടെ വീട്ടുകാൎയ്യങ്ങളെല്ലാം വഴിനീളേ പറഞ്ഞുകൊണ്ടു നടക്കാറുണ്ടോ? ഈ മാതിരി സംഗതികൾ അന്യന്മാരോടു പറയുന്നത് അനുചിതമാണെന്ന് അങ്ങ് ഇതേവരെ ധരിച്ചിട്ടില്ലായിരിക്കാം."

വിശ്വേശ്വരൻ ചകിതനായി; എന്നിട്ടും ഇത്തവണ മൌനമവലംബിച്ചില്ല.

"എല്ലാവരോടും പറഞ്ഞുകൊണ്ടു നടക്കുന്നതു ഭംഗിയല്ലെന്നു ഞാനും സമ്മതിക്കുന്നു. വല്ലവരും ചോദിച്ചാൽ പറയുന്നതിൽ എന്താണാക്ഷേപം?"

"ആക്ഷേപമൊന്നും ഇല്ലായിരിക്കാം—എന്നാൽ അതുകൊണ്ടുണ്ടാകുന്ന ലാഭം?—എനിക്ക് പോകണം. ഇനി താമസിക്കാൻ തരമില്ല."

"സാവിത്രീ! നീ കേൾക്കു! ഞാൻ അന്യനെങ്കിലും നിങ്ങളെ സഹോദരങ്ങളായിട്ടാണ് വിചാരിച്ചിരിക്കുന്നത്. നിങ്ങളെ ലജ്ജിപ്പിക്കണമെന്നോ ഹാസ്യപാത്രങ്ങളാക്കണമെന്നോ എനിക്ക് വിചാരമില്ല. സ്വന്ത ജനങ്ങളിൽ ഒരുവനെപ്പോലെ അത്യന്തം വ്യാകുലഭാവത്തോടുകൂടി ഞാൻ ചോദിക്കുന്നു. ഇതിൽ എന്താണ് അപരാധം? ഞാൻ അന്യനാണെങ്കിലും......"

ഇതുവരെ സാവിത്രിക്ക് ഈൎഷ്യയും ആശ്ചൎയ്യവും തോന്നിയിരുന്നു. എന്നാൽ വിശ്വേശ്വരൻെറ സഹാനുഭൂതി നിറഞ്ഞ വാക്കു

കഠം കേട്ടപ്പോഠം, അവളുടെ ഈർഷ്യയൊക്കെ അകന്നു വിശേശ്വരൻെറ വിശാലനേത്രങ്ങളിൽ അശ്രുക്കഠം നിറഞ്ഞിരിക്കുന്നതു കണ്ട മാത്രയിൽ അവളുടെ ഹൃദയം ലജ്ജയ്ക്കും ദുഃഖത്തിനും അധീനമായി. അവഠം നിലത്തു ദൃഷ്ടികഠം പതിപ്പിച്ചുകൊണ്ട്, ക്ഷീണസ്വരത്തിൽ പറഞ്ഞു:—

"അങ്ങ് ക്ഷമിക്കണം. ഞങ്ങഠംക്കു ബുദ്ധിമുട്ടുകഠം വല്ലതുമുണ്ടോ എന്നല്ലേ അങ്ങു ചോദിച്ചതു്? ഞങ്ങഠംക്കു യാതൊരു ബുദ്ധിമുട്ടുകളും ഇപ്പോഠം ഇല്ല. ഒരു വിധം കഴിഞ്ഞു കൂടുന്നുണ്ട്."

"അതു് എനിക്കു അറിയാം. എല്ലാവരും ഒരു വിധം കഴിച്ചുകൂട്ടിക്കൊണ്ടു തന്നെയാണ് ഇരിക്കുന്നതു്. എന്നാൽ ചിലർ സുഖമായി കാലം നയിക്കുന്നു; മററു ചിലർ കഷ്ടിച്ചു കൃത്യം കഴിച്ചു വരുന്നു"

"ഞങ്ങഠം രണ്ടുപേരും അവസരമുള്ളപ്പോഴൊക്കെ ചില്ലറ ജോലികഠം ചെയ്തു് അല്പം പണം ഉണ്ടാക്കുന്നുണ്ട്. അമ്മയ്ക്കു സുഖമില്ലാത്തതിനാൽ, അവക്കു ജോലിചെയ്യാൻ നിവൃത്തി ഇല്ല. ചേട്ടൻ വല്ലതും തരും. ഇതുകൊണ്ടെല്ലാം കാര്യങ്ങഠം നടന്നു പോകുന്നു. ഒരു ബുദ്ധിമുട്ടും ഞങ്ങഠംക്കു ഇപ്പോഠം ഇല്ല."

ജന്മനാ ദുഃഖിതയായ സാവിത്രിക്കു് ദുഃഖത്തോടു തന്മയഭാവം വന്നു പോയതിനാൽ, അവഠംക്കു ദുഃഖമെന്നാൽ എന്തെന്നുകൂടി അറിവില്ലാതിരിക്കുമെന്ന്, വിശേശ്വരൻ വിചാരിച്ചു. അല്പം ധൈര്യമവലംബിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:—

"നിങ്ങളുടെ സഹോദരൻ കുറച്ചു പണം തരാറുണ്ട്. നിങ്ങളും അധ്വാനിച്ചു അല്പം പണം ഉണ്ടാക്കുന്നു. അകട്ടെ! ഞാൻ നിന്നേ എൻെറ കൊച്ചനിയത്തിയായി ഗണിച്ചും നിൻെറ മാതാവിനെ പൂജിക്കാനായിട്ടും ഒരു ചെറിയ തുക തരുന്നപക്ഷം നീ അതു സ്വീകരിക്കാതിരിക്കുമോ?"

സാവിത്രി വിസ്മിതയായിട്ടു പറഞ്ഞു:—

"അതു് എനിക്കു് പറയാൻ നിവൃത്തിയില്ല. അമ്മയോടും ചേച്ചിയോടും ചോദിക്കണം."

"അങ്ങനെ അകട്ടേ—ഈ കടലാസ്സ് അമ്മയുടെ പാദത്തിൽ സമപ്പിക്കണം" എന്നു പറഞ്ഞിട്ടു ഒരു തുണ്ടു കടലാസ്സ് സാവിത്രിയുടെ ചേലാഞ്ചലത്തിൽ അദ്ദേഹം കെട്ടി. സാവിത്രി ഉദ്വിഗ്നയായിട്ടു് "വേണ്ട, വേണ്ട, എനിക്കു് അങ്ങനെ ചെയ്യാൻ പാടില്ല. അങ്ങ് അവിടെ വന്നു, അമ്മയുടെ കൈയിൽ കൊടുത്തിട്ടു് ചോരണം എന്നെ ഏല്പിക്കരുതു്" എന്നുതടുത്തു.

വിശ്വേശ്വരനാകട്ടെ അതൊന്നും വകവയ്ക്കാതെ തൻെറ ജോലി നിവ്വഹിച്ചിട്ടു നടകൊണ്ടു.

"നീ അതുകൊണ്ടുചെന്നു കൊടുക്കുക. അമ്മ വിളിക്കുന്നപക്ഷം ഞാൻ പിന്നീടു വന്നു കണ്ടുകൊള്ളാം. നീ വേഗം വീട്ടിലേക്കു പോവുക. ഇത്ര വലിയ കുടം വളരെ നേരമായി നീ ചുമന്നുകൊണ്ടിരിക്കുന്നല്ലോ. അതുകൊണ്ടു് താമസിക്കേണ്ട. പോവുക"

എന്നുമാത്രം പറഞ്ഞിട്ടു് അദ്ദേഹം എങ്ങും നില്ക്കാതെ നടന്നുകളഞ്ഞതിനാൽ, സാവിത്രി പരാജിതയായി.

അടുത്ത ദിവസം രാവിലെ വിശ്വേശ്വരൻ എന്തോ കാൎയ്യത്തിനായി ചെറിയമ്മയുടെ അടുക്കൽ ചെന്നപ്പോൾ, സാവിത്രി ഒരു കുട്ടയിൽ കുറേ പുഷ്പവുമായി അവിടെ വന്നിരിക്കുന്നതു കണ്ടു. ചെറിയമ്മ വളരെ വാത്സല്യത്തോടുകൂടി അവളോടു കുശലപ്രശ്നങ്ങൾ ചെയ്തു. തന്നോടു എന്തോ സംസാരിക്കാനായിട്ടായിരിക്കണം സാവിത്രി വന്നതെന്നു വിശ്വേശ്വരൻ ഊഹിച്ചു. എന്നാൽ അതു് എന്തായിരിക്കുമോ? ഒരു പക്ഷേ തങ്ങളുടെ ദുഃഖകഥാഗാനം ചെയ്യാനായിരിക്കാം. അല്ലാതെ മറെറന്തുപറവാനുള്ളു? ആനന്ദപരവശനായി, അദ്ദേഹം തൻെറ മുറിയിൽ ചെന്നു അവളുടെ വരവു കാത്തിരുന്നു. അല്പം കഴിഞ്ഞപ്പോൾ സാവിത്രി കുറേ പുഷ്പങ്ങളോടുകൂടി അദ്ദേഹത്തിൻെറ മുറിയിലേക്കുവരുന്നതു അദ്ദേഹം കണ്ടു. വിശ്വേശ്വരനു പുഷ്പങ്ങളോടു വളരെ പ്രതിപത്തി ഉണ്ടെന്നു് ചെറിയമ്മയ്ക്കു് അറിയാമായിരുന്നതിനാൽ ദിവസേന കുറേ പുഷ്പങ്ങൾ അദ്ദേഹത്തിൻെറ മുറിയിൽ കൊണ്ടുചെന്നു വെക്കാറുണ്ടായിരുന്നു. ഇന്നു് സ്വയം അങ്ങനെ ചെയ്യാതെ സാവിത്രിമുഖേന അയച്ചതായിവരാം. ചെറിയമ്മയുടെ ഉദ്ദേശ്യം അദ്ദേഹത്തിനു് ദുരൂഹമായിരുന്നില്ല. സാവിത്രി വാതുക്കൽവരെ നടന്നിട്ടു്, അകത്തേക്കു കടക്കാൻ അല്പം പരുങ്ങിയതുകണ്ടു വിശ്വേശ്വരൻ മധുരമായസ്വരത്തിൽ "സാവിത്രി അകത്തേക്കുവരാം" എന്നു പറഞ്ഞു.

സാവിത്രി മുറിക്കുള്ളിലേക്കു കടന്നു. കൈയിലുണ്ടായിരുന്ന പുഷ്പം മേശപ്പുറത്തു കിടന്ന പുസ്തകത്തിൻെറ മേൽവച്ചിട്ടു അവൾ പറഞ്ഞു:—

"അങ്ങയുടെ ചെറിയമ്മ ഈ പുഷ്പം ഇവിടെ കൊണ്ടുവന്നു വെയ്ക്കാൻ പറഞ്ഞു."

"അവിടെ വെച്ചേയ്ക്കു. നീ ചെറിയമ്മയ്ക്കു പൂക്കൾകൊണ്ടുവന്നു കൊടുക്കാനായിവന്നോ? അതോ വിശേഷിച്ചു വല്ലകാൎയ്യവും ഉണ്ടോ"

ബാലികയുടെ വിളൎത്തകപോലങ്ങളിൽ പെട്ടെന്നു രക്തപ്രസരം ഉണ്ടായി. അവൾ അധോമുഖിയായി നിന്നു കൊണ്ടു പറഞ്ഞു:—

"വേറേ കാൎയ്യമുണ്ട്. വെറുംകൈയോട്ടു വരുന്നതെങ്ങനെ എന്നുവിചാരിച്ച് കുറേ പുഷ്പങ്ങൾകൊണ്ടുവന്നുവെന്നേ ഉള്ളൂ"

എന്നുപറഞ്ഞിട്ടു അവൾ ചേലാഞ്ചലത്തിൽ കെട്ടിയിരുന്ന ഒരു തുണ്ടുകടലാസ്സ് എടുത്തു പുഷ്പത്തിനടുത്തുവെച്ചു. വിശേശ്വരൻ ഒന്നുഞെട്ടി. മുമ്പോട്ടുവന്നിട്ട് അദ്ദേഹം ചോദിച്ചു.

"ഇതെന്താണ്?"

"ഇതു് അങ്ങെയുടെ നോട്ടാണ്. ഞങ്ങൾക്കു ഇപ്പോൾ പണത്തിനു് വിശേഷിച്ച് യാതൊരു ആവശ്യവുമില്ലെന്നു ചേച്ചി പറഞ്ഞു. ഞങ്ങളേക്കാൾ ദരിദ്രരായ പലരും ഈ നാട്ടിൽ ഉണ്ട്. അവൎക്കാൎക്കാനും കൊടുത്താൽ, ആ സാധുക്കൾ നിങ്ങളേ ആശീൎവ്വദിക്കും. ഞങ്ങൾക്കു ആവശ്യമില്ല."

വിശേശ്വരൻ കമ്പിതഗാത്രനായി, കുറേനേരം ഒരു അപരാധി എന്നപോലെ മിണ്ടാതെ നിന്നു. ഒടുവിൽ ഇങ്ങനെ ചോദിച്ചു:—

"നിങ്ങളുടെ അമ്മ എന്തുപറഞ്ഞു?"

"ഇതറിഞ്ഞാൽ അവൎക്കു വലിയ സങ്കടമുണ്ടാവും. അതുകൊണ്ട് അവരോടു പറയാൻ ചേച്ചി സമ്മതിച്ചില്ല."

"കേട്ടാൽ സങ്കടമുണ്ടാവുകയോ? ഒരിക്കലുമില്ല. സങ്കടമെന്തിന്? ഞാൻതന്നേ ചെന്ന് അവരോടു പറയാം. അവർ തീൎച്ചയായും ഇതുവാങ്ങിക്കാതിരിക്കയില്ല."

"അങ്ങ് ഒരിക്കലും അങ്ങനെ ചെയ്യരുതു്. അമ്മ തീൎച്ചയായും സ്വീകരിക്കയില്ലെന്ന് ചേച്ചി പറഞ്ഞു. വിശേഷിച്ച് ചേച്ചി പറയുന്നതുപോലെയല്ലാതെ അമ്മ പ്രവൎത്തിക്കയില്ല. അതുകൊണ്ട് അങ്ങ് അങ്ങനെ ചെയ്യുന്നപക്ഷം, അതു് ഇരുപാട്ടുകാൎക്കും സങ്കടത്തിനു കാരണമായിത്തീരും. അങ്ങുതന്നെ ഈ പണം എടുത്തുകൊള്ളണം. ഞങ്ങൾക്ക് ഇപ്പോൾ പണത്തിന്റെ ആവശ്യമില്ലെന്നാണ് ചേച്ചി പറഞ്ഞയച്ചതു്."

സാവിത്രി പൊയ്ക്കളഞ്ഞു. വിശേശ്വരൻ മുഗ്ദ്ധനായിട്ട് അവിടെത്തന്നെ ഇരുന്നു.

—:✻:—

## പത്താം അദ്ധ്യായം.

---

നല്ല നിലയിൽ ഇരിക്കുന്ന ഗൃഹസ്ഥന്മാർ കാലവൈപരീത്യത്താൽ ദരിദ്രരായിത്തീരുമ്പോൾ, അവൎക്ക് ദാരിദ്ര്യത്തിൽ നിന്നുണ്ടാകുന്നതിലധികം കഷ്ടത ആത്മാഭിമാനത്തിൽ നിന്നുണ്ടാവുന്നു. നല്ല

കാലത്തു യാതൊരു സംകോചവും കൂടാതെ പരന്മാരിൽ നിന്നു അഭ്യുപഗമിക്കുന്ന ഉപകാരങ്ങൾ പോലും ദുർദ്ദശയിൽ നിശിതശരങ്ങൾ പോലെ ഹൃദയത്തെ ഭേദിക്കുന്നു. മനുഷ്യനു ദുഃഖഹേതുകമായിരിക്കുന്നതു് യാതൊന്നോ, അതിനേപ്പററി അയാൾ സദാപി ചിന്തിച്ചു കൊണ്ടേഇരിക്കും. ദരിദ്രാവസ്ഥയെ പ്രാപിച്ചവനു് ദാരിദ്ര്യമെന്ന വാക്കു കർണ്ണശൂലമാണു്. ഈ വസ്തുത ഗ്രഹിക്കാതെ, പ്രസ്തുതഭാവത്തെ അഹംകാരമെന്നു ആളുകൾ പറഞ്ഞു വരുന്നു. പരമാൎത്ഥത്തിൽ അതു അഹങ്കാരമല്ല; അഭിമാനമത്രെ.

വഷിത്തുവിലെ കാളരാത്രിയുടെ മലിനഝരായ പത്തുകെട്ടുകൊണ്ട ദരിദ്രാങ്കണത്തിൽ പ്രവേശിച്ചു. വെള്ളയും കുമ്മായവും തേയ്ക്കാതെ ഇട്ടിരുന്ന അട്ടക്കള, തീരെ ഇടിഞ്ഞു് നിഷ്പ്രയോജകമായി ഭവിച്ചു. ഇഷ്ടികകൾ അവിടവിടെ എഴുന്നുനിന്നു. അവിടേയുള്ള സൎവ്വവസ്തുക്കളും മൂൎത്തിമതിയായ ദരിദ്രതയെ അനുസ്മരിപ്പിക്കുന്നവയായിരുന്നു. എന്നിട്ടും, അങ്കണത്തേ തൂത്തുതളിച്ചു കഴിയുന്നത്ര ശുചിയാക്കിവെച്ചിട്ടുണ്ടു്. മുററത്തു നട്ടിരുന്ന ശാകവൎഗ്ഗങ്ങളുടെ ആലവാലങ്ങൾക്കും യാതൊരു ദൂഷ്യവും പറവാനില്ല. ദാരിദ്ര്യരൂപിണിയായ രാക്ഷസിയുടെ ഭയാനകതയെ മറയ്ക്കുന്നതിനുള്ള സകലപ്രയത്നങ്ങളും അവിടെ ചെയ്തിട്ടുണ്ടെങ്കിലും, ഒരു നോട്ടത്തിൽ ആക്കും വസ്തുത മനസ്സിലാകാതിരിക്കയില്ല.

കാളി വെളിയിൽ കളിച്ചുകൊണ്ടു നില്ക്കുന്നു. സതി മലിനവസ്ത്രങ്ങൾ വാഴത്തടയുടെ ചാമ്പൽ ഇട്ടു് വെളുപ്പിച്ചു്, ഇല്ലികളിൽ വിരിച്ചുകൊണ്ടിരിക്കുന്നു. വിറകുപുരയിൽനിന്നു് ഉണങ്ങിയ ചുള്ളികൾ എടുത്തുകൊണ്ടു വന്നു്, സാവിത്രി തീകത്തിക്കുന്നു. ജാഹ്നവി തുളസിത്തടത്തിൽ വിളക്കുവച്ചുനമസ്കരിക്കുന്നു. അവരുടെ ശരീരം ഇപ്പോൾ നന്നേ വിളൎത്തു് മെലിഞ്ഞിട്ടുണ്ടു്. ചിന്താജ്വരത്താൽ അവർ സദാ സന്തപ്തയായിരിക്കുന്നു.

കാളി ഓടിവന്നു്, "അമ്മേ! മിട്ടായി" എന്നു അവരുടെ കഴുത്തിൽ പിടിച്ചു കൊണ്ടു അലട്ടി. അവർ അപ്പോൾ ഭഗവൽ പ്രണാമം ചെയ്തു കൊണ്ടിരിക്കയായിരുന്നതുകൊണ്ടു്. അവനെ തള്ളിമാററീട്ടു "ചേച്ചിയോടു് ചെന്നുചോദിക്കു്" എന്നുപറഞ്ഞു.

"കാളീ! ഇവിടെ വാ! ചേച്ചി മിട്ടായി വാങ്ങാനായി നമ്മുടെ ഹേമിയെ അയച്ചിട്ടുണ്ടു്. അവർ വരുന്നോ എന്നുപോയിനോക്കു്" എന്നു പറഞ്ഞു് സാവിത്രി അവനെ സമാധാനപ്പെടുത്തി.

അവൻ നേരേ സഹോദരിയുടെ മടിയിൽ കേറി ഇരുന്നുകൊണ്ടു് ഇങ്ങനെ ഒരു ഭീഷണി മുഴക്കി.

"ഇന്നു തന്നില്ലെങ്കിൽ ഞാൻ നല്ല അടി അടിക്കും. നോക്കിക്കോ!"

സാവിത്രി അവൻെറ ദേഹത്തിലേ പൊടി തുടച്ചു കളഞ്ഞു കൊണ്ട് പറഞ്ഞു:—

"നിശ്ചയമായും തരാം. എന്നാൽ ഇതു പറയൂ. നീ എന്താണ് മുണ്ടുടുക്കാത്തതു്? അതു കുറച്ചിലല്ലേ?"

"കീറിപ്പറിഞ്ഞമുണ്ട് മനുഷ്യരാരെങ്കിലും ഉടുക്കുമോ? വിപിനൻ അതു നോക്കി ചിരിക്കുന്നു. ഞാൻ ഇനി ആ മുണ്ടു തൊടുകയേ ഇല്ല."

"ഇതാ നോക്ക് ചേച്ചി ഇതിനെ തുന്നിശ്ശരിയാക്കി വെച്ചിരിക്കുന്നു."

ബാലൻ മുണ്ടെടുത്തു തിരിച്ചും മറിച്ചും നോക്കീട്ടു നിലത്തെറിഞ്ഞു കളഞ്ഞു.

"ഇങ്ങനെയാണോ ശരിയാക്കുന്നതു്? തുന്നിയ മുണ്ടു ഞാൻ ഉടുക്കയില്ല."

"എൻെറ ഹീരമല്ലേ? തണുപ്പുകൊണ്ടു നിൻെറ കൈകാലുകൾ മരവിച്ചുപോയി. നിനക്കു തണുപ്പുതോന്നുന്നില്ലേ? ഇവിടെ വിപിനൻ ഇല്ലല്ലോ. വീട്ടിൽവെച്ചു ഉടുത്താൽ ആരുകാണാൻ പോകുന്നു?"

സാവിത്രി എന്തൊക്കെ പറഞ്ഞിട്ടും കാളി വകവെച്ചില്ല. അവൻ കൈകാലുകൾ കുതറീട്ടു ഓടിക്കളഞ്ഞു. സാവിത്രി കുഴങ്ങി. തത്സമയം ജാഹ്നവി അവിടെ വന്നു മകനെ പിടിച്ച് എടുത്ത് ചേലാഞ്ചലത്തിൽ മൂടി, അകത്തേക്കു കൊണ്ടുപോയി. സാവിത്രി തൻെറ കണ്ണിൽനിന്ന് അശ്രുക്കൾ തുടച്ചു കളഞ്ഞിട്ട്, തൻെറ ജോലി നോക്കുന്നതിനായി തിരിച്ചു. സതി ഉണങ്ങാനിട്ടിരുന്ന വസ്ത്രങ്ങളുടെ താഴെ നിശ്ശബ്ദം ഇരുന്നു.

ഛേരമി ഒരു പോണ്ടസ്ത്രീയായിരുന്നു. ഈ വീട്ടുകാരോടു അവൾക്കു അതിരററ ബഹുമാനമാണ്. അതിനാൽ അവർ എന്തു പറഞ്ഞാലും, അവൾ ഉടനടി അതു ചെയ്തുകൊടുക്കാതിരിക്കയില്ല. നമ്മുടെ ബാലികമാർ നൂല്ക്കുന്നനൂലുകളും, ചരടുകളും, കാകനികളും ചന്തയിൽകൊണ്ടുചെന്നു വിററിട്ടു കിട്ടുന്ന പണംകൊടുത്ത് അരിയും പരിപ്പും മററും വാങ്ങിക്കൊണ്ടു വരുന്നതു അവളാണ്. സ്വയം ദുഃഖിതയായിരുന്നതിനാൽ ഈ സാധുക്കളുടെ ദുഃഖത്തിൽ പങ്കുകൊള്ളുന്നതിന് അവൾക്കു സാധിച്ചു. ഛേരമി പോയി മുറയ്ക്കു സാമാനങ്ങളും മററും വാങ്ങിക്കൊണ്ടു വരുന്നതുകണ്ട്, ഗ്രാമവാസികൾ അവരുടെ സ്ഥിതി ശോഭനമാണെന്നു വിചാരിച്ചതിൽ അത്ഭുതപ്പെടാനുണ്ടോ?

തലയിൽ ഒരു ചുമടുമായി ഛേരമി അകത്തേയ്ക്കു കടന്ന് 'സതി' എന്നു വിളിച്ചു. അവളുടെ ശബ്ദംകേട്ട്, കാളി ഓടിവന്ന്, "ചേച്ചി! മിട്ടായി" എന്നു ലഹളകൂട്ടി.

"കുഞ്ഞിനു മിട്ടായി ഞാൻ കൊണ്ടുവന്നിട്ടുണ്ട്. നിനക്കു മിട്ടായി കൊണ്ടുവരാതെ ഞാൻ ഇരിക്കുമോ?" എന്നു പറഞ്ഞുകൊണ്ട് അവൾ അവന്റെ കയ്യിൽ കുറെ മിട്ടായി വെച്ചുകൊടുത്തു.
"അമ്മേ! മിട്ടായി കിട്ടി; അമ്മേ! മിട്ടായി കിട്ടി" എന്നുപറഞ്ഞു തുള്ളിച്ചാടിക്കൊണ്ട്, കാളി സന്തോഷപരവശനായി അകത്തേക്കു പോയി.

സതി അവിടെ വന്നുനിന്നു. ഭാരം നിലത്തു ഇറക്കിയിട്ടു ചേരമി പറഞ്ഞു. "ഞാൻ തണുപ്പുകൊണ്ടുമരവിച്ചുപോയി. അല്പം തീ തരുമോ?"

"ഒരു നിവൃത്തിയുമില്ല. ഇന്നു വിളക്കുകൊണ്ടു പോവുക. സാവിത്രീ! നീ ചെന്ന് വിളക്കു എടുത്തുകൊണ്ടു വരൂ."

സാവിത്രി അടുത്തുവന്ന് "എണ്ണ കൊണ്ടുവന്നിട്ടുണ്ടെങ്കിൽ ഞാൻ വിളക്കു കത്തിച്ചുകൊണ്ടു വരാം" എന്നുപറഞ്ഞു.

"കുഞ്ഞേ! എനിക്കു കഷ്ടകാലമാണ്. ഞാൻ കണ്ണുകണ്ടു പോകരുതെന്നു വിചാരിച്ചാണ് രാത്രി ഓടിവന്നത്. ചന്ത അടുത്തെങ്ങാനുമാണോ? നിങ്ങൾക്കൊക്കെ പുതിയ കണ്ണുകളുണ്ട്. എനിക്കു ഇരുട്ടിൽ ഒന്നും കണ്ടുകൂട. കുഞ്ഞേ! ഇതാ എണ്ണക്കുപ്പി! നാലു പൈസയ്ക്കു എണ്ണവാങ്ങി. എന്നിട്ടോ! ഒരു തിരി തൊട്ടുനനയ്ക്കാനില്ല. അറത്താൻകൊല്ലികൾ! ഈ നാട്ടിൽനിന്നു വല്ലേടത്തും പോകയേ നിവൃത്തിയുള്ളു. അരിയെപ്പോലെതന്നെ എണ്ണയ്ക്കും തീ വില. എന്നുവേണ്ട, എല്ലാററിനും അതുതന്നെ സ്ഥിതി".

"താലത്തിനു എന്തു വിലയായി" എന്നു സതി ചോദിച്ചു.

ചേരമിയുടെ കണ്ണു നിറഞ്ഞു.

"എന്റെ കുഞ്ഞേ! അതിന്റെകാര്യം മാത്രം ചോദിക്കരുതേ. ഈ താലത്തിനു ഒരു രൂപാപോലും ആരും കൊടുക്കയില്ല. എന്നാൽ മൂന്നുരൂപാകൊടുത്തു ഒരു പാട്ടം പാടീട്ടേ അവർ തന്നുള്ളു. എന്തൊരു കൊള്ളക്കാരെന്നോ! എല്ലാം കൊള്ളതന്നെ. തീമഴ പെയ്യാത്തതു ഭാഗ്യം!"

അവളെ ആശ്വസിപ്പിച്ചുകൊണ്ടു സതി പറഞ്ഞു:—

"പണ്ടത്തെ കഥ പറഞ്ഞാൽ ഇപ്പോൾ ഒക്കുമോ? അതകട്ടെ—ഇന്ന് എന്തു കിട്ടി? അതു പറഞ്ഞില്ലല്ലോ?"

"ഞാൻ ഒരു രൂപയിൽ കുറഞ്ഞു കൊണ്ടുവരാറുണ്ടോ? കുഞ്ഞുട്ടപ്പിന് എട്ടണയായി. എട്ടണയ്ക്കു അരി, പരിപ്പ്, ഉപ്പ് മുതലായ സാമാനങ്ങളും വാങ്ങിച്ചു കൂട്ടിനോക്കണം—ഒരു ഉറുപ്പികയായില്ലേ? ചണത്തിനു കാശില്ലായിരുന്നു. അന്നും ചരടു വിററുകിട്ടിയ പണംകൊടുത്തു അരി മേടിച്ചതിനാൽ ചണം വാങ്ങാൻ സാധിച്ചില്ല. ഇന്നും അങ്ങനെ തന്നെ വന്നുകൂടി. ഇനി പഞ്ഞി

ക്കും ചണാത്തിനും എവിടെപ്പോവും? ഒരു വീട്ടിലെ ആവശ്യ
ങ്ങൾക്ക് ഈ പാത്രങ്ങൾകൊണ്ടു മതിയാവുമോ?"
"പാത്രങ്ങൾ എന്നു പറയാൻ എവിടെ ഇരിക്കുന്നു? ഒന്നു രണ്ടെണ്ണം
ഉള്ളതുപോയാൽ പിന്നെ എങ്ങനെ കഴിക്കുമോ?"

സതി സാമാനങ്ങൾ എടുത്ത് വീട്ടിനുള്ളിൽ കൊണ്ടുപോയി വച്ചതിൻെറ ശേഷം, അകത്തുനിന്ന് ഒന്നുരണ്ടു വാഴപ്പഴം കൊണ്ടു വന്നു ചേരമിയുടെ കൈയിൽ കൊടുത്തു.
"ചേരമി! ഇതു ഇവിടത്തെ വാഴക്കുല പഴുത്തതാണ്. നന്നായിരി
ക്കുന്നോ എന്നു തിന്നുനോക്കൂ."
"ഇതു ഇവിടെത്തന്നെ ഇരിക്കട്ടേ. കുഞ്ഞിൻെറ അമ്മയ്ക്കോ കൊച്ചനി
യനോ കൊടുക്കാം."
"വേണ്ട; വേണ്ട. ഇതു നിങ്ങൾ എടുത്തു കൊള്ളണം. ഇവിടെ
വേറെ ഉണ്ട്."

സതിയുടെ നിർബന്ധത്താൽ ചേരമി ആ പഴങ്ങൾ രണ്ടും എടുത്തുകൊണ്ട് അവിടെ നിന്നിറങ്ങി. പാൽക്കാരിയുടെ വീട്ടിൽ കേറി, ഒന്നുരണ്ടു ചാണകവരളി വാങ്ങി, കത്തിച്ചുപിടിച്ചുകൊണ്ടു അവൾ നേരേ തൻെറ കുടിലിലേക്കു നടന്നു.

ഒരു ദിവസം അതിരാവിലെ കാളി തൻെറ കൂട്ടുകാരൻെറ ഗൃഹത്തിൽ പോയിരുന്നു. അവിടെ *ഖിച്ചഡി എന്ന ഒരു മാതിരിക്കറി പാകം ചെയ്യുന്നതു കണ്ടതിനാൽ, അവൻ സ്വഗൃഹത്തിൽ വന്ന ഉടനേ "എനിക്കും ഖിച്ചഡി വേണം" എന്നു ലഹള പിടിച്ചു.

സാവിത്രി കാതരസ്വരത്തിൽ "ഇവിടെ പരിപ്പു ഒട്ടും ഇരിപ്പില്ല" എന്നു മറുപടി പറഞ്ഞു.

"ലഹള കൂട്ടാതിരിക്ക്, കാളി! നിൻെറ ചേച്ചിയല്ലയോ ഇരിക്കുന്നത്. എൻെറ അപ്പന് എത്ര ഖിച്ചഡി വേണം. ഞാൻ ഉണ്ടാക്കിത്തരാമല്ലോ" എന്നു പറഞ്ഞ്, സതി അവനെ സമാധാനപ്പെടുത്തി

ഊണിനിരുന്നപ്പോൾ ഖിച്ചഡി കാണായ്കയാൽ കാളി വിങ്ങി വിങ്ങിക്കരഞ്ഞു. ഇതുകണ്ടു് സതി അവിടെ നിന്നു മാറിക്കളഞ്ഞു. ജാഹ്നവി തൻെറ സ്വാമി കിടക്കാറുള്ള സ്ഥലത്തുചെന്ന്, ചേലാഞ്ചലത്താൽ മുഖം മറച്ചു കിടപ്പായി. സാവിത്രി അവൻെറ ശാഠ്യം കുറയ്ക്കാൻ എത്രതന്നെ ശ്രമിച്ചിട്ടും പരാജിതയായതേ ഉള്ളു. കരഞ്ഞു കരഞ്ഞ്, അവൻ ഉറങ്ങിപ്പോയി. ഉണർത്തിയാൽ വീണ്ടും കരച്ചിൽ

---

* ഇതു് പച്ചരിയും പരിപ്പും ചേർത്തുണ്ടാക്കുന്ന ഒരു ഉപദംശമത്രേ.

തുടങ്ങിയേക്കുമെന്നു വിചാരിച്ച്, അവരം ഉണത്താൻ പോയില്ല. ഇതിന്നിടയ്ക്കു് സതിപോയി കുളിച്ചിട്ടുവന്നു. സാവിത്രി കറിക്കുള്ള സാമാനങ്ങൾ ഒരുക്കിവെച്ചു. ചേട്ടത്തിഅമ്മ "ഹരേ കൃഷ്ണ! ഹരേ കൃഷ്ണ!" എന്നു നാമോച്ചാരണപുരസ്സരം എഴുന്നേററു്, പശുവിനു ആവോളം ശകാരം കൊടുത്തുകൊണ്ടു പാൽ കറന്നു തുടങ്ങി.

സതി പറഞ്ഞു:—

"സാവിത്രി! ശക്കരപ്പാത്രത്തിൽ ശക്കരയുണ്ടോ എന്നു നോക്കണം. ഉണ്ടെങ്കിൽ ചോററിൽ അല്പം പാലും ശക്കരയും ചേത്തു പായസം പോലാക്കി വെയ്ക്കാം. കാളി ഒന്നും കഴിക്കാതെയാണു് ഉറങ്ങിയതു്. പായസം കാണുമ്പോൾ അവനു സന്തോഷമാകും."

ചേട്ടത്തി അമ്മയ്ക്കു ശുണ്ഠിവന്നു.

"നിങ്ങളൊക്കെയാണു അവനെ ചീത്തയാക്കുന്നതു്. ഇങ്ങനെയുണ്ടോ ഒരഹങ്കാരം! വേണമെങ്കിൽ ഉണ്ണട്ടേ. അല്ലെങ്കിൽ വേണ്ട. വിശപ്പുണ്ടെങ്കിൽ കൊടുക്കുന്നതു തിന്നുകൊള്ളും. ശക്കര എന്തിനു വെറുതെ ചെലവഴിക്കുന്നു?"

ചേട്ടത്തി അമ്മയുടെ തജ്ജനം കേട്ടു് നല്ല തഴക്കം വന്നിരുന്നതിനാൽ, അവൾക്കു യാതൊരു ചാഞ്ചല്യവും ഉണ്ടായില്ല. ശക്കരപ്പാത്രം പരിശോധിച്ചുനോക്കീട്ടു്, "ചേച്ചി! ശക്കര ഒട്ടുമില്ല" എന്നു സാവിത്രി പറഞ്ഞു.

"എങ്ങനെ കാണും! മഹാലക്ഷ്മി ചമഞ്ഞിരുന്നാൽ പിന്നെ എങ്ങനെ കാണാനാ! എൻെറ ഭഗവാനേ! ഇങ്ങനെ ഒരു വീടു ഞാനെങ്ങും കണ്ടിട്ടില്ലേ."

ഒന്നാമതായി ആഹാരത്തിനു വകയില്ലാത്തതുകൊണ്ടുള്ള ക്ലേശം; രണ്ടാമതായി ചെറിയമ്മയുടെ നിരന്തരമായ വാക്ശരപ്രയോഗം. ഒന്നാംതരം മണികാഞ്ചനസംയോഗമല്ലേ? സതി ഒന്നും മിണ്ടിയില്ല. അല്പം കഴിഞ്ഞു് അവൾ അടുക്കളവിട്ടു് അമ്മയെ വിളിക്കാനായി വെളിയിലേയ്ക്കു ഇറങ്ങി. ഇതുകണ്ടു് ചേട്ടത്തിഅമ്മ പിറുപിറുത്തുകൊണ്ടു്, അല്പം ഗുളം—എവിടെ നിന്നോ എന്തോ?—എടുത്തു് സതിയുടെ കൈയിൽ കൊടുത്തു.

"ഇതാ! അല്പം ശക്കര...അന്നുഞാൻ വെള്ളം കുടിച്ചിട്ടു ബാക്കിയുണ്ടായിരുന്ന ശക്കര ഒരിടത്തു് സൂക്ഷിച്ചുവെച്ചിരുന്നു. ഇതില്ലാത്തതുകൊണ്ടു കുട്ടി ഊണു കഴിക്കാതിരിക്കണ്ട. എൻറമ്മോ! ഇതെന്തൊരു വീടു്?"

സതി അമ്മയെ വിളിച്ചു.

"അമ്മേ! എഴുന്നേററു സ്വല്പം വല്ലതും കഴിക്കൂ."

"എനിക്കു അല്പം പനിയുണ്ടെന്നു തോന്നുന്നു. നിങ്ങളെല്ലാവരും ഊണു കഴിപ്പിൻ! എനിക്കു ചോറിനു രുചി തോന്നുന്നില്ല."

സതി അമ്മയുടെ ദേഹത്തിൽ തൊട്ടുനോക്കീട്ടു പറഞ്ഞു:—

"അമ്മേ! ഇമ്മാതിരി പനി എന്നും ഉള്ളതാണല്ലോ. ഊണുകഴിക്കാതെ ഇങ്ങനെ എത്രനാഠം ഇരിക്കും? കുറച്ചെങ്കിലും ഉണ്ണണം."

"വേണ്ടാ മകളെ! എനിക്കു ഒന്നും വേണ്ട."

സതി സഗൽഗദം പറഞ്ഞു:—

"ഇനിമേൽ പട്ടിണി കിടക്കാനാണ് തലയിലെഴുതിയിരിക്കുന്നതെങ്കിൽ അന്നു മതിയല്ലോ? അതിനു ഇന്നേ പട്ടിണികിടന്നു മരിക്കണമെന്നുണ്ടോ?"

ജാഹ്നവി നിവൃത്തിയില്ലാതെ എഴുന്നേററു ഉണ്ണാനായി അട്ടുക്കളയിലേയ്ക്കു തിരിച്ചു. അവർ ഈയിടയ്ക്കു യാതൊന്നും കാണുകയോ കേഠംക്കയോ ചെയ്യാറില്ലായിരുന്നെങ്കിലും, കാൎയ്യത്തിൻെറ ഗതിയെപ്പററി അവക്കു പൂൎണ്ണബോധം ഉണ്ടായിരുന്നു. ഈ രീതിയിൽ വളരെക്കാലം കഴിച്ചുകൂട്ടാൻ സാധിക്കയില്ലെന്നും അവർ ധരിക്കാതിരുന്നില്ല. ഇത്തരം വിഷമചിന്ത നിമിത്തമാണ് അവക്കു ജ്വരം വിട്ടുമാറാതിരുന്നതു്.

വീട്ടിൽ ഉണ്ടായിരുന്ന ഭക്ഷ്യപദാൎത്ഥങ്ങളെല്ലാം ഒന്നുരണ്ടു ദിവസങ്ങഠംകൊണ്ടു അവസാനിച്ചു. ഉണ്ണാൻ ആളുകഠം വേണ്ടുവോളം. അതിനുള്ള വക സമ്പാദിച്ചുകൊണ്ടുവരാൻ ആരുമില്ല താനും. കാളി രാവിലെ എഴുന്നേററു 'അമ്മേ വിശക്കുന്നു—എനിക്കു ചോറു തരൂ' എന്നു മുറവിളി കൂട്ടി.

അമ്മ പറഞ്ഞിട്ടാണു അവൻ എഴുന്നേററതു്. എന്നാൽ ചെന്നു നിന്നതോ ചേച്ചിയുടെ മുമ്പിൽ. സതി ഇരുന്നിടത്തു നിന്നു ഇളകിയതേ ഇല്ല. എങ്ങനെ എഴുന്നേല്ക്കും? അവളുടെകൈകാലുകഠം സ്തംഭിച്ചുപോയി.

"ചേച്ചി! എഴുന്നേൽക്കു. ഇന്നു അരിവെയ്ക്കുന്നില്ലേ?" എന്ന് ബാലകൻ അലട്ടി.

എന്നിട്ടും സതി എഴുന്നേററില്ല. ഇതുകണ്ടു് അവൻ പരാതി പറയാനായി അമ്മയുടെ അട്ടുക്കലേയ്ക്കു പോയി. സതി മൃദുസ്വരത്തിൽ സാവിത്രിയെ ലക്ഷ്യമാക്കി, ഇങ്ങനെ പറഞ്ഞു:—

"സാവിത്രീ! നീ ചെന്നു പഞ്ഞി അല്പമെങ്കിലും ഇരിപ്പുണ്ടോ എന്നു നോക്കു."

"ഒരു തരിമ്പുപോലുമില്ല ചേച്ചീ!"

"അങ്ങനെ ആണെങ്കിൽ ഇന്നു പതിമ്മൂന്നാമത്തെ ദണ്ഡ ഏകാദശി

യാണ്. സാവിത്രി! കാളിക്ക എന്തുകൊടുക്കും? ഇന്നു ചന്തദിവസവുമല്ലല്ലോ. അല്ലെങ്കിൽ ചേരമിയെ അയച്ച് വല്ല ലോട്ടയോമറെറാ വില്പിക്കാമായിരുന്നു. അയ്യോ! ദൈവമെ! ഇന്നു ഞാൻ എന്തുചെയ്യും?"

സാവിത്രി മൃദുസ്വരത്തിൽ പറഞ്ഞു:—

"ഈ വിധത്തിൽ എത്രനാൾ കഴിക്കാം? ചേച്ചി! അതുകൊണ്ടു വിശ്വണ്ണന്റെ.........."

സാവിത്രി പറഞ്ഞു തീരുംമുമ്പെ സതി എഴുന്നേററു. അവൾ തീവ്രകണ്ഠത്തിൽ ഇങ്ങനെ പറഞ്ഞു:—

"ഛീ! നീ എന്തുപറയുന്നു? അതിനെക്കാൾ പട്ടിണി കിടന്നു മരിക്കന്നതു എത്രയോ ഭേദം!"

സാവിത്രി തലതാഴ്ത്തി. കുറച്ചുകഴിഞ്ഞ് അവൾ സാവധാനമായി പറഞ്ഞു.

"ചേച്ചീ! പട്ടിണികിടന്നു മരിക്കുന്നതിൽ ചേച്ചിക്കും എനിക്കും സങ്കടമില്ലായിരിക്കാം. എന്നാൽ അമ്മയും കാളിയും എന്തുചെയ്യും? യാചിച്ചും നാം അവരെ പുലർത്തേണ്ടതല്ലേ?"

"യാചിച്ചോ? അത് ഇപ്പോൾ വേണ്ട. കുറേക്കൂടി കഴിഞ്ഞിട്ടു മതി. ഗൃഹദ്വാരം വിട്ടു മരച്ചുവട്ടിൽ പാക്കാൻ ഇടവരുന്ന അന്നുമുതല്ക്കു മുണ്ടുവിരിച്ച് എല്ലാവരോടും യാചിക്കാം ഇപ്പോൾ വേണ്ട. നീ ചെന്നു ലോട്ട എടുത്തുകൊണ്ടുവാ! ഞാൻ ചേരമിയുടെ അടുക്കൽ പോയിട്ടു വരാം."

പെട്ടെന്നു സാവിത്രി, "ചേച്ചി! നമ്മുടെ ചേട്ടൻ വന്നു ഹരിച്ചേട്ടൻ" എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

ഹരിശങ്കരൻ ഒരു സുന്ദരവിദ്ധ്യാർത്ഥിയുടെ വേഷത്തിൽ തലമുടി ഇരുവശത്തേക്കും ഭംഗിയായി കോതിയൊതുക്കി വെച്ച് ഒരു വടിയുമായി അവിടെ വന്നുനിന്നിട്ട് "നിങ്ങൾ എന്തുചെയ്തുകൊണ്ടിരിക്കുന്നു?" എന്നു ചോദിച്ചു.

"ചേട്ടാ! എന്നു പറഞ്ഞുകൊണ്ട് സാവിത്രി കരഞ്ഞുതുടങ്ങി." എന്നാൽ സതി മരപ്പാവപോലെ നിന്നതേ ഉള്ളു.

"എന്താണു സംഗതി? കരയുന്നതെന്തിന്? അമ്മയ്ക്കു സുഖമില്ലേ?"

സാവിത്രി തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു:—

"അമ്മയ്ക്കു സുഖക്കേടു വിശേഷിച്ചൊന്നുമില്ല. എന്നാൽ അമ്മയേപ്പററി എന്തിനു ചോദിക്കുന്നു. അങ്ങനെ ഒരാൾ ഉണ്ടെന്നുള്ള വിചാരമെങ്കിലും ചേട്ടനുണ്ടോ? കാളിക്ക കൊടുക്കാൻ ഇന്നു യാതൊന്നും ഇവിടെ ഇല്ല. അമ്മ മനോവേദനകൊണ്ടു ചാവാ

റായി. ഞങ്ങളുടെ ഈ കഷ്ടാവസ്ഥയെ ചേട്ടൻ വല്ലപ്പോഴുമെങ്കിലും ഒന്ന് ഓൎക്കുന്നില്ലല്ലോ."

"ഞാൻ എന്തുചെയ്യും? എല്ലാവരേയും പരിപാലിക്കത്തക്കവണ്ണം അച്ഛൻ എന്നെ പഠിപ്പിച്ചു പണ്ഡിതനാക്കി വിട്ടിട്ടുണ്ടോ? ഞാൻ എന്റെ ബുദ്ധിയുപയോഗിച്ചു വല്ലപാടും കാലക്ഷേപം ചെയ്യുന്നു. ഞാൻ ഇവിടെ ഇരുന്നെങ്കിൽ എന്റെ സ്ഥിതിയും ഇതുപോലെതന്നെ ആകുമായിരുന്നല്ലോ. ഇതാ എന്റെ കൈയിൽ പത്തു ഉറുപ്പിക ഉണ്ട്. അതു ഞാൻ തരാം. ഞാൻ നിങ്ങളോടു സ്നേഹമുള്ളവനല്ല. നിങ്ങളുടെ സഹോദരനുമല്ല."

ഉറുപ്പിക കൈയിൽ വാങ്ങീട്ട്, സാവിത്രി മൃദുസ്വരത്തിൽ പറഞ്ഞു:—

"ചേട്ടാ! എനിക്കു മാപ്പുതരണം. ഞാൻ വലിയ ദുഷ്ടയാണ്. എന്റെ സ്വഭാവം വളരെ ചീത്തയായിപ്പോയി" എന്നു പറഞ്ഞിട്ട് അവൾ കരഞ്ഞുതുടങ്ങി.

ഹരി പറഞ്ഞു:—

"വേണ്ട, വേണ്ട! കരഞ്ഞിട്ടു കാൎയ്യമൊന്നുമില്ല. ഞാൻ പോകുന്നു. അടുത്ത മാസത്തിൽ വരാൻ നോക്കാം. ഇവിടെ ഒരു നിമിഷംപോലും താമസിക്കാൻ സാധിക്കയില്ല."

"അമ്മയെ ഒന്നു കണ്ടിട്ടുപോകൂ."

"കണ്ടിട്ട് എന്തു പ്രയോജനം? ഞാൻ വന്നിരുന്നു എന്നു പറഞ്ഞാൽ മതി."

ഹരിപോയി. സാവിത്രിപറഞ്ഞു:—

"ചേച്ചീ! എഴുന്നേൽക്കൂ! ഞാൻ ചേരമിയേ വിളിച്ചുകൊണ്ടുവരാം. അവർ ചന്തയിൽപോയി സാമാനം വാങ്ങിക്കൊണ്ടുവരും."

സതി എഴുന്നേററു. "ഇതാ ഞാൻ എഴുന്നേററു കഴിഞ്ഞു. തനിക്കുള്ളവനേക്കാൾ അന്യനാണ് കുറെക്കൂടെ ഭേദം, എന്നാലും അന്യന്റെ സഹായം സ്വീകരിക്കുന്നതിൽ ലജ്ജതോന്നുന്നു. സ്വന്ത ആളുകളുടെ സഹായം കൈക്കൊള്ളുന്നതിൽ അങ്ങനെ ഒരു ലജ്ജയുണ്ടാവുന്നില്ലെന്നേ വ്യത്യാസമുള്ളു."

സതി കുറച്ചു നാളത്തേയ്ക്കു മനോവിചാരം കൂടാതെ കഴിച്ചുകൂട്ടി. അവൾ കഷ്ടതകളെ വകവയ്ക്കാറില്ല. ഒരു മാതിരിയുള്ള കഷ്ടപ്പാടുകൾക്കൊന്നിനും അവളെ കീഴടക്കുന്നതിനു സാമൎത്ഥ്യമില്ലായിരുന്നു. എന്നാൽ അവ പ്രാണഘാതകരൂപം അവലംബിച്ച് അവളുടെ മുമ്പിൽ പെട്ടെന്നു ആവിൎഭവിക്കുമ്പോൾ, അവയുടെ അനുഭൂതി അവൾക്കും ഏറെക്കുറെ ഉണ്ടാകാറുണ്ട്. എന്തു കഠിനാദ്ധ്വാനം

ചെയ്യാനും അവൾ ഒരുക്കമാണ്. അല്പം വല്ലതും അതിൽനിന്നു ലഭിച്ചാൽ അതുകൊണ്ടു അവൾ തൃപ്തിപ്പെട്ടുകയും ചെയ്യുന്നു.

ഇത്തവണ അവർ ചണവും പഞ്ഞിയും കുറേ അധികം വാങ്ങിച്ചു. പണത്തിൻെറ അധികാംശവും ഇതിലേക്കാണ് സതി ചെലവിട്ടതു്. ആഹാരത്തിനു അവശ്യം വേണ്ടതു മാത്രമേ അവർ തല്ക്കാലം വാങ്ങിച്ചിട്ടുള്ളു. എന്നാൽ കാളിപാദൻെറ കീറിയ ഉടുപ്പിൻെറ കാര്യം സതി മറന്നുപോയില്ല. അതുകൊണ്ടു ഒരു ചെറിയ ഉടുപ്പു് അവനു തയ്പിച്ചുകൊടുത്തു. അടുത്തദിവസം അതിരാവിലെ ചേരമി വന്നു സതിയോടുപറഞ്ഞു:—

"ഇന്നു് വലിയ ബാബുവിൻെറ വീട്ടിൽ ചീര വില്ക്കാൻ പോയിരുന്നു. അദ്ദേഹത്തിൻെറ മകൾ കമല വന്നിട്ടുണ്ട്. നിങ്ങൾ അങ്ങോട്ടു ചെല്ലണമെന്നു നിർബന്ധമായി പറഞ്ഞിരിക്കുന്നു. ചെല്ലാതിരുന്നാൽ അവൾക്കു വളരെ സങ്കടമുണ്ടാകുമെന്നും പറഞ്ഞു"

കമല തന്നേ ഇതുവരെ മറന്നിട്ടില്ലെന്നു സതിക്കു മനസ്സിലായി. അതു് ഓർത്തു അവൾ താനേ ഒരു പുഞ്ചിരിതൂകി. ഈ ചിരി സുഖത്തിൽനിന്ന് ഉണ്ടായതോ ദുഃഖത്തിൽ നിന്ന് ഉണ്ടായതോ എന്നു ഖണ്ഡിച്ചു പറവാൻ നിവൃത്തിയില്ല. ഉച്ചയായാൽ പിന്നെ ജോലിക്കു വളരെ കുറവുണ്ട്. കുറേ അധികനേരം സംസാരിച്ചുകൊണ്ടിരിക്കാൻ സാധിക്കും. അതിനാൽ ഉച്ചതിരിഞ്ഞപ്പോൾ സതി അമ്മയോടു പറഞ്ഞു.

"അമ്മേ! എനിക്കു കമലയെ ഒന്നു കണ്ടാൽ കൊള്ളാമെന്നു ആഗ്രഹമുണ്ട്."

"പോയി കണ്ടിട്ടു വരിക."

കമല പഴയപോലെ അവളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു സഹർഷം പറഞ്ഞു:—

"സതീ! എൻെറ പ്രിയസഖി! നീ എന്നെ മറന്നുകളഞ്ഞില്ലേ? എന്നേ ചിലപ്പോഴെങ്കിലും ഓക്കാറുണ്ടോ."

സതി അവളെ സൂക്ഷിച്ചു നോക്കിയപ്പോൾ ഒന്നു ഞെട്ടി. എന്തു? ഇതു പണ്ടത്തെ കമലതന്നെയോ? രണ്ടു വർഷങ്ങൾക്കു മുമ്പ് സുഖസൌഭാഗ്യങ്ങൾകൊണ്ടു സമുജ്ജ്വലമായിരുന്ന ആ കോമളമായ തനുവല്ലി ഇപ്പോൾ വാടിത്തളൎന്നു മുഖം വരണ്ടും ഇരിക്കുന്നു. ഛേ! തീർച്ചയായും ഇതു കമലയല്ല.

സതി പറഞ്ഞു:—

"കമലേ! നിങ്ങൾ എങ്ങിനെ ഈ വിധത്തിലായി? സുഖക്കേടായിരുന്നോ?"

"എന്തു സുഖക്കേട്?" കമല ചിരിച്ചുകൊണ്ടു ചോദിച്ചു. "എന്റെ കാര്യം കളയണം; നിന്റെ ദുർദ്ദശയെപ്പററി ആലോചിക്കുമ്പോൾ എന്റെ കാര്യം എത്ര തുച്ഛം! ഞാൻ നിന്റെ വിവാഹം പോലും കണ്ടില്ല. ഇപ്പോൾ ഇതാ ഈ അവസ്ഥയിലും കാണുന്നു."

"എനിക്ക് പുതിയതായി ഒരു ദുർദ്ദശയും ഉണ്ടായിട്ടില്ല. സഖി! ഞാൻ മുമ്പു ഇരുന്നതുപോലെതന്നെ ഇപ്പോഴും ഇരിക്കുന്നു".

"അതേ! നിനക്ക് അങ്ങനെ പറയാം. എന്തെന്നാൽ വിവാഹത്തിനു ശേഷം നീ അദ്ദേഹത്തിനെ കണ്ടിട്ടേ ഇല്ലല്ലോ. കാണുന്നതും കാണാതിരിക്കുന്നതും തുല്യമാണെന്നും ഞാൻ കേട്ടു."

സതി ഇടയ്ക്കു കേറി പറഞ്ഞു.

"അതൊക്കെ കളയണം. നിനക്ക് എന്തു സംഭവിച്ചു? അതു പറയുക. ഇപ്പോൾ നിന്റെ മുഖത്ത് അന്നത്തേ പ്രസന്നത കാണുന്നില്ലല്ലോ."

"നീ എന്റെ കാര്യം ചോദിക്കുന്നു. ഞാൻ നിന്റെ മുഖത്തേ പരിശോധിക്കുന്നു. വാസ്തവത്തിൽ സതീ! നീ അന്നിരുന്നതുപോലെ ഇപ്പോഴും ഇരിക്കുന്നുണ്ട്. എന്നാൽ നിന്റെ ഈ വേഷം കണ്ടിട്ട് കണ്ണ് അടച്ചുകളയാൻ തോന്നുന്നു. സോദരീ! എന്തു പാപം ചെയ്തിട്ടാണ് നിനക്കു ഈ ദുർദ്ദശ സംഭവിച്ചത്" എന്നു ചോദിച്ചുകൊണ്ടു അവൾ സതിയുടെ ഗളത്തിൽ പിടിച്ച്, അവളുടെ അഞ്ചലത്തിനുള്ളിൽ മുഖം മറച്ചു. സതി ഒരു ശിലാവിഗ്രഹം പോലെ നിശ്ചലയായി നിന്നു. അല്പം കഴിഞ്ഞു കമല തലപൊക്കി നോക്കി. സതി ചോദിച്ചു:—

"ഈ പുഷ്യമാസത്തിൽ അദ്ദേഹം നിങ്ങളെ ഇങ്ങോട്ടു വരാൻ എങ്ങനെ അനുവദിച്ചു?"

"രണ്ടുവർഷകാലമായില്ലേ ഇങ്ങോട്ടു വന്നിട്ടു? ഇവിടമൊക്കെ ഒന്നുകാണുന്നതിനു എനിക്കു അഗ്രഹം തോന്നി. അതുകൊണ്ടു തിരിച്ചതാണ്. അതിനും പുറമേ, ഞാൻ തോന്നുമ്പോൾ വരും; തോന്നുമ്പോൾ പോകും. എന്റെ പോക്കും വരവും തടയാൻ ആരാണുള്ളത്?"

"എന്തു? നിന്റെ സ്വാമിയില്ലേ?"

കമല ഒന്നു ചിരിച്ചു. ആ ചിരി അത്യന്തം കരുണരസഭരിതമായി സതിക്കു തോന്നി.

കമല ചിരിച്ചുകൊണ്ടു പറഞ്ഞു:—

"സ്വാമിയോ! എന്നെ തടയാനും മററും ഞാൻ അദ്ദേഹത്തിന്റെ ആരാണ്? സഹോദരീ! സ്ത്രീജന്മം പുഷ്പമാല്യംപോലെയാണ്.

അല്പമൊന്നു പഴകിയാൽപിന്നെ ആരു തൊടും. ദൂരത്തു എറിഞ്ഞുകളയും. നമ്മുടെ കൂട്ടരോടുള്ള ആദരം എത്രനാളത്തേയ്ക്കു നില്ക്കും?"

സതി തല താഴ്ത്തിക്കൊണ്ടിരുന്നു. കമല തുടന്നു:—

"സോദരീ! നീ സാംസാരികജീവിതത്തെ അല്പംപോലും അനുഭവിച്ചിട്ടില്ല. അതു നന്നായെന്നു എനിക്കു തോന്നുന്നു. പ്രിയസഖീ! ആ ദുഃഖം അതികഠിനമാണ്. ഇപ്പോൾ എൻെറയും നിൻെറയും അവസ്ഥ മിക്കവാറും ഒരുപോലെ തന്നെ. ദുഃഖാനുഭവത്തിനു മാത്രമായിരിക്കാം ജഗദീശ്വരൻ സ്ത്രീകളെ സൃഷ്ടിച്ചിരിക്കുന്നത്. സുഖം എന്നൊന്ന് അവക്കായി നിമ്മിച്ചിട്ടുള്ളതേ അല്ല."

സതിക്ക് ഇപ്പോൾ ഒരു കാൎയ്യം ഓൎമ്മയിൽ വന്നു. ഒരു ദിവസം അവൾ കാളിപാദനെ വിളിച്ചുകൊണ്ടു ഗൃഹദ്വാരത്തിൽ നില്ക്കേ, ആ വഴിയിൽക്കൂടി നരേന്ദ്രബാബു കുതിരസ്സവാരിചെയ്തു പോകുന്നതു കണ്ടു. അയാൾ അന്നു ദുർവിചാരദ്യോതകമായ ദൃഷ്ടികളാൽ അവളെ കുറേനേരം നോക്കി. അവൾക്കു അത് തീരെ രസിച്ചില്ല. ഈ സംഗതി ഓൎത്തപ്പോൾ, കമലയുടെ ദാമ്പത്യസുഖം എന്നൊന്നേയ്ക്കുമായി നഷ്ടപ്പെട്ടുപോയതുതന്നെ എന്ന് അവൾക്കു മനസ്സിലായി. കുറച്ചുകഴിഞ്ഞ് അവൾ പറഞ്ഞു:—

"സഹോദരി! ഞാൻ പോകട്ടേ?"

"കുറച്ചുനേരം കൂടി ഇവിടെ ഇരിക്കൂ! ഇനി എന്നു കാണുമെന്നു ആൎക്ക റിയാം?"

സതി കമ്പിതഗാത്രയായിട്ട് ഇങ്ങനെ പറഞ്ഞു:—

"ഈ മാതിരി അമംഗള വാക്കുകൾ പറയാതിരിക്കൂ, കമലേ! ഇനി അടുത്തുതന്നെ നമുക്ക് തമ്മിൽ കാണാൻ സാധിക്കും."

കമല ചിരിച്ചുകൊണ്ടു പറഞ്ഞു:—

"അല്പകാലത്തിനുള്ളിൽ ഈ ജീവിതം അവസാനിക്കും. എനിക്ക് അങ്ങനെയുള്ള ഭാഗ്യം എവിടെ? ഇപ്പോൾതന്നെ ഞാൻ ഇവിടെ വന്നിട്ട് കണ്ടതെന്താണ്? എൻെറ സഖിയുടെ പിതാവു മരിച്ചുപോയിരിക്കുന്നു. അവൾ വിധവയുമായി. ഇനി എന്തെല്ലാമാണ് കാണാൻ പോവുന്നത്?"

ഇതു കേട്ട് സതി ദുഃഖച്ഛായകൊണ്ടു മലിനമായ ഒരു ചിരിയോടുകൂടി കുറച്ചുനേരം അവിടെ ഇരുന്നിട്ട് സ്വഗൃഹത്തിലേയ്ക്കു തിരിച്ചു. കമലയുടെ കാൎയ്യം ആലോചിച്ചാലോചിച്ച് അവളുടെ ഹൃദയം പൎയ്യാകുലമായി. അവൾ ഈ ദുഃഖഭാരത്തേയും വലിച്ചിഴച്ചു കൊണ്ട് അധോമുഖിയായി മന്ദം മന്ദം നടന്നു. പെട്ടെന്ന് ആരോ ഒരാൾ അവളുടെ മുമ്പിൽ വന്ന്, നിലകൊണ്ടു.

"ആര്? സതിയൊ?" എന്നു അയാഠം സംഭ്രമത്തോടുകൂടി ചോദിച്ചു

സതി തലപൊക്കി നോക്കിയപ്പോഠം, അതു വിശ്വേശ്വരനാണെന്നു കണ്ടു. സംകുചിതഭാവത്തിൽ ശിരോവസ്ത്രം അല്പം കൂടിതാഴ്ത്തീട്ട്, അവഠം വഴിയുടെ ഒരു വശത്തേക്കു മാറി നിന്നു. വിശ്വേശ്വരൻ പോയിട്ട് തനിക്കു പോകാമെന്നായിരുന്നു അവളുടെ വിചാരം. വിശ്വേശ്വരൻ മുമ്പോട്ടു നടന്ന്, നന്നേ അടുത്ത് വന്നു. എന്നാൽ അദ്ദേഹം നിരുദ്ധ വാക്കായ്ഭവിച്ചു. എങ്കിലും, ഒന്നു ചുമച്ചു തുപ്പീട്ട് അദ്ദേഹം കാടും പടലും തല്ലി ഒരു വിധം ഇങ്ങനെ പറഞ്ഞു:—

"സതീ, ഞാൻ നിങ്ങളുടെ സഹോദരനല്ലേ? എന്നോട്ട് അല്പംസംസാരിച്ചു പോയെന്നുവെച്ച് എന്തു ദോഷമാണ് വരാനുള്ളത്?"

അവഠം മറുപടി ഒന്നും പറഞ്ഞില്ല. വിരക്തി, ലജ്ജ, ഭയം എന്നിങ്ങനെയുള്ള വിവിധ ഭാവങ്ങഠം ഒന്നിച്ചും വെവ്വേറെയും അവളുടെ ഹൃദയത്തെ ഇളക്കി മറിച്ചു തുടങ്ങി.

വിശ്വേശ്വരൻ തുടൎന്നുപറഞ്ഞു:—

"സഹോദരിയോടു സംസാരിക്കുന്നതു ഒരു അപരാധമല്ലല്ലോ"

"പറയാനുള്ളത് വേഗത്തിൽ പറഞ്ഞു തീൎത്താൽ കൊള്ളാം."

വിശ്വേശ്വരൻ കരുണാൎദ്രമായ സ്വരത്തിൻ പറഞ്ഞു:—

"ഞാൻ നിങ്ങളുടെ മാതൃപൂജാൎത്ഥം ഒരു തുഛസംഖ്യ കൊടുത്തയച്ചതിനെ തിരിച്ചയച്ചതെന്തു കൊണ്ട്?"

"ആവശ്യമില്ലാതിരുന്നതു കൊണ്ടു തന്നെ."

"ആവശ്യം ഇല്ലാതിരുന്നിരിക്കാം. എന്നാൽ സതീ! ആരെങ്കിലും ഒരാഠം ഭക്തിയാൽ പ്രേരിതനായിട്ട് ഒരു പദാൎത്ഥത്തേ ആക്കെങ്കിലും കൊടുത്തയച്ചാൽ, അതിനെ തിരിച്ചു കൊടുക്കുന്നത് ഉചിതമാണോ?"

സതി തീക്ഷ്ണസ്വരത്തിൽ പറഞ്ഞു:—

"സ്വീകരിക്കാവുന്നതൊക്കെ സ്വീകരിക്കാം. എനിക്ക് അറിവായ കാലം മുതല്ക്ക്, നിങ്ങഠം ഇതുപോലെ യാതൊന്നും അവക്കു കൊടുത്തിട്ടില്ല. ഞങ്ങഠം ദരിദ്രരാണെന്നു അറിഞ്ഞു, ഞങ്ങളെ സഹായിപ്പാനായി മാത്രമാണ് നിങ്ങഠം ഇപ്പോഠം പണം അയച്ചത്. ഞങ്ങഠം ദരിദ്രർ തന്നെ. എന്നാൽ തന്നത്താൻ ചെലവുകഠം നടത്താൻ കഴിവുള്ളിടത്തോളം കാലം, അന്യന്മാർ നൽകുന്ന ഭിക്ഷയേ ഞങ്ങഠം എന്തിനു സ്വീകരിക്കുന്നു?"

വിശ്വേശ്വരൻ വളരെ നേരം മിണ്ടാതെ നിന്നു. അതുകണ്ടു് സതി പോവാൻ ഭാവിച്ചപ്പോഠം, അദ്ദേഹം സഗൽഗദം പറഞ്ഞു:—

"എനിക്കു മാപ്പു തരണം. ഞാൻ നിങ്ങഠംക്കു ഭിക്ഷ തരികയായിരു

ന്നില്ല. എന്നു് വിശ്വസിക്കുക. ഞാൻ നിങ്ങളോടുള്ള സ്നേഹം..............."

സതി ഇടയ്ക്കു തടഞ്ഞിട്ടു പറഞ്ഞുതുടങ്ങി:—

"മാപ്പുതരേണ്ടതു് എനിയ്ക്കാണു്. നിങ്ങളേപ്പോലെ പരമദയാലുവായ ഒരു മനുഷ്യനോടു കഠിനമായ വാക്കുകൾ പറഞ്ഞ ഞാനാണു് അപരാധിനി. എന്നാൽ നിങ്ങൾ ഒന്നു ആലോചിച്ചു നോക്കണം. നിങ്ങൾ നിങ്ങളുടെ കത്തവ്യം ചെയ്തു. ഞാൻ എൻെറ കത്തവ്യത്തേയും നിറവേററി. ഭഗവാൻ ഇതേവരെ ഞങ്ങളുടെ കാൎയ്യങ്ങൾ മുറയ്ക്കു നടത്തിക്കൊണ്ടു പോകുന്നു. ഒരു വിധത്തിലും കാൎയ്യങ്ങൾ മുന്നോട്ടു പോകുകയില്ലെന്നു കാണുമ്പോൾ, നിങ്ങളുടെ എന്നല്ല, എല്ലാരുടേയും മുമ്പിൽ കൈ നീട്ടുകയേ തരമുള്ളു."

"സതീ! എനിക്കു മാപ്പു തരണം. ഞാൻ നിങ്ങളെ സഹോദരങ്ങളായി വിചാരിച്ചു മാത്രമാണു് അങ്ങനെ ചെയ്തതു്."

"അതു് എനിക്കു നല്ലപോലെ അറിയാം."

സതി നടന്നു. എന്നാൽ അല്പം ദൂരത്തായതിനുശേഷം വിശേശ്വരൻെറ നേക്കു തിരിഞ്ഞുനോക്കിക്കൊണ്ടു തീവ്രസ്വരത്തിൽ പറഞ്ഞു:—

"നിങ്ങൾ ഇടയ്ക്കിടയ്ക്കു ഞങ്ങളുടെ ദാരിദ്ര്യത്തെപ്പററി ചിന്തിച്ചുകൊണ്ടിരിക്കുന്നു എന്നു് എനിക്കു മനസ്സിലായി എന്നാൽ അതൊക്കെ ചിന്തിച്ചു ചിന്തിച്ചു നിങ്ങളുടെ മനസ്സു പുണ്ണാക്കരുതെന്നാണു് എൻെറ പ്രാൎത്ഥന. ഞങ്ങൾക്കു ബുദ്ധിമുട്ടുകൾ യാതൊന്നുമില്ല. മിനിയാന്നു് ചേട്ടൻ വന്നിരുന്നു. അദ്ദേഹം എന്തോ ജോലിയിൽ ഏൎപ്പെട്ടു കാണണം. എൻെറ ജ്യേഷ്ഠസഹോദരൻ ഒരു സൽപുരുഷനായിത്തീൎന്നു് ഞങ്ങൾക്കൊക്കെ ഒരു പിന്തുണയായിരിക്കുന്നതിനു അങ്ങു് ഞങ്ങളെ അനുഗ്രഹിച്ചാലും."

"ഞാൻ ഹൃദയപൂൎവ്വം ആശീൎവ്വദിക്കുന്നു. ഈ വിവരം ഒക്കെ അറിഞ്ഞതിനാൽ ഞാൻ സന്തുഷ്ടനായി. എൻെറ കുണ്ഠിതമൊക്കെ നീങ്ങി. സതീ! നിങ്ങളുടെ വാക്കുകൾ കേട്ടു് എനിക്കു അത്യം വലിയ മനോവ്യഥയുണ്ടായി. ഇപ്പോൾ അതൊക്കെപ്പോയിരിക്കുന്നു. സതീ! നിങ്ങളുടെ മനസ്സിലും ഈൎഷ്യയൊന്നും വെച്ചുകൊണ്ടിരിക്കരുതെ!"

"ഇല്ല."

# പതിനൊന്നാം അദ്ധ്യായം.

---

മാഘമാസം മുഴുവനും ജാഹ്നവി ഒരുതരത്തിൽ ചത്തും ജീവിച്ചും കഴിച്ചുകൂട്ടി. എന്നാൽ ഫാൽഗുനമാസമായപ്പോഴേക്കും അവർ കട്ടിലിനെ ശരണം പ്രാപിച്ചു. ഒന്നാമതായി രോഗം; രണ്ടാമതായി കഠിനമായ ശീതബാധ. അവക്കു തണുപ്പു തീരെ ഏറ്റുകൂടായിരുന്നു. സ്വമാതാവിന്റെ ഈ നിർജ്ജീവഭാവം കണ്ടപ്പോൾ, സതിയുടെ നേത്രങ്ങൾക്കുമുമ്പിൽ അന്ധകാരം വ്യാപിച്ചു.

ദരിദ്രഗൃഹത്തിൽ എന്തു ചികിത്സയാണു നടത്തുക! എങ്കിലും, കഴിവുള്ള ചികിത്സകളൊക്കെ സതി നടത്തി. ഡാക്ടർ ഫീസിനും മരുന്നുവിലയ്ക്കും, മുറയ്ക്കു ബില്ലയച്ചുകൊടുത്തു. സതി അത്യദ്ധ്വാനത്താൽ അല്പം പണം സമ്പാദിച്ചുവെച്ചിരുന്നതെല്ലാം ഡാക്ടൎക്കു ബലിദാനംചെയ്തു തീൎന്നപ്പോൾ, ദാരിദ്ര്യഭൂതം വീണ്ടും അവരിൽ ആവേശിച്ചു. ജാഹ്നവി ഇടയ്ക്കിടയ്ക്കു തന്റെ പുത്രിമാരോട് ഇങ്ങനെ പറയാറുണ്ടായിരുന്നു:—

"സുഖക്കേടു ശമിക്കാനുള്ളതാണെങ്കിൽ, താനേ ശമിച്ചുകൊള്ളും. നിങ്ങൾ എന്തിനു ഇത്ര വളരെ പണം വെറുതേ ചെലവുചെയ്യുന്നു."

വീട്ടുകാൎയ്യങ്ങളെപ്പററിയും ചിലപ്പോഴൊക്കെ അവർ അന്വേഷിക്കാറുണ്ട്.

"അമ്മേ! നിങ്ങൾ ചുമ്മാ കിടക്കണം. ഇതൊക്കെ നിങ്ങൾ ആലോചിച്ചുകൊണ്ടിരുന്നാൽ സുഖക്കേടു വൎദ്ധിക്കും. ഇതുവരെ കഴിച്ചുകൂട്ടിയില്ലേ? ഇനിയും കാൎയ്യങ്ങൾ മുറയ്ക്കു നടന്നുകൊള്ളും. ചേട്ടൻ ഇങ്ങോട്ടു ഒന്നുവന്നാൽ ബുദ്ധിമുട്ടെല്ലാം നീങ്ങും. കഷ്ടിച്ചു ഒന്നു രണ്ടു ദിവസത്തെ ഞെരുക്കം കാണുമായിരിക്കാം. അതു ഞങ്ങൾ സന്തോഷപൂൎവ്വം അനുഭവിച്ചു കൊള്ളാം" എന്നു സതി പറഞ്ഞു.

'എന്നാൽ ഹരിക്കു് ഒരു കത്തു എഴുതി അയക്കൂ' എന്നു ജാഹ്നവി ഉപദേശിച്ചു.

"എഴുതി അയച്ചിട്ടുണ്ട്. രണ്ടു ദിവസത്തിനുള്ളിൽ വരാതിരിക്കയില്ല."

ഹരിയുടെ അടുക്കലേക്കു അയച്ചിരുന്ന ആളിനെ അയാൾ ആട്ടിഓടിച്ചുവെന്നുള്ള കാൎയ്യം സതി അമ്മയോടു പറഞ്ഞില്ല. അവൎക്കു സുഖക്കേടു കൂടിക്കൂടി വന്നു. അതുകൊണ്ടു സഹോദരനെ വിളിക്കാൻ ഒന്നുകൂടി ആളയയ്ക്കണമെന്നു സതി വിചാരിച്ചു. അതിനാൽ അവൾ

കാളിയോടുകൂടി ചേരമിയെ ചാന്ദപുരത്തേക്കു അയച്ചു. എന്നാൽ, ഏതാനും മണിക്കൂറിനുള്ളിൽ അവർ തിരിച്ചുവന്നിട്ടു് ഹരി കൽക്കത്തയിലാണെന്നുള്ള വിവരം ധരിപ്പിച്ചു. സതി ഇതുകേട്ടു് ഒന്നും മിണ്ടാതെ അശ്രുക്കൾ പൊഴിച്ചുതുടങ്ങി. അല്പം കഴിഞ്ഞു്, അവൾ വീട്ടിലുണ്ടായിരുന്ന ഓട്ടുപാത്രങ്ങൾ ഒക്കെ അരിച്ചുപെറുക്കി എടുത്തു ചേരമിയുടെ കൈയിൽ കൊടുത്തയച്ചു വില്പിച്ചു. ഈ പണം കൊണ്ടു് അവർ ചെലവു നടത്തിക്കൊണ്ടിരുന്നു. അവർ ഇതേവരെ ആരോടെങ്കിലും യാചിക്കയോ, തങ്ങളുടെ ദുരവസ്ഥയെ മറ്റുള്ളവരെ അറിയിക്കയോ ചെയ്തിട്ടില്ല. ദാരിദ്ര്യം നിമിത്തം ഉണ്ടായ സങ്കോചത്താൽ അവൾ ഒരു വീട്ടിലും പോകാറില്ലായിരുന്നതുകൊണ്ടു്, അവരുടെ വീട്ടിലും ആരും വരാറുണ്ടായിരുന്നില്ല. അതിനാൽ അവരുടെ യഥാൎത്ഥസ്ഥിതിഗതികൾ ആരും ഇതേവരെ അറിയാൻ ഇടയായില്ല.

സതി കഴിയുന്നത്ര ചെലവുകൾ ചുരുക്കി വീട്ടുകാൎയ്യങ്ങൾ നിൎവ്വഹിച്ചുവന്നു, കാളിക്കു ബുദ്ധിമുട്ടുകൾ നേരിടരുതെന്നു വിചാരിച്ചു്, രണ്ടു സഹോദരിമാരും അരവയറുകൊണ്ടു തൃപ്തിപ്പെട്ടു. എന്നിട്ടും അധികനാളുകൾ മുന്നോട്ടു തള്ളിക്കൊണ്ടു പോവാൻ അവൎക്കു സാധിച്ചില്ല

ചൈത്രമാസമായി. രോഗിണി ഏറെക്കുറെ പൂൎവ്വസ്ഥിതിയിലായിട്ടുണ്ടു്. അതുകൊണ്ടു സതിക്കു അല്പം പ്രസന്നതയുണ്ടായി. എന്നാൽ അവർ പട്ടിണികിടന്നു മരിക്കാൻ ഇടവന്നേയ്ക്കുമോ എന്നുള്ള ഭയം അവളെപീഡിപ്പിച്ചുകൊണ്ടിരുന്നു. ജഗദീശ്വരനോടു കൈകൂപ്പി പ്രാൎത്ഥിച്ചു പ്രാൎത്ഥിച്ചു് നേരം അധികം ഇരുട്ടിയപ്പോൾ, അവൾ അമ്മയുടെ കിടക്കയ്ക്കു സമീപം ചെന്നുകിടന്നു. അതിരാവിലെ, ജാഹ്നവി 'സതീ സതീ എഴുന്നേൽക്കൂ' എന്നു വിളിച്ചതുകേട്ടു് അവൾ ഉണൎന്നെഴുന്നേറ്റു്, കണ്ണു തിരുമ്മിത്തുറന്നുകൊണ്ടു ചോദിച്ചു.

“എന്താണമ്മേ! കാൎയ്യം എന്താണു്?”

“ഒന്നുമില്ല. ഒരു ദുസ്വപ്നം കണ്ടു ഞാൻ പേടിച്ചുപോയി.”

സതി അമ്മയുടെ മാറിടത്തിൽ മൃദുവായിത്തടവിക്കൊണ്ടിരുന്നു. ജാഹ്നവി പുത്രിയുടെ വിളറിയ മുഖത്തു നോക്കീട്ടു ഇങ്ങനെ പറഞ്ഞു:—

“മകളേ! നീ ആപത്തിൽ ഒരിക്കലും അധീരയാവരുതു്. എല്ലാ കാലവും ,ഒരുപോലിരിക്കയില്ല. വിപത്തു നേരിടുമ്പോൾ ഈശ്വരനോടു സങ്കടമുണൎത്തിക്കുക. കാരുണ്യക്കടലായ ഭഗവാൻ സൎവ്വദുഃഖങ്ങളും തീൎത്തുരക്ഷിക്കും.”

സതി ക്ഷീണസ്വരത്തിൽ ചോദിച്ചു:—

"ഇതൊക്കെ എന്തിന്നാണ് ഇപ്പോൾ പറയുന്നത്?"

"നെഞ്ചിനകത്തു എന്തോ ദുസ്സഹമായ വേദന"

സാവിത്രിയും ഉണൎന്നു. അവൾ കുറേനേരം മാതാവിൻെറ കാല്ക്കൽ ഇരുന്നിട്ടു വീട്ടുജോലികൾ നോക്കാനായിപ്പോയി. കാളി എഴുന്നേററു പതിവുപോലെ കുറേനേരം കളിച്ചിട്ടു്, സതിയുടെ അടുക്കൽ ചെന്നു്,

"ചേച്ചീ! വിശക്കുന്നല്ലോ, തിന്നാനെന്തുണ്ടു്?" എന്നു ചോദിച്ചു.

സാവിത്രി തലേദിവസത്തെ അരിയിൽനിന്നു്, അല്പം എടുത്തു വെച്ചിരുന്നു. അതു വറുത്തു അല്പം ഉപ്പും തളിച്ചു് കാളിക്കു കൊടുത്തു. അതിനെ ഒരു തുണിയിൽ പൊതിഞ്ഞു കൈയിൽ വെച്ചുകൊണ്ടു് അവൻ പിന്നെയും കളിക്കാൻ പോയി.

സതി അമ്മയോടു ചോദിച്ചു:—

"അമ്മയ്ക്കു വിശക്കുന്നില്ലേ?"

"ഇല്ല."

"അതു എന്തുകൊണ്ടു? തീച്ചയായും ഇപ്പോൾ വിശപ്പു കാണണം. എഴുന്നേൽക്കൂ. മുഖം കഴുകി മുണ്ടും മാററിയിട്ടു വല്ലതും കഴിക്കൂ."

ജാഹ്നവി മകളുടെ മുഖത്തേയ്ക്കു ഒന്നു നോക്കീട്ടു്, കോമളസ്വരത്തിൽ പറഞ്ഞു:—

"മകളേ! ഞാൻ എങ്ങനെയും ജീവിക്കും. ഈ ജീവൻ അത്ര എളുപ്പത്തിൽ ശരീരം വിട്ടുപോവുകയില്ല. പാപം ചെയ്ത ഉയിരാണ്. എൻെറ മുമ്പിൽവെച്ചു കാളിയും നീയും പട്ടിണികിടന്നു ചാവാതിരുന്നാൽ മാത്രം മതി. ഊണു കഴിക്കാതിരുന്നാലും ഞാൻ മരിച്ചുപോവുകയില്ല മകളേ!"

അമ്മ പറഞ്ഞ വാക്കുകൾ കേട്ടിട്ടും, കേൾക്കാത്ത മട്ടിൽ അവൾ അവരുടെ കൈയും, മുഖവും കഴുകിച്ചു്, മുണ്ടും മാററിയിട്ടു്, പൂജയ്ക്കായി ഇരുത്തി. ചേട്ടത്തിഅമ്മ പാൽ കറന്നു വെച്ചിട്ടു് ഓരോന്നു പിറുപിറുത്തുകൊണ്ടു കുളിക്കാൻ പോയി. ഇന്നു വീട്ടിൽനിന്നു വെളിക്കു ഇറങ്ങുകയേ ഇല്ലെന്നു സതി ആദ്യം നിശ്ചയിച്ചിരുന്നു. എന്നാൽ അമ്മയ്ക്കുവേണ്ടി അവൾക്കു വെളിയിൽ പോകേണ്ടിവന്നു. പാൽ ഉള്ളിടത്തോളം കാലം അമ്മ പട്ടിണികിടന്നു ചാകേണ്ടിവരികയില്ലെന്നു വിചാരിച്ചു്, അവൾ സന്തോഷിച്ചു. അതിനാൽ സതി സാവിത്രിയെ വിളിച്ചു്, തീ കത്തിക്കാൻ പറഞ്ഞു.

"എന്തിനു്? തീകൊണ്ടു് എന്തുചെയ്യാനാണു്?" എന്നു സാവിത്രി മൃദുസ്വരത്തിൽ ചോദിച്ചു.

'പാൽ ഒന്നു കാച്ചിയെടുക്കാമല്ലോ' എന്നു പറഞ്ഞിട്ടു സതി ഒരു കുടവും എടുത്തുകൊണ്ടു് പതുക്കെ വാതിൽ തുറന്നു. കുളിക്കാൻ പോകണമെന്നു വിചാരിച്ചാണു് അവൾ പോകാൻ ഭാവിച്ചതു്. എന്നാൽ വാതുക്കൽ ഒരു കത്തു ചരടിൽ കെട്ടി ഇട്ടിരിക്കുന്നതു് അവളുടെ ദൃഷ്ടിയിൽ പതിച്ചു. ഇതു എന്താണു്? എഴുത്താണെന്നു തോന്നുന്നല്ലോ! കൌതുഹലത്തിനു് വശംവദയായിട്ടു് അതെടുത്തു നോക്കിയപ്പോൾ അതു് ഒരു കത്താണെന്നു് അവൾക്കു മനസ്സിലായി. അക്ഷരം അവ്യക്തമായിരുന്നു. എന്നാൽ ലേഖകന്റെ പേരു അതിൽ സ്പഷ്ടമായിക്കാണാമായിരുന്നു.

അവളുടെ വിസ്മയം സീമയെ അതിലംഘിച്ചു. എന്നിട്ടും അമ്മ വിശന്നിരിക്കയാണെന്നു് ഓർമ്മ വന്നതിനാൽ, ആ കത്തിനെ എഴുന്നിരിക്കുന്ന ഇഷ്ടികകൾക്കുള്ളിൽ തിരുകീട്ടു്, അവൾ കുളിക്കാൻ പോയി. തിരിച്ചുവന്നു്, ഈറൻ മാറാതെ തന്നെ, അവൾ പാൽ കാച്ചി എടുത്തു്, അതിൽ ഒരു ഭാഗം കാളിക്കായി പകർന്നു വെച്ചിട്ടു്, ബാക്കി അമ്മയെ കുടിപ്പിച്ചു. ജാഹ്നവി ആദ്യം തടസ്സം പറഞ്ഞു നോക്കി. എന്നാൽ മകളുടെ നേത്രങ്ങളിൽ അശ്രുക്കൾ കാണുകയാൽ ഒടുവിൽ കുടിക്കാൻ പ്രേരിതയായി.

അനന്തരം സതി ഈറൻ മുണ്ടുകളോടുകൂടിത്തന്നെ നദീഘട്ടത്തിലേക്കു് തിരിച്ചു. കഴിഞ്ഞ ദിവസത്തെ ലംഘനത്താൽ അവളുടെ ദേഹം വെന്തു നീറിക്കൊണ്ടിരുന്നു. ഈറൻ മാറാതിരുന്നതു് അതുകൊണ്ടാണു്. ഇഷ്ടികകൾക്കിടയിൽ തിരുകിയിരുന്ന കത്തും അവൾ കൈയിൽ എടുത്തിരുന്നു.

വായന തുടങ്ങി. ആരംഭത്തിലെ സംബോധനകൾ കണ്ടപ്പോൾ തന്നേ, അവളുടെ തല കറങ്ങി. ഒരു വിധം അവൾ ആദിമുതൽ അവസാനംവരെ വായിച്ചുതീർത്തു. ലേഖകൻ അവളുടെ പ്രിയസഖിയായ കമലയുടെ ഭർത്താവായ നരേന്ദ്ര ജമിന്ദാരായിരുന്നു. അതി നീചഭാഷയിൽ നിന്ദ്യങ്ങളായ പലതും അതിൽ എഴുതിപ്പിടിപ്പിച്ചിരുന്നു. ഹാ! ഈ സാധുക്കളോടു് എന്തൊരു സഹാനുഭൂതി! അയാൾ പറയുന്നതുപോലെ പ്രവർത്തിച്ചാൽ അവരുടെ ദുഃഖങ്ങളെല്ലാം അസ്തമിക്കുമത്രേ! ക്രോധം, ദുഃഖം, ഘൃണ ഇത്യാദി വികാരങ്ങളോടുകൂടി അവൾ ആ കത്തിനെ കഷണംകഷണമായിച്ചീന്തി ദൂരേ എറിഞ്ഞിട്ടു്, വീണ്ടും, കുളിച്ചു. അപവിത്രമായ വസ്തുവിന്റെ സ്പർശത്താൽ ദൂഷിതയായതിനാൽ, വീണ്ടും സ്നാനം ചെയ്യാതിരിക്കുന്നതിനു് അവൾക്കു മനസ്സു വന്നില്ല. അവൾ തിരിച്ചു വീട്ടിൽ ചെന്നപ്പോൾ സാവിത്രി ചോദിച്ചു:—"ചേച്ചി! രണ്ടാമത്തും കുളിക്കാൻ പോയിരുന്നോ? അശുദ്ധമായ വല്ലതും തൊട്ടോ?" അതേ, എന്നു

പറഞ്ഞിട്ട് അവൾ കുറെ നേരത്തേക്ക് ഒന്നും മിണ്ടിയില്ല. ഒടുവിൽ അവൾ പറഞ്ഞു:—

"സാവിത്രീ! എനിക്ക് തീരെ മനസ്സുഖമില്ല. ഞാൻ അല്പം ഒന്നു ഉറങ്ങട്ടേ."

സാവിത്രി വിഷണ്ണയായിട്ട് ചോദിച്ചു:—

"ചേച്ചി! കാളിയ്ക്കു് എന്തുകൊടുക്കും?"

"പാലിരുപ്പുണ്ട്. അല്പം നീ കുടിച്ചിട്ട് ബാക്കി അവനു കൊടുക്കു."

സതി ഈറൻ മാറിയിട്ട്, മുറിയിൽ കേറി; അകത്തുനിന്നു കുററിയിട്ടതിൻെറ ശേഷം, ഒരു പായിൽ ചെന്നു കിടന്നു. ദേഹത്തിന് നന്നേ ക്ഷീണമുണ്ടായിരുന്നതിനാൽ, വേഗത്തിൽ അവൾക്കു ഉറക്കം വന്നു. ഹാ! അല്പസമയത്തേക്ക് അവൾ സ്വാപചശ്ശൃംഖലകളിൽനിന്നും വിമുക്തയായി. പക്ഷേ ഉണൎന്നപ്പോൾ കാളി പാൽ എടുത്ത് ദൂരെ എറിഞ്ഞു കളഞ്ഞിട്ട്, വാവിട്ടു കരയുന്നതാണ് അവൾ കേട്ടത്. കാളിയുടെ ഈ സങ്കടംകണ്ടു് സാവിത്രിയും കരഞ്ഞു പോയി. സതി കാതിൽ കൈവിരൽ തള്ളിക്കൊണ്ട് ശിലാവിഗ്രഹംപോലെ പായിൽതന്നെ കിടന്നു. അല്പം കഴിഞ്ഞ്, ആരോ ആ മുറിയുടെ വാതുക്കൽ തട്ടിക്കൊണ്ടു്,

"ചേച്ചീ! എഴുന്നേററു് വെളിയിൽ വരൂ" എന്നു വിളിച്ചു പറഞ്ഞു.

സതി ഉത്തരമൊന്നും പറഞ്ഞില്ല. പുറത്തുനിന്ന് പിന്നെയും "ചേച്ചീ! എഴുന്നേററു വരികയില്ലേ? വിശ്വവർണ്ണൻെറ ചെറിയമ്മ എന്തോ കൊടുത്തയച്ചിരിക്കുന്നു. വന്നു നോക്കണം" എന്നിങ്ങനെ പറഞ്ഞതുകേട്ട്; അവൾ വാതിൽ തുറന്നു.

ഒരു കൈയിൽ പുഷ്പചന്ദനാദിശോഭിതമായ പൂൎണ്ണകുംഭവും മറേറ കൈയിൽ നിറയേ അരിയും സാമാനങ്ങളും അടങ്ങിയ ഒരു പാത്രവും എടുത്തുകൊണ്ടു്, ഒരാൾ നില്ക്കുന്നതു് അവൾ കണ്ടു.

സതി ക്ഷീണസ്വരത്തിൽ ചോദിച്ചു:—

"ഇതൊക്കെ എന്താണ്?"

"ഇന്നു സംക്രാന്തിയാണ്. അമ്മ അന്നദാനം നടത്തി. ബ്രാഹ്മണഗൃഹത്തിൽ കൊടുക്കാനായി ഇതൊക്കെ തന്നയച്ചതാണ്."

സാമാനമെല്ലാം അവിടെ വെച്ചിട്ട്, അയാൾ നടന്നു കളഞ്ഞു. സാവിത്രി ഫലമൂലാദികൾ കൊടുത്ത് കാളിയെ സമാധാനപ്പെടുത്തി. സതി ആവശ്യമുള്ള സാമാനങ്ങൾ എല്ലാം എടുത്ത് ഊണിന് വട്ടം കൂട്ടിത്തുടങ്ങി. അവളുടെ നേത്രങ്ങളിൽനിന്ന് ഒന്നുരണ്ടു അശ്രുകണങ്ങൾ അഗ്നിയിൽ പതിച്ചു. ഈ അശ്രുക്കൾ ഭഗവന്നാമത്തിലോ മനുഷ്യനാമത്തിലോ ഏതിലാണ് പതിച്ചതെന്ന് ആൎക്കറിയാം?

നിരങ്ങി നിരങ്ങി രണ്ടുമൂന്നു ദിവസങ്ങൾ കടന്നുപോയി. സതിക്കു് വീണ്ടും ഒരു കത്തുകിട്ടി. അതിലും അസംബന്ധങ്ങൾ വേണ്ടുവോളമുണ്ടായിരുന്നു. അതിനേയും അവൾ വായിച്ചിട്ടു് കീറി ദൂരെ എറിഞ്ഞു കളഞ്ഞു. ഈ വർത്തമാനം അവൾ സാവിത്രിയെപ്പോലും അറിവിച്ചില്ല. അവളെ വെറുതേ എന്തിനു് ഭയപ്പെടുത്തുന്നു എന്നു വിചാരിച്ചു് മാത്രമാണു് അങ്ങനെ ചെയ്യാതിരുന്നതു്.

വൈശാഖമാസമായി—ഒരു വ്രതത്തിനുള്ള ഒരുക്കങ്ങളെല്ലാം അന്നപൂർണ്ണാദേവി പൂർത്തിയാക്കിയിരിക്കുന്നു. അയ്യഞ്ചുദിവസം ഇടവിട്ടു്, ഭോജനസാമഗ്രികളും പൂർണ്ണകുംഭവും മുറയ്ക്കു് സതിയുടെ വീട്ടിൽ വന്നു തുടങ്ങി. ദാരിദ്ര്യം കസ്തൂരിക്കു തുല്യമാണെന്നു സതി വിചാരിച്ചു. എത്രതന്നെ മറച്ചു വെച്ചാലും, അതിൻെറ ഗന്ധം സർവത്ര പരക്കാതിരിക്കയില്ല. അവൾ ഓരോന്നു് ആലോചിച്ചു കൊണ്ടു് കുറേ നേരം ചുമ്മാ ഇരുന്നു. ദാരിദ്ര്യമാകുന്ന ഘോരരാക്ഷസിയോടു് മല്ലിട്ടു് അവൾ നന്നേ ക്ഷീണിച്ചിരിക്കയായിരുന്നു എന്നാൽ ആ രണ്ടുപേർക്കും ആഹാരത്തിനുള്ള വക കിട്ടിയപ്പോൾ, അവൾ മററു കാര്യങ്ങൾ ആലോചിച്ചു തുടങ്ങി. പക്ഷേ ഒരു നിമിഷംപോലും മനോവിചാരം കൂടാതെ ജീവിക്കുന്നതിനു് വിധാതാവു തൻെറ തലയിൽ എഴുതീട്ടില്ലെന്നു് അവൾക്കു് അചിരേണ മനസ്സിലായി. ഒരു ദിവസം താരാപുരത്തിലെ ബാങ്കുകാർ, മുന്നൂറു ഉറുപ്പികയും അതുവരെയുള്ള പലിശയും കൂടി മൂന്നുദിവസത്തെ അവധി വെച്ചു് അയച്ച നോട്ടീസു അവളുടെ കൈയിൽ കിട്ടി. ഒന്നുകിൽ പണം കൊടുക്കണം—അല്ലെങ്കിൽ വീടുവിട്ടു് ഇറങ്ങണം—എന്തൊരു ദുർഘടം ശിവനേ!

അന്നേ ദിവസം ജാഹ്നവിക്കു് ശയ്യവിട്ടു് എഴുന്നേല്ക്കാനേ സാധിച്ചില്ല. എന്നാൽ താൻ ഊണുകഴിക്കാതെ, പുത്രിമാർ രണ്ടും, ജലപാനം കഴിക്കയില്ലെന്നു അവൾക്കു നിശ്ചയമുണ്ടായിരുന്നതിനാൽ അവർ ഉണ്ടുവെന്നു വരുത്തി. ദുഃഖജനകമായ ചിന്തകളുടെ ആവേശത്താൽ അവൾക്കു ജ്വരം വർദ്ധിച്ചു. സാവിത്രി വൈമനസ്യത്തോടുകൂടി അവളുടെ മാതാവിൻെറ സമീപത്തു തന്നേ ഇരുന്നു. എന്നാൽ സതിയ്ക്കു് ഒരിടത്തും ഇരുപ്പുറച്ചില്ല. അവൾ ഇടിഞ്ഞുപൊളിഞ്ഞ ഒരു മുറിയിൽ കടന്നു് വാതിലടച്ചു കിടന്നു—എന്നാൽ ഉറങ്ങാനാണോ? അല്ല. ഈ മാതിരി വിഡംബനകൾ എല്ലാം അതുനിമിത്തമുണ്ടായതാണെന്നു് അവൾ ആലോചിച്ചുകൊണ്ടിരുന്നു.

ഈ സർവനാശം മററുള്ളവർ നിമിത്തം ഉണ്ടായതല്ല. എല്ലാം ഞാൻ നിമിത്തം വന്നുചേർന്നവതന്നേ. എൻെറ സുഖസൌകര്യങ്ങൾക്കായി ശ്രമിച്ചതുകൊണ്ടു് അച്ഛനമ്മമാർ ആശ്രയഹീനരായി.

എൻെറ ക്ഷേമത്തിനു വേണ്ടി അവർ ഈ ഏടാകൂടത്തിൽ ചാടി. ഇനി ഇവിടെ ആരാണ് പിന്തുണ? അറുനൂറു രൂപാപോയിട്ട് അറു കാശു ആരെങ്കിലും തരുമോ?—അതും ഈ തെണ്ടികൾക്ക്. 'ഈ ഋണത്തിൽ നിന്ന് ഞങ്ങളെ മോചിപ്പിച്ചു തരണേ' എന്നു ഞാൻ ആരോടു പറയും? അങ്ങനെ നല്ല ബുദ്ധി തോന്നുന്ന ഒരു ദയാലു എവിടെ? ഉണ്ടായിരുന്നാൽ തന്നെയും നിർല്ലജ്ജം ആരു ചെന്ന് അയാളോടു പ്രാർത്ഥിക്കും?. പ്രാർത്ഥിക്കേണ്ട ആവശ്യമുണ്ടോ എന്നാ ണെങ്കിൽ, ആരെങ്കിലും താനേ വന്ന് "ഇതാ അറുനൂറു ഉറുപ്പിക ഇരി ക്കുന്നു. എടുത്തോളൂ!" എന്നു പറയുമോ? ഛീ! ഛീ! അങ്ങനെ യാചിച്ചു ജീവിതം കഴിക്കുന്നതു് എത്ര നിന്ദ്യം!—വേറെ ഉപായം ഒന്നുമില്ലേ".

ഇങ്ങനെ സതി ആലോചനയിൽ മുഴുകി ഇരിക്കേ, സാവിത്രി വാതുക്കൽ വന്ന് ചേച്ചി! മഴ വന്നു കഴിഞ്ഞു. മുണ്ടുകൾ അഴിച്ച് അകത്തിടണം. ഞാൻ അമ്മയുടെ അടുക്കൽ ഇരിക്കാം" എന്നു പറഞ്ഞു.

സതി വാതിൽ തുറന്നു നോക്കിയപ്പോൾ, പ്രകൃതിദേവിയും, തന്നെപ്പോലെ സംക്ഷുബ്ധഹൃദയയായി ഇരിക്കുന്നതുകണ്ടു. മുണ്ടുകൾ അഴിച്ചു കൊണ്ടിരിക്കേ, വീട്ടിനുള്ളിൽ ജലം ഒട്ടുമില്ലെന്നു അവൾക്കു ഓർമ്മ വന്നു. രാത്രി മുഴുവനും മഴ അവസാനിക്കുന്ന മട്ടു കണ്ടതുമില്ല. കിണററിൽ വെള്ളം വററിപ്പോയതിനാൽ, ഉള്ള ജലം കലങ്ങി ദുർഗ്ഗ ന്ധപൂരിതമായിരുന്നു. അതുകൊണ്ട്, അവൾ കുടവുമെടുത്തു് നേരേ കുളത്തിലേക്കു നടന്നു. സതി കുടമെടുക്കുന്നതുകണ്ടു് സാവിത്രി പറഞ്ഞു:—"വെള്ളം ഒട്ടുമില്ലേ? എന്നാൽ കുടം ഇങ്ങുതരൂ. ഞാൻ പോയി വെള്ളം കൊണ്ടുവരാം."

"വേണ്ട! നീ അമ്മയുടെ അടുക്കൽ ഇരിക്കൂ. ഞാൻ പോയിട്ടു വേഗം വരാം."

സതി കുളത്തിൽ ഇറങ്ങി, കുടം വെള്ളത്തിൽ മുക്കിയിട്ട്, പൊക്കാനായി ഭാവിച്ചപ്പോൾ, പെട്ടെന്ന് എന്തോ ഒരു കാഴ്ച കണ്ടു് ഒന്നു ഞെട്ടി.

ആരോ ഒരുവൻ മുമ്പിൽ നിൽക്കുന്നതായി അവൾ കണ്ടു. അതാരു? സൂക്ഷിച്ചുനോക്കിയപ്പോൾ ആൾ മനസ്സിലായി. വേറെ ആരുമല്ല. നമ്മുടെ നരേന്ദ്രനായിരുന്നു.

ഭയം കൊണ്ടു അവൾ ഉച്ചത്തിൽ നിലവിളിച്ചാലോ എന്ന് ആലോചിച്ചു. എന്നാൽ മുഖത്തുനിന്നു ഒരു ശബ്ദവും പുറപ്പെട്ടില്ല. അവൾ ജലത്തിൽനിന്നു കടുകിട വിറച്ചുതുടങ്ങി.

നരേന്ദ്രൻ ചിരിച്ചുകൊണ്ട് പറഞ്ഞു:—

"സുന്ദരി! എന്തിന് ഭയപ്പെടുന്നു? ഞാൻ കരടിയോ കടുവായോ അണോ? നിങ്ങൾക്കു രണ്ടുകത്തുകൾ അയച്ചിട്ടും മറുപടി അയക്കാതിരുന്നതെന്തുകൊണ്ട്?"

സതി തനിക്കുള്ള ധൈര്യമെല്ലാം അവലംബിച്ചുകൊണ്ട് സാവധാനം മറുപടി പറഞ്ഞു:—

"നിങ്ങൾക്കു നന്മയിൽ ആശയുണ്ടെങ്കിൽ ഇപ്പോഴേ ഇവിടെ നിന്നു പോകണം. അല്ലെങ്കിൽ ഞാൻ നിലവിളിക്കും."

"വേണ്ട! വേണ്ട! നിങ്ങൾ വെറും മഠയിയേപ്പോലെ സംസാരിക്കുന്നതെന്ത്? ബുദ്ധിമതിയാണെന്നാണല്ലോ ഞാൻ കേട്ടിട്ടുള്ളത്. കൈയിൽ വന്ന ഭാഗ്യലക്ഷ്മിയേ ആരെങ്കിലും കാൽകൊണ്ടു ചവുട്ടിത്തേയ്ക്കുമോ? നിങ്ങളുടെ സകല ദുർദശകളും നീങ്ങാൻ പോകുന്നു. നാളെ നിങ്ങളുടെ വീട്ട് ജപ്തിചെയ്യാൻ പോകുന്നു എന്നു കേട്ടല്ലോ. അങ്ങനെയാണെങ്കിൽ നിങ്ങൾ എവിടെ പോകും? ഞാൻ പറയുന്നതു കേൾക്കൂ! നിങ്ങളുടെ അമ്മയുടേയും സഹോദരീസഹോദരന്മാരുടേയും കഷ്ടതകൾ ഒഴിയട്ടേ."

സതി ജലത്തിൽനിന്ന് ആലിലപോലെ വിറച്ചുകൊണ്ടിരുന്നു. സാക്ഷാൽ യമരാജൻ വിടരൂപം അവലംബിച്ച് തൻെറ മുമ്പിൽ വന്നിരിക്കയാണോ എന്ന് അവൾ ശങ്കിച്ചു. ആ പാപി തുടർന്നു പറഞ്ഞു:—

"വേഗം പറയൂ. എന്താണ് നിങ്ങളുടെ നിശ്ചയം? അമ്മ, അനിയൻ, സഹോദരി എന്നിവരെ ഒക്കെ വിളിച്ചുകൊണ്ട് വഴിനീളെ നടന്നു തെണ്ടുകയോ, അല്ലാത്തപക്ഷം പട്ടിണികിടന്നു ചാകയോ ചെയ്യണമെന്നാണോ നിങ്ങളുടെ ആഗ്രഹം? ഞാൻ പറയുന്നതു കേട്ടു നടന്നാൽ എത്ര സുഖമായി ജീവിക്കാം."

സതി രണ്ടു കൈകൾകൊണ്ടും മുഖം മറച്ചു. അവൾ വശപ്പെട്ടു തുടങ്ങിയെന്നു വിചാരിച്ച് നരേന്ദ്രൻ വർദ്ധിതമായ ഉത്സാഹത്തോടുകൂടി വീണ്ടും പറഞ്ഞു:—

"ഞാൻ ഹരിയിൽനിന്ന് നിങ്ങളേപ്പററിയുള്ള സകല വിവരങ്ങളും ഗ്രഹിച്ചുകൊണ്ടാണിരിക്കുന്നത്. ഞാൻ നിങ്ങളേ ആദ്യമായി കണ്ട അന്നുമുതല്ക്കു നിങ്ങളുടെ പേരു എൻെറ ജപമാലയായി തീർന്നിരിക്കുന്നു. നിങ്ങൾ നല്ല നിലയിൽ ഇരുന്നതുകൊണ്ടു ഇതേവരെ ആരെയും ആശ്രയിക്കാൻ പോയിട്ടില്ല. തന്നിമിത്തം നിങ്ങളോടു ഇക്കാര്യം തുറന്നുപറയുന്നതിന് എനിക്കു ധൈര്യമില്ലായിരുന്നു. നിങ്ങൾ എൻെറ ജീവിതസർവ്വസ്വമായിരിക്കുന്നതിന് സമ്മതിക്കുന്ന പക്ഷം നിങ്ങളുടെ കഷ്ടതകളൊക്കെ

ഴീങ്ങിപ്പോകും. എൻെറ സവ്വസ്വവും തരുന്നതിന് ഞാൻ ഒരുക്കമാണ്."

സതി പ്രാത്ഥനാസ്വരത്തിൽ പറഞ്ഞു:—

"നിങ്ങഠം ഇവിടെനിന്നു പോവുക! വേഗം പോവുക. അല്ലെങ്കിൽ ഞാൻ വെള്ളത്തിൽ ചാടി മരിച്ചുകളയും."

"അങ്ങനെ ആണെങ്കിൽ ഞാൻ ഇതാ പോകുന്നു. ആകട്ടേ, ഞാൻ നാളെഈ സമയത്തു് ഇവിടെ വരാം.നിങ്ങളെ കാണാൻ സാധിക്കുമോ? വലിയ മഴ വരുന്നു. ഇപ്പോഠം പോവുക. വീട്ടിൽ പോവുക."

"ആദ്യമായി നിങ്ങഠം പോവണം. എന്നിട്ടേ ഞാൻ വെള്ളത്തിൽ നിന്നു കയറുകയുള്ളു."

"എന്തു? അടുത്തുവന്നാൽ ഞാൻ കടിക്കുമോ? വല്ല സപ്പമോ മറേറാ ആണോ? ഓഹോ! ഇതാ ഞാൻ പോകുന്നു."

ആ കൊടുംപാപി ചിരിച്ചുംകൊണ്ടു്, അവിടെനിന്നു പോയി. സതി വിറച്ചുകൊണ്ടു്, അയാഠം കുറേദൂരം പോകുന്നതുവരെ ജലത്തിൽതന്നേ നിന്നു. മനുഷ്യൻെറ സവ്വനാശകാരികളായ കുത്സിതവൃത്തികഠം ഒന്നുചേന്നു് തന്നേ കപടവലയിൽ കുടുക്കുന്നതിനായി മനുഷ്യരൂപം അവലംബിച്ചു വന്നിരിക്കയാണോ എന്നു സതി സംശയിച്ചു. എന്തുകൌശലം പ്രയോഗിച്ചാണ് രക്ഷപെടേണ്ടതു്? മുമ്പിലും പിറകിലും കരിംപിശാചുക്കഠം നൃത്തം ചെയ്യുന്നതുപോലെ അവഠംക്കുതോന്നി. അവഠം ഭയപരവശയായി. വിരലുപോലും അനക്കാൻ അവഠംക്കു ധൈയ്യമുണ്ടായില്ല.

വലത്തേക്കരയിൽകൂടി ആരോ അതിവേഗം നടന്നുവരുന്നതു് അവഠം കണ്ടു. അയാഠം തീവ്രദൃഷ്ടികളാൽ അവളെ അടി മുതൽ മുടിവരെ ഒന്നു പരിശോധിച്ചിട്ടു്, സ്തംഭിതഭാവത്തിൽ കുറച്ചുനേരം അവിടെ നിന്നതിനുശേഷം, നേരേ നടകൊണ്ടു. നരേന്ദ്രൻ കടവിൽ നിന്നു പോകുന്നതു് വിശേശ്വരൻ കണ്ടിരിക്കുമെന്നു സതി ഊഹിച്ചു. "ഇനി എന്തിനിരിക്കുന്നു? വെള്ളത്തിൽ ചാടി മരിച്ചുകളഞ്ഞാലോ? രക്ഷിക്കാനായി ആരും വരികയില്ല. നല്ല സൌകയ്യം! ഛെ! എന്തൊരു ഹീനമായ വിചാരം!" ബലപൂവ്വകം ഈ വിചാരത്തെ അടക്കീട്ടു്, ഉത്തരദന്തപംക്തിയാൽ അധരോഷ്ഠത്തെ ദംശിച്ചുകൊണ്ടു് അവഠം അവിടെ നിന്നുപോയി. ഇപ്പോഠം അവളുടെ ദേഹത്തിൽ വിറയലിൻെറലാഞ്ഛനംപോലും കാണപ്പെട്ടില്ല. നേരമേറിച്ചു് അവളുടെ സങ്കല്പം പവ്വതംപോലെ അചഞ്ചലമായിരുന്നു. അവളെ കണ്ടിട്ടു് സാവിത്രി സോൽക്കണ്ഠം ചോദിച്ചു:—

"ചേച്ചി! എന്താണ് ഇത്ര താമസിച്ചതു്?"

"ഞാൻ നദീതീരത്തു പോയിരുന്നു."

"മുണ്ടു നനച്ചുകൊണ്ടിരുന്നോ? കുളിച്ചെന്നു തോന്നുന്നില്ലല്ലോ!"

"അതേ!"

ഇതുകേട്ട് ജാഹ്നവി തീവ്രമായ മനോവേദനയേ സൂചിപ്പിക്കു മാറ് ഒന്നു നെടുവീർപ്പിട്ടു.

പ്രഭാതത്തിൽ ജാഹ്നവി സാവിത്രിയോടുപറഞ്ഞു:—

"കാററുകൊണ്ട് മാങ്ങയെല്ലാം പൊഴിഞ്ഞുകാണണം. കുറെ മാമ്പഴവും കൈതച്ചക്കയും വിശേശ്വരൻെറ ചെറിയമ്മയ്ക്കു കൊണ്ടുപോയി കൊടുക്കണം."

മാമ്പഴം കൊണ്ടുചെന്നു കൊടുത്തിട്ട് തിരിച്ചുവന്നപ്പോൾ സാവിത്രിപറഞ്ഞു

"അമ്മേ! അവർ അക്ഷയതൃതീയയ്ക്കു ഗംഗാസ്നാനം ചെയ്യാൻ പോകുന്നു. അമ്മയ്ക്ക് സുഖക്കേടൊന്നുമില്ലെങ്കിൽ അമ്മയേയും ചേച്ചിയേയും കൂട്ടിക്കൊണ്ടു പോയാൽ കൊള്ളാമെന്നു അവർ പറഞ്ഞു. അമ്മേ! അവർ എന്നെ വളരെ ഒക്കെ സൽക്കരിക്കയും വാത്സല്യപൂർവ്വം എന്നോട്ട് സംസാരിക്കയുംചെയ്തു. എനിക്കു അതു് കണ്ടപ്പോൾ ലജ്ജതോന്നി."

ജാഹ്നവി മിണ്ടിയില്ല. സതി പുരികംചുളിച്ചു.

---

## പന്ത്രണ്ടാം അദ്ധ്യായം.

---

വിശേശ്വരൻ താരാപുരത്തിലെ ബാങ്കുകാരുമായുള്ള പങ്കേപ്പാടുകൾ ഒക്കെ നിർത്തിവച്ചിട്ടു കുറച്ചുകാലമായി. അഭിപ്രായവ്യത്യാസമായിരുന്നു അതിനു കാരണം. അവരുമായി പിരിഞ്ഞശേഷം അദ്ദേഹം ഗോധാന്യാദി വ്യാപാരങ്ങളിൽ ഏർപ്പെട്ടു. അതിനും പുറമേ സമീപപ്രദേശങ്ങളിലുള്ള നെയ്ത്തുകാരെ വിളിച്ചുവരുത്തി, തൻെറ ഗ്രാമത്തിൽ പാർപ്പിച്ച്, നെയ്ത്തുവ്യവസായവും ആരംഭിച്ചു. ഇവിടെ നിർമ്മിക്കുന്ന വസ്ത്രങ്ങളെ വിററഴിക്കുന്നതിനായി അദ്ദേഹം കല്ക്കത്തായിൽ ഒരു വലിയ കടയും തുറന്നിട്ടുണ്ട്. ഈ വ്യവസായങ്ങളെല്ലാം വളരെ ആദായകരങ്ങളായിരുന്നു. പണം സമാർജ്ജിക്കാൻ വേണ്ടതന്നെയായിരുന്നു അദ്ദേഹം ഈ ബഹുമുഖങ്ങളായ വ്യവസായങ്ങളിൽ പ്രവേശിച്ചതും. എന്നാൽ അദ്ദേഹത്തിനു പണം എന്തിനെ

ന്നോ? ലോകോപകാരം ചെയ്യുന്നതിനു പണംകൂടാതെ കഴികയില്ലെന്നു അദ്ദേഹത്തിനു പൂൎണ്ണബോധമുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ ഗ്രാമത്തിൽത്തന്നെ അനേകം ദരിദ്രജനങ്ങൾ ഉണ്ടായിരുന്നു. അവരേപ്പററി വിശേശ്വരനു ചിന്തയില്ലായിരുന്നു എന്നു പറയാവുന്നതല്ല. എന്നാൽ, അവരെല്ലാം അവരുടെ കാൎയ്യങ്ങൾ പരാപേക്ഷകൂടാതെ നിൎവ്വഹിച്ചുകൊള്ളുമെന്നും അവരെ സഹായിക്കാൻ പുറപ്പെട്ടാൽ, തർജ്ജിതനായിത്തീൎന്നിട്ട്, ലജ്ജിക്കേണ്ടിവരുമെന്നും സതിയിൽനിന്നുമുണ്ടായ അനുഭവം അദ്ദേഹത്തിനെ പഠിപ്പിച്ചു. അതുകൊണ്ടത്രെ വിശേശ്വരൻ അന്യഗ്രാമങ്ങളിലുള്ള സാധുക്കളുടെ സങ്കടനിവാരണവിഷയത്തിൽ ശ്രദ്ധ പതിപ്പിച്ചതു്.

വിശേശ്വരൻ ചെറിയമ്മയെ ഗംഗാസ്നാനം കഴിപ്പിച്ചിട്ട്, അഞ്ചുദിവസത്തിനുള്ളിൽ തിരിച്ചുവന്നു. ഗൃഹത്തിലെത്തിയപ്പോൾ നേരം സന്ധ്യയായി. ചെറിയമ്മ അതിശീഘ്രം അടുക്കളജോലിയിൽ പ്രവേശിച്ചു. വിശേശ്വരൻ തന്റെ വ്യാപാരങ്ങളെ സംബന്ധിച്ച കാൎയ്യങ്ങൾ അന്വേഷിക്കാനും പോയി. ജോലികൾ ഒരുവിധം ഒതുക്കീട്ട്, അദ്ദേഹം ഭക്ഷണംകഴിക്കാനായി ചെന്നപ്പോൾ, ചെറിയമ്മയുടെ മുഖം അപ്രസന്നമായിരിക്കുന്നതു കണ്ടു. അവിടെ കരുണമായ ഒരു ഭാവം സ്ഫുരിച്ചുകൊണ്ടിരുന്നു. എന്തായിരിക്കാം ഈ ഭാവഭേദത്തിനു കാരണം എന്ന് അദ്ദേഹം ആലോചിച്ചു. ഒടുവിൽ ഇങ്ങനെ ചോദിച്ചു:—

"ചെറിയമ്മേ എന്തുപററി?"

"ഒന്നുമില്ല മകനെ!" എന്നു പറഞ്ഞുകൊണ്ട് അവർ നെടുവീൎപ്പിട്ടു. എന്നാൽ നെടുവീൎപ്പിടുന്നതു അവരെ സംബന്ധിച്ചിടത്തോളം ഒരു അസാധാരണ കാൎയ്യമല്ലാതിരുന്നതുകൊണ്ടു വിശേശ്വരൻ മിണ്ടാതെ ഊണുകഴിച്ചുതുടങ്ങി. ചെറിയമ്മ കുറേനേരം മൌനമവലംബിച്ചതിനുശേഷം തന്നോടായിട്ടെന്നപോലെ പറഞ്ഞു:-

"കഷ്ടം ഇവരെയൊക്കെ കാണുന്നതാണ് വലിയ സങ്കടം. ഹൃദയം തകൎന്നുപോകുന്നു."

"ആരെ കാണുമ്പോഴാണു സങ്കടം തോന്നുന്നത്? ചെറിയമ്മേ!"

"ഭട്ടാചാൎയ്യരുടെ കുട്ടികളേ! സതി എനിക്കു പ്രണാമം പറവാനായി ഇവിടെ വന്നുംവച്ച് ഇപ്പോൾ പോയതേ ഉള്ളു."

"സതിയോ? ചെറിയമ്മയ്ക്കു പ്രണാമം പറയാനോ? എന്തിന്?"

വിശേശ്വരൻ പുരികം അല്പം ചുളിച്ചുകൊണ്ട് ചെറിയമ്മയെ നോക്കി.

അന്നപൂൎണ്ണപറഞ്ഞു:—

"എന്താ! വന്നുകൂടെയോ? ഞാൻ ഗംഗാസ്നാനം കഴിച്ചിട്ടുവന്നു. അതു കൊണ്ട് എന്നെ കാണ്മാനായി അവളുടെ അമ്മ പറഞ്ഞയച്ചതായിരിക്കണം."

വിശേശ്വരൻ പിന്നൊന്നും മിണ്ടിയില്ല. ഊണുകഴിച്ചുതീൎന്ന ഉടനെ അദ്ദേഹം വിമനസ്കനെന്നപോലെ സ്വന്തശയനമുറിയിലേക്കു പോയി. എന്തോ അഗാധസമസ്യയെ മനനം ചെയ്തിട്ടോ എന്തോ അദ്ദേഹത്തിൻെറ മനസ്സു പതറിത്തുടങ്ങി.

അന്നപൂൎണ്ണ പറഞ്ഞു:—

"വിളക്കിൽ എണ്ണയില്ല. ഇങ്ങെടുത്തുതന്നാൽ ഞാൻ എണ്ണഒഴിക്കാം"

"എനിക്കു ഉറക്കം വരുന്നു. ഇന്നു വെളിച്ചത്തിൻെറ ആവശ്യമില്ല" എന്നുപറഞ്ഞിട്ടു വിശേശ്വരൻ പോയിക്കിടന്നു. അദ്ദേഹം യാതൊരു കറിനതക്ത്തിൽ ഏൎപ്പെട്ടിരുന്നോ, അതു ഒരിക്കലും സംഭാവ്യമല്ലെന്നു മനസ്സിലാക്കീട്ട്, അതിനെ തൻെറ മനസ്സിൽ നിന്ന് ആട്ടിപ്പായിച്ചശേഷം നിദ്രാദേവിയെ സമാരാധിക്കാൻ ഒരുമ്പെട്ടു. രാവിലെ കൈയും മുഖവും കഴുകീട്ട്, ഇനി എന്താണു ചെയ്യേണ്ടതെന്ന് അദ്ദേഹം ആലോചിച്ചു തീൎച്ചപ്പെടുത്തി. പിന്നീടു തൃഷിതനേത്രങ്ങളോടുകൂടി തൻെറ പുസ്തകസമൂഹത്തെ ഒന്നുനോക്കി. ഒരു അംഗലദൎശനശാസ്ത്രത്തെ ആരോ എടുത്ത് ഒരു സംസ്കൃതസാഹിത്യഗ്രന്ഥത്തിൻെറ മുകളിൽ വച്ചിരുന്നതു അദ്ദേഹത്തിൻെറ ശ്രദ്ധയെ ആവൎജ്ജിച്ചു. "ഇതു് ആരുടെ വേല? ഞാൻ ഇങ്ങനെ ചെയ്തിട്ടില്ല. ചെറിയമ്മ ഈ മുറിക്കകത്തു വരാറുമില്ലല്ലോ? പുസ്തകത്തിൻെറ അരികിലുള്ള ഗിൽട്ട് അല്പം എഴുന്നിരിക്കയും ചെയ്യുന്നു. എന്തോ ഒരു സാധനം അതിനുള്ളിൽ കാണണം." ഈ വിചാരത്തോടുകൂടി പുസ്തകം എടുത്തു തുറന്നു നോക്കിയപ്പോൾ, അതിൽ ഒരു കത്തു ഇരിക്കുന്നതുകണ്ടു."

ഠാഴ്സ് എന്തു്? ആരെഴുതിയതു്? കൌതുഹലപൂൎവ്വം അദ്ദേഹം കത്തുപൊട്ടിച്ചു വായന തുടങ്ങി. ഒന്നു രണ്ടു വരികൾ വായിച്ചപ്പോൾ അദ്ദേഹത്തിൻെറ വിസ്മയം ശതഗുണീഭവിച്ചു. നാനാപ്രകാരത്തിലുള്ള ഭാവങ്ങളാൽ ഹൃദയം തരളിതമായി. അല്പം മനഃസ്ഥൈൎയ്യം അവലംബിച്ചുകൊണ്ടു് അദ്ദേഹം വായിച്ചുതുടങ്ങി.

"അനേകമനേകം പ്രണാമങ്ങൾക്കുശേഷം ഞാൻ സവിനയം അറിവിക്കുന്നു. ഈ എഴുത്തു വായിച്ചുതുടങ്ങുമ്പോഴെ അങ്ങു് വിസ്മയസാഗരത്തിൽ മുഴുകിയേക്കാം. ഇതു ആരു എഴുതിയതാണെന്നു അറിയു

ന്നതിനുള്ള ഉൽക്കണ്ഠയും അങ്ങേയ്ക്കു തീച്ച്യയായും ഉണ്ടാകും അതു കൊണ്ട് എൻെറ പേരു് 'സതി' എന്നാണെന്നു് ആദ്യമെ പറഞ്ഞു കൊള്ളട്ടെ.

പല സംഗതികൾ എഴുതണമെന്നു വിചാരിച്ചുകൊണ്ടാണു് കടലാസു കൈയിൽ എടുത്തതു്. എന്നാൽ എന്തു് എഴുതേണ്ടു എന്നു് അറിയാതെ ഞാൻ കുഴങ്ങുന്നു. എഴുതാൻ പലതുമുണ്ടു്. എന്നാൽ എങ്ങനെ, എന്തുപറഞ്ഞാണു്, ആരംഭിക്കുക! ചിലതൊക്കെ എഴുതിയാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടു്—ചിലതെല്ലാം എഴുതുകയും ചെയ്യും. മുമ്പു എനിക്കു വലിയ ഭയമുണ്ടായിരുന്നു. ഇനി ഞാൻ എന്തിനു ലജ്ജിക്കുന്നു? അതിനാൽ തൂവൽകൊണ്ടു് എഴുതിഅറിവിക്കാവുന്നതെല്ലാം ഞാൻ എഴുതുന്നു. എന്നാൽ എന്തിനായി ഞാൻ ഇതിനു ഉദ്യമിക്കുന്നു? അതു എനിക്കുതന്നെ അറിവില്ല. എൻെറ നിർദ്ദോഷതയെ തെളിയിക്കുന്നതിനുവേണ്ടി എനിക്കു് ആരോടും, ഒന്നും പറയേണ്ടതായിട്ടില്ല. അങ്ങയോടു ഇതൊക്കെ പറയാതിരുന്നാൽ എൻെറ കാൎയ്യങ്ങളൊന്നും നടന്നു പോകാതിരിക്കത്തക്കവണ്ണം, അങ്ങു് എൻെറ സുഖദുഃഖങ്ങളിൽ ഭാഗഭാക്കായിരിക്കുന്നു എന്നും പറയാനുണ്ടോ? അതുമില്ല. ലോകസമക്ഷം ദോഷിയായൊ അപരാധിയായൊ ചരിക്കുന്നതിൽ എനിക്കു് യാതൊരു ഭയവും ഇല്ല. എന്നാൽ എന്തുകൊണ്ടോ അങ്ങയോടു് സൎവ്വസംഗതികളും തുറന്നുപറയാതെ പോവാൻ എനിക്കു സാധിക്കാതെ വന്നിരിക്കുന്നു. എന്തുകാരണത്താലെന്നു എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നുമില്ല.

അഞ്ചുദിവസങ്ങൾക്കു മുമ്പു്—ഒരു വലിയകാററും പിശറും ഉണ്ടായ അന്നു്—കുളക്കടവിൽ വെച്ചുണ്ടായ സംഭവം അങ്ങു് ഓൎക്കുന്നുണ്ടായിരിക്കുമല്ലൊ. അന്നു് അവിടെ നിന്നും നടന്നുപോകുന്നതായി അങ്ങു് കണ്ടതു ചാന്ദപുരത്തിലെ ജമിന്ദാരായ നരേന്ദ്രനാഥനേയും, ജലത്തിൽ നില്ക്കുന്നതായി കണ്ടതു എന്നെയും ആയിരുന്നു.

അതു അങ്ങു് ധരിച്ചുകാണണം. എന്നാൽ ഞങ്ങൾ തമ്മിൽ അങ്ങനെ ഒരു കൂടിക്കാഴ്ച, എങ്ങനെ ഉണ്ടാവാനിടയായി എന്നു് അങ്ങു ആലോചിച്ചു കാണുകയില്ല. നേരമറിച്ചു് അങ്ങനെ ഒരു കാഴ്ച—അതും അസമയത്തു—യാദൃച്ഛികമായി കാണാൻ ഇടവരുന്ന ഒരുവനു് എന്തെല്ലാം സംശയങ്ങൾ മനസ്സിൽ ഉദിക്കുമോ അതൊക്കെ അങ്ങേക്കും ഉണ്ടായിക്കാണണം. എന്നാൽ ഒരു നല്ല കുടുംബത്തിൽ ജനിച്ചു്, മാനമായി വളൎന്ന ഒരു ബാലികയെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള സംശയങ്ങൾക്കു അവകാശമുണ്ടോ, എന്നു് അങ്ങു് ആലോചിച്ചോ? ഇല്ലതന്നേ.

ഞാൻ ഈ കത്തു് എഴുതുന്നതു് എൻെറ നിർദ്ദുഷ്ടതയേ തെളിയിക്കാനായിട്ടല്ലെന്നു മുമ്പേതന്നെ പറഞ്ഞിട്ടുണ്ടല്ലോ!—ഞാൻ ദോഷിതന്നെ. വാസ്തവത്തിൽ ഞാൻ ആ പാപിയുടെ പ്രലോഭനത്തിൽ പതിച്ചുപോയി—(ഇവിടെ വിശേശ്വരൻ ഒന്നു ഞെട്ടി) എന്നാൽ അങ്ങു് ശങ്കിക്കുന്ന വിധത്തിലല്ല. ആ പ്രലോഭനത്തിൽ നിന്നു് എൻെറ ആത്മാവിനെ രക്ഷിക്കുന്നതിനുള്ള ശക്തി എനിക്കു് ഉണ്ടായില്ല. അങ്ങു് ശ്രദ്ധിച്ചു കേട്ടാലും. ഞാൻ അയാളെ വഞ്ചിച്ചു. ഇല്ല. ഇല്ല. അതു് എങ്ങനെ വഞ്ചനയാകും? അയാഠം എന്തു കാംക്ഷിച്ചോ അതിൽ കൂടുതൽ കൊടുക്കാമെന്നു ഞാൻ നിശ്ചയിച്ചു. അയാഠം കേവലം എൻെറ ദേഹത്തേ മാത്രമേ ഇച്ഛിച്ചിരുന്നുള്ളു. ഞാൻ ആത്മാവിനെത്തന്നേ ദാനം ചെയ്തു. കൂടിയപക്ഷം അയാഠം തൻെറ ഒരു ജന്മത്തേ അപവിത്രമാക്കി—നഷ്ടപ്പെടുത്തി. ഞാനോ? ആ മൂത്തിമത്തായ നരകത്തിൻെറ പാദത്തിൽ എൻെറ ജന്മജന്മാന്തരങ്ങളേയും, ഇഹകാലപരകാലങ്ങളേയും സ്വർഗ്ഗമർത്ത്യ ജീവിതങ്ങളേയും ദാനം ചെയ്തിരിക്കുന്നു. ആ സ്ഥിതിക്കു് ഞാൻ അയാളേ വഞ്ചിച്ചു എന്നു് എങ്ങനേ പറയാം?

ഞാൻ എല്ലാം അങ്ങയോടു തുറന്നു പറയാം. എനിക്കു ഒട്ടുവളരെ പണം തരണമെന്നു് അയാഠംക്കു് കാംക്ഷയുണ്ടായിരുന്നു. അങ്ങു് അയാളെ കണ്ടതിൻെറ മൂന്നാംപക്കം—അതായതു് മൂന്നു ദിവസത്തിനുള്ളിൽ വീടുവിട്ടു് ഇറങ്ങിപ്പോകണമെന്നു കാണിച്ചു് താരാപുരത്തിലേ മഹാജനം ഒരു നോട്ടീസു പുരവാതുക്കൽ പതിച്ചു. അന്നു—ഉച്ചതിരിഞ്ഞു് അയാഠം വീണ്ടും വന്നു്, എൻെറ കാൽക്കൽ ആയിരം ഉറുപ്പികയുടെ ഒരു നോട്ടു കൊണ്ടുവന്നുവെച്ചു. ഞാൻ അതു എടുക്കുകയും ചെയ്തു. ഇന്നു രാത്രി അയാഠം ഈ കടവിൽ വരുമെന്നും, ഞാൻ അയാളോടുകൂടി ഓടിപ്പോകണമെന്നും ആണു് അയാഠം ആവശ്യപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു ഞാൻ പോകാൻ നിശ്ചയിച്ചു. നിശ്ചയമായും പോകും. എന്നാൽ അയാളുടെ അടുക്കലേക്കല്ല. വേറൊരു മഹാ പുരുഷൻെറ അഥവാ പുരുഷോത്തമൻെറ അടുക്കലേക്കാണു്.

പ്രാപഞ്ചിക ജനങ്ങളെ അപേക്ഷിച്ചു ആ മഹാപുരുഷൻ സദയനൊ നിർദ്ദയനൊ എന്നു എനിക്കറിഞ്ഞുകൂട. അദ്ദേഹം എനിക്കു എന്തു ശിക്ഷ നൽകാൻ പോകുന്നു എന്നും നിശ്ചയമില്ല. എന്നാൽ അദ്ദേഹം, എന്തു ശിക്ഷ വിധിച്ചാലും, ഞാൻ അവയെ സഹിക്കും; പ്രാപഞ്ചികരുടെ ശിക്ഷ അനുഭവിക്കാൻ മാത്രം ഞാൻ തയ്യാറില്ല. ഇന്നു ആ അരുമ്പാപിയായ നരേന്ദ്രൻ എന്നേ ഈ വിധത്തിലുള്ള

ഒരു പ്രലോഭനത്തിൽ പെട്ടുത്താതിരുന്നുവെങ്കിൽ, ഞാൻ തീച്ചയായും നരകദ്വാരം വരെ പോവാൻ ഒരുങ്ങുകയില്ലായിരുന്നു. സവ് സാംസാരിക ദുഃഖങ്ങളേയും കഷ്ടപ്പാടുകളേയും സഹിച്ചു കൊണ്ടു ഞാൻ ജ്ഞാനശൂന്യയായി ജീവിതം നയിച്ചു വന്ന ദശാഘട്ടത്തിൽ, ഇങ്ങനെ ഒരു അവസരം അയാൾ ഉണ്ടാക്കിത്തരാതിരുന്നുവെങ്കിൽ, എനിക്കു ആത്മഹത്യ ചെയ്യാൻ ധൈര്യമുണ്ടാകുമായിരുന്നില്ല. നാളെ എന്റെ കൊച്ചനിയനും സഹോദരിയും, അമ്മയും, വീടുംകുടുമില്ലാതെ വഴിയാധാരമാകുന്നതും, ആളുകളൊക്കെ അവരേ നോക്കി കൈകൊട്ടിച്ചിരിക്കുന്നതും, അവർ പട്ടിണി കിടന്നു മരിക്കുന്നതുമൊക്കെ കണ്ടുകൊണ്ട് ഞാൻ എങ്ങനെ ജീവിക്കും? എന്നേ സംബന്ധിച്ചിടത്തോളം ദുഃഖം ഒരു ആജന്മസഹചാരിയാണ്. എന്നാൽ ആ കഷ്ടതകൾ ഇതിനേക്കാൾ കൂടുതലാണോ? എന്നു അങ്ങ് വിചാരിച്ചേക്കാം. ആയിരുന്നാൽ തന്നെയും എനിക്കു ഭയമില്ല. ആളുകൾ എന്നെ നിന്ദിച്ചേയ്ക്കാം. നിന്ദിച്ചുകൊള്ളട്ടേ. അതുകൊണ്ട് എനിക്ക് എന്തുവരാൻ പോകുന്നു? എന്റെ അനിയനും, അനിയത്തിയും, അമ്മയും കുറച്ചു നാളെങ്കിലും സുഖമായിരിക്കുമല്ലോ! പിന്നീട് ഭഗവാന് അവരിൽ കനിവു തോന്നിയെന്നു വരരുതോ? ഭഗവൽപ്രീതിയ്ക്കു ഞാൻ പാത്രമല്ലെന്ന് എനിക്കു നല്ലപോലെ അറിയാം. അതുകൊണ്ടു ദീർഘകാലത്തെ ഈ ദുഃഖാനുഭവത്തിനു ശേഷം ഇങ്ങനെ ഒരു സുഖമെങ്കിലും അനുഭവിച്ചുകൊണ്ട് ഞാൻ ഈ ലോകത്തിനോടു യാത്രപറയട്ടെ. എനിക്ക് ഇത്രയും ഉറപ്പിക ഒരു വഴിക്കു കിട്ടിയതാണെന്നും അതിനെ ഉപയോഗിക്കുന്നതുകൊണ്ട് യാതൊരു ദോഷവും വരാനില്ലെന്നും ഞാൻ സരളബുദ്ധിയായ സാവിത്രിയെ ധരിപ്പിച്ചു. അവൾ എന്റെവാക്കുകളെ അക്ഷരം പ്രതി വിശ്വസിക്കാതിരുന്നുമില്ല. വജ്രപാതം പോലെ തലയിൽ പെട്ടെന്ന് വന്നു പതിച്ചതായ ഈ മഹാവിപത്തിൽ നിന്നു മോചനം സമ്പാദിക്കാമെന്നുള്ള പ്രത്യാശ നിമിത്തം, അവളുടെ മുഖത്തു ഒരു സ്മിതരുചി പരന്നു. ഹാ! ഞാൻ ഇതിനുമുമ്പ് അവളുടെ ഓമനമുഖം ഇത്ര പ്രസന്നമായി കണ്ടിട്ടേ ഇല്ല. സാധു! ഈ പണം അവളുടെ പ്രിയ സോദരിയുടെ ഹൃദ്രക്തമാണെന്ന് അറിയുന്നുണ്ടോ? സഹോദരീവിയോഗം സഹിക്കാനുള്ള ശക്തി അവൾക്ക് ജഗദീശ്വരൻ നൽകട്ടെ.

പെട്ടെന്നു വന്നുചേർന്നതായ ഈ വിപത്തിനേപ്പററി അങ്ങയേ നേരത്തേ അറിവിക്കാതിരുന്നതെന്തുകൊണ്ടെന്ന് അങ്ങു ചോദിച്ചേക്കാം. അങ്ങു പരമദയാലുവായതുകൊണ്ടു അങ്ങനെ ചോദിക്കാവുന്നതു തന്നെ. എന്നാൽ അങ്ങ് എത്രയോ പ്രാവശ്യം അനാഥകളായ ഈ ഞങ്ങളെ സഹായിക്കാൻ തയാറായിവന്നു! പല സഹായങ്ങൾ ചെയ്തി

ട്ടുമുണ്ട്. ഇതിൽ കൂടുതൽ ഞങ്ങൾക്കു ആവശ്യമില്ല. ഇപ്പോൾ തന്നെ ഞങ്ങൾ അങ്ങേയ്ക്കു വളരെ കടപ്പെട്ടു കഴിഞ്ഞു. ആ ഋണം എൻെറ ഹൃദയത്തിൽ ശൂലംപോലെ തറച്ചിരിക്കുന്നു. അതിൽ കവിഞ്ഞതായ ഒരു ഋണഭാരം വഹിക്കുന്നതിന് എനിക്കു ശക്തിയില്ല. അതിനു ഇഷ്ടവും ഇല്ല.

എനിക്ക് വളരെയൊക്കെ എഴുതണമെന്നു ആഗ്രഹമുണ്ടായിരുന്നു. ഒട്ടൊക്കെ എഴുതുകയും ചെയ്തിരിക്കുന്നു. എന്നാൽ ഒന്നുരണ്ടു കാൎയ്യങ്ങൾ കൂടി ബാക്കിയുണ്ട്. അവകൂടി പറഞ്ഞിട്ട് ഈ കത്തിനെ അവസാനിപ്പിച്ചേക്കാം. അങ്ങ് കുറേപ്പണം തന്ന്, ഞങ്ങളോടു ദയ കാണിപ്പാൻ ഒരുങ്ങിയതും, ഞാൻ അതിനെ തിരസ്കരിച്ചതും അങ്ങ് ഓൎക്കുന്നുണ്ടായിരിക്കുമല്ലോ. അന്ന് ഞങ്ങൾക്കു പണത്തിൻെറ ആവശ്യമില്ലായിരുന്നു എന്ന് ഞാൻ പറഞ്ഞത് അങ്ങ് വിശ്വസിച്ചോ? എന്നാൽ പരമാൎത്ഥം അങ്ങനെയൊന്നുമായിരുന്നില്ല. അങ്ങയുടെ ദയയ്ക്കു പാത്രമാവാൻ ഞങ്ങൾക്ക് അങ്ങ് ആരാണ്?

അങ്ങേയ്ക്കു വേണമെന്നുണ്ടായിരുന്നുവെങ്കിൽ, എനിക്കു കുറേ പണം തരാൻ സാധിക്കുമായിരുന്നു. എന്നാൽ അങ്ങനെ ചെയ്യാതെ, ദരിദ്രരായ ഞങ്ങളോടു ദയ കാണിക്കാനെന്ന മട്ടിൽ പുറപ്പെട്ടു. ആ ദയയെ ഞങ്ങൾ എന്തിനു സ്വീകരിക്കുന്നു? ഞാൻ ഇന്നു അഭിമാനപൂൎവ്വം പറയുന്നു. എന്നാൽ ഇത് എൻെറ മുഖത്തുനിന്നും പുറപ്പെടുന്ന ആദ്യത്തേയും അവസാനത്തേയും അവസരം ഇന്നാണ്. ഞാൻ അങ്ങയുടെ പത്നിയായിരിക്കാൻ ഏതു പ്രകാരത്തിൽ നോക്കിയാലും, തക്കവൾ തന്നെ ആയിരുന്നു. എന്നിട്ടും അങ്ങയുടെ പാദത്തിൽ എനിക്ക് ഒരു സ്ഥാനം അങ്ങു നൽകിയില്ല. അങ്ങ് വേറെ ആരെ എങ്കിലും പത്നിയായി സ്വീകരിച്ചിരുന്നെങ്കിൽ, അങ്ങയിൽ പ്രേമത്തിൻെറ അഭാവം ഇല്ലെന്നും, യോഗ്യയായ വധുവിനെ കിട്ടായ്കയാൽ വിവാഹം ചെയ്യാതിരുന്നതാണെന്നും ഞാൻ വിചാരിക്കുമായിരുന്നു. എന്നാൽ വാസ്തവം അങ്ങനെയല്ല. അങ്ങേയ്ക്കു സ്ത്രീജനത്തോട്—സ്ത്രീവൎഗ്ഗത്തോടു പൊതുവേ—അനാദരമുണ്ടെന്ന് എനിക്കു നല്ലപോലെ അറിയാം. അതുകൊണ്ട് ഈ അധമമായ സ്ത്രീജാതിയിൽ അങ്ങേയ്ക്കു സ്നേഹവും ആദരവും ജനിക്കുന്ന ഒരു കാലം അചിരേണ വന്നുചേരട്ടെ, എന്നുള്ള ഒരു ശാപം തന്നിട്ട്, ഞാൻ ഇഹലോകം വെടിയുന്നു. ഈ അധമജാതി, സ്വഹൃദയത്തിനുള്ളിൽ എത്ര വിപുലവും അഗാധവുമായ പ്രേമസമുദ്രത്തെയാണു മറച്ചുവെച്ചുകൊണ്ടിരിക്കുന്നതെന്ന് അങ്ങേയ്ക്കു ഒരു ദിവസം മനസ്സിലാകും.—സൎവ്വോപരി പ്രേമത്തിൻെറ ആദാനപ്രദാനങ്ങളിലാണു സുഖം നിൎഭരമായിരിക്കുന്നതെന്ന്, അന്ന് അങ്ങും സമ്മതിക്കാതിരിക്കയില്ല.

ഈ കത്തു് ഇനി അധികം നീട്ടണമെന്നു വിചാരിക്കുന്നില്ല. അങ്ങു്, എന്നേ ഒരു വായാടിയായി ഗണിച്ചു്, വളരെ പുച്ഛിച്ചേക്കാം. അതു ഞാൻ വകവയ്ക്കുന്നില്ല. ഒന്നുരണ്ടു വാക്കുകൂടി പറഞ്ഞുകൊണ്ടു് ഞാൻ വിരമിക്കാം—ഈ കത്തിനോടു. മാത്രമല്ല, ഈ ജന്മത്തോടുതന്നെയും യാത്രപറഞ്ഞു, വിരമിക്കാം.

൭

സ്ത്രീകൾക്കു സഹിക്കാവുന്നിടത്തോളമൊക്കെ ഞാനും സഹിച്ചിട്ടുണ്ടു്. ഒരിക്കലും ഞാൻ കർത്തവ്യത്തിൽനിന്നു കാൽ പുറകോട്ടു വെച്ചിട്ടില്ല. സർവ്വദുഃഖഭാരങ്ങളേയും ഞാൻ, മുഖത്തേ അപ്രസന്നമാക്കാതെതന്നെ, ശിരസ്സിൽ വഹിച്ചുകൊണ്ടിരുന്നു. എന്നാൽ എൻെറ ദൌർഭാഗ്യത്തിനു മറുകരയില്ലെന്നു് ഇപ്പോൾ മനസ്സിലായി. അതുകൊണ്ടു് ഈ ജീവനമഹാവ്രതത്തിൻെറ ഉദ്യാപനക്രിയ ഇപ്പോൾ നടത്താമെന്നുവെച്ചതാണു്—മരിക്കയല്ലാതെ വേറെ ഒരു നിവൃത്തിയും ഇല്ല. ഭാഗ്യവിപര്യസ്തയായതിനാൽ, എനിക്കു് കുലസ്ത്രീകൾക്കു കേൾക്കാൻ പാടില്ലാത്ത വാക്കുകൾ കേൾക്കേണ്ടതായി വന്നു; ഒടുവിൽ ഈ മാതിരി ഒരു കപടവിദ്യ പ്രയോഗിക്കാനും ഇടയായി. ഞാൻ എന്തൊക്കയോ ചെയ്തു. അല്ലാതെന്തു പറയേണ്ടു. ആ പരമദുഷ്ടനോടു ചെയ്ത സമ്മതിയേ അപേക്ഷിച്ചു്, ആത്മഹത്യയുടെ ഭയാനകസ്മൃതി എത്ര ഹൃദയംഗമമായിരിക്കുന്നു! എല്ലാവരും എന്നെ നിന്ദിക്കുമായിരിക്കാം. നിന്ദിച്ചുകൊള്ളട്ടെ. എന്നാൽ അങ്ങുമാത്രം എന്നെ നിന്ദിക്കുന്നതു കഷ്ടമാണു്. അങ്ങയുടെ പാദത്തിൽ എനിക്കു സ്ഥാനം തന്നിരുന്നെങ്കിൽ എനിക്കു് ഈ ദുർദ്ദശ ഇപ്പോൾ വന്നുചേരുമായിരുന്നോ? എൻെറ ആത്മാവിനെ വിററിട്ടു്, അമ്മയേയും സഹോദരങ്ങളേയും രക്ഷിക്കേണ്ടിവരുമായിരുന്നോ? അങ്ങു നല്ലപോലെ ഒന്നു് ആലോചിച്ചുനോക്കണം.

ഒരു പരസ്ത്രീയും വിധവയും ആയ എനിക്കു്, പരപുരുഷനായ അങ്ങയോടു മനസ്സംഗം ഉണ്ടായതു് അനുചിതമാണെന്നു് അങ്ങു് വിചാരിക്കരുതു്. ഞാൻ ഒരു ബാലികയാണു്. എന്തെല്ലാം കഷ്ടതകൾ ഇരുന്നാലും ഹിന്ദുസ്ത്രീകളായ ഞങ്ങൾക്കു്, മൂന്നുനാലു ദിവസംകൊണ്ടു് ഞങ്ങളേ, ഞങ്ങളുടെ അവസ്ഥകൾക്കു അനുരൂപരാക്കിത്തീക്കാനുള്ള സാമർത്ഥ്യമുണ്ടു്. അങ്ങയുടെ ചെറിയമ്മ അന്നു പറഞ്ഞ വാക്കുകൾ ഈ സരളബാലികയുടെ ഹൃദയത്തിൽ ആശ ജനിപ്പിച്ചു. ആ ആശയെ ഞാൻ ഒന്നുരണ്ടു മാസങ്ങൾകൊണ്ടു് അകററുകയും ചെയ്തു. കഴിവുണ്ടായിരുന്നെങ്കിൽ ഞാനും, കമലയേപ്പോലെ— എന്താ ആ കഥ ഓർക്കുന്നുണ്ടോ?—സുഖസൌഭാഗ്യത്തിൽ മുഴുകി, സകലതും മറന്നുകളയുമായിരുന്നു. എന്നാൽ ഭഗവാൻ എൻെറ ശിരസ്സിൽ

എഴുതിയതു മറിച്ചായിരുന്നു. ദരിദ്രതയുടെ പാഷാണഫലകത്തിൽ അങ്ങയുടെ ദയാപൂൎണ്ണമായ വിഗ്രഹം അങ്കിതമായിരുന്നു. എന്നാൽ ഞാൻ അതിനെ അന്ധകാരത്തിൽ മറച്ചുവെച്ചുകൊണ്ടായിരുന്നതു്. ആ വിഗ്രഹത്തെ ഞാൻ സ്വയം വെളിച്ചത്തു് എടുത്തുനോക്കീട്ടില്ലെന്നു സത്യം ചെയ്യാം. നോക്കാനുള്ള അവസരവും ഉണ്ടായില്ല. എന്നാൽ അതിനു ഇപ്പോൾ ഒരു അവസരം ലഭിച്ചിരിക്കുന്നു—വേറേ ജോലി ഒന്നും എനിക്കു് ഇപ്പോൾ ഇല്ല. ഞാൻ വിശ്രമിക്കാൻപോകയാണു്. അങ്ങു് എനിക്കു് സമ്മുഖനായി നില്ക്കുന്നു എന്നു് എനിക്കു തോന്നുന്നു.

അങ്ങേക്കു അതിപരുഷമായ കത്തു് എഴുതണം; എന്റെ കോപം മുഴുവനും അതിൽ പ്രകടിപ്പിക്കണം; എന്നൊക്കെ ഞാൻ ആദ്യം ആലോചിച്ചു. എന്നാൽ എന്തുകൊണ്ടോ ആ ഭാവം എല്ലാം താനേ എന്റെ മനസ്സിൽ നിന്നു മാഞ്ഞുപോയിരിക്കുന്നു. ഈ ലോകത്തിൽ ആരോടും എനിക്കു് ഈൎഷ്യയില്ല. ആരുടേപേരിലും ക്രോധക്ഷോഭാദികളുമില്ല. അങ്ങനെ ഇരിക്കേ അങ്ങയെ സംബന്ധിച്ചു മാത്രം ഇത്ര അഭിമാനമുണ്ടായതെങ്ങനെയെന്നു എനിക്കു പറവാൻ സാധിക്കയില്ല.

ഇപ്പോൾ എനിക്കു് ഒരു പ്രകാരത്തിലുള്ള അഭിമാനവും ഇല്ല. ഞാൻ അങ്ങയുടെ സഹായത്തെ കൈക്കൊള്ളാതിരുന്നതു് അന്യായമായിപ്പോയെന്നു് എനിക്കു് ഈ അവസരത്തിൽ തോന്നുന്നു. എന്നാൽ കഴിഞ്ഞതൊക്കെ കഴിഞ്ഞില്ലേ. ഇപ്പോൾ എനിക്കു് ഒരേഒരു പ്രാൎത്ഥനയേ ഉള്ളൂ. എന്റെ അമ്മയ്ക്കും, സഹോദരിക്കും, കാളിക്കും ആപത്തൊന്നുംവരാതെ അങ്ങു കാത്തുകൊള്ളണം. കഴിയുമെങ്കിൽ ഹരിയേയും ദുൎമ്മാൎഗ്ഗത്തിൽനിന്നു് ഉദ്ധരിച്ചാൽകൊള്ളാം. ഞാൻപോയാൽ, അവരുടെ കഷ്ടദശകളൊക്കെ നീങ്ങി അവൎക്കു ക്ഷേമമുണ്ടാകുമെന്നു് എന്തുകൊണ്ടോ എനിക്കു തോന്നുന്നു.

അങ്ങു് എന്നെസംബന്ധിച്ചു് യാതൊരു വിധത്തിലും ദുഃഖിക്കരുതു്. അങ്ങേയ്ക്കു് സൎവ്വസുഖങ്ങളും ഈശ്വരൻ അരുളട്ടേ. കഴിയുമെങ്കിൽ സാവിത്രിയെ ഉത്തമനായ ഒരു വരനു് വിവാഹം ചെയ്തുകൊടുക്കണം—എന്നാൽ അങ്ങനെയാവട്ടെ. ഞാൻ ഇതാ പോകുന്നു. പ്രണാമം!

എന്നു് സരി.

.....................

# പതിമൂന്നാം അദ്ധ്യായം.

കത്തു വായിച്ചു തീൎന്നപ്പോൾ, വിശേശ്വരൻ നിഷ്പന്ദമായ പാഷാണമൂൎത്തിപോലെ നിന്നുപോയി. അദ്ദേഹത്തിന്റെ വിചാര ശക്തിപോലും തീരെ വിലുപ്തമായി! വായിച്ചുകൊണ്ടിരുന്നിടത്തോളം നേരം, അദ്ദേഹം നീന്തു പഠിച്ചിട്ടില്ലാത്തവനെപ്പോലെ അഗാധ ജല ത്തിൽ മുങ്ങിയും പൊങ്ങിയും കിടന്നു. എന്നാൽ ഇപ്പോഴാകട്ടേ, പെട്ടെന്ന് അതലജലത്തിൽ അണ്ടുപോയി; കൈകാലുകൾ മരവിച്ചു; അവയുടെ ചലനശക്തി നിശ്ശേഷം അസ്തമിച്ചു; കണ്ണു തുറന്നിരു ന്നിട്ടും മുമ്പിൽ ഇരിക്കുന്ന വസ്തുക്കളെപ്പോലും കാണാൻ സാധിച്ചില്ല. മനസ്സുപോലും ചഞ്ചലതാരഹിതവും നിഷ്പന്ദവുമായി.

പെട്ടെന്ന് മുറിയ്ക്കു വെളിയിൽ അന്നപൂൎണ്ണയുടെ കണ്ഠസ്വരം കേട്ടു. അവർ ആൎത്തസ്വരത്തിൽ "വിശ്വ" "വിശ്വ" എന്നു വിളി ക്കുംപോലെ തോന്നി. എന്നാൽ വിശേശ്വരന് മറുപടി പറയാ നുള്ള ശക്തി ഉണ്ടായിരുന്നില്ല.

അന്നപൂൎണ്ണ മുറിയ്ക്കകത്തേക്കു പ്രവേശിച്ചു.

"വിശ്വ! നീ ഇവിടെ ഇല്ലേ? ഗ്രാമത്തിലെ വിശേഷം വല്ലതും കേട്ടോ?"

"കേട്ടു."

"എന്നിട്ടും അനങ്ങാതെ നില്ക്കുന്നോ? പോ! വേഗം അങ്ങോട്ടു ചെല്ല്. ഇനിയും ഉപായം ഇല്ലാതില്ല."

"എന്തുപായം ചെറിയമ്മേ?"

"കേട്ടുവെന്നല്ലേ നീ ഇപ്പോൾ പറഞ്ഞതു്? എന്താണ് നീ കേട്ടതു്? മഹാജനം രാമശങ്കരന്റെ ഗൃഹം കൈവശപ്പെടുത്താൻവന്നിരി ക്കുന്നു. അവർ നോട്ടീസു കൊടുത്തിട്ടു ഇന്നു മൂന്നുദിവസമായി. ഭാഗ്യദോഷത്താൽ അപ്പോൾ ഞാൻ വീട്ടിലില്ലായിരുന്നു. ഇന്നലെ സന്ധ്യയ്ക്കു തിരിച്ചു വന്നപ്പോഴും ഈ വൎത്തമാനമറി ഞ്ഞില്ല. മഹാജനവും അയാളുടെ ആളുകളും വീട്ടിൽ വന്നു കൂടിയിരിക്കുന്നതു കണ്ടുംവെച്ചു രാമധനന്റെ അമ്മ ഇപ്പോൾ വീട്ടിൽ വന്നതേ ഉള്ളു. അല്പസമയത്തിനുള്ളിൽ അവരെ ഒക്കെ കൈക്കു പിടിച്ചു വെളിയിൽ തള്ളും. പാവങ്ങൾ നിരാ ധാരരായി വഴി നീളേ നടക്കേണ്ടിവരും. പോ! വിശ്വ! വേഗം പോ! ഇതാ ഞാനും വന്നു കഴിഞ്ഞു. നീ നേരത്തേ ചെന്ന് അവരെ തടഞ്ഞു നിൎത്തുക."

ചെറിയമ്മയുടെ കണ്ണുകളിൽ അശ്രുക്കൾ പ്രവഹിച്ചു തുടങ്ങിയതു വിശ്വേശ്വരൻ കണ്ടു. അദ്ദേഹത്തിന്റെ നേത്രങ്ങളിലും ജലം നിറഞ്ഞു. ഇപ്പോൾ പോയാൽ സതിയേ രക്ഷിക്കുന്നതിന് ഒരു പക്ഷേ സാധിച്ചേക്കാം എന്നു വിചാരിച്ച് വിശ്വേശ്വരൻ അതിവേഗം അവിടെ നിന്നു പാഞ്ഞു.

ഭട്ടാചാര്യന്റെ പടി വാതുക്കൽ ഗ്രാമവാസികൾ വന്നു കൂടിയിരിക്കുന്നതു് അദ്ദേഹം കണ്ടു. മഹാജനവും പരിവാരവും ഗൃഹം കൈവശപ്പെടുത്താൻ ശ്രമം ചെയ്തുകൊണ്ടിരിക്കുന്നു. അകത്തു നിന്നു ഒരു ദയനീയമായ വിലാപം കേൾക്കുന്നു. ഗ്രാമവാസികളിൽ ചിലർ ആനന്ദം കൊണ്ടു പുളയ്ക്കുന്നു. അവർ പറയുന്നു:—

"ഉം! അഹങ്കാരികൾക്കു ഇങ്ങനെ തന്നെ പററണം. നമ്മളൊക്കെ അയൽക്കാരായിരുന്നിട്ടും ഇതിനെപ്പററി ഇതുവരെ ഒരക്ഷരം മിണ്ടിയില്ലല്ലോ. പറയേണ്ടതായിരുന്നില്ലേ? തെണ്ടിപ്പരിഷകൾക്ക് ഇത്ര അഹങ്കാരമാകാമോ? എന്തൊരു കൂട്ടർ!"

വിശ്വേശ്വരനേ കണ്ടപ്പോൾ ഒരാൾ പറഞ്ഞു:—

"ഇനി ഇപ്പോൾ നാം വിചാരിച്ചാൽ എന്തുചെയ്യാനാ. നമ്മുടെ കൈയിൽ വല്ലതുംഇരിക്കുന്നോ? ഈ സാധു അയാൾക്കു കിട്ടാനുള്ളതു വേണ്ടെന്നു വെച്ചേയ്ക്കുമോ? നാം ഇതിനിടയ്ക്കു ചെന്നുവീഴാതിരിക്കുന്നതു തന്നെ കൊള്ളാം. വരൂ! നമുക്കുപോകാം."

വിശ്വേശ്വരൻ ഇതിനൊന്നും യാതൊരു മറുപടിയുംപറഞ്ഞില്ല. അദ്ദേഹത്തിന്റെ ശ്രോത്രപുടങ്ങളിൽ ഒരേ ഒരു ധ്വനി മാത്രമേ മുഴങ്ങിക്കൊണ്ടിരുന്നുള്ളു. അദ്ദേഹം നേരേ വാതുക്കലേക്കു ചെന്നപ്പോൾ, മഹാജനവും ആൾക്കാരും സാദരം വഴി കൊടുത്തു. ആർത്തസ്വനം പുറപ്പെട്ടു കൊണ്ടിരുന്ന സ്ഥലത്തേക്ക് അദ്ദേഹംനേരേ നടന്നു. അവിടെചെന്നപ്പോൾ ചേട്ടത്തിഅമ്മ വാതുക്കൽ ഇരുന്ന് വിലപിക്കുന്നതും, സാവിത്രിയും കാളിയും മുറിയുടെ നടുക്ക്, പൊടിയണിഞ്ഞു കിടന്നു നെടുവീർപ്പു വിടുന്നതും, ജാഹ്നവി ആരെയോ കെട്ടിപ്പിടിച്ചുകൊണ്ട് മിണ്ടാതെ ഇരിക്കുന്നതുമാണ് വിശ്വേശ്വരൻ കണ്ടതു്.

വിശ്വേശ്വരൻ അവരുടെ സമീപത്തുചെന്നു നിന്നിട്ട് ആർത്തസ്വരത്തിൽ "സതി!" എന്നൊന്നുവിളിച്ചു. ഈ ശബ്ദം കേട്ട് എല്ലാവരും അദ്ദേഹത്തിന്റെ മുഖത്തേയ്ക്കു നോക്കി.

"വിശ്വവണ്ണ! എന്റെ ചേച്ചി! എന്റെ ചേച്ചി" എന്നു പറഞ്ഞുകൊണ്ടു് കാളി വാവിട്ടു കരഞ്ഞു."

"എന്തു സംഭവിച്ചു?" എന്ന് അദ്ദേഹം വികൃതകണ്ഠത്തിൽചോദിച്ചു.

"ചേച്ചി ഒന്നും മിണ്ടുന്നില്ല. ചത്തു പോയെന്ന് പേരമ്മ പറയുന്നു."

വിശേശ്വരൻ അവിടെ ഇരുന്ന് ജാഹ്നവിയെ ബലപൂർവ്വകം പിടിച്ചു മാററാൻ നോക്കി. ആ സമയത്ത് അവർ ഉറക്കെ കരഞ്ഞു പോയി. ദയനീയമായ സ്വരത്തിൽ അവർ പറഞ്ഞു:—

"ആരു? നിർദ്ദയ! പോ! ഇവിടെ നിന്ന്. ഇപ്പോൾ വേണ്ട. അല്പം കഴിഞ്ഞു് ഞാൻ താനേ വിട്ടുതരാം. കുറച്ചു നേരത്തേക്കെങ്കിലും ഞാൻ എന്റെ ഓമനയെ ഹൃദയത്തോടു ചേർത്തു പിടിച്ചുകൊള്ളട്ടേ."

"അമ്മേ! ഞാൻ വിശ്വുവാണ്. എന്നെ ഒന്നു നോക്കൂ! സതിയെ രക്ഷിക്കാൻ വല്ല മാർഗ്ഗവും ഉണ്ടെങ്കിൽ......"

ജാഹ്നവി കണ്ണുതുറിച്ചു് സഗൽഗദം പറഞ്ഞു.

"ആരപ്പനേ! വിശ്വുവോ? നീ എന്റെ സതിക്കു ശരണം നൽകാനായി വന്നിരിക്കയാണോ? ഇന്നാണോ എന്റെ സതിയുടെ കല്യാണം? ഞാൻ അവളെ പട്ടുകിഴവനു കല്യാണം കഴിച്ചു കൊടുത്തില്ലേന്നോ? എന്തു്! എന്റെ സതി വിഷം തിന്നു മരിച്ചിട്ടില്ലേന്നോ? ഞാൻ സ്വപ്നം കാണുകയാണോ? വരൂ? അപ്പനേ വരൂ."

വിശേശ്വരൻ, ജാഹ്നവിയേ വളരെ പ്രയാസപ്പെട്ടു പിടിച്ചു മാററി. സതി ഇരുകൈകളാലും മുഖംമറച്ചുകൊണ്ടു് കമിഴ്ന്നു കിടന്നിരുന്നു. അവളേ തൊടുന്നതിനുപോലും അദ്ദേഹത്തിനു ധൈര്യമുണ്ടായില്ല. അവൾ എന്തോ മഹാ ചിന്തയിൽ മുഴുകിയിരിക്കുന്നതുപോലെ—ഏതോ യോഗസമാധിയിൽ അണ്ടതുപോലെ—തോന്നി ആ സമാധിയ്ക്കു ഭംഗം വരുത്തുന്ന അപരാധി അവളുടെ കോപാഗ്നിയിൽ ഭസ്മീഭൂതനായേക്കുമെന്നും അദ്ദേഹം ശങ്കിച്ചു. വിശേശ്വരന്റെ ഈ സംകോചം കണ്ടു സാവിത്രി എഴുന്നേററുവന്ന്, സതിയേ പിടിച്ചു തിരിച്ചു കിടത്തീട്ടു് നിരുദ്ധകണ്ഠമായി പറഞ്ഞു:—

"നോക്കണം—അങ്ങു നോക്കണം—ചേച്ചി മരിച്ചിട്ടു് കുറേ അധികനേരമായിരിക്കണം."

എന്നിട്ടും സതിയ്ക്കു ജീവൻ പോയിട്ടില്ലെന്നുതന്നേ വിശേശ്വരൻ വിശ്വസിച്ചു. അദ്ദേഹം അവളുടെ നാസികാഗ്രത്തിൽ വിരൽ പിടിച്ചുനോക്കി; അടച്ചിരുന്ന കൺപോളകൾ നീക്കി നോക്കി; വാ പൊളിച്ചു് നാവിൽ വിരൽവെച്ചു നോക്കി—ഒരു വസ്തുവില്ല. സർവ്വവും പോയി. ശരീരം തീരെ തണുത്തു പോയിരിക്കുന്നു.

"വിശ്വ! എൻെറപ്പനേ? എന്തിന വെറുതേ നോക്കുന്നു? എൻെറ സതി നാട്യം ശീലിച്ചിട്ടുള്ളവളല്ല. എന്തെല്ലാം കഷ്ടതകഠം അവഠം സഹിച്ചിട്ടുണ്ട്! അന്നൊന്നും അവഠം അവയേപ്പററി ആരോടും ഉരിയാടീട്ടില്ല. എന്നാൽ ഇന്ന് അവഠംക്കു ജീവിതം ദുസ്സഹഭാരമായി തോന്നിയതിനാൽ പൊയ്ക്കളഞ്ഞതാണ്. 'കുറച്ചു കാലം കൂടി ഇരുന്നിട്ടു പോവുക' എന്നു പറയുന്നതിനുള്ള അവസരം അവഠം ആക്കും കൊടുത്തില്ല. മകനേ! കുറച്ചു നേരത്തേക്ക് എന്നേ വിടുക. ജീവിതകാലം മുഴുവനും അവഠം ദുഃഖാഗ്നിയിൽ കിടന്നു പൊരിഞ്ഞുകൊണ്ടിരുന്നു. ഇന്ന് അവളുടെ താപത്തിനെല്ലാം ഒരു ശമനം വന്നു; അവഠം ശീതളയായി. അപ്പനേ എന്നെ വിടുക. ഞാൻ സതിയുടെ ശീതളശരീരത്തേയും ശീതള ഹൃദയത്തേയും എൻെറ ഹൃദയത്തോടു ചേർത്തു ക്ഷണനേരം പിടിച്ചുകൊണ്ടിരിക്കട്ടേ. എൻെറ സതി യാതൊരു ചിന്താഭാരവും കൂടാതെ ഇങ്ങനെ മുമ്പൊരിക്കലും ഉറങ്ങീട്ടില്ല. ഇന്ന് എൻെറ പൊന്നുമകഠം സ്വസ്ഥശരീരത്തോടും സ്വസ്ഥമനസ്സോടുംകൂടി ഉറങ്ങുന്നു. അതു നോക്കിക്കൊണ്ടിരിക്കുന്നതിന് എനിക്കു ആഗ്രഹവും തോന്നുന്നു."

ഗൃഹത്തിനുള്ളിലും ആളുകഠം നിറഞ്ഞു "എന്തുപററി? എങ്ങനെമരിച്ചു. എന്തു തിന്നാണ് മരിച്ചത്? വിഷം എവിടെ നിന്നു കിട്ടി? വിഷം സേവിക്കത്തക്കവണ്ണം അവഠംക്ക് എന്തു ദുഃഖമാണുണ്ടായത്? അവഠം വല്ലതും പറഞ്ഞോ?" ഇങ്ങനെ ആളുകഠം ഒരു പ്രശ്നമാല അവരേ ചാർത്തി. ഗ്രാമവാസികളുടെ കോലാഹലം കൊണ്ടും, ഉത്സാഹസൂചകമായ ആന്ദോളനത്താലും ഈ സമയത്ത് ചേട്ടത്തി അമ്മ പോലും മിണ്ടാതിരുന്നുപോയി. അനുസന്ധാനകാരികളായ ചില പരോപകാരതല്പരന്മാർ തക്കവിതക്കങ്ങഠം തുടങ്ങി. അന്വേഷണം നടത്തിയതിൽ, സതിയുടെ തലയിണച്ചുവട്ടിൽ നിന്ന് ഒരു മരുന്നുകുപ്പിയും ഒരു കടലാസും കണ്ടുകിട്ടി. കടലാസിൽ ഇങ്ങനെ എഴുതിയിരുന്നു:—

"ഞാൻ സ്വേച്ഛയാ ആത്മഹത്യ ചെയ്യുന്നു. എൻെറ അമ്മയ്ക്കും സഹോദരികഠംക്കും സഹോദരനും ഇതിനെപ്പററി യാതൊരുഅറിവും ഇല്ല" എന്നു സതി.

വെളിയിൽ നിന്ന് മഹാജനത്തിൻെറ ആഠംക്കാർ വന്നു പറഞ്ഞു:—

"ആകട്ടേ; ഇന്നു ഇവിടെ ഒരു ദുഃഖസംഭവം നേരിട്ടിരിക്കുന്നതിനാൽ ഞങ്ങഠം പോകുന്നു. എന്നാൽ മററന്നാഠം കണിശമായും പണം തന്നേ മതിയാവൂ."

ഇതിന് ആരും ഉത്തരം പറഞ്ഞില്ല. അന്നപൂർണ്ണ ജാഹ്നവിയെ ശുശ്രൂഷിച്ചുകൊണ്ടും ഇടയ്ക്കിടയ്ക്ക് സതിയുടെ ലലാടത്തിലും വക്ഷഃപ്രദേശത്തിലും സ്പർശിച്ചുകൊണ്ടും ഇരിക്കുന്നത് വിശ്വേശ്വരൻ കണ്ടു. അവർ വിശ്വേശ്വരനെ അടുക്കൽ വിളിച്ച്, കുറേ—നോട്ടുകൾ ഏല്പിച്ചിട്ടു, ആരും കേൾക്കാതെ പറഞ്ഞു:—

"അവൾക്ക് പണം കൊടുത്ത് ഏർപ്പാടുതീർത്തു കളയണം. ഇനി അവർ ഇവിടെ വരാൻ ഇടവരുത്തരുത്."

വിശ്വേശ്വരൻ മഹാജനത്തിനെ തിരിച്ചു വിളിച്ച് അവരുടെ കണക്കുകൾ നോക്കിയതിൻെറ ശേഷം, പണം കൊടുത്ത് ഏർപ്പാടു തീർത്തു. മഹാജനം പണം വസൂലായിരിക്കുന്നു, എന്നു പുറത്തെഴുതി, ഒററിയാധാരം വിശ്വേശ്വരൻെറ കൈയിൽ കൊടുത്തു. ആധാരത്തെ അദ്ദേഹം തൻെറ കൈവശത്തിൽ തന്നെ സൂക്ഷിച്ചുവച്ചു.

അദ്ദേഹം ഗൃഹത്തിനുള്ളിൽ വന്നപ്പോൾ ആളുകൾ നാലുവശത്തുനിന്നും ചോദ്യങ്ങൾ തുടങ്ങി. മഹാജനം ഒരു നല്ല മനുഷ്യനാണെന്നും ഇനി കുറേനാളത്തേക്ക് അവർ ഇവിടെവന്നു ഉപദ്രവിക്കയില്ലെന്നും അദ്ദേഹം മറുപടി പറഞ്ഞു. ഇതു കേട്ടപ്പോൾ, അവരുടെ നിരാശ വർദ്ധിക്കയാണുചെയ്തത്. അവർ നിവൃത്തിയില്ലാതെ ഒടുവിൽ ഇങ്ങനെ പറഞ്ഞു. "ഇനി എന്താണ് ചെയ്യുക. പോലീസ്സിൽ അറിവു കൊടുക്കാതിരുന്നാൽ പിശകാണ്. അതുകൊണ്ടു ഞങ്ങൾ പോലീസ് ഇൻസ്പെക്ററരേ വിവരം തെര്യപ്പെടുത്തീട്ടുണ്ടു. ഇൻസ്പെക്ററർ ഇപ്പോൾ ഇങ്ങോട്ടു പുറപ്പെട്ടു കാണും. താരാപുരത്തെ ഡാക്ടരും വരുന്നുണ്ടു."

ഡാക്ടരും ഇൻസ്പെക്ററരും ഒരുമിച്ചു വന്നുചേർന്നു അവർ വിശ്വേശ്വരനെക്കണ്ടു, വളരെ ബഹുമാനപുരസ്സരം അഭിവാദ്യം ചെയ്തു. അദ്ദേഹം അവരുടെ അഭിവാദനങ്ങൾക്ക് യഥോചിതം മറുപടി പറഞ്ഞിട്ടു, അവരെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. തത്സമയം വിശ്വേശ്വരൻെറ മുഖം വരണ്ടിരുന്നു. ഡാക്ടർ ഒന്നും മിണ്ടാതെ മൃതശരീരത്തെ പരിശോധിച്ചുതുടങ്ങി. ഇൻസ്പെക്ററർ മരുന്നുകുപ്പിയും കടലാസുതുണ്ടും നോക്കിക്കൊണ്ടിരുന്നു. സതിയുടെ ശാന്തവും നിദ്രാച്ഛന്നവും ആയ മുഖം ലജ്ജാഗ്ലാനാദികളാലെന്നപോലെ കാളവർണ്ണമായിരുന്നു. പ്രശാന്തവും ശുഭ്രവും ആയ ലലാടത്തിൽ ഒരു നീലച്ഛായ വ്യാപിച്ചിരുന്നു. 'എൻെറ അഭിമാനത്തെ രക്ഷിക്കണെ?' എന്ന് അവൾ ജഗദീശ്വരനോടു സർവാത്മനാ പ്രാർത്ഥിക്കയാണോ എന്നു വിശ്വേശ്വരന്നു തോന്നി. അദ്ദേഹം വേറൊരിടത്തേക്കു തിരിഞ്ഞു കളഞ്ഞു

അന്നപൂൎണ്ണ വിശേശ്വരൻെറ അടുക്കൽ ചെന്നു പലതും രഹസ്യമായി സംസാരിച്ചു. എന്നാൽ അവയെ കേട്ടുകൊണ്ടിരുന്നു എന്നല്ലാതെ, വല്ലതും പറയുന്നതിനോ പ്രവൎത്തിക്കുന്നതിനൊ അദ്ദേഹത്തിന് ധൈൎയ്യമുണ്ടായില്ല. ഡാക്ടർ ഈ സമയത്തു 'വിശേശ്വര ബാബു!, എന്നു വിളിക്കയാൽ അദ്ദേഹം അങ്ങോട്ടു ചെന്നു.

“രോഗി മരിച്ചിട്ടു് വളരെ നേരമായി. ബെല്ലോഡോണ കലൎന്ന മരുന്നു സേവിച്ചതിനാലാണു മരണം സംഭവിച്ചതു്. ആത്മഹത്യയാണെന്നുതോന്നുന്നു.”

ഇതുകേട്ടു് ഇൻസ്പെക്ററർ ചോദിച്ചു:—“ഈ മരുന്നു ആരുടെ വൈദ്യശാലയിൽനിന്നു വന്നു? ഹരേശബാബുവിൻെറ ഔഷധാലയത്തിൻെറ പേരു കാണുന്നുണ്ടു്. എന്നാൽ ഇതു് എങ്ങനെ ഇവിടെ വന്നുചേൎന്നു?” ചേട്ടത്തിഅമ്മ കരഞ്ഞുകൊണ്ടു പറഞ്ഞു: “ജാഹ്നവിയ്ക്കു സുഖക്കേടായിരുന്നു. ദേഹത്തിൽ വലിയ വേദനയുണ്ടായിരുന്നതിനാൽ പൂശുന്നതിനായി കൊണ്ടുവന്നതാണ്. സുഖക്കേടു ശമിച്ചപ്പോൾ ബാക്കിയുണ്ടായിരുന്നതു് ഇവിടെ വച്ചിരുന്നു. അല്പമേ ഉണ്ടായിരുന്നുള്ളു.”

വിശേശ്വരൻ ഡാക്ടരുടേയും ഇൻസ്പെക്ററരുടേയും മുഖത്തേയ്ക്കു നോക്കി. അപ്പോൾ അദ്ദേഹത്തിൻെറ മനോഭാവം അറിയുന്നതിനായി ഡാക്ടർ ചോദിച്ചു:—

“മൃതശരീരത്തെ ആശുപത്രിയിലേക്കു കൊണ്ടുപോകേണ്ടതാണ് ഞങ്ങളുടെ ചുമതല. അവിടുന്നു് എന്തു പറയുന്നു?”

വിശേശ്വരൻെറ ശരീരം വിറപൂണ്ടു. അദ്ദേഹം മൃദുസ്വരത്തിൽ പറഞ്ഞു:—“അല്ലാതെ നിവൃത്തിയൊന്നുമില്ലേ? നിങ്ങൾക്കു എന്തുവേണമെങ്കിലും ഞാൻ തരാൻ ഒരുക്കമാണ്. ഇതു് എൻെറ സ്വന്തം വീട്ടുകാൎയ്യമായി ഗണിക്കേണമെന്നാണ് എൻെറ അപേക്ഷ.”

“ഞാൻ പ്രതിബന്ധമായി നില്ക്കുന്നില്ല. സ്വാഭാവികമൃത്യുവാണെന്നു് ഞാൻ വേണമെങ്കിൽ റിപ്പോൎട്ടു ചെയ്തേക്കാം. ഇൻസ്പെക്ററരെ സമാധാനപ്പെടുത്തി അയക്കുക.”

ഇൻസ്പെക്ററരുടെ കാൎയ്യത്തിലും അമാന്തമൊന്നുമുണ്ടായില്ല. വെറും മരണമാണെന്നു എഴുതിക്കൊടുത്തിട്ടു അവർ അവരുടെ പാട്ടിനു പോയി. ഗ്രാമവാസികൾ വളരെ നിരാശപ്പെട്ടു്, ഓരോന്നു പറഞ്ഞുകൊണ്ടു് അവിടെ നിന്നു പിരിഞ്ഞു. ചിലർ ഹതാശരായെങ്കിലും തങ്ങളുടെ സാധുതയെ കാണിപ്പാനായി മാത്രം വിശേശ്വരനെ പ്രശംസിച്ചു തുടങ്ങി. “കൈയിൽ പണമൊട്ടുമില്ലായിരുന്നു. അല്ലെങ്കിൽ

ഞങ്ങൾ നേരത്തെ വല്ലതും കൈമടക്ക കൊടുത്ത് ഇൻസ്പെക്ടറെ പറഞ്ഞയക്കുമായിരുന്നു. ഈ വൎത്തമാനം കാതോടുകാതു അറിവാൻ ഇടവരുമായിരുന്നില്ല" എന്നിങ്ങനെ തട്ടിവിട്ടു. വേറേ ചിലർ പറഞ്ഞു:—

"ഇതൊക്കെ അയാളുടെ ചെറിയമ്മയുടെ വേലയാണ്. അവർ നല്ല കൂട്ടത്തിലാണ്. അവരില്ലായിരുന്നെങ്കിൽ ' കാണാമായിരുന്നു. തരിപെറുക്കിയുടെ മകൻ വല്ലതും ചെയ്യുമെന്നോ? അന്നു കാക്ക മലന്നു പറക്കും. വേറൊരുകൂട്ടർ എന്തോ അഗാധചിന്തയിൽമുഴുകീട്ടെന്നപോലെ ഗംഭീരഭാവത്തിൽ സാൎത്ഥകമായി തലകുലുക്കിക്കൊണ്ടു വീട്ടിലേക്ക തിരിച്ചു. ഇവിടെ നിന്നാൽ ശ്മശാനത്തിലേക്ക മൃതശരീരം എടുത്തുകൊണ്ടു പോകേണ്ടിവരുമെന്നായിരുന്നു അവരുടെ ഭയം.

വിശേശ്വരൻ തന്റെ ബ്രാഹ്മണകൎമ്മചാരികളിൽ മൂന്നുപേരെ വിളിച്ചുവരുത്തി, അങ്കണത്തിൽ നിൎത്തീട്ട്, അകത്തേക്ക കടന്നു. അവിടെ അദ്ദേഹം അന്നപൂൎണ്ണയുടെ മുഖത്തേക്ക നോക്കിക്കൊണ്ടുകുറേനേരം നിന്നു. അവൎക്ക കാൎയ്യം മനസ്സിലായി. അവർ ഖേദപൂൎണ്ണവും ഗംഭീരവുമായ സ്വരത്തിൽ ജാഹ്നവിയോടു പറഞ്ഞു:—

"സതിയേ ഇനി അവളുടെ അച്ഛന്റെ അടുക്കലേക്ക അയക്കൂ. നമുക്കാൎക്കും അവളുടെ ദുഃഖത്തെ ഒരു നിമിഷത്തേക്കെങ്കിലും ശമിപ്പിക്കാൻ സാധിച്ചില്ലല്ലോ? അതുകൊണ്ട് അവൾ അച്ഛന്റെ അടുക്കൽ പോകട്ടേ. അദ്ദേഹം അവളേ സുഖമായി ഇരുത്തും. കന്യകമാർ ജനനംമുതല്ക്കേ പരകീയമാരാണ്. സതിയെ അവളുടെ സ്വാമി————"

"അതുമാത്രം പറയരുതേ. അതുമാത്രം പറയരുതേ? എന്റെ സതി കുമാരിയാണ്. ഞാൻ അവളെ എന്ന് കല്യാണം കഴിച്ചു കൊടുത്തു? ആ ചാകാറായ മുതുക്കൻ അവളുടെ വരനോ? ഒരിക്കലും അല്ല. എന്റെ കുമാരിയായ സതി അവളുടെ അച്ഛന്റെ അടുത്തു പോകട്ടേ. കുട്ടിക്കാലത്ത് ഏതു നീല ധോത്തി ധരിപ്പിച്ച് അവളെ അദ്ദേഹം വെളിക്ക കൊണ്ടു പോകാറുണ്ടായിരുന്നോ, ആ ധോത്തിതന്നെ അവളെ ഇന്നും ഉടുപ്പിക്കണം. കുറേ വളകളും അവളേ ഇടുവിക്കണം. ഞാൻ എന്റെ സതിയെ വിധവയുടെ വേഷത്തിൽ പോവാൻ ഒരിക്കലും സമ്മതിക്കയില്ല. അദ്ദേഹം എന്തു പറയും!"

ഈ സമയത്ത് അവരെ സമാധാനപ്പെടുത്തുന്ന കാൎയ്യം വളരെ വിഷമമാണെന്ന് അന്നപൂൎണ്ണയ്ക്കു മനസ്സിലായി. അവർ സാവിത്രിയോടുപറഞ്ഞു:—

"സാവിത്രീ! നീ ചെന്ന് അമ്മയെ ആശ്വസിപ്പിക്കൂ?"

സാവിത്രി ഓടിച്ചെന്ന് സതിയുടെ മൃതശരീരത്തിൽപാറിപ്പിടിച്ചുകൊണ്ട് ആർത്തസ്വരത്തിൽ വിലപിച്ചു.

"അക്കാര്യം മാത്രം എന്നോടു പറയരുതേ! എന്റെ ചേച്ചി എങ്ങോട്ടു പോകുന്നു? ചേച്ചി, ഇതിനു മുമ്പ്, ഒരിക്കലും, ഒരിടത്തും പോയിട്ടില്ല. ഇന്ന് ഞങ്ങളെ ഒക്കെ വിട്ടും വച്ച് ചേച്ചി എവിടെപ്പോകുന്നു?"

അല്പം കഴിഞ്ഞ് അന്നപൂർണ്ണ പറഞ്ഞു:—

"വധൂ! നിങ്ങൾ എന്തു ചെയ്യുകൊണ്ടിരിക്കുന്നു? പോയതൊക്കെപ്പോയി. ഇനിയുള്ളതിനെ എങ്കിലും രക്ഷിക്കണ്ടേ? ഈ കുട്ടികളേ നോക്കു. അവരെ എങ്കിലും രക്ഷിക്കുക."

ഇതു കേട്ടപ്പോൾ, ജാഹ്നവി എഴുന്നേററിരുന്നു. അവർ മൂട്ടുപടംവലിച്ചു മുഖത്തേക്കു ഇട്ടുകൊണ്ട്, സാവിത്രിയേ ഒരു വശത്തേക്കു മാററിനിർത്തി. പിന്നീട് മൃത്യുവിന്റെ ഘനച്ഛായ വ്യാപിച്ചിരുന്ന മൃതശരീരത്തേ എടുത്ത് മുറിയിൽ കിടത്തീട്ട്, അതിനെ കണ്ണിമയ്ക്കാതെ കുറേനേരം നോക്കിക്കൊണ്ടിരുന്നു. അവളുടെ കവിൾത്തടത്തിൽ ഒന്നു ചുംബിച്ചിട്ട്, അവർ പറഞ്ഞുതുടങ്ങി:—

"മകളേ സതീ! നീ പോകുന്നോ? ആകട്ടെ. പൊയ്ക്കോ! എന്റെ അടുക്കൽ താമസിച്ചിരുന്നിടത്തോളം കാലം നിനക്ക് ദുഃഖമേ ഉണ്ടായിട്ടുള്ളു. ഇനി നീ അച്ഛന്റെ മടിയിൽ കേറി ഇരുന്ന്, വീണ്ടും ഒരു കൊച്ചു സതിയായ്ത്തീർന്നിട്ട് സുഖമായി ഉറങ്ങുക. എന്നാൽ മകളെ! ഏററവും പ്രിയപ്പെട്ട പൊന്നുമകളേ! ഒരു പ്രാവശ്യം—ഒരേഒരു പ്രാവശ്യം മാത്രം—എന്നെ അമ്മേ! എന്നു വിളിച്ചിട്ട് നീ പൊയ്ക്കൊള്ളുക. അയ്യോ! മകളേ! മിനിയാന്നു രാത്രി നീ എന്റെ കിടക്കയുടെ ചുവട്ടിൽ, എന്റെ കാലുകൾ തിരുമ്മിക്കൊണ്ട് വളരെ നേരം ഇരുന്നു. നീ എന്നെ വിട്ടുപൊയ്ക്കളയുമെന്ന് ഞാൻ അപ്പോൾ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നോ? ഹാ! അറിഞ്ഞിരുന്നെങ്കിൽ, അമ്മേ! എന്നു അഞ്ഞൂറുവട്ടം എന്നെ വിളിക്കാൻ ഞാൻ നിന്നോടു പറയുമായിരുന്നു. എന്റെ കണ്മണി നീ വാസ്തവത്തിൽ എന്നെന്നേയ്ക്കുമായി എന്നെ വിട്ടുപിരിയാൻ ഭാവിക്കയാണോ? അങ്ങനെആണെങ്കിൽ, പോ! മകളേ. വിശ്വേശ്വര എന്റെ സതിയേ എടുത്തുകൊണ്ടുപൊയ്ക്കോ."

കന്യകയേ വിശ്വേശ്വരന്റെ ചരണങ്ങളിൽ സമർപ്പിച്ചതായി ജാഹ്നവി വിശ്വസിച്ചു. സതിയുടെ കൃശവും ദുർബ്ബലവുമായ ശരീര

ത്തെ വിശേശ്വരൻ രണ്ടു കൈകൊണ്ടും എടുത്തുപൊക്കി. ബ്രാഹ്മണ കർമ്മചാരികൾ മൂന്നുപേരുംകൂടി അവളെ വെളിയിലേക്കു കൊണ്ടുപോയി. വിശേശ്വരനും മിണ്ടാതെ പുറകെ നടന്നു. സാവിത്രി ഉന്മത്തയെന്നപോലെ ഓടിച്ചെന്ന്, അദ്ദേഹത്തിൻെറ പാദങ്ങളിൽ പതിച്ചിട്ട്, സഗൽഗദം പറഞ്ഞു:—

"വിശ്വവർണ്ണ! ഞാൻ കാൽപിടിച്ചു പറയുന്നു. എൻെറ ചേച്ചിയെ കൊണ്ടുപോകരുത്. ചേച്ചിയേ ഇവിടെ വെച്ചേച്ചുപോകാൻ അവരോടു പറയണേ! അയ്യോ! നിങ്ങൾക്കാർക്കും തരിമ്പുപോലും ദയ ഇല്ലേ? എൻെറ ചേച്ചിയേ എനിക്കുതരേണേ—എനിക്കുതരേണേ—എനിക്കുതരേണേ."

വിശേശ്വരനും ഇതുകണ്ട് കരഞ്ഞുപോയി. അദ്ദേഹം 'ചെറിയമ്മേ!' എന്നു സഗൽഗദം വിളിച്ചു.

അന്നപൂർണ്ണ വെളിയിൽവന്ന് സാവിത്രിയെ ബലം പ്രയോഗിച്ചു പിടിച്ചുകൊണ്ട് അകത്തേക്കു പോയി.

അവർ അവളെ ജാഹ്നവിയുടെ മടിയിൽ ഇരുത്തീട്ടുപറഞ്ഞു:—

"വധൂ ഇവളേ സമാധാനപ്പെടുത്തിയില്ലെങ്കിൽ, സതിയുടെ പുറകേ ഇവളും പോകും. ഇതാ നോക്കൂ. ഇവളുടെ വായിൽ നിന്നു പത പുറപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവളുടെ മുഖം ഒന്നു കഴുകുക. കാളി! ആ വിശറി ഇങ്ങെടുക്കൂ"

ജാഹ്നവി സാവിത്രിയേ മാറോടണച്ചുകൊണ്ട്,

"സാവിത്രീ! സാവിത്രീ" എന്നു വിളിച്ചു.

"അമ്മേ എൻെറ ചേച്ചി. എൻെറ ചേച്ചി. എൻെറ ചേച്ചി എങ്ങോട്ടു പോയി?"

വിശേശ്വരൻ കാളിയെ എടുത്തുകൊണ്ടു അർത്ഥികളോടു കൂടി നദീതീരത്തിൽ ചെന്നു. രണ്ടു ബ്രാഹ്മണർ സതിയെ പൂപോലെ വഹിച്ചുകൊണ്ടു പോയി, അവിടെ വച്ചിരുന്നു. അവിടെത്തന്നെ ഒരു ചിതയുണ്ടാക്കി. ശവത്തെസ്നാനം ചെയ്യിച്ചു, പുതിയ വസ്ത്രങ്ങളും ധരിപ്പിച്ചു, ചിതയിൽ കൊണ്ടുവച്ചു. കാളിയെക്കൊണ്ട് അവർ ചിതയിൽ തീ കൊളുത്തിപ്പിച്ചു. അനന്തരം വൃദ്ധനായ രാമതനു കാളിയെ കുറെ ദൂരത്തുകൊണ്ടുപോയി നിർത്തീട്ട്, അവനേ ഒരുവിധം സമാധാനപ്പെടുത്തി. വിശേശ്വരൻ ഒരു വൃക്ഷച്ചുവട്ടിൽ ചാരിനിന്ന് നിശ്ശബ്ദം ചിതയേത്തന്നെ നോക്കിക്കൊണ്ടിരുന്നു. സതിയുടെ വക്ഷഃപഞ്ജരത്തിൽ അഗ്നിജ്വാലകൾ പടർന്നു പിടിച്ചിട്ട്, അവിടെ നിന്ന് സാടോപം ഉയർന്ന്, ഹ്ല-ഹ്ല-ഹ്ല-ധൂ-ധൂ-ധൂ- എന്ന കരാളധ്വനി പുറപ്പെടുവിച്ചു തുടങ്ങി.

—*—

# പതിനാലാം അദ്ധ്യായം.

അന്നപൂൎണ്ണ ജാഹ്നവിയോട്ട് വിശ്വേശ്വരൻെറവീട്ടിൽ പോയി കുറേനാറം പാൎക്കണമെന്നു നിൎബന്ധിച്ചുനോക്കി. എന്നാൽ അവൾക്ക് അക്കാൎയ്യത്തിൽ ലേശം സമ്മതമുണ്ടായിരുന്നില്ല. അവർ ഇങ്ങനെ പറഞ്ഞു:—

"സോദരി! ഞാൻ ഇവിടെ താമസിച്ചുകൊള്ളട്ടേ. അദ്ദേഹം ഇവിടെക്കിടന്നു മരിച്ചു; സതിയും ഇവിടെക്കിടന്നുതന്നേ ഇഹലോകം വെടിഞ്ഞു. എൻെറ സതിയുടെ ആത്മാവു് ഇവിടെവന്ന്, 'അമ്മേ!' 'അമ്മേ!' എന്നു വിളിച്ചു കേണുകൊണ്ടിരിക്കും. അതുകൊണ്ടു് ഞാൻ ഇവിടംവിട്ടു് ഒരിടത്തും പോകയില്ല."

വേറെ ഒരു നിവൃത്തിയും ഇല്ലായ്കയാൽ, അന്നപൂൎണ്ണ കുറേദിവസത്തേക്കു രാത്രികാലങ്ങളിൽ ഇവിടെ വന്നു താമസിക്കേണ്ടിവന്നു. ചേട്ടത്തിഅമ്മ ഇതിനിടയ്ക്കു്, ഏതൽപൎയ്യന്തം മറന്നുകിടന്നിരുന്നൊരു അടുത്ത ബന്ധുവിൻെറ ഭാഗിനേയിയുടെ അടുക്കലേക്കു പൊയ്ക്കളഞ്ഞു.

അവർ ഇതുവരെ സകല ബന്ധുക്കളിൽനിന്നും അകന്നിരിക്കയായിരുന്നു. ഇപ്പോറം എങ്ങനെ യോജിക്കാനിടയായി എന്നു നിശ്ചയമില്ല. പ്രാണനേക്കാറം വലുതാണോ മാനാവമാനങ്ങറം? ഈ വീട്ടിൽ കിടന്നുറങ്ങിയാൽ സതിയുടെ ഭൂതം വന്നു് അവരുടെ കഴുത്തിൽ പിടിച്ചു ഞെക്കുകയില്ലെന്നു് എന്താണു് ഉറപ്പു്? മരണാനന്തരം സതി ഒരു ദുൎഭൂതമായിത്തീൎന്നിരിക്കുമെന്നും, അവറം കൂടെക്കൂടെ ആ ഗൃഹത്തിൽ ചുററിസ്സഞ്ചരിക്കാറുണ്ടെന്നും, അവറം വിശ്വസിച്ചു. ജാഹ്നവിയെ സമാശ്വസിപ്പിക്കാനായി ഹേമയ്ക്കൂടെ അവിടെ താമസിക്കേണ്ടിവന്നു

നാലാം ദിവസം കാളി യഥാവിധി ശ്രാദ്ധകൎമ്മം ചെയ്തു. വിശ്വേശ്വരൻ ജാഹ്നവി പറഞ്ഞതനുസരിച്ചു് സതിയുടെ സപത്നീപുത്രനെ അവളുടെ മരണവൃത്താന്തം കത്തുമുഖേന അറിയിച്ചിരുന്നു. അയാറം അടിയന്തിരത്തിനായി കുറേപണം അയച്ചുകൊടുക്കയും ചെയ്തു. ആ പണം കൊണ്ടത്രേ സതിയുടെ ശ്രാദ്ധത്തിനുള്ള ചെലവുകറം നിൎവ്വഹിച്ചതു്. അങ്ങനെ ചെയ്തില്ലെങ്കിൽ സതിയുടെ ആത്മാവിന്നു് തൃപ്തിയുണ്ടാകയില്ലെന്നായിരുന്നു, ജാഹ്നവിയുടെ വിശ്വാസം.

വിശ്വേശ്വരൻ കേവലം ഭ്രാന്തനെപ്പോലെയായി. ദാരുണമായ ദുർഘടനകളാലും, അപ്രത്യാശിതമായ വിപത്തുകളാലും, മനുഷ്യഹൃ

ദയം വികലമായിത്തീരുന്നു. അങ്ങനെ തന്നെനമ്മുടെ യുവാവിന്നും സംഭവിച്ചു. സാവിത്രിയുടെ അടുക്കൽ നിന്നും സതിയുടെ രക്തം പുരണ്ട നോട്ടുവാങ്ങിയിട്ട്, അതിനെ ആ മഹാപാപിക്കു തിരിച്ചുകൊടുക്കേണ്ടതാണെന്നും, പാപപങ്കിലമായ ധനം സാവിത്രിയുടെ കൈയിൽ ദീർഘകാലം ഇരിക്കാൻ ഇടവരുത്തുന്നത് അനുചിതമാണെന്നും, ഒരുദിവസം അയാൾ പെട്ടെന്നു ഓർത്തു. പാവം! സാവിത്രി ആ ധനത്തിന്റെ യഥാർത്ഥ മൂല്യമെന്താണെന്ന് ഗ്രഹിച്ചിരുന്നില്ല. ഒരു ദിവസം വിശ്വേശ്വരൻ നദീതീരത്തിൽ നടക്കാൻ പോയി. അവിടെനിന്ന് അദ്ദേഹം ദൂരസ്ഥിതമായ ശ്മശാനത്തിലേക്കു ചകിതനെന്നപോലെ ഒന്നുനോക്കി. ഇപ്പോഴും അനിർവ്വാണമായിരുന്ന അഗ്നി ഈ നിഷ്ഠുരജഗത്തിനെ ഭർത്സനം ചെയ്യാനെന്നോണം ഹുംകാരധ്വനി പുറപ്പെടുവിച്ചു കൊണ്ടിരുന്നതായും, ചിതയിൽ കിടന്നുവെന്തുനീറിക്കൊണ്ടിരിക്കുന്ന സതി ഹ-ഹ-ഹ-എന്ന് ഹർമ്മശപാസങ്ങൾ വിട്ടുകൊണ്ടിരിക്കുന്നതായും അദ്ദേഹത്തിനുതോന്നി.

അനല്പമായ ഭീതി ജനിക്കയാൽ അദ്ദേഹം നദീതീരംവിട്ട് ഗ്രാമത്തിലേക്കു തിരിച്ചു. കുറേനേരം ഗ്രാമവീഥികളിൽകൂടി നടന്നു.

അന്ന് ബാബുജനങ്ങളുടെ ഒരു സമ്മേളനം പൊടിപാറിക്കൊണ്ടിരിക്കയായിരുന്നു. ശ്ലക്ഷ്ണശിലാനിർമ്മിതമായ ഒരുവേദിയിൽ ഇരുന്ന് അവർ ശുക്ലപക്ഷ ദശമിയിലെ ചന്ദ്രികയിൽവിടർന്ന കുസുമസഞ്ചയത്തെ തടവിക്കൊണ്ടു വരുന്നമധുരവും സുരഭിലവുമായ മൃദുപവനനേറ്റു രസിച്ചുകൊണ്ടിരുന്നു. ഹാർമ്മോണിയം തബല മുതലായ ഉപകരണങ്ങളോടു കൂടി സംഗീതവും തകൃത്തുകൊണ്ടിരുന്നു. വിശ്വേശ്വരൻ കണ്ണുതുറന്നുനോക്കി. പൃഥിവി ഇത്ര മനോമോഹനമായിരിക്കേ മനുഷ്യൻ മാത്രം ദുഃഖിതനാവാൻ ഹേതുവെന്തെന്ന് അദ്ദേഹം ആലോചിച്ചു. ചിലർ സുഖത്തെത്തേടി സപ്തസമുദ്രങ്ങളെയും തരണം ചെയ്യുന്നു; മററു ചിലർ ജീവത്യാഗം ചെയ്യുന്നു. ഇങ്ങനെ വരാൻ ഹേതുവെന്ത്? ഒരുവന് മററൊരുവനെക്കണ്ടുകൂട. പരദുഃഖത്തെ ആരുംഅറിയുന്നമില്ല. ഇങ്ങനെ ഒരു ദുരവസ്ഥയ്ക്കു കാരണമെന്ത്? പൃഥിവിയുടെ ഈ ആനന്ദവും, ശോഭയും, ഐശ്വര്യവും, ഉല്ലാസവുമെല്ലാം കേവലം ഒരു പൈശാചികഹാസ്യമായിരിക്കുമോ? അഥവാ, ഉള്ളിൽ നിറഞ്ഞിരിക്കുന്ന ദുഃഖത്തെ മറയ്ക്കാനുള്ള കൃത്രിമശോഭയാവാം. അങ്ങനെ ആണെങ്കിൽ, ഈ ജീവിതം എത്ര നിഷ്ഫലം! വിശ്വേശ്വരന് പാട്ടും കൂത്തുമൊന്നും രസിച്ചില്ല. അതിനാൽ അദ്ദേഹം തിരിച്ചു നടകൊണ്ടു. താളമേളാദികളുടെ ഉൽകടധ്വനി ചെവികളിൽ എത്താതിരിക്കത്തക്ക ദൂരത്തു ചെന്നപ്പോൾ, കരുണരസം നിറഞ്ഞതും മധുര

വുമായ ഒരു ഗാനം കേൾക്കയാൽ അദ്ദേഹം അവിടെ ക്ഷണനേരം നിന്ന് അതിനെ ശ്രദ്ധിച്ചു. പാട്ടു വിശദമായി കേൾക്കാമായിരുന്നു. ആരോ ഒരാൾ ഇങ്ങനെ പാടിക്കൊണ്ടിരുന്നു.

ശഹന—ആദി

പല്ലവി-വന്നാലും കൃപരാശെ! സ്വർഗ്ഗത്തിൽ നിന്നിങ്ങു
വന്നാലു! മെന്നേക്കൂടെ കൊണ്ടാശു പോയാലും നീ
അ-പ-ലോക ജീവിതമാകും വഹ്നിജ്വാലയിൽ പെട്ടു
മാഴ്കുന്നൊരെന്നേയെടുത്തങ്കത്തിൽ ചേർത്താലും നീ (വ)

ചരണം-ആശാവല്ലിയോ വാടി നാശം ഗതയാകയാൽ
ക്ലേശിച്ചു വലയുന്നോരെന്നിൽ നീ കനിവാന്ന്,
പ്രേമശൂന്യമായീടും പൃഥ്വിയിൽ നിന്നെന്നെ
പ്രേമ നിർഭരമായ ലോകത്തിലെത്തിച്ചാലും (വന്നാലും)

വിശേശ്വരൻെറ കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞു. വാസ്തവത്തിൽ ഈ ലോകം പ്രേമശൂന്യമാണൊ? ഒരാൾ മററാരുടെ എങ്കിലും കാൽച്ചുവട്ടിൽ സ്വജീവിതത്തെ സമർപ്പിച്ചിട്ട് നിശ്ശബ്ദം ഐഹികവാസം വെടിയുന്ന പക്ഷം, അതിനെരേഖപ്പെടുത്താൻ ആരിരിക്കുന്നു? സതി ഈ വിധം സ്വാത്മാവിനെ എൻെറ പാദത്തിൽ ഉത്സർജ്ജിച്ചിട്ടും, ഞാൻ അതിനെഅറിഞ്ഞോ? എനിക്കു പ്രണാമം പറഞ്ഞിട്ട്, അവൾ പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു. എന്നാൽ അവളുടെ ആത്മാവിനു അഭിലഷിത വസ്തുവിൻെറ ഉപലബ്ധിയുണ്ടായോ? കരുണയുടെ സംവേദനത്താൽ ഇപ്പോൾ എൻെറഹൃദയം വ്യഗ്രമായിരിക്കുന്നു. എന്നാൽ അങ്ങനെ ഒരുഹൃദയസംവേദന എനിക്ക് ഉണ്ടാവണമെന്ന് അവൾ കാംക്ഷിച്ചിരുന്നോ? ഇതു തന്നെയാണൊ പ്രേമ? ഇത്രമാത്രം സുശീലയും ധൈര്യവതിയും ആയ ഒരു സുന്ദരി കേവലം കുത്സിതമായസാംസാരികപ്രലോഭനത്താൽ വൈക്ലബ്യമാന്ന്, ഒരു പുരുഷനെ, അവൻെറ അറിവുകൂടാതെ തന്നെ പ്രണയിച്ചു്, ഈവിധം നിശ്ശബ്ദമായി സ്വാത്മാവിനെ ഉത്സർജ്ജിച്ചിരിക്കേ, അവൻ എങ്ങനെ കരയാതിരിക്കും? അവൻെറ ഹൃദയത്തിനു ദാരുണമായ വ്യഥയുടെ അനുഭൂതി ഉണ്ടാകേണ്ടതല്ലേ? ചിലഗ്രന്ഥങ്ങൾ വായിക്കുമ്പോൾ മനസ്സു വ്യാകുലമാകാറുണ്ട്. ആ സ്ഥിതിക്ക് വാസ്തവികമായ ഒരു കരുണദൃശ്യം കാണുമ്പോൾ കരച്ചിൽ വരാത്ത പാഷാണഹൃദയൻ എവിടെ? ഇതു തന്നെയോ പൃഥ്വിയിലെ പ്രേമം ? ഇങ്ങനെ ആണെങ്കിൽ ഈ ലോകത്തിൽ പ്രേമമില്ലെന്നു പറയാവുന്നതാണോ? ഗാനംഇങ്ങനെ തുടന്നു

(൨) വല്ലവണ്ണവുമെൻെറ വാസന നിവൃത്തയായ്
തെല്ലുമിനിവൈകാതെയെന്നെയുദ്ധരിച്ചാലും
വിലപിച്ചീടിനേൻ പാരം-എത്രനാൾ വിലപിക്കാം?
ദലിദമീഹൃദയംനീ-ക്കുട്ടിയിണക്കിയാലും. (വന്നാലും)

വിശേശ്വരൻ ഈ ഗാനം കേട്ടു് ഇങ്ങനെ പറഞ്ഞുപോയി.

"സതീ! ഇങ്ങനെയുള്ള പ്രപഞ്ചത്തോടു നീ, സാഞ്ജലിബന്ധം
യാത്ര പറഞ്ഞു പിരിഞ്ഞതു വളരെ നന്നായി."

പാട്ടു് അവസാനിച്ചു. എന്നാൽ ഈ ഗാനപ്രഭവത്താൽ അന്തരിക്ഷം ഇപ്പോഴും കരുണരസമയമായിരുന്നു. വിശേശ്വരൻെറ ഹൃദയം ദുഃഖാവേശത്താൽ പര്യാകുലമായി. ഒരു വിധത്തിലും ദുഃഖത്തെ ശമിപ്പിക്കാൻ വഴിയില്ലെന്നു കണ്ടു് അദ്ദേഹം മുന്നോട്ടു പതുക്കെപ്പതുക്കെ നടന്നു് അല്പദൂരം ചെന്നപ്പോൾ, രാമശങ്കരൻെറ ഇടിഞ്ഞുപൊളിഞ്ഞു് ശോഭാഹീനമായിരുന്ന ഗൃഹത്തിൻെറ അങ്കണത്തിൽ, നാലുപാടുംപാലൊളിവീശിക്കൊണ്ടിരുന്ന ചന്ദ്രികയിൽ, ഒരു വിധവയേപ്പോലെ ശ്വേതവസ്ത്രം ധരിച്ചു് ഒരു ബാലിക കിടക്കുന്നതുപോലെ അദ്ദേഹത്തിനുതോന്നി. മന്ദമന്ദം അദ്ദേഹം അങ്കണത്തിലേക്കു നേരെ നടന്നു. ഒരു യുവതി തുളസിത്തടത്തിൽ കൊളുത്തിവെച്ചിരിക്കുന്ന ദീപത്തിൻെറ മുമ്പിൽ, മുട്ടു കുത്തി സാഞ്ജലിപൂർവ്വകം ഇരിക്കുന്നതു അദ്ദേഹം കണ്ടു. ഇതാര്? സതിയൊ? അവളുടെ പ്രതികൃതി തന്നെ. അതേമാതിരി, അഴിച്ചിട്ടിരിക്കുന്ന കേശപാശങ്ങളും, ദുർബലവും കൃശവും കോമളവുമായ തനുവല്ലിയും, ജീർണ്ണവസനവും, നീരക്തവദനവും എന്നുവേണ്ട സർവ്വും സതിയേ അനുസ്മരിപ്പിച്ചു. സതീ! എന്നൊന്നുവിളിച്ചാലോ എന്നു വിശേശ്വരൻ വിചാരിച്ചു. എന്നാൽ മുഖത്തിൽനിന്നു ശബ്ദം പുറപ്പെട്ടില്ല. അദ്ദേഹം കമ്പിതാംഗനായി അവിടെത്തന്നെ മിണ്ടാതെ നിന്നു പോയി.

തുളസിത്തടത്തിൽ മുട്ടുകുത്തി ഇരുന്നിരുന്ന യുവതി എഴുന്നേററു, ഉടനെ അദ്ദേഹത്തിനെ കാണുകയാൽ അദ്ദേഹത്തിനേപ്പോലെ തന്നെ കുറേനേരം മിണ്ടാതെനിന്നിട്ടു്, വിസ്മയഭാവത്തിൽ മധുരമായിചോദിച്ചു:—"ആരു്? വിശ്വവണ്ണനോ? ഈ സമയത്തു് എന്തിനു വന്നു? അമ്മയെ വിളിക്കണോ?"

അപ്പോഴത്രെ അതു സാവിത്രിയാണെന്നു വിശേശ്വരനുമനസ്സിലായതു്. അവളുടെ കരുണരസമയമായ മൃദുസ്വരത്തിലുള്ള ഈ പ്രശ്നം കേട്ടപ്പോൾ വിശേശ്വരൻെറ നയനങ്ങൾ അശ്രുനിർഗ്ഗമത്താൽ ആർദ്രമായി. അദ്ദേഹം പറഞ്ഞു:—

"അമ്മയെ വിളിച്ചിട്ടു അവശ്യമില്ല. എനിക്കു് നിന്നോടാണു് സംസാരിക്കാനുള്ളതു്."

സാവിത്രി മിണ്ടാതെ നിന്നു.

"നിൻെറ ചേച്ചി വല്ലതും നിന്നെ ഏൽപ്പിച്ചിട്ടുണ്ടൊ?" എന്നു അദ്ദേഹം ചോദിച്ചു.

"ഉണ്ട്. ആയിരം ഉറുപ്പികയുടെ കുറെ നോട്ടുകഠം. ചേച്ചിയ്ക്കു അതു എങ്ങനെ കിട്ടിയൊ എന്തൊ!"

"അതിൽ നിന്ന് അല്പമെങ്കിലും നീ ചെലവു ചെയ്തിട്ടുണ്ടൊ?"

"ഇല്ല."

"എന്നാൽ ആ നോട്ടുകഠം എന്നെ ഏൽപ്പിക്കു."

സാവിത്രി ഈ വാക്കു കേട്ട മാത്രയിൽ തന്നെ അകത്തേക്കുപോയിട്ട്, അരനിമിഷത്തിനുള്ളിൽ നോട്ടുകെട്ടുമായി തിരിച്ചുവന്നു. അതിനെ അവഠം അദ്ദേഹത്തിൻെറ കൈയിൽ സാദരം ഏൽപ്പിച്ചു. അതിൻെറ സ്പർശമാത്രത്താൽ വിശേശ്വരൻെറ ശരീരം വിറച്ചുപോയി. എന്നാൽ സാവിത്രി അതു കണ്ടതേ ഇല്ല.

വിശേശ്വരൻ പിന്നെയും ചോദിച്ചു:—

"നിൻെറ അമ്മയ്ക്കു ഇതിനെപ്പററി അറിയാമൊ?"

"ഇല്ല. ഒരു ദിവസം അമ്മയോടു പറയണമെന്ന് വിചാരിച്ചിരിക്കയായിരുന്നു."

"പറയാഞ്ഞതു നന്നായി. ഇനി ഒന്നും മിണ്ടേണ്ട. ആരുടെ പക്കൽ നിന്ന് സതിക്ക് ഈ നോട്ടുകഠം കിട്ടിയോ അയാഠക്കുതന്നേ ഇതിനെ ഞാൻ തിരിച്ചു കൊടുക്കാൻ പോകയാണ്."

സാവിത്രി ഒരു ശിരഃകമ്പത്താൽ അതിനു അനുമതി നൽകി. സാവിത്രി വളരെ ദുഃഖിച്ചിരിക്കയാണെന്ന് വിശേശ്വരൻ ചെറിയമ്മയിൽ നിന്ന് നേരത്തെ അറിഞ്ഞിരുന്നു. അവഠം എഴുനേല്ക്കയോ, ആഹാരം കഴിക്കയോ വല്ലവരോടും സംസാരിക്കയോ അപൂർവ്വമായിട്ടേ ചെയ്യാറുണ്ടായിരുന്നുള്ളൂ. ജാഹ്നവി കഴിയുന്നത്ര അവളെ സമാധാനപ്പെടുത്താൻ നോക്കി. എന്നാൽ ആ ശ്രമം നിഷ്ഫലമായി പരിണമിച്ചു. അതുകൊണ്ട് അല്പം സംസാരിച്ചു, അവഠക്കു മനഃസ്ഥൈര്യം വരുത്തണമെന്ന് അദ്ദേഹം ആലോചിച്ചു.

"സാവിത്രീ! നീ ഇവിടെ എന്തു ചെയ്തുകൊണ്ടിരിക്കയായിരുന്നു?"

"ഞാൻ തുളസിത്തറത്തിൽ വിളക്കു വെയ്ക്കാനായി വന്നു".

"നീ കൈ കൂപ്പി എന്തൊക്കെയോ പ്രാർത്ഥിക്കുന്നതു ഞാൻ കണ്ടല്ലോ."

സാവിത്രി തല താഴ്ത്തിക്കൊണ്ട് മൃദുസ്വരത്തിൽ പറഞ്ഞു:—

"ആത്മഹത്യ ചെയ്താൽ മനുഷ്യൻെറ ആത്മാവിന് സ്വസ്ഥതയുണ്ടാവുകയില്ലെന്ന് ആളുകഠം പറഞ്ഞു, ഞാൻ കേട്ടിട്ടുണ്ട്. അതിനാൽ വിളക്കു വച്ച്—"

പറഞ്ഞുതീരും മുമ്പ് അവളുടെ ഗളം നിരുദ്ധമായി.

വിശ്വേശ്വരൻെറ കണ്ണുകൾ വീണ്ടും നിറഞ്ഞു. അദ്ദേഹവും നിരുദ്ധകണ്ഠനായ് ഭവിച്ചു. വളരെ പണിപ്പെട്ട് കണ്ഠത്തെ ശുദ്ധമാക്കീട്ട്, അദ്ദേഹം ഇങ്ങനെ പറഞ്ഞു:—

"സാവിത്രീ! നിൻെറ സഹോദരി ഇപ്പോൾ സ്വൎഗ്ഗത്തിലാണ്. അ സുകൃതിനിക്ക് എങ്ങനെ ദുൎഗ്ഗതി വരും? നീ അങ്ങനെ വിശ്വസിക്കുന്നോ?"

"ചേച്ചിയ്ക്കു സ്വൎഗ്ഗം കിട്ടിയെന്നാണോ അങ്ങു പറയുന്നതു? അങ്ങനെയാണെങ്കിൽ ചേച്ചിക്കു സുഖമായിരിക്കുമല്ലോ."

"സംശയമുണ്ടോ? പരമസുഖം."

സാവിത്രി മുട്ടുകുത്തി വിശ്വേശ്വരനെ പ്രണമിച്ചു.

"ഇനി ഞാൻ കരയുകയില്ല ചേച്ചി ഞങ്ങളെ ഒക്കെ വിട്ടുംവച്ചു പൊയ്ക്കളഞ്ഞു. ഞങ്ങളെ നിശ്ശേഷം മറന്നുകളഞ്ഞു. അതുകൊണ്ടൊന്നും എനിക്കു സങ്കടമധികമില്ല. ചേച്ചി എവിടെ ആയാലും സുഖമായിരിക്കുന്നു എന്നു മാത്രം അറിഞ്ഞാൽ മതി."

സാവിത്രിയുടെ നേത്രങ്ങളിൽനിന്നും മുത്തുമണികൾ പോലെ ഒന്നു രണ്ടു അശ്രുക്കൾ പൊഴിഞ്ഞു. അതു കണ്ടപ്പോൾ വിശ്വേശ്വരൻെറ ഹൃദയം തകൎന്നുപോയി. ഈ അവസ്ഥയിൽ അവളെ തനിച്ചു വിട്ടുംവെച്ചു പോകുന്നതു വളരെ കഷ്ടമാണെന്ന് അദ്ദേഹത്തിനു തോന്നി. അല്പം ആലോചിച്ചിട്ട് അദ്ദേഹം ചോദിച്ചു:—

"നിൻെറ അമ്മ എവിടെ? കാളീശംകരൻ എങ്ങോട്ടു പോയി?"

"അമ്മ അവനെ ഉറക്കിക്കൊണ്ടിരിക്കുന്നു. ചേച്ചീ! ചേച്ചീ! എന്നു വിളിച്ചുകൊണ്ട് അവൻ വളരെ നേരം കരഞ്ഞു. ഒരു വിധത്തിലും സമാധാനപ്പെടുന്നില്ല. എന്തുചെയ്യും?"

"നീയും കരയുന്നല്ലോ. സാവിത്രീ, കരഞ്ഞു എന്നു വെച്ചു പോയവർ തിരിച്ചുവരുമോ? കരഞ്ഞുകരഞ്ഞു് നീ അമ്മയെ വെറുതെ വ്യസനിപ്പിക്കരുത്."

സാവിത്രി പൊട്ടിക്കരഞ്ഞുപോയി.

"അയ്യോ എൻെറ പൊന്നു ചേച്ചീ, ഞാൻ ചേച്ചിയേ പിരിഞ്ഞു ഒരിക്കലും ഇരുന്നിട്ടില്ല. ഇനി........."

"ഒരിക്കലും പിരിയാതെ ഇരിക്കുന്നവരെപ്പോലും മനുഷ്യർ മറക്കുന്നില്ലേ? സംസാരത്തിലെ നിയമം ഇതുതന്നെയാണ്."

"എന്നാൽ ഞാനെങ്ങനെയാണ് ചേച്ചിയെ അത്ര വേഗത്തിൽ മറക്കുന്നത്. ഇന്നു ചേച്ചിയുടെ സഖിയായ കമല വന്നിരുന്നു.

അവർ നന്നേ ചെറുപ്പത്തിൽ വേർപിരിഞ്ഞവരാണ്. എന്നിട്ടും ചേച്ചിയുടെ പേർ വിളിച്ച് അവർ വളരെനേരം കരഞ്ഞു. ഒരിക്കൽ കണ്ടിട്ടുള്ളവർ ചേച്ചിയെ ഒരിക്കലും മറക്കുകയില്ല. കമലച്ചേച്ചി കരഞ്ഞുകരഞ്ഞു തീരെ പരവശയായി. ഇനി അവരും അധികകാലം ജീവിച്ചിരിക്കയില്ല. യാതൊരു രക്തബന്ധവും ഇല്ലാതിരുന്നിട്ടും അവക്കു ചേച്ചിയെ മറക്കാൻ സാധിക്കാത്ത സ്ഥിതിക്കു ഞാൻ എങ്ങനെ മറക്കും?"

"ആരാണ് വന്നിരുന്നതു്? നരേന്ദ്രനാഥന്റെ ഭാര്യയോ? അവരിപ്പോൾ വലിയ കഷ്ടസ്ഥിതിയിലാണെന്നു കേട്ടു."

"അതെ! കമലച്ചേച്ചിയുടെ മനസ്സിനു തീരെ സുഖമില്ല. അവരുടെ സ്വാമി ഒരു നല്ല മനുഷ്യനല്ലെന്നു തോന്നുന്നു. അദ്ദേഹം അവരെ വളരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ചേച്ചിയുടെ പേരു കേൾക്കുമ്പോൾതന്നെ കമലച്ചേച്ചിയുടെ കണ്ണു നിറയുന്നു. അവക്കു ചേച്ചിയോട് അത്രയ്ക്കു സ്നേഹമായിരുന്നു."

ഇതു കേട്ടപ്പോൾ വിശ്വേശ്വരന് ഒരു പഴയ കഥ ഓർമ്മയിലുദിച്ചു. ഈ കമലയുടെ ദൗത്യം വഹിച്ചുകൊണ്ടാണല്ലോ സതി അന്നൊരിക്കൽ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നിരുന്നതു്. ഈ സ്മരണയാൽ അദ്ദേഹത്തിന്റെ ഹൃദയത്തിന് ഒരു പരുക്കുകൂടി പററി. അവർ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കേ ജാഹ്നവി വാതുക്കൽ വന്ന്, "സാവിത്രി നീ ആരോടാണ് സംസാരിച്ചുകൊണ്ടിരിക്കുന്നതു്?" എന്നു ചോദിച്ചു.

"വിശ്വവണ്ണനോട്"

"അകത്തേയ്ക്കു വരരുതോ മകനേ!" വിശ്വേശ്വരൻ അടുത്തുചെന്ന് അവരെ സാഷ്ടാംഗം പ്രണമിച്ചു. അവരുടെ മുമ്പിൽ എഴുന്നേററു നിന്നപ്പോൾ ശ്വാസം പെട്ടെന്നു നിന്നുപോയതുപോലെ അദ്ദേഹത്തിനു തോന്നി. അതിനാൽ അധികനേരം അവിടെ നില്ക്കാതെ വിശ്വേശ്വരൻ യാത്രചോദിച്ചു പിരിഞ്ഞു.

അടുത്ത ദിവസം അതിരാവിലെ എഴുന്നേററ്, വിശ്വേശ്വരൻ ചാന്ദപുരത്തേയ്ക്കു നടന്നു. നരേന്ദ്രൻ പ്രാതഃകാലസവാരിക്കു പുറപ്പെടും മുമ്പേ അവിടെ ചെന്നുചേരണമെന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം.

കുറേ ദൂരംനടന്നപ്പോൾ, അദ്ദേഹത്തിനു ജമിന്ദാരുടെ ഹൃദയഹീനമായ ശിലാവേശ്മം നയനഗോചരീഭവിച്ചു. നേത്രങ്ങളെ ഉന്നമിപ്പിക്കാതെ, അദ്ദേഹം ആ ഗൃഹത്തിന്റെ ദ്വാരപ്രവേശത്തു ചെന്നു ക്ഷണനേരംനിന്നു. നരേന്ദ്രൻ മുൻസിയത്തിനു വെളിക്കു ഒരു ബെ

ഞ്ചിൽ ഇരുന്നു് പ്രാതഃകാലവായുവിനെ സേവിച്ചുകൊണ്ടിരിക്കയായിരുന്നു. അയാളുടെ മുഖം ഉന്മേഷരഹിതമായി കാണപ്പെട്ടു. എന്തോ രോഗം അയാളെ ബാധിച്ചുകാണണമെന്നു വിശ്വേശ്വരൻ വിചാരിച്ചു. അദ്ദേഹം നേരെ അയാളുടെ മുമ്പിലേയ്ക്കു തന്നെ നടന്നുചെന്നു.

നരേന്ദ്രൻ "നിങ്ങളാരു? എന്തിനു വന്നു?" എന്നു വിസ്മയപൂർവ്വം ചോദിച്ചു.

"എന്നെ ആളുകൾ 'വിശ്വേശ്വരമൈത്രേയൻ' എന്നുവിളിച്ചുവരുന്നു. എന്റെ ഗൃഹം ഇവിടെ അടുത്തു തന്നെ. മജ്ജത് പുരത്തിലാണ്."

"ഞാൻ നിങ്ങളെ എവിടെവെച്ചോ കണ്ടിട്ടുണ്ടല്ലോ. ആകട്ടെ. ഇരിക്ക."

"കണ്ടുകാണണം. അതിൽ ആശ്ചര്യപ്പെടാനെന്തിരിക്കുന്നു? അങ്ങ് അവിടങ്ങളിൽ കാററു കൊള്ളാനായും മററും കൂടക്കൂടെ വരാറുണ്ടല്ലോ. ഞാൻ ഒരു പഴയ മട്ടുകാരനായതിനാൽ വല്ല മുക്കിലും വെച്ചു് എന്നെ കണ്ടിരിക്കാൻ ധാരാളം വഴിയുണ്ടു്."

നരേന്ദ്രൻ അല്പം ചഞ്ചലഹൃദയനായിട്ടു ചോദിച്ചു:—

"അങ്ങു് എന്തിനാണു് ഇങ്ങോട്ടേയ്ക്കു തിരിച്ചതു്?"

"ഒന്നുമില്ല! കാര്യമില്ലാതെയല്ലാ. എന്നാൽ സ്വകാര്യമായി സംസാരിച്ചാൽ കൊള്ളാമെന്നുണ്ടു്."

"ഇവിടെ ആരും ഇല്ലല്ലോ? പറയാനുള്ളതു പറഞ്ഞോളൂ"

വിശ്വേശ്വരൻ തന്റെ കീശയിൽനിന്നു് നോട്ടുകെട്ടു് എടുത്തു് നരേന്ദ്രന്റെ കൈയിൽ കൊടുത്തിട്ടു്, ഒരു ഭൂമികയും കൂടാതെ പറഞ്ഞു:—

"ഇതു നിങ്ങളുടെ നോട്ടുകളാണു്. എണ്ണി നോക്കണം"

നരേന്ദ്രൻ സ്തബ്ധനായി; വിശ്വേശ്വരനെ തുറിച്ചു ഒന്നു നോക്കി. വിശ്വേശ്വരനാകട്ടെ, മുഖം തിരിച്ചു വേറൊരിടത്തുനോക്കിക്കളഞ്ഞു.

കുറച്ചു കഴിഞ്ഞു് നരേന്ദ്രൻ പറഞ്ഞു:—

"നിങ്ങൾക്കു സമ്മതമുള്ള പക്ഷം ഞാനൊന്നു ചോദിച്ചു കൊള്ളുന്നു"

"ഓഹോ എന്തു വേണമെങ്കിലും ചോദിക്കാമല്ലോ."

"നിങ്ങൾക്കു് ഈ നോട്ടുകൾ എവിടുന്നു കിട്ടി?"

"നിങ്ങൾ ആർക്കു ഈ നോട്ടുകൾ കൊടുത്തോ ആ ആളിൽ നിന്നു തന്നെ. അവൾ എന്റെ സ്വന്തമായിരുന്നു."

"അവൾ തന്നെയാണോ നിങ്ങളുടെ കൈയിൽ തന്നതു്? അവൾ മരിച്ചുപോയെന്നു കേട്ടല്ലോ."

"മരിച്ചെന്നു കേട്ടതു വാസ്തവംതന്നെ. അവൾ ആത്മഹത്യചെയ്തു."

"അതെ! അതെ! അങ്ങനെ ഒരു ശ്രുതി ഞാനും കേട്ടു. കൊള്ളാം. അവൾ ആത്മഹത്യ ചെയ്യാനുണ്ടായ കാരണം നിങ്ങൾക്കു് അറിയാമോ?"

"തീർച്ചയായും അറിയാം. നിങ്ങളുടെ കൈയിൽ ഇരിക്കുന്ന ശപ്തമായ നോട്ടുകൾ തന്നെയാണു് അവളുടെ മരണഹേതു. സാധുക്കളായ ചിലരെ രക്ഷിക്കുന്നതിനു് അവൾക്കു ഈ നോട്ടുകളുടെ ആവശ്യമുണ്ടായിരുന്നു. പ്രാണനെ പകരം തന്നിട്ടു്, അവൾ അങ്ങയുടെ കൈയിൽ നിന്നു അവയെ വാങ്ങിച്ചു."

"അങ്ങേക്കു് ഇതിനെപ്പററി സകല വിവരങ്ങളും അറിയാമെന്നുതോന്നുന്നു. പിന്നെ മറച്ചിട്ടു് ഒരുകാര്യവുമില്ല. എന്നാൽ നിങ്ങൾ എന്നിൽ വെറുതെ ഒരു കളങ്കം ആരോപിക്കയാണു്. അവൾ നോട്ടുവാങ്ങാതിരുന്നു, എന്നിരിക്കട്ടെ. ഞാൻ അവളെക്കൊണ്ടു് ബലം പ്രയോഗിച്ചു വാങ്ങിപ്പിക്കുമായിരുന്നോ? വാസ്തവത്തിൽ അവൾ സ്വേച്ഛാനുസാരം എൻെറ കൈയിൽ നിന്നു പണം സ്വീകരിക്കയാണു് ചെയ്തതു്."

"മിണ്ടാതിരിക്കണം—ഹേ! നിങ്ങൾ പാപിയാണു്, മഹാപാപി. ഇങ്ങനെ സംസാരിക്കുമ്പോൾ നാവുവിറയ്ക്കാത്തതാണു് അത്ഭുതം! അവളെ കുടുക്കിൽ അകപ്പെടുത്താനായി അവിടെ കൂടെക്കൂടെ പോയിരുന്നതു് ആരാണു്? പറയൂ, ഞാനൊന്നുകേൾക്കട്ടെ! നിങ്ങൾ ഒരു ഉൽകൃഷ്ടകുലത്തിൽ ജനിച്ചവനല്ലേ? ദുരാചാരിണികളായ നിന്ദ്യസ്ത്രീകളോടുകൂടി ഇങ്ങിനെ കാലയാപനം ചെയ്യുന്നതു് ഉചിതമാണോ? അമ്മ, സഹോദരി, ഭാര്യ മുതലായവരെപോലും നിങ്ങൾ മറന്നുകളഞ്ഞില്ലേ? ഒരു ഉത്തമകുലത്തിൽ ജനിച്ച യുവതി നിങ്ങളുടെ പണം മോഹിച്ചു് നിങ്ങൾ വിചാരിച്ച മാതിരി ഒരുപൈശാചികകൃത്യം ചെയ്യാൻ ഒരുങ്ങുകയില്ലെന്നു് നിങ്ങൾഓർത്തില്ലല്ലോ! സതി നിങ്ങളുടെ കൈയിൽ നിന്നു പണം വാങ്ങിച്ചതു് അവളുടെ മാതാവിനേയും സഹോദരങ്ങളേയും ആസന്നമായിരുന്ന മഹാവിപത്തിൽ നിന്നും രക്ഷിക്കാൻ വേണ്ടിമാത്രമായിരുന്നു. അവൾ കുലടയല്ലാതിരുന്നതിനാൽ നിങ്ങൾക്കു വശപ്പെടാതെ നേരെ സ്വർഗ്ഗത്തിലേക്കുയാത്രതിരിച്ചു. നിങ്ങളുടെ നോട്ടുകളെ ഒന്നുനോക്കണം. ദുഃഖിതന്മാരുടെ ദുഃഖത്തെ പരിഹരിക്കുന്നതിനും ആതുരന്മാരുടെ പ്രാ

ണോ രക്ഷിക്കുന്നതിനും ഉപകരിക്കുന്ന പണം, നിങ്ങളുടെ കൈയിൽ പെട്ടപ്പോൾ സാധ്വിയും അത്യന്തദുഃഖിതയും ആയ ബാലികയുടെ പ്രാണനേ അകാലത്തിൽ അപഹരിച്ചു. നിങ്ങൾക്കും നിങ്ങളുടെ കാമചാരിതയ്ക്കും ധിക്കാരം! ഒരു സംഗതി നിങ്ങൾ നല്ലപോലെ ഓൎത്തുകൊള്ളണം. നിങ്ങൾ കുത്സിതമനോവൃത്തികൾക്കു വശപ്പെട്ടു സ്ത്രീഹത്യാപാപം ഏററിരിക്കുന്നതിനാൽ, ഈ ജീവിതത്തിൽ ശാന്തി എന്നൊന്നു് നിങ്ങൾക്കു് ഉണ്ടാവുകയില്ല. സതിയുടെ നഷ്ടപ്പെട്ടുപോയ ആത്മാവു് നിങ്ങൾ പോകുന്നിടത്തെല്ലാം പുറകേ ഉണ്ടായിരിക്കും. നിങ്ങളെ നരകദ്വാരത്തിൽ എത്തിക്കുന്നതുവരെ അതു പിന്മാറുകയില്ല. നിങ്ങൾ ചെയ്തിരിക്കുന്നതു മനുഷ്യഹത്യയാണു്. നിങ്ങളാൽ ഹതയായ ബാലികയുടെ പ്രേതം നിങ്ങളേ പിന്തുടൎന്നുകൊണ്ടേയിരിക്കും."

നരേന്ദ്രൻ ഭയവിഹ്വലനായി കുറേ നേരം മിണ്ടാതെ ഇരുന്നു. അയാളുടെ ശരീരം മുഴുവനും വിയൎത്തു. ഭീരുവായ ആ പാപിഷ്ഠൻ നാലുപാടും ഭയത്തോടുകൂടി നോക്കീട്ടു, കമ്പിതസ്വരത്തിൽ പറഞ്ഞു:—

"ഞാൻ നിങ്ങൾക്കു് എന്തു ദോഷംചെയ്തു? ഞാൻ ഇവിടെ എന്തുചെയ്യണമെന്നാണു നിങ്ങൾ പറയുന്നതു്? ഇങ്ങനെ ഒരു ഭയാനകസംഭവം ഉണ്ടാകുമെന്നു് ഞാൻ വിചാരിച്ചിരുന്നില്ല. ആ വിചാരം ഉണ്ടായിരുന്നെങ്കിൽ ഞാൻ അങ്ങനെ ചെയ്യുമായിരുന്നോ?"

"ഒരു ഉൽകൃഷ്ടകുലത്തിൽ ജനിച്ചിട്ടു്, മറെറാരുൽകൃഷ്ടകുലത്തിലെ ബാലികാബാലകന്മാരുടെ സ്വഭാവം ഗ്രഹിക്കാൻ നിങ്ങൾക്കു സാധിച്ചില്ലെങ്കിൽ നിങ്ങൾ ഒരു മനുഷ്യനല്ല. ഒരു മൃഗമാണു്. മാതാവിന്റെയും സഹോദരീസഹോദരന്മാരുടെയും പ്രാണരക്ഷാൎത്ഥം സ്വാത്മാവിനെ ബലികഴിപ്പാൻ തയ്യാറാവുന്ന ഒരു ബാലികയുടെ ഹൃദയം എത്ര വിശാലമായിരിക്കണമെന്നു് ഒന്നു ആലോചിച്ചു നോക്കൂ! ഈ ജന്മം നിങ്ങൾക്കു് ആത്മരക്ഷ കിട്ടുമോ? പാപവാസനകൾക്കു് അടിമപ്പെട്ടു് ഒരു സാധ്വിയുടെ പ്രാണനെയല്ലേ നിങ്ങൾ അപഹരിച്ചതു്? നിങ്ങൾ എന്തൊരു മഹാപാപി ആയിരിക്കണം."

നരേന്ദ്രൻ മൌനമവലംബിച്ചു. ഏതാനും ദിവസമായി അയാൾ സതിയെ അകപ്പെടുത്താൻവേണ്ടി വല വീശിക്കൊണ്ടു നടക്കയായിരുന്നു. എന്നാൽ അവളുടെ മരണവാൎത്ത അയാളുടെ ഹൃദയത്തെ

അല്പം അനുതപ്തമാക്കിയിരുന്നു. ഇപ്പോഴാകട്ടേ, ആ അനുതാപം പൂർണ്ണദശയേ പ്രാപിച്ചു. വിശേശ്വരൻ പറഞ്ഞു:—

"ഹരി നിങ്ങളുടെ സഹായത്താൽ ബാബു വേഷംകെട്ടി അലഞ്ഞു തിരികയാണെന്നു കേട്ടു. അയാളെ ഒന്നുവിളിക്കാൻ ദയവുണ്ടാകുമോ?"

നരേന്ദ്രൻ വെറും ഒരു പാവയെപ്പോലെ അദ്ദേഹത്തിൻെറ ആജ്ഞയേ പാലിച്ചു. ഹരിയും സതിയുടെ മരണത്തേപ്പററി അറിഞ്ഞിരുന്നു. അയാൾ ഭയപ്പെട്ട് വിഷണ്ണഭാവത്തിൽ വിശേശ്വരൻെറ മുമ്പിൽ വന്നു നിന്നു.

വിശേശ്വരൻ അയാളെ ചൂണ്ടിക്കാണിച്ചുകൊണ്ട് നരേന്ദ്രനോടായിട്ട് ഇങ്ങനെ പറഞ്ഞു:—

"ഇവനല്ലേ നിങ്ങളുടെ നാടകമണ്ഡലിയിലെ സ്ത്രീവേഷക്കാരൻ? ഇവനെ ഇപ്പോൾതന്നെ നിങ്ങൾ വിട്ടുകളയണം. അമ്മയും സഹോദരിയും ഇവനുവേണ്ടി സദാപി ദുഃഖിച്ചുകൊണ്ടിരിക്കുന്നു. ഇവനേ വിടാത്തപക്ഷം അവരുടെ അശ്രുക്കൾ നിങ്ങളെ ദഹിപ്പിക്കും. ഒട്ടും താമസിക്കരുത്. ഇപ്പോൾതന്നെ ഇവനെ വീട്ടിനുവെളിയിലാക്കണം."

"നിങ്ങൾ ഇപ്പോഴേ കൂട്ടിക്കൊണ്ടു പൊയ്ക്കൊള്ളണം. ഞാൻ ഇന്നുമുതല്ക്കു നാടകമണ്ഡലിയേ ഉപേക്ഷിച്ചിരിക്കുന്നു. ഈ നാടകസംഘമാണ് എനിക്ക് സർവ്വനാശങ്ങളും വരുത്തിവെച്ചതു്. അതില്ലായിരുന്നെങ്കിൽ, ഞാൻ ഇന്ന് ഇത്ര നീചനായിത്തീരുമായിരുന്നില്ല. മഹാശയനായ അങ്ങ് ഇന്ന് എൻെറ കണ്ണുകൾ നല്ലപോലെ തുറന്നുതന്നു"

"നിങ്ങളെ കുപഥത്തിലേക്ക് നയിച്ചതു് ഈ നാടകസംഘമാണെന്ന് എനിക്ക് നല്ലപോലെ അറിയാം. നിങ്ങളുടെ ഭാര്യയായ കമലയേയും സതിയേയും ഞാൻ സഹോദരിമാരായിട്ടാണ് ഗണിച്ചുവന്നിരുന്നതു്. നിങ്ങളുടെ കുപഥസഞ്ചാരംനിമിത്തം പരമസാധ്വിയും പതിപ്രാണയും ആയ കമല മരണാപന്നയായിരിക്കുന്നുവെന്നു ഞാൻ അറിയുന്നു. അവളും അചിരേണ ആത്മഹത്യ ചെയ്ത് നിങ്ങളുടെ പാപനൌകത്തിൻെറ ഭാരം ദ്വിഗുണീഭവിപ്പിക്കും. അതിനു മുങ്ങാൻ ഇനി അധികകാലം വേണ്ടിവരുമെന്നു തോന്നുന്നില്ല."

നരേന്ദ്രൻ തല കുനിച്ച് ഇരുന്നു. അപ്പോൾ വിശേശ്വരൻ ഹരിയുടെ നേരെ തിരിഞ്ഞിട്ടു പറഞ്ഞു:—

"നീ എൻെറകൂടെ ഇപ്പോൾതന്നെ വീട്ടിലേക്കു തിരിക്കണം."

ഹരി ദയനീയമായ വിധത്തിൽ നരേന്ദ്രനെ നോക്കിക്കൊണ്ടു പറഞ്ഞു:—

"നരേന്ദ്ര ബാബു! എന്നെ അവിടുന്ന്..."

ഇടയ്ക്കുതടഞ്ഞിട്ട് നരേന്ദ്രൻ പറഞ്ഞുതുടങ്ങി:—

"അതേ! ഇപ്പോൾതന്നെ ഇവിടെനിന്ന് ഇറങ്ങണം. നിങ്ങളെല്ലാരും കൂടി എൻെറ തലയിൽ എനിക്കു എടുക്കാൻ പാടില്ലാത്ത പാപഭാരം ഏററിവെച്ചു. നിങ്ങൾ ഇതേവരെ ചെയ്തതൊക്കെ മതി. ഇനി നാടകസംഘമേ ഞാൻ നടത്തുന്നില്ല. ഇവിടെ നിന്നു പൊയ്ക്കൊള്ളുക."

ഹരിയുടെ മുഖം അഭിമാനത്താൽ അരുണവർണ്ണമായി. അയാൾ ആ നിമിഷത്തിൽതന്നെ വെളിയിലിറങ്ങി. വിശേശ്വരനും യാത്ര പറഞ്ഞ് എഴുന്നേററ സമയത്ത് അദ്ദേഹം ഒന്നുകൂടി ഗുണദോഷിച്ചു.

"നരേന്ദ്രബാബു! ഇനി ഞാനും പോകുന്നു. എന്തിനു അധികം പറയുന്നു! നിങ്ങൾ നശിപ്പിച്ചതായ സതി കമലയുടെ അഭിന്നഹൃദയയായ സഖിയായിരുന്നു. അതിനാൽ നിങ്ങൾക്കു സതി മാപ്പുതരണമെന്നുണ്ടെങ്കിൽ, അവളുടെ പ്രിയസഖിയായ കമലയേ സന്തോഷിപ്പിക്കുക"

വിശേശ്വരൻ വെളിയിലിറങ്ങി.

"ഇനി എങ്ങോട്ടു പോവാനാണു ഭാവം?" എന്ന് അദ്ദേഹം ഹരിയോടു ചോദിച്ചു.

"എങ്ങോട്ടു പോകാനാ? ഇനി വലിയവരെ ആശ്രയിക്കാൻ ഞാൻ നിശ്ചയിച്ചിട്ടില്ല. ഈ നാടകസംഘത്തെ നല്ലനിലയിൽ കൊണ്ടുവരാൻ ഞാൻ ഒട്ടുവളരെ ശ്രമിച്ചിട്ടുണ്ട്. അതിനു കിട്ടിയ പ്രതിഫലം ഇങ്ങനെയാണ്. എന്നെ നിർദ്ദയം ആട്ടി വെളിയിലാക്കി. ഇപ്പോൾ ഞാൻ വീട്ടിലേക്കു തന്നെ വരുന്നു. അമ്മയേക്കണ്ടതിനു ശേഷം, എങ്ങോട്ടു പോകണമെന്നു തോന്നുന്നോ അങ്ങോട്ടേയ്ക്കുപോകും."

"പാടില്ല. ഇനി ഇങ്ങനെ അലഞ്ഞുനടക്കുന്നതു കൊള്ളുകയില്ല. അമ്മയേ ശുശ്രൂഷിച്ചുകൊണ്ട് അവരുടെ അടുക്കൽ താമസിക്കണം. ഒരു പുരുഷനേപ്പോലെ ഈ ഗ്രാമത്തിൽ തന്നെ ജീവിക്കാൻ നോക്കണം. ധനികന്മാരുടെ ആശ്രയം നിനക്കു കൊള്ളുകയില്ല. ഉത്തമപുരുഷന്മാരെപ്പോലെ പ്രയത്നിച്ചു കാലക്ഷേപം ചെയ്യാൻ ഒരുക്കമുണ്ടെങ്കിൽ സഹായിക്കാൻ പലരും കാണും."

———

# പതിനഞ്ചാം അദ്ധ്യായം.

പത്തുക്കൊപ്പത്തുക്കെ രാമശങ്കരൻെറ പുരാതന ഗൃഹത്തിൻെറ മരാമത്തു പൂൎത്തിയായി. ഈ ഗൃഹത്തിൻെറ ജനനാൽപരം ഒരിക്കൽ മാത്രമേ, അതിൻെറ ശരീരത്തിൽ സുധാസ്പർശം ഉണ്ടായിട്ടുള്ളു. അതു രാമശങ്കരൻെറ പിതാവിൻെറ കാലത്തുമായിരുന്നു. അതിനുശേഷം അതിൻെറ ദീൎഘായുസ്സിനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ല. തന്മൂലം ബുഭുക്ഷിതമായ്ഭവിച്ച ഈ കെട്ടിടം, ഇപ്പോൾ ഒട്ടുവളരെ സ്വാദുഭക്ഷ്യങ്ങൾ ഒരുമിച്ചു വിഴുങ്ങി മരാമത്തു തുടങ്ങുന്നതിനു ആദ്യം ജാഹ്നവി സമ്മതിച്ചില്ല. അതുകൊണ്ടു വിശേശ്വരൻ നിരാശപ്പെട്ടു് മിണ്ടാതെ ഇരുന്നുപോയി. എന്നാൽ അന്നപൂൎണ്ണ വിട്ടില്ല.

"കെട്ടിടം പുതുക്കുന്നതിനു മനസ്സില്ലെങ്കിൽ ഇവിടം വിട്ടു മാറിത്താമസിച്ചേ മതിയാവൂ. ഇതു് എന്നാണു നിലംപതിക്കുന്നതെന്നു് നിശ്ചയമില്ല. വരുവിൻ! നിങ്ങൾ എല്ലാവരും വിശേശ്വരൻെറ ഗൃഹത്തിൽവന്നു പാൎക്കുവിൻ."

ഇതു കേട്ടപ്പോൾ ജാഹ്നവി വിഷമിച്ചു. ഒടുവിൽ അവർ മരാമത്തു തുടങ്ങിക്കൊള്ളുന്നതിനു് അനുവാദം നൽകി.

ഭട്ടാചാൎയ്യരുടെ ഗൃഹത്തിൽ വീണ്ടും ഭാഗ്യദേവത നൃത്തംചെയ്തുതുടങ്ങിയതുകണ്ടു്, അയൽവാസികളുടെ ഹൃദയത്തിൽ ഈൎഷ്യാഗ്നി ജ്വലിച്ചു. അവർ എങ്ങനെ സഹിക്കും? ഗൃഹോദ്ധാരണം കഴിഞ്ഞിരിക്കുന്നു. വീട്ടുകാൎയ്യങ്ങൾ മുറയ്ക്കു നടന്നു തുടങ്ങി. അതുകൊണ്ടും പോരാഞ്ഞിട്ടു്, ഹരിശങ്കരൻ കുപഥസഞ്ചാരംകൈവിട്ടു് വിശേശ്വരൻെറ കാൎയ്യസ്ഥനായിത്തീൎന്നിരിക്കുന്നു. ഇതൊക്കെക്കണ്ടാൽ വ്യസനിക്കാതിരിക്കുന്നതിനു് അയൽവാസികളുടെ ഹൃദയം കല്ലും മരവും കൊണ്ടുണ്ടാക്കിയതാണോ? ജാഹ്നവിയുടെ ഹൃദയകണ്ടകമായി ശേഷിച്ചതു് ഹരിയുടെ കുപഥസഞ്ചാരമായിരുന്നു. അതു കൂടി നിന്നു പോയതാണു് വലിയ കഷ്ടമായതു്. ശരി! ഒരു വഴികൂടിയുണ്ടു്. സതിയെപ്പററി ദുഷ്പ്രവാദം പരത്തുകയോ സാവിത്രിയെക്കുറിച്ചു് വല്ല അപവാദവും കെട്ടിച്ചമയ്ക്കുയോ ചെയ്താൽ മതിയല്ലോ. ഒരുവൻ പറയുന്നു:—

"വിശേശ്വരൻ ഭട്ടാചാൎയ്യൻെറ മരുമകനാവാൻ കാപ്പുകെട്ടിയിരിക്കയാണു്. വെറുതെയല്ല ഇപ്പരിഷകളോടു് അയാൾ ഇത്ര സ്നേഹം കാണിക്കുന്നതു്."

വേറൊരുത്തൻ കണ്ണിറുക്കിക്കൊണ്ടു പറയുന്നു:—

"അയ്യ! ആ ഇരപ്പാളിയുടെ മരുമകനായേച്ചാലും മതി. ആരുമാരുമറിയാതെ മരുമകനാകുന്നതിൽ കുറേ വിഷമമുണ്ടു്."

പക്ഷെ വിശേശ്വരൻ സാവിത്രിക്കവേണ്ടി ഒരു വരനേ അന്വേഷിക്കുന്നു എന്നും, ആഷാഢമാസത്തിൽ വിവാഹം നടത്താൻ തീച്ചപ്പെടുത്തിക്കഴിഞ്ഞുവെന്നും, കേട്ടപ്പോൾ അവരുടെ ആ വഴിക്കുണ്ടായിരുന്ന ആശകളും തകൎന്നുപോയി.

വിശേശ്വരൻെറ മനസ്സ് ഉന്മേഷരഹിതമായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിനെ ഉത്തേജിപ്പിക്കാനെന്നപോലെ അന്നപൂൎണ്ണ പറഞ്ഞു:—

"മകനേ! ഇനി ഒട്ടും തന്നെ അമാന്തിക്കാൻ പാടില്ല. നോക്കി നോക്കിക്കൊണ്ടിരുന്നു് കുട്ടിയ്ക്കു വയസ്സു പന്ത്രണ്ടായി. ജാഹ്നവിയുടെ ഹൃദയത്തിൽ കലശലായ വേദനയുണ്ടു്. അതുകൊണ്ടു് വരനേ അന്വേഷിക്കുന്ന വിഷയത്തിൽ കുറേക്കൂടി ഉത്സാഹിക്കണം."

"ചെറിയമ്മേ! ഞാൻ ഇക്കാൎയ്യത്തിൽ അമാന്തിക്കുന്നുണ്ടെന്നാണോ വിചാരം? വരൻ യോഗ്യനായിരിക്കണ്ടേ? ഒട്ടുവളരെ ശ്രമം ചെയ്തതിൻെറ ശേഷം ഇന്നു അനുകൂലമായ ഒരു കത്തുകിട്ടി. ആൾ നല്ല പഠിപ്പുള്ളവനാണു്; കുലം നന്നു്; പ്രായവും കൊള്ളാം. ആയാളുടെ അച്ഛൻ ജീവിച്ചിരിപ്പുണ്ടുതാനും. എന്താ! തരക്കേടുണ്ടോ?"

"കേട്ടിടത്തോളം തരക്കേടില്ലെന്നു തോന്നുന്നു. പക്ഷെ നല്ലപോലെ പരീക്ഷിച്ചു നോക്കീട്ടേ എന്തെങ്കിലും തീച്ചപ്പെടുത്താവൂ. ഒടുക്കം പശ്ചാത്തപിക്കാൻ ഇടവരരുതു്."

"അതില്ല. അതിനേപ്പററി ചെറിയമ്മ സംശയിക്കേണ്ട."

"അതുമതി. എന്തു സ്ത്രീധനം കൊടുക്കണം?"

വിശേശ്വരൻ ചിരിച്ചുകൊണ്ടു പറഞ്ഞു:—

"ഈ മാതിരി ഒരു വരനെ വെറുതെ കിട്ടണമെന്നാണോ മനസ്സിലിരിപ്പു്? ഉറുപ്പിക എണ്ണി എണ്ണി കൊടുത്തേ മതിയാവൂ. അതിനെപ്പററി ചെറിയമ്മ ഇപ്പോൾ ഒന്നും ആലോചിച്ചിട്ടു കാൎയ്യമില്ല. വിവാഹത്തിൻെറ അന്നു കേൾക്കാം. ചെറിയമ്മയുടെ പണപ്പെട്ടി എന്നെ ഏല്പിച്ചേക്കണം. അതുമതി."

ചെറിയമ്മ കോപത്തോടുകൂടി പറഞ്ഞു:—

"പോ ഇവിടുന്നു്! എല്ലാക്കാൎയ്യത്തിലും കുട്ടിക്കളിതന്നെ. എന്തായാലും വരുന്ന ആഷാഢത്തിനുമുമ്പു കാൎയ്യം നടക്കണം."

രാമധനൻെറ അമ്മ അന്നപൂർണ്ണയുടെ അടുത്തു ഇരിക്കയായിരുന്നു. അവർ ജോലി ഉപേക്ഷിച്ചിട്ട് ഇങ്ങനെ പറഞ്ഞു:—

"എന്താണമ്മേ! വിശ്വേശ്വരബാബു കല്യാണം കഴിക്കുന്നില്ലേ? ഇങ്ങനെ ഇരിക്കാനാണോ പോവുന്നതു്"

ചെറിയമ്മ അത്യം വിശേശ്വരൻെറ മുഖത്തേക്കു ഒന്നുനോക്കിട്ട് അധോമുഖിയായി നിന്നുകൊണ്ട് മറുപടി പറഞ്ഞു:-

"എനിക്കറിയാമോ? വിശേശ്വരനറിയാം. അല്ലെങ്കിൽ പരമേശ്വരന് അറിയാം."

രാമധനൻെറ അമ്മ പറഞ്ഞു:—

"കഷ്ടം കഷ്ടം! ഇത്ര പ്രായമായിട്ടും വിവാഹം കഴിക്കുന്നില്ലേ? വലിയവരുടെ കാര്യമല്ലേ? ആർക്കറിയാം."

ഈ അവസരത്തിൽ വിശേശ്വരൻ രാമധനൻെറ അമ്മയുടെ മുഖത്തു് ഒരു സ്മിത രുചി അങ്കുരിപ്പിക്കാതിരുന്നില്ല.

എന്നാൽ, ചെറിയമ്മയുടെ കാതരമായ ദൃഷ്ടികണ്ടപ്പോൾ അദ്ദേഹം നിശ്ചലനായിപ്പോയി. മുമ്പൊക്കെ അവരുടെ കരുണാമയമായ വാക്കുകൾക്കൊരുദൃഷ്ടിപാതത്തിനൊ അദ്ദേഹത്തിൻെറ മനസ്സിനെ ഇളക്കുന്നതിന് സാധിക്കുമായിരുന്നില്ല. ഇപ്പോഴാകട്ടേ, അവരുടെ ആ ഭാവം കണ്ടപ്പോൾ വിശേശ്വരൻെറ ഹൃദയം അതിശയകോമളമായ് ഭവിച്ചു; അവരുടെ മനോവേദന കാൺകയാൽ അദ്ദേഹത്തിൻെറ പ്രാണങ്ങൾ അത്യന്തം തപിച്ചു.

അദ്ദേഹം ഇങ്ങനെ ആലോചിച്ചു. "മാതാവിനൊപ്പം എന്നെ സ്നേഹിക്കുന്ന ചെറിയമ്മയുടെ ഹൃദയത്തിൽ ഞാൻ ഈ ഒററസംഗതിയിൽ ഗംഭീരമായ മുറിവേൽപ്പിച്ചിരിക്കുന്നു. അതു കാണുമ്പോൾ എനിക്കു ദുസ്സഹമായ മനോവേദനയുണ്ടാകുന്നുണ്ട്. എൻെറ അറിവില്ലായ്മയിൽ നിന്ന് അന്നുണ്ടായ ഫലം എത്ര ഭയാനകമായിരുന്നു! സംസാരം ഏതുനിയമമനുസരിച്ച് ഇതുവരെ ചലിച്ചുവോ, അതുപോലെ ഇനിയും ചലിച്ചു കൊള്ളും. എന്നാൽ ഞാൻ കേവലം ബാലനെപ്പോലെ അങ്ങുമിങ്ങും, ഒരു ലാക്കുംകൂടാതെ നടന്നുകൊണ്ടിരുന്നാൽ അതിൻെറ ചക്രങ്ങൾക്കിടയിൽപ്പെട്ടു പൊടിഞ്ഞുപോകയില്ലേ?"

പെട്ടെന്ന് ഒരു സംഗതി അദ്ദേഹത്തിൻെറ സ്മൃതിപഥത്തിൽ വന്നുദിച്ചു. പക്ഷെ, ഇനി ഓർത്തിട്ടു എന്തു പ്രയോജനം? സ്വന്തകൈകൊണ്ടു വലിച്ചെറിഞ്ഞ അക്ഷം ഇനി തിരിച്ചുവരാൻ പോകുന്നൊ? അതുപോയ വഴിക്ക്, ഇനി നടക്കുകയും കരങ്ങുകയും, നില്ക്കുകയും ഇരിക്കുകയും ഒക്കെ ചെയ്യാമെന്നല്ലാതെ വേറെ നിവൃത്തി എന്തു? ഇനി ധൃതികൂട്ടിയതു കൊണ്ട് ഒരു ഫലവും ഉണ്ടാവാനില്ല. സതിയു

ടെ ശാപം ഓർമ്മയിൽ വന്നു. അവളുടെ കത്തിലെ ഓരോ അക്ഷരവും അദ്ദേഹത്തിൻെറ ഹൃദയത്തിൽ സഫുടമായി പതിഞ്ഞിരുന്നു.

"ഞാൻ ഒരു സ്ത്രീയെ പത്നിയായിവരിക്കയും, ഗാഢമായി സ്നേഹിക്കയും, തദ്വാരാ സുഖിയായിത്തീൎന്നു് പ്രപഞ്ചത്തിൽ, പ്രേമത്തിൻെറ ആദാനപ്രദാനങ്ങളിലാണു് യഥാൎത്ഥസുഖം നിൎഭരമായിരിക്കുന്നതെന്നു ഗ്രഹിക്കയും ചെയ്യുമെന്നാണല്ലൊ അവൾ ശപിച്ചതു്?—ഇല്ല.—ആ ശാപത്തെ ഞാൻ ഒരു കാലത്തും സഫലമാക്കുകയില്ല എന്തെല്ലാം അശാന്തികൾ ഉണ്ടായാലും—എന്തെല്ലാം കഷ്ടതകൾ അനുഭവിക്കേണ്ടിവന്നാലും—ഞാൻ ഈ പ്രതിജ്ഞയേ നിറവേററാതിരിക്കയില്ല. സതിപരലോകത്തിൽ ഇരുന്നുപോലും എൻെറ ഹൃദയദൌൎബ്ബല്യത്തെ ലക്ഷ്യമാക്കി ഉപഹസിക്കാൻ ഞാൻ ഇടവരുത്തുകയില്ല, അവളുടെ ശാപത്തെ വ്യൎത്ഥമാക്കുകതന്നേ ചെയ്യും."

ഏതാനും ദിവസങ്ങൾക്കുള്ളിൽ വരപക്ഷക്കാരോടുള്ള വിവാഹസംവാദം കഴിഞ്ഞു ഇനിതാമസിച്ചിട്ടു കാൎയ്യമില്ലെന്നു് അന്നപൂൎണ്ണ നിൎബ്ബന്ധിച്ചുതുടങ്ങി.

"ഈ ആഷാഢത്തിലേ ശുക്ലനവമിക്കു് ഒരു നല്ല മുഹൂൎത്തമുണ്ടു്. അന്നുതന്നേ വിവാഹം നടത്തണം."

"ചെറിയമ്മേ! ഇന്നു ദ്വിതീയയാണു്; ഇനി ഏഴുദിവസമേ ബാക്കിയുള്ളൂ. ഇതിനുള്ളിൽ എല്ലാം ശരിയാകുമോ?"

"ഓഹോ! ഞാൻ പറയുന്നതുപോലെ ചെയ്യുക. ഒരുക്കങ്ങൾ ഇന്നുമുതല്ക്കേ തുടങ്ങണം. ഒട്ടും അമാന്തം പാടില്ല. നടക്കുമോ എന്നു് അപ്പോൾ കാണാം."

വിശേശ്വരൻ വിവാഹത്തിനുള്ള ഒരുക്കങ്ങൾ ചെയ്യുന്നതിന്നു ബദ്ധപരികരനായി ഇറങ്ങി. ഭട്ടാചാൎയ്യജിയുടെ വീട്ടിൻെറ മുൻഭാഗത്തു നെടുംപന്തലൊന്നു വേഗത്തിൽ തീൎന്നു. അകത്തേ അങ്കണമെല്ലാം ശുചിയായി. മൂന്നു നാലു കുറിയ പന്തലുകൾ അവിടേയും തീൎന്നു. വിവാഹമണ്ഡപവും സജ്ജമായി. അന്നപൂൎണ്ണാദേവി സാക്ഷാൽ അന്നപൂൎണ്ണയേപ്പോലെ കലവറ നിറച്ചുതുടങ്ങി. സാവിത്രി സന്ധ്യയാവുമ്പോൾ, തുളസിത്തടത്തിൽ വിളക്കു കത്തിച്ചു വെച്ചതിനുശേഷം, സമയം തെററാതെ അമ്മയ്ക്കും കൊച്ചനിയനും ആഹാരം കൊടുത്തിട്ടു്, രാത്രി ഒട്ടധികം ഇരുട്ടുന്നതുവരെ അന്നപൂൎണ്ണയെ സഹായിച്ചുകൊണ്ടിരിക്കും. അവളുടെ ഈ സംകോചരാഹിത്യത്തെപ്പററി അയൽക്കാരായ ബാലികമാർ അവളെ പരിഹസിച്ചുവെങ്കിലും അവൾ അതിനെ വകവെച്ചതേ ഇല്ല. ഈയിടയ്ക്കു ജാഹ്നവിയുടെ ഗൃഹത്തിൽ പുരുഷാരത്തിനു കുറവില്ലായിരുന്നു. എല്ലാവരും ഓരോ കാൎയ്യത്തിൽ

ഏർപ്പെട്ടിരുന്നു. അയൽക്കാരും ചിലപ്പോഴൊക്കെ — ലോകമര്യാദയെ ഓർത്തോ എന്തോ—വന്നു് കാര്യങ്ങൾ അന്വേഷിക്കാറുണ്ടായിരുന്നു. ചിലർ വരുന്നു; ചിലർ പോകുന്നു; എല്ലാവരും ഉത്സാഹഭരിതരായി കാണപ്പെട്ടുന്നു. ചേട്ടത്തിഅമ്മയും തന്റെ മരുമകന്റെ ഗൃഹത്തിൽനിന്നു വന്നുചേർന്നിട്ടുണ്ടു്.

നിയമിതമായ തിഥിക്കുതന്നെ സാവിത്രിയുടെ ദേഹത്തിൽ മഞ്ഞൾ അണിയിച്ചു. ഇനി വിവാഹത്തിന് ദിവസം ഒന്നേ ബാക്കിയുള്ളു. അയൽക്കാരായ ബാലികമാർ വാത്സല്യപൂർവ്വം സാവിത്രിയേ കുമാരീഭോജനം * ഊട്ടാൻ വന്നു. അതിനുശേഷം അന്നപൂർണ്ണ അവളെ സ്വഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെച്ചെന്നു് രണ്ടുപേരുംകൂടി ഊണിനു വട്ടംകൂട്ടിത്തുടങ്ങി.

വിശ്വേശ്വരൻ ആശ്ചര്യപൂർവ്വകം ചോദിച്ചു: —

"ചെറിയമ്മേ! നിങ്ങൾ രണ്ടുപേരും കൂടി ഇവിടെ പൊടിപൊടിച്ചു് ഒരുക്കുന്നതു് എന്താണ്?"

അന്നപൂർണ്ണ ചിരിച്ചുകൊണ്ടു പറഞ്ഞു:—

"ഇന്നു് ഞാൻ സാവിത്രിയെ ഇവിടെവച്ചു് കുമാരീഭോജനം ഊട്ടാൻ പോകയാണ്. അവളെ ഒന്നു നോക്കണം. ബനാറീസ് സാരി ഉടുത്തു്, കാതിൽ വൈരക്കമ്മലും അണിഞ്ഞപ്പോൾ, അവൾ എങ്ങനെ ഇരിക്കുന്നു!"

ഈ അലങ്കാരങ്ങളൊന്നും അവൾക്ക് ആവശ്യമില്ലെന്നു് വിശ്വേശ്വരനു തോന്നി. അവയെ അപേക്ഷിച്ചു് അവളുടെ ചിന്നിച്ചിതറിക്കിടക്കുന്ന ആ കേശങ്ങളും മലിനവും ജീർണ്ണവുമായ വസ്ത്രങ്ങളുമാണ് അവൾക്കു് അധികം യോജിച്ചതു്. ഇപ്പോഴാകട്ടെ, അവൾ വിലസിതങ്ങൾക്കിടയിൽപ്പെട്ടു് തന്മയത്വം വന്ന ഒരു യോഗിനിയെപ്പോലെ ഇരുന്നു. എന്തോ ആലോചനയിൽ പെട്ടെന്നു പതിച്ചിട്ടെന്നപോലെ വിശ്വേശ്വരൻ അവിടെ നില്ക്കാതെ തന്റെ മുറിയിലേക്കു പൊയ്ക്കളഞ്ഞു.

ഊണു തയ്യാറായി; വിശ്വേശ്വരനെ ഉണ്ണാനായി വിളിച്ചു. അദ്ദേഹം ഉണ്ണാനായിരുന്നപ്പോൾ, ചെറിയമ്മ പറഞ്ഞു:—

"സാവിത്രി കുമാരീഭോജനം തന്നത്താനാണ് പാകംചെയ്തതു്. ഇങ്ങനെ ഒരു കൊച്ചുഭ്രാന്തിയെ ഞാനെങ്ങും കണ്ടിട്ടില്ല. മകനേ! പാകം എങ്ങനെ ഇരിക്കുന്നു?"

---

* വിവാഹത്തിന്റെ തലേദിവസം വധു കുമാരികളുമായിരുന്നു ഭോജനം കഴിക്കുക പതിവുണ്ടു്.

"വളരെ നന്നായിട്ടുണ്ട്" എന്നു മാത്രം പറഞ്ഞിട്ട്, അദ്ദേഹം വേഗത്തിൽ ഊണുകഴിച്ചുംകൊണ്ട് സ്വന്തമുറിയിലേക്കു പോയി.

ചെറിയമ്മ സാവിത്രിയേ വിരുന്നൂട്ടിയതിനുശേഷം പറഞ്ഞു:—

"മകളേ! ഇനി നീ പോയി അല്പം വിശ്രമിക്ക്. അപ്പോഴേക്കു ഞാനും ഊണുകഴിച്ചിട്ടു വരാം."

സാവിത്രി കൈയിൽ വിശറിഎടുത്ത് അന്നപൂൎണ്ണയെ വീശിക്കൊണ്ട് അവരുടെ താലത്തിനു സമീപത്തുതന്നെ ഇരുന്നു. ഇതുകണ്ടു ചെറിയമ്മ വ്യഗ്രതയോടുകൂടി പറഞ്ഞു:—

"മകളേ! ഇന്ന് ഇതൊക്കെ മതി. നീ പോയി കിടക്കാനല്ലേ പറഞ്ഞതു്? ഞാൻ നിന്നേ തനിച്ചു വീട്ടിലേക്കു വിടുകയില്ല."

നിവൃത്തിയില്ലാതെ സാവിത്രി എഴുന്നേററു പോയി. അവൾ അന്നപൂൎണ്ണയുടെ മുറിയിൽച്ചെന്നു സാരി അഴിച്ചുവെച്ചിട്ട് പഴയ വസ്ത്രം ധരിച്ചു. കൎണ്ണഭൂഷണം എടുത്തു പെട്ടിയ്ക്കകത്താക്കി. അനന്തരം മററു ജോലിയൊന്നും കാണായ്കയാൽ അവൾ ചെറിയമ്മയുടെ ശയ്യയ്ക്കു സമീപം ചെന്നുകിടന്ന മഹാഭാരതം എടുത്തു വായിക്കാൻ തുടങ്ങി. വായിക്കാനായി തലപൊക്കിയപ്പോൾ, അവിടെ വിശേശ്വരൻ നില്ക്കുന്നതായിക്കണ്ടു. വിശേശ്വരൻ അടുത്തുചെന്നു ശയ്യയുടെ ഒരു കോണിൽ ഇരുന്നിട്ട് മൃദുസ്വരത്തിൽ ചോദിച്ചു.

"എന്താണു നോക്കുന്നതു്? മഹാഭാരതമോ?" സാവിത്രി എഴുന്നേററു മാറിനിന്നിട്ടു "അതേ! എന്നു പറഞ്ഞു."

"സാവിത്രീ! എനിക്കു നിന്നോട്ട് ഒരു കാൎയ്യം ചോദിക്കാനുണ്ട്; നീ ഉത്തരം പറയുമോ?"

അവൾ തലകുലുക്കി.

"ഇങ്ങോട്ടുനോക്കൂ; ലജ്ജിക്കേണ്ട. എന്റെ അടുക്കൽ ലജ്ജിക്കേണ്ട കാൎയ്യമേ ഇല്ല. ഞാൻ നിനക്കു തിരഞ്ഞെടുത്തിട്ടുള്ള വരൻ യോഗ്യനാണ്. എന്നാൽ ഈ വിഷയത്തിൽ നിനക്കു വിസമ്മതമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം."

സാവിത്രി തലതാഴ്ത്തി, ദൃഷ്ടികളെ നിലത്തു പതിപ്പിച്ചുകൊണ്ടിരുന്നു.

വിശേശ്വരൻ വീണ്ടും ചോദിച്ചു:—"പറയൂ! നിനക്കു സമ്മതമില്ലാത്തപക്ഷം വേറെ ആളെ അന്വേഷിക്കണം. എന്താണ്? സമ്മതം തന്നെയോ?"

ഇത്തവണ അവൾ മൃദുസ്വരത്തിൽ പറഞ്ഞു:—

"എന്റെ വിസമ്മതിയേപ്പററി എന്തിനു ചോദിക്കുന്നു?"

"ചോദിക്കണമെന്ന് എനിക്ക എന്തുകൊണ്ടോ ഒരു വിചാരം മനസ്സിൽ ഉദിച്ചു. നിനക്ക് ഈ വിവാഹം ശ്രേയസ്കരമായിരിക്കുമെന്നാണ് എൻെറ വിശ്വാസം. പറയൂ! നിനക്ക് എന്തുതോന്നുന്നു?

"എന്നോടു ചോദിക്കുന്നതു് എന്തിന്? അങ്ങു പറഞ്ഞാൽപിന്നെ അതിനപ്പുറം എനിക്കെന്താണുള്ളതു്?

"ഞാൻ പറയുന്നതും പറയാതിരിക്കുന്നതും പോകട്ടെ; നിനക്ക് അങ്ങനെ ഒരു വിശ്വാസം തോന്നുന്നുണ്ടോ?"

"ഉണ്ട്; അങ്ങ് എന്തെങ്കിലും ചെയ്യുന്നപക്ഷം അതു എൻെറ നന്മയ്ക്കുവേണ്ടിത്തന്നെ ആയിരിക്കുമെന്ന് എനിക്കറിയാം."

"അതു പരമാർത്ഥമാണ്. സാവിത്രീ, നിനക്കു ശ്രേയസ്സുണ്ടാവാനുള്ള വഴിയാണ് ഞാൻ സദാപി ആലോചിച്ചുകൊണ്ടിരിക്കുന്നതു്. എന്നാൽ ഈ ഒരു......"

സാവിത്രി ഇടയ്ക്കുകേറിപ്പറഞ്ഞു:—

"അതു് എനിക്കു അറിയാം. അങ്ങു മനുഷ്യനല്ല; ദേവതയാണ്" എന്നു പറഞ്ഞിട്ടു് സാവിത്രി മുട്ടുകുത്തി, അദ്ദേഹത്തിനെ പ്രണമിച്ചു. വിശ്വേശ്വരൻ ലജ്ജിച്ചുപോയി.

"സാവിത്രീ, നീ എന്താണു ചെയ്യുന്നതു്" എന്നു പറഞ്ഞിട്ടു് ഗംഭീരഭാവം അവലംബിച്ചുകൊണ്ടു്, അദ്ദേഹം എഴുന്നേററു അദ്ദേഹം ഇങ്ങനെ പറഞ്ഞു:—

"നീ എന്നെ ഇതുവരെ ശരിക്കു മനസ്സിലാക്കീട്ടില്ല. അതു കൊണ്ടാണിങ്ങനെ പറയുന്നതു്? ഞാൻ പരമാർത്ഥത്തിൽ നീ ധരിച്ചുവെച്ചിരിക്കുന്നതിനു നേരെ വിപരീതമാണ്. ഞാൻ ദേവതയല്ല; കേവലം ദുർബലനായ ഒരു മനുഷ്യനാണ്."

അദ്ദേഹത്തിൻെറ മുഖത്തു് ഈ അവസരത്തിൽ ഒരു മൃദുസ്മേരം ഉല്ലസിച്ചു. കുറച്ചുനേരം കഴിഞ്ഞു് അദ്ദേഹം, അധോമുഖനായി നിന്നു സാവിത്രിയോടു പിന്നെയും പറഞ്ഞു:—

"സാവിത്രീ! നിനക്ക് എന്നോടു വല്ലതും ചോദിക്കാനുണ്ടോ? ഉണ്ടെങ്കിൽ ചോദിച്ചുകൊള്ളുക."

അവൾ അദ്ദേഹത്തിൻെറ മുഖത്തേയ്ക്കു് ഒന്നു നോക്കിയിട്ടു്, വീണ്ടും അധോമുഖിയായി നിലകൊണ്ടു. അല്പം കഴിഞ്ഞു് അവൾ മൃദുസ്വരത്തിൽ പറഞ്ഞു:—

"എനിക്ക് ഒരു കാര്യം മാത്രം ചോദിക്കാനുണ്ടു്. വിവാഹത്തിനു ശേഷം അവർ എന്നെ കൊണ്ടുപൊയ്ക്കളയുമോ?"

"പിന്നെങ്ങനെ? തീർച്ചയായും കൊണ്ടുപോകും."

"ഞാൻ പോയാൽ പിന്നെ അമ്മയുടെ അടുക്കൽ ആരു്? അതുകൊണ്ടു മാത്രം ചോദിച്ചതാണ്. ചേച്ചിയില്ല; ഞാൻ കൂടി പോയാൽ അമ്മയേയും കാളിയേയും ആരു നോക്കും? വിവാഹം കഴിഞ്ഞു് കുറച്ചുകാലത്തേയ്ക്കെങ്കിലും ഇവിടെ താമസിക്കാൻ സമ്മതിക്കയില്ലേ?"

വിശേശ്വരനു ചിരി വന്നു. ഈ ചിരി സാവിത്രിയുടെ ലജ്ജാഹീനതയും ദുഃഖവും കണ്ടിട്ടു് ഉണ്ടായതായിരിക്കണം. അദ്ദേഹം ചിരിച്ചു കൊണ്ടു പറഞ്ഞു:—

"അതെങ്ങനെ സാധിക്കും. സാവിത്രീ, ഒരിടത്തും അങ്ങനെ പതിവില്ല"

സാവിത്രി അല്പം ആലോചനയിൽ മുഴുകി. ഒടുവിൽ ലഘുവായി ഒന്നു നിശ്വസിച്ചിട്ടു് അവൾ പറഞ്ഞു:—

"എന്നാൽ പോട്ടേ! അങ്ങു് ഇവിടെയാണല്ലോ താമസം. ചേട്ടൻ ഈയിടെയെല്ലാം അമ്മയുടെ വാക്കു കേട്ടുനടക്കുന്നുമുണ്ടു്. അതുകൊണ്ടു് അമ്മയ്ക്കു യാതൊരു വിധത്തിലുള്ള കഷ്ടപ്പാടുകളും വരാതെ നോക്കിക്കൊള്ളണമെന്നു് ഞാൻ വിശേഷിച്ചു പറയേണ്ട ആവശ്യമില്ല."

വിശേശ്വരൻ ചിരിച്ചു കൊണ്ടുതന്നേ വീണ്ടും ചോദിച്ചു:—

"സാവിത്രീ! നിനക്കു് വിവാഹത്തെപ്പററി സംസാരിക്കുമ്പോൾ ലജ്ജ ഉണ്ടാകുന്നില്ലേ?"

"ഇല്ല."

"സർവ്വസ്ത്രീകൾക്കും ലജ്ജ ഉണ്ടാവാറുണ്ടല്ലോ! നിനക്കുമാത്രം ഇല്ലാത്തതെന്തു്?"

"വിശ്വവണ്ണ! അവർക്കെല്ലാം ലജ്ജിച്ചാലെന്തു? അവരൊക്കെ എന്നേപ്പോലെ ബന്ധുജനങ്ങളുടെ ഹൃദ്രക്തം കുടിച്ചു ജീവിക്കയാണോ? അവരെല്ലാം മററുള്ളവക്കു ഭാരമായും ചിന്താമൂത്തികളായും തീന്നിട്ടുണ്ടോ?"

"അങ്ങനെ പറയരുതു്. സാവിത്രീ! നീ ഞങ്ങൾക്കൊക്കെ ഒരു ഭാരമാണെന്നാണോ നീ പറയുന്നതിന്റെ സാരം?"

"പിന്നല്ലാതെ! ഞാൻ നിമിത്തം നിങ്ങൾക്കെല്ലാവക്കും ഉണ്ടായിട്ടുള്ള കഷ്ടതകൾ ലഘുവാണോ? എനിക്കുവേണ്ടി നിങ്ങൾ എന്തെല്ലാം സങ്കടങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു! എന്നേ കരുതി എന്തെല്ലാംപ്രയത്നങ്ങൾ ചെയ്യേണ്ടി വന്നിരിക്കുന്നു!"

"ഇതൊന്നും എനിക്കു് വലിയ കഷ്ടതയായി തോന്നുന്നില്ല. നിന്നെ എങ്ങനെ സുഖിയാക്കേണ്ടു എന്നൊരു ചിന്തമാത്രമേ എനി

ക്കുള്ളു. നീ സുഖമായിരിക്കുന്നതുതന്നെയാണ് എനിക്കും സുഖം. ഞാൻ അന്വേഷിച്ചുവെച്ചിരിക്കുന്ന വരനിൽ നിനക്ക് ലേശമെങ്കിലും അപ്രീതി തോന്നുന്നപക്ഷം, ഞാൻ ഇപ്പോഴേ ആലോചന നിൎത്തിവെച്ചിട്ട് വേറെ വരനെ അന്വേഷിക്കാം. പറയൂ. നിനക്കുവിസമ്മതം വല്ലതുമുണ്ടോ?"

"അങ്ങനെ ഒരു ചോദ്യത്തിനു അവകാശം എവിടെ? നിങ്ങളെല്ലാരും അത്യന്തം നിന്ദ്യനെന്നു വിചാരിക്കുന്ന ഒരുവനോടുകൂടി എന്നെ അയച്ചാലും, ഞാൻ അദ്ദേഹത്തിനോടുകൂടെ സുഖമായി ജീവിക്കുമെന്ന് അങ്ങ് ദൃഢമായി വിശ്വസിച്ചുകൊള്ളണം. അങ്ങ് ഒരു ദേവതയാണെന്നും കന്യാദാനമാകുന്ന മഹാദുൎഘടത്തിൽ നിന്നും അമ്മയെ രക്ഷിച്ചതു അങ്ങാണെന്നും ഉള്ള സ്മരണ എന്നെ ഒരിക്കലും വിട്ടുപിരിയുകയില്ല. എൻെറ ചേച്ചി ഞങ്ങളെ ഒക്കെ അങ്ങയുടെ കൈയിൽ സമൎപ്പിച്ചിട്ടാണല്ലോ പോയത്."

സാവിത്രി ഭക്തി നിറഞ്ഞ ഹൃദയത്തോടുകൂടി അവനതമുഖിയായി അവിടെനിന്നു പോയി. വിശ്വേശ്വരനു ആത്മവിസ്മൃതി സംഭവിച്ചു. ചകിതനും സ്തബ്ധനും ആയിട്ട്, അദ്ദേഹം സ്വഗതം ചെയ്തുതുടങ്ങി.

"സ്വൎഗ്ഗത്തിൽ ഇരിക്കേണ്ടതായ ഈ സുകൃതിനിയെ മൎത്ത്യധാമത്തിൽ കൊണ്ടുവന്നുവിട്ടത് ആര്? കേവലം ദുഃഖാനുഭവത്തിനുവേണ്ടി— സാംസാരികജീവിതമാകുന്ന കഠിനശിലാതലത്തിൽ തലതല്ലി പ്രാണത്യാഗം ചെയ്യുന്നതിനുവേണ്ടി— ആയിരിക്കുമോ ഇവളുടെ അവതാരം? അങ്ങനെ വരികയില്ല. ഈ വിധം പറയുന്നത് സൃഷ്ടികൎത്താവിനെ അവമാനിക്കയാണ്. സതിയുടെ ആശീൎവാദങ്ങൾ അവളെ സദാ വലയംചെയ്തു രക്ഷിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് അവൾക്ക് ക്ഷേമമേ ഉണ്ടാകയുള്ളു."

വിശ്വേശ്വരൻ വീണ്ടും കല്യാണവീട്ടിൽ ചെന്ന് കോപ്പുകൾ കൂട്ടിത്തുടങ്ങി. അവിടെനിന്നു തിരിച്ചുവന്നത് രാത്രി അധികം ഇരുട്ടിയതിനുശേഷമാണ്. അടുത്തദിവസം മൂന്നാമത്തെ യാമത്തിൽ വരനും കൂട്ടരും ഘോഷയാത്രയായി അവിടെ എത്തി. അവരെ സ്വീകരിച്ചിരുത്തുന്നതിനു നേരത്തെ സ്ഥലം ഏൎപ്പാടുചെയ്തിരുന്നു. വരൻെറ സുന്ദരമൂൎത്തികണ്ടപ്പോൾ വിശ്വേശ്വരൻെറ ഹൃദയം കുളുൎത്തെങ്കിലും പിതാവിൻെറ ധനലോഭവും അതിരററ സ്വാൎത്ഥപ്രതിപത്തിയും ഓൎത്ത് അല്പം മനസ്സു മടുത്തു. എന്തായാലും അവൎക്ക് സാദരം സ്വാഗതം പറഞ്ഞ് ആഹാരവും മററും കൊടുത്തുകഴിഞ്ഞപ്പോൾ, രാത്രി

യായി. വിശേ്വശ്വരൻ അതിരാവിലേ ഉണൎന്നു, കണ്ണുതിരുമ്മിത്തുറന്നുകൊണ്ട്, നേരേ കല്യാണവീട്ടിലേക്കു നടന്നു. അപ്പോഴും അവിടെ പ്രഭാതത്തിലെ നാഗസ്വരമേളം നടന്നുകൊണ്ടിരുന്നു.

സാവിത്രി തുളസിത്തടത്തിനു കീഴിൽ മുട്ടുകുത്തി നമസ്കരിച്ചിട്ട് എഴുന്നേററപ്പോഴും "അല്ല! സാവിത്രി ഇന്നുനേരത്തേ ഉറക്കമുണൎന്നിരിക്കുന്നല്ലോ" എന്നുപറഞ്ഞു് അവളേ ഒന്നു കളിയാക്കണമെന്ന് വിശ്വേശ്വരന് ആഗ്രഹം തോന്നി. എന്നാൽ നാവിൽനിന്ന് വാക്കുകഠം പൊങ്ങിയില്ല. അചഞ്ചലയും സ്ഥിരമൂൎത്തിയുമായ ആ നവയോഗിനിയുടെ മുഖത്തുനൊക്കിക്കൊണ്ട് അദ്ദേഹം നിന്നുപോയി. ഈ യോഗിനി ഏതു യോഗസമാധിയിൽ മുഴുകിയിരിക്കുന്നു എന്ന് അറിഞ്ഞുകൂട. വെളിയിലുള്ള കോലാഹലങ്ങളൊന്നും അവളുടെ ശ്രോത്രപുടത്തിൽ പതിഞ്ഞതേ ഇല്ല ഈ ദേവി ഏതു ആരാധ്യദേവതയുടെ ധ്യാനത്തിൽ ലീനചിത്തയായിരിക്കുന്നു?

വിശേ്വശ്വരന്നു ഒന്നും മനസ്സിലായില്ല.

—:*:—

## പതിനാറാം അദ്ധ്യായം.

—:*:—

സന്ധ്യയായി. ഗൃഹത്തിൽ ആഠംക്കൂട്ടം നിറഞ്ഞു. എല്ലായിടത്തും അടിയന്തിരബഹളം തന്നെ. ഗ്രാമത്തിലേ സകല ജനങ്ങളേയും ക്ഷണിച്ചിരുന്നു. എല്ലാവരും വന്ന് ഓരോരോ കാൎയ്യങ്ങളിൽ ഏൎപ്പെട്ടു കഴിഞ്ഞിരിക്കുന്നു. സന്ധ്യയായിട്ടും നാലുദിക്കിലും വെളിച്ചം ധാരാളമുണ്ട്. രാത്രിയിലെ ആദ്യയാമത്തിലാണു് മുഹൂൎത്തം. വിശേ്വശ്വരൻ വെളിയിൽ എല്ലായിടത്തും ഒന്നു ചുററിനോക്കി. അന്തഃപുരം അന്നപൂൎണ്ണയുടെ രാജ്യമായിരുന്നു. ഇന്നു ജാഹ്നവിയ്ക്കു് അവിടെ കാൎയ്യമൊന്നുമുണ്ടായിരുന്നില്ല. അവർ സതി കിടന്നു മരിച്ച മുറിയിൽ പോയി, അനങ്ങാതെ ഇരുന്നു. വധുവിനെ അലംകരിച്ചു്, നെററിയിൽ കന്യാപത്രികയും നേരത്തേ ബന്ധിച്ചു കഴിഞ്ഞിരുന്നു.

ജാഹ്നവി പരിഭ്രമത്തോടുകൂടി എഴുന്നേററു് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു:—

"മകളേ! നീ ഇപ്പോഴും ഇവിടെ എന്തിനുവന്നു? ഈ സമയത്തു വിവാഹപീഠത്തിൽ ഇരിക്കേണ്ടതാണല്ലൊ! പോ. മകളേ! പോ!"

"പോകാം അമ്മേ! കുറച്ചുനേരം അമ്മയുടെ അടുക്കൽ ഇരുന്നുകൊള്ളട്ടേ."

"വേണ്ട! വേണ്ട! വേഗം പോ! അന്നപൂർണ്ണ എവിടെ?"

സാവിത്രിയേ പീഠത്തിന്മേൽ കാണാഞ്ഞ്, അന്നപൂർണ്ണ ഓടി വന്നു ജാഹ്നവിയോടു കയൎത്തു തുടങ്ങി. ജാഹ്നവി അതുകേട്ട്, കന്യകയേ പിടിച്ചുകൊണ്ടുപോയി, വിവാഹപീഠത്തിൽ ഇരുത്തി. വിശേശ്വരൻ ഈ സമയത്ത് വരനുള്ള വേഷ്ടിയും വജ്രമോതിരവും മററും എടുത്തുകൊണ്ടു പോവാനായി അവിടെ വന്ന് വാതുക്കൽ നില്ക്കയായിരുന്നു. വെളിക്ക് വാദ്യഘോഷവും സ്ത്രീകളുടെ മംഗളദ്ധ്വനിയും കേട്ടുതുടങ്ങി. ഈ സമയത്ത് ഒരു നല്ല മനുഷ്യൻവന്ന് 'ഹെ! ഇതു കുട്ടിക്കളിയോ? ഇതൊക്കെ പിന്നെയാവാം—ഇങ്ങോട്ടുവരു' എന്നു പറഞ്ഞു. 'ഇതാ വന്നു കഴിഞ്ഞു' എന്നുപറഞ്ഞിട്ട് വിശേശ്വരൻ അകത്തേയ്ക്കു നോക്കി. തത്സമയം സാവിത്രിയുടെ മുഖം വസ്ത്രത്താലും പുഷ്പമാല്യങ്ങളാലും ആഛാദിതമായിരുന്നു. അവിടെനിന്ന് വിശേശ്വരൻ നേരേ വിവാഹമണ്ഡപത്തിലേക്കു തിരിച്ചു. എന്തോ അജ്ഞാതഭയത്താൽ അപ്പോൾ അദ്ദേഹത്തിൻെറ പാദങ്ങൾ വിറച്ചുതുടങ്ങി.

വരനും സഭയിൽ വന്നുചേൎന്നു. വരപക്ഷക്കാരുടേയും കന്യാപക്ഷക്കാരുടേയും ഇടയ്ക്കു വാദാനുവാദങ്ങളും തൎക്കവിതൎക്കങ്ങളും ശാസ്ത്രാൎത്ഥങ്ങളും വിനോദങ്ങളും മററും ആരംഭിച്ചു. വരൻ മാത്രം മിണ്ടാതെയിരുന്നു. വിശേശ്വരൻ ഇതെല്ലാം നോക്കിക്കൊണ്ട് ഒരുകോണിൽച്ചെന്നു നിന്നു. അദ്ദേഹം ഒരു പ്രാവശ്യം വരൻെറ മുഖത്തു സൂക്ഷിച്ചുനോക്കി. ഒരിടത്ത് ശ്വശുരൻ മുഖം നീട്ടാവുന്നിടത്തോളം നീട്ടിക്കൊണ്ട് പറഞ്ഞുതുടങ്ങി:—"ഒരു നല്ല തുക സ്ത്രീധനമായി തരാമെന്നു പറഞ്ഞതുകൊണ്ടാണ് ഞങ്ങൾ ഈ കല്യാണത്തിനു സമ്മതിച്ചത്. ഇതു വേണ്ടായിരുന്നു എന്നു ഇപ്പോൾ തോന്നുന്നു."

ഇതുകേട്ട് ആ ഗ്രാമത്തിലെ പരോപകാരതല്പരന്മാർ അദ്ദേഹത്തിനേ സമാധാനപ്പെടുത്താൻ നോക്കി.

നാപിതൻ വന്നുപറഞ്ഞു:—"ബാബുജി! എന്തിനു താമസിക്കുന്നു? അകത്തു എല്ലാം ഒരുങ്ങി."

വിശേശ്വരൻ ഹരിയേവിളിച്ച് അയാൾ പറയേണ്ടതും ചെയ്യേണ്ടതുമൊക്കെ മനസ്സിലാക്കിക്കൊടുത്തു.

അതനുസരിച്ച് ഹരി കൈകൂപ്പിക്കൊണ്ടു പറഞ്ഞു:—

"നിങ്ങൾ വരനേ വിവാഹമണ്ഡപത്തിലേക്കു പോവാൻ ദയവുചെയ്ത് അനുവദിക്കണം. കന്യാദാനം ചെയ്യുന്നതിനും അനുമതി നൽകണം."

'അതേ! അതേ! ഇനി താമസിക്കാൻ പാടില്ല" എന്ന് അളുകൾ

പറഞ്ഞതിനോടു കൂടിത്തന്നെ സമധിമഹാശയൻ * ഇടിവെട്ടീ ടുംവണ്ണം ഗജ്ജിച്ചു:—

ആദ്യമായി സ്ത്രീധനം ഹാജരാക്കണം. മററൊക്കെ പിന്നെയാവാം.

"ഇതാ ഇരിക്കുന്നു! എണ്ണി എടുത്തുകൊള്ളാമല്ലോ" എന്നു ഹരി പറഞ്ഞു.

സമധി മഹാശയൻ പണം എണ്ണിക്കൊണ്ടിരിക്കവേതന്നെ, ഇടത്തുകൈകൊണ്ടു് പോകാൻവരട്ടെ" എന്നു വരനോടു ആഗ്യം കാണിച്ചു.

വിശേശ്വരനും ഹരിയും തീവ്രമായ മനോവേദനയോടുകൂടി അവിടെ മിണ്ടാതെ നിന്നു.

പണം എണ്ണിക്കഴിഞ്ഞു്, സമധി മഹിഷാസുരരൂപം അവലംബിച്ചുകൊണ്ടു പറഞ്ഞു:—

"അതേ! ഇതെല്ലാംകൂടി മൂവായിരം ഉറുപ്പികയായി. ഇനി വധൂവരന്മാരുടെ ആഭരണങ്ങൾ കാണട്ടെ. ഒടുക്കം വഴക്കുപറയാനുംമററും എനിക്കു കഴികയില്ല. കന്യകയെ ഇങ്ങോട്ടു കൊണ്ടുവരാൻ പറയൂ."

വിശേശ്വരൻ അല്പം കുപിതനായിട്ടു് പറഞ്ഞു:—

"നിങ്ങൾ ഞങ്ങളെ വെറും നിസ്സാരപ്പരിഷകളായി വിചാരിച്ചുകളയുന്നു, കന്യകയെ ഇങ്ങോട്ടു കൊണ്ടുവരാൻ സാധിക്കയില്ല. ഇതു് എവിടത്തെ നടപ്പാണു്? വേണമെങ്കിൽ അകത്തു ചെന്നുനോക്കിക്കൊള്ളുക."

"ഹേ! ഇതിലിത്രകോപിക്കാനെന്തിരിക്കുന്നു? കൊടുക്കൽ വാങ്ങൽ കാര്യമാണു്. ഏപ്പാടുകളിലെല്ലാം ഒരു സുമാറുവേണമെന്നു നിങ്ങൾ ധരിച്ചിട്ടില്ലായിരിക്കാം. കന്യകയെ ഇവിടെക്കൊണ്ടുവരുന്നതിൽ എന്താണു ദൂഷ്യം? ഞങ്ങളുടെനാട്ടിൽ നടപ്പുണ്ടു്."

അനേകം പേർ തലകുലുക്കി, സമധിയുടെ വാക്കിനെ അനുമോദിച്ചു.

വിശേശ്വരൻ സുസ്ഥിരകണ്ഠത്തിൽ പറഞ്ഞു:—

"നിങ്ങളുടെ നാട്ടിലേ നടപ്പുകൾ ഇവിടെ നടക്കണമെന്നുണ്ടോ? കന്യകയെ ഇങ്ങോട്ടു കൊണ്ടു വരുന്നകാര്യം ഇവിടെ സാധിക്കയില്ല."

"ഓഹോ! നിങ്ങളുടെ മനസ്സുപോലെ."

---

* സമധി എന്ന ശബ്ദത്തിനു ശ്വശുരൻ എന്നാണർത്ഥം

"പണം ഇവിടെ ഇരിക്കട്ടെ. വഴക്കു പറഞ്ഞതുകൊണ്ട് എന്തു പ്രയോജനം? അകത്തു പോയി നോക്കീട്ടു വരണം."

വരനും സമധിയും മററനേകം ആളുകളും വിവാഹമണ്ഡപത്തിലേക്ക് തിരിച്ചു. വരവസ്ത്രങ്ങളും ആഭരണങ്ങളും മററും നോക്കീട്ട് സമധിസാഹേബ് ഖരനാദം പുറപ്പെട്ടവിച്ചുകൊണ്ടു കല്പിച്ചു:—

"ആഭരണങ്ങൾ തരക്കേടില്ല. ഇനി കന്യകയെ കൊണ്ടുവരൂ."

ഇതുകേട്ട് അകത്തുനിന്നവർ "സ്ത്രീകളുടെ ചടങ്ങുകൾ ആണ് ആദ്യം നടത്തേണ്ടത്" എന്നുപറഞ്ഞു.

"സ്ത്രീകളുടെ ചടങ്ങും മററും അവിടെ ഇരിക്കട്ടെ. ആദ്യമായി സമധിയെ തൃപ്തിപ്പെടുത്തണം. ഇവർ വന്നിരിക്കുന്നതിന്റെ പ്രധാനോദ്ദേശ്യം വിവാഹമല്ല. ധനസമ്പാദനമാണ്" എന്നു ഹരിപറഞ്ഞു.

ഹരി സാവിത്രിയെ സമധിയുടെ മുമ്പിൽകൊണ്ടുചെന്നിരുത്തി. അവളുടെ മുഖം മൂടുപടത്താൽ മറയ്ക്കപ്പെട്ടിരുന്നു. സമധി ഓരോരോ ആഭരണങ്ങളേ തിരിച്ചും മറിച്ചും നോക്കിത്തീർന്നപ്പോൾ, ഹൃദയം സന്തോഷം കൊണ്ടുനിറഞ്ഞു. എഴുന്നേററപ്പോൾ അയാളുടെ മുഖത്തു അല്പം പ്രസന്നതയും സ്ഫുരിച്ചു.

എന്നിട്ടും അയാൾ വിട്ടില്ല. കാററുള്ളപ്പോൾ തൂററിക്കൊള്ളണം എന്നല്ലേ പഴമൊഴി.

"ഇരിക്കട്ടേ. ഇനി കന്യകയെ അകത്തേക്കുകൊണ്ടുപോവാൻപാടില്ല. ചടങ്ങുകൾ എല്ലാം ഇവിടെവെച്ചുതന്നെ അനുഷ്ഠിക്കണം. കന്യാപക്ഷത്തിൽ പ്രധാനി ആരാണ്? അതല്ലേ ആദ്യമായി അറിയേണ്ടത്?"

ഹരി വിശേശ്വരനെ നോക്കി. അതുകണ്ട് അദ്ദേഹം ഹരിയേ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു:—

"അദ്ദേഹം തന്നെയാണ് പ്രധാനി. കന്യകയുടെ ജ്യേഷ്ഠസഹോദരൻ അദ്ദേഹമാണ്"

"ശരി! എന്നാൽ ഒരു കാര്യംകൂടി പറയാനുണ്ട്. നിങ്ങൾ ചില സംഗതികൾ മറച്ചുവെച്ചുകളഞ്ഞു. അതു ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ ഈ വിവാഹത്തിനു സമ്മതിക്കുമായിരുന്നില്ല. വന്നതൊക്കെ ഇരിക്കട്ടേ. എന്നാൽ ആയിരംഉറുപ്പികകൂടി തന്നാൽ ഞാൻ വിവാഹംനടത്താം. നിങ്ങൾ ഒരു നല്ല കുടുംബക്കാരെയുംകൊണ്ട് അതിനു കളങ്കം വരുത്തിവെയ്ക്കണമെന്നു വിചാരിക്കുന്നില്ല."

ഇടയ്ക്കു വിശേശ്വരൻ ചോദിച്ചു:—

"ഇനി എന്തു വകയ്ക്കാണ്  പണം? നിങ്ങൾ ഒരു വലിയ ജാലവിദ്യക്കാരനാണെന്നു തോന്നുന്നല്ലോ! വിവാഹം നടത്താതിരിക്കുന്നതിനുള്ള കാരണം ഒന്നു കേൾക്കട്ടേ."

"നിങ്ങൾ ആരു? നിങ്ങൾ ഇടയ്ക്കു ചാടിവീണ്, കാര്യങ്ങൾ കുഴപ്പത്തിലാക്കുന്നതെന്തിന്? പൂച്ചയ്ക്കു പൊന്നുരുക്കുന്നിടത്തു കാര്യമെന്തു? കന്യാദാനം ചെയ്യുന്ന ആളിനോടാണ് എനിക്കു പറയാനുള്ളതു്."

സംഭ്രമത്തോടുകൂടി ഹരി പറഞ്ഞു:—

"അദ്ദേഹമാണ് എല്ലാം നടത്തുന്നതു്. പറയാനുള്ളതെല്ലാം അദ്ദേഹത്തിനോടു തന്നെ പറയണം."

"നിങ്ങൾ എല്ലാരും തരക്കേടില്ല. ഒന്നാംതരം ജാലവിദ്യക്കാർ! കന്യാപക്ഷത്തിൽ പ്രമാണി ആരെന്നു കൂടി ഇപ്പോൾ നിശ്ചയമില്ലാതായിരിക്കുന്നു. കുലത്തിനു യോജിച്ച വിദ്യകളെല്ലാമുണ്ടു്. അല്ലാതെന്തു പറയുന്നു? രാമ രാമ! ഇങ്ങനെയൊരു കുടുംബത്തിൽ ആരെങ്കിലും കാലെടുത്തു വയ്ക്കുമോ?"

വിശേശ്വരൻ വളരെ പണിപ്പെട്ടു് കോപത്തെ അടക്കിക്കൊണ്ടു പറഞ്ഞു:—

"പറയൂ. നിങ്ങൾക്കു എന്താണ് പറവാനുള്ളതു്? കന്യാദാതാവു ഞാൻ തന്നെ. എന്തുവേണം.?"

"ശരി! എന്നാൽ ഇത്രനേരവും എന്നെ വഞ്ചിച്ചതെന്തിന്? ഈ വിദ്യകളൊക്കെ എന്തിനാണ്? ഞാൻ ചുരുക്കത്തിൽ പറഞ്ഞേക്കാം. വിവാഹം നടത്തണമെങ്കിൽ രൂപാ അയിരംകൂടി എണ്ണിവെയ്ക്കണം."

"എന്തുകാര്യത്തിന്? കരാറനുസരിച്ചുള്ള തുക തന്നുകഴിഞ്ഞില്ലേ?"

'നിങ്ങളുടെ കുലം ഇത്ര പവിത്രമാണെന്ന് ഞാൻ അറിഞ്ഞിരുന്നോ? കന്യകയുടെ ജ്യേഷ്ഠത്തി വിഷം തിന്നല്ലേ മരിച്ചതു്?"

വിശേശ്വരൻ ഗർജ്ജിച്ചു:—

"ഛേ! അസംബന്ധം പുലമ്പാതിരിക്കൂ. ഇതു ആരാണ് പറഞ്ഞതു്? സൂക്ഷിച്ചു മര്യാദയായി സംസാരിക്കണം"

"ഞാൻ സൂക്ഷിക്കാനെന്തിരിക്കുന്നു? അതൊക്കെ അവിടെ വെച്ചേക്കണം. ഞാൻ വിവാഹം നടത്തുന്നില്ല. നിങ്ങളുടെ മിടുക്കൊന്നു കാണാമല്ലോ നരേന്ദ്ര! എഴുന്നേല്ക്കു. നമുക്കുപോവാം."

കേൾക്കേണ്ട താമസമേയുണ്ടായിരുന്നുള്ളൂ. നരേന്ദ്രൻ വരാസനത്തിൽ നിന്നു എഴുന്നേററു കഴിഞ്ഞതുകണ്ടു്, എല്ലാവരും പരോപ

കാരപ്രതിപത്തിയാൽ പ്രേരിതരായിട്ടെന്നപോലെ വരനെ തടഞ്ഞിട്ട്,

“നിങ്ങൾ എന്താണു ചെയ്യുന്നത്? എങ്ങോട്ടു പോകുന്നു?” എന്നു ചോദിച്ചു.

“സൂത്രശാലിയായ ഒരാൾ വരന്റെ പിതാവിനു സമീപം ചെന്നു “മഹാശയ! അല്പം ക്ഷമിക്കൂ. ഞാൻ വഴക്കൊക്കെ പറഞ്ഞുതീർക്കാം. നിങ്ങൾ ഒരിക്കലും അങ്ങനെ ചെയ്യരുത്” എന്നുപദേശിച്ചു.”

“അത്ര തെളിച്ചില്ലോ? എന്തൊരു ധിക്കാരം! ഈ കന്യകയുടെ വിവാഹം ഇനി ഈ ജന്മത്തു നടക്കുമോ? നമുക്കു ഒന്നു കാണാമല്ലോ.” എന്നു സമധി പറഞ്ഞു.

ഇതിന്നിടയ്ക്കു പരഗുണകാംക്ഷികളായ മററു ചിലർ മരപ്പാവപോലെ അനങ്ങാതെ അവിടെ നിന്നിരുന്ന വിശ്വേശ്വരനോട്ട് പ്രസംഗിച്ചുതുടങ്ങി.

“ഈ വഴക്കുകളൊക്കെ എന്തിന്? ഛേ! നമുക്കൊക്കെ ഇതൊന്നും കൊള്ളുകയില്ല. ഒരു ആയിരം രൂപകൂടെ അയാൾക്കു വായ്ക്കരി ഇട്ടുകളയണം. പണമാണോ കാര്യം? മാനമല്ലേ? വിവാഹം നടക്കട്ടെ. വേണമെങ്കിൽ അതിനുശേഷം ഞങ്ങളെല്ലാവരും കൂടി ആയിരം രൂപാ വരിയിട്ടെടുത്തു നിങ്ങൾക്കു തന്നുകൊള്ളാം. എങ്ങനേയും ഇപ്പോൾ കാര്യം നടക്കട്ടേ. നിങ്ങൾപോയി ഉറുപ്പികകൊണ്ടുവരൂ. മുഹൂർത്തം കഴിയാറായി.”

സ്ത്രീജനങ്ങൾ തളത്തിൽ, ചിത്രത്തിൽ എഴുതപ്പെട്ടവരേപ്പോലെ സ്തംഭിച്ചു നിന്നുപോയി. അവരുടെ മംഗലധ്വനികളും മററും പ്രതിബലമായി. ഒരു സ്ത്രീ മൂർച്ഛിച്ചു നിലത്തുപതിച്ചു. അന്നപൂർണ്ണ അവരേ താങ്ങി എടുത്തു ശുശ്രൂഷിച്ചുകൊണ്ടു വിശ്വേശ്വരനെ സാർത്ഥകമായി ഒന്നുനോക്കി. അദ്ദേഹത്തിനെ അവൾ അടുക്കൽ വിളിച്ചു.

“വിശ്ശൂ! ഇവിടെ വാ! നീ പോയി ഉറുപ്പിക ആയിരവും എണ്ണിക്കൊടുക്കൂ. മുഹൂർത്തം അവസാനിക്കാറായി. ഒട്ടും താമസിക്കാൻ പാടില്ല” എന്ന് അവർ ഉപദേശിച്ചു.

മൂർച്ഛിച്ചതു ജാഹ്നവിയല്ലാതെ മററാരുമായിരുന്നില്ലെന്ന് വിശ്വേശ്വരനു മനസ്സിലായി. ഹരി വല്ലാതെ അന്ധാളിച്ച് വിശ്വേശ്വരനെ നോക്കിക്കൊണ്ടിരുന്നു. വിശ്വേശ്വരൻ നെററി ചുളിച്ച് സാവിത്രിയേ ഒന്നു നോക്കി. അവൾ ഒരു കുലുക്കവും ഇല്ലാതെ മൂടുവസ്ത്രത്താൽ അച്ഛാദിതമായ മുഖകമലത്തോടുകൂടി അവിടെ നിന്നതേ ഉള്ളു.

വിശേപശപരൻ ഇതെല്ലാം കണ്ടിട്ട് ദൃഢതാപൂർവ്വകംപ റഞ്ഞു:—

"കേറക്കുക! എനിക്ക് ഈ അവസരത്തിൽ ഇത്രമാത്രമേ പറവാനുള്ളു. കന്യകയുടെ സഹോദരി സാക്ഷാൽ ദേവിക്കുതുല്യയായിരുന്നു. അവരം സ്വർഗ്ഗം പ്രാപിച്ചു, അവളെ സംബന്ധിച്ച് അപ വാദം പറയുന്നതു് മഹാപാപമാണു. ഞാൻ നിങ്ങരക്കു ഒരുകാശുപോലും കൂടുതൽ തരാൻ ഭാവമില്ല. നിങ്ങളുടെഇ ഷ്ടംപോലെ ചെയ്തുകൊള്ളണം."

"നിങ്ങരം എന്താണു പറയുന്നതു് എന്ന് എല്ലാവരും ഒരുമിച്ചു നാലുദിക്കിൽ നിന്നും ചോദിച്ചു".

ഹരി ആത്തസ്വരത്തിൽ പറഞ്ഞു. "വിശ്വവർണ്ണ! ഇങ്ങനെ പറയു ന്നതെന്തു്?"

വിശേപശപരൻ ഒട്ടും ചഞ്ചലപ്പെടാതെ തുടന്നു പറഞ്ഞു:—

"ഹരി! നിങ്ങരം അനങ്ങാതിരിക്കൂ. ഞാൻ ഒരു പൈസപോലും ഇവക്കു കൊടുക്കുന്നതല്ലെന്നു ഇവിടെ കൂടിയിരിക്കുന്നവരെല്ലാം ധരിച്ചുകൊള്ളുവിൻ! വരനോടു മാത്രം ഒരു കാര്യം പറഞ്ഞു കൊള്ളട്ടേ. ഹേ! യുവാവേ! ഞാൻ ഇന്നു തരാൻ നിശ്ചയിച്ച രത്നത്തിൻെറ വില എന്തെന്ന് നിങ്ങരം അല്പം ആലോചിച്ചു രുന്നെങ്കിൽ, നിങ്ങളുടെ ഭാഗ്യം നിസ്സീമമാണെന്ന് നിങ്ങരക്കു കാണാമായിരുന്നു. ഇതാ നോക്കൂ! ഈ രത്നത്തിനെ ശരിയായ വിലകൊടുത്തു് ആക്കെങ്കിലും വാങ്ങിക്കാൻ കഴിയുമോ?" എന്നു പറഞ്ഞിട്ട് അദ്ദേഹം സാവിത്രിയുടെ അടുത്തുചെന്ന് അവളുടെ മൂടുപടം മാററിയിട്ട് വരൻെറനേക്കു തിരിച്ചു നിത്തി. "നോക്കൂ. ഈ രത്നത്തിൻെറ മൂല്യം നിങ്ങരക്കു നിർണ്ണയിക്കാമോ? ഇതു് അമൂല്യമാണ്." "അച്ഛനിരിക്കുമ്പോരം എന്നോടു ചോദി ക്കുന്നതും പറയുന്നതുമൊക്കെ എന്തിനു്" എന്നായിരുന്നുവര ൻെറ മറുപടി.

സമധിസാഹേബ് ഇതുകേട്ട് ഇങ്ങനെ പറഞ്ഞു:—

"എഴുന്നേററു വാ മകനേ! എഴുന്നേൽക്കൂ. ഇവളെ ആണുങ്ങളാരെ ങ്കിലും കല്യാണം കഴിക്കുമോ? നമുക്കു പോവാം. ഇതാ ഞങ്ങരം പോകുന്നു."

വാസ്തവത്തിൽ ഹിതകാംക്ഷികളായിരുന്ന ചിലർ വിശേപശപ രനെ ഉപദേശിക്കാതിരുന്നില്ല.

"വിശേപശപര! നിങ്ങരം ചെയ്യുന്നതു കഷ്ടമാണു്. വല്ല വിധ ത്തിലും പറഞ്ഞു് ഒതുക്കാതിരുന്നാൽ മോശമാണു്."

"ഞാൻ പറയേണ്ടതൊക്കെ പറഞ്ഞു കഴിഞ്ഞു."

ഇതുകേട്ട സൂത്രശാലികളായ ചിലർ, വരൻെറ പിതാവിനോട്ട് ഒന്നു കണ്ണിറുക്കിയിട്ട്, സ്വകാൎയ്യമായി ഇങ്ങനെ പറഞ്ഞു:—

"നിങ്ങൾ ശാഠ്യം പിടിക്കരുത്. ഈ അവസരം പാഴാക്കുന്നതു നന്നല്ല. കൈയിൽ കിട്ടിയതിനെ കളഞ്ഞു മുടിക്കരുതെ! കരാറനുസരിച്ചുള്ള പണം വാങ്ങിക്കൊണ്ടു് വിവാഹം നടത്തുക"

പിന്നീടു അവർ ഉച്ചത്തിൽ ഇങ്ങനെ തട്ടിവിട്ടു.

"വരുവിൻ! ഞങ്ങൾ വഴക്കൊക്കെ ഒരുവിധം പറഞ്ഞൊതുക്കി. നല്ല കുലത്തിലുള്ളവൎക്കു തീരാക്കളങ്കം വരുത്തിവെയ്ക്കാമോ? പണത്തിനേക്കാൾ മനുഷ്യനല്ലേ വലുത്? വാഗ്ദത്തപ്രകാരമുള്ള പണം വാങ്ങിക്കൊണ്ട് വിവാഹം നിങ്ങൾ നടത്തണം. ഛരി, നിങ്ങൾ ചെന്ന് കന്യകയെ പീഠത്തിൽ ഇരുത്തുക. വരനേയും വിളിക്കൂ. വിശ്വേശ്വര, എല്ലാം ഒരുവിധം ഒതുങ്ങി."

വിശ്വേശ്വരൻ ശിലപോലെ ചലനശൂന്യനായി നിന്നുകൊണ്ടു ദൃഢതാപൂർവ്വകം വ്യക്തമായി പറഞ്ഞു:—

"ഇനി നിങ്ങളാരും ഒന്നും പറഞ്ഞിട്ടു കാൎയ്യമില്ല. വരനെ കൊണ്ടു പോയിക്കൊള്ളട്ടേ. ഈ ബഹളത്തിനെല്ലാം കാരണമുണ്ടാക്കിയ ചണ്ഡാളൻെറ കൈയിൽ സാവിത്രിയേപ്പോലുള്ള ഒരു കന്യാരത്നത്തിനെ ഏൽപ്പിക്കുന്നവനും ചണ്ഡാളനായിരിക്കും. നിങ്ങൾ പൊയ്ക്കൊള്ളുവിൻ; ഈ വിവാഹം ഇനി നടക്കുകയില്ല"

എല്ലാവരും സ്തബ്ധരായി. വിശ്വേശ്വരൻ പറയുമ്പോലേ പ്രവൎത്തിക്കുന്നവനാണെന്ന് സൎവ്വജനവിദിതമായിരുന്നു. വരപക്ഷക്കാർ അപമാനിതരെന്ന ഭാവത്തിൽ വെളിയിലേക്ക് ഇറങ്ങിപ്പോവാൻ ഭാവിച്ചു. ഹിതകാംക്ഷിയായ രാമതനു പറഞ്ഞു:—

"വിശ്വേശ്വര, ഇതു കഠിനമല്ലേ? തിരിച്ചു വരാൻ പറയൂ! അല്ലെങ്കിൽ ഈ ബ്രാഹ്മണകന്യകയുടെ ജാതി തുലഞ്ഞു."

"ജാതി തുലയുന്നതെങ്ങിനെ? വേറൊരു വരനെക്കൊണ്ടു വിവാഹം ചെയ്യിക്കും."

"ഇപ്പോൾ ഇനി വരനെ എവിടെനിന്നു കിട്ടും? ഈ രാത്രിയിൽ ഒരു വരനെ ഉണ്ടാക്കാൻ സാധിക്കുമൊ?

"വരനെ അന്വേഷിച്ചു പോകേണ്ട ആവശ്യമില്ല. അടുത്തു തന്നെയുണ്ടു്. ക്ഷണിച്ചു വരുത്തീട്ടുള്ള ആളുകളെ സൽക്കരിക്കാനുള്ള ചുമതല ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു. പോയി എല്ലാം അന്വേഷിച്ചുകൊള്ളുക. നിൎമ്മല, ഹരിഹര! നിങ്ങൾകൂടി പോകുവിൻ. ഞാൻ വരവസ്ത്രം ധരിച്ചു വരാസനത്തിൽ ഇരിക്കാൻ പോകുന്നു."

പെട്ടെന്ന് വജ്രപാതം ഉണ്ടായാൽ ആക്കും ഇത്രമാത്രം ആശ്ചയ്യം തോന്നുമായിരുന്നില്ല. വിശേശ്വരൻെറ ഈ വാക്കുകൾ കേട്ടപ്പോൾ എല്ലാവരും അത്യന്തം വിസ്മിതരായി. ഗ്രാമവാസികളുടെ ആനന്ദത്തിനു വീണ്ടും ഒരു വ്യാഘാതം സംഭവിച്ചു. അവർ അവിടവിടെ കൂടിനിന്നിട്ടു "എന്തുപററി?" "എന്തുപററി?" എന്നു ചോദിച്ചു തുടങ്ങി.

വിശേശ്വരൻ പറഞ്ഞു:—

"എന്തു പററാനാണുള്ളത്. ഇവിടെ ഒന്നും പററീട്ടില്ല. എനിക്കു പിതാവില്ല. അതുകൊണ്ടു നിങ്ങളെല്ലാവരും ചേന്നു ഈ വിവാഹം ഭംഗിയായി നടത്തിത്തരണം."

കുറച്ചുനേരത്തേക്ക് അവിടെ ഒരു നിശ്ശബ്ദത വ്യാപിച്ചു. അനന്തരം ഒരു പൂജ്യപുരുഷൻ മുന്നോട്ടുവന്ന് വിശേശ്വരനു സാധുവാദം ചെയ്തു. പിന്നീടു വിശേശ്വരൻ എല്ലാവരേയും പ്രണമിച്ചിട്ട്, ചെറിയമ്മയുടെ അടുക്കലേക്കു നടന്നു. കുറേ ദൂരത്തുവച്ചു തന്നെ "ചെറിയമ്മേ" എന്നുവിളിച്ചു.

അന്നപൂർണ്ണാദേവി ആൾത്തിരക്കിൽകൂടി വെളിക്കുവന്നിട്ട് വിശേശ്വരനെ ഒരു ചെറുപൈതലിനെ എന്നോണം, മാറോടണച്ചുകൊണ്ട് നിറുകയിൽ ചുംബിച്ചു. അദ്ദേഹത്തിൻെറ ശിരസ്സിൽ സംഖ്യയില്ലാതെ സ്നേഹാശിസ്സുകൾ വർഷിച്ചു. അവിടെനിന്ന് അദ്ദേഹം ജാഹ്നവിയുടെ അടുക്കൽചെന്ന് അവരേയും നമസ്കരിച്ചിട്ട്, വരമണ്ഡപത്തിൽ എത്തി. രാമതനുമഹാശയൻ അവിടെ നിന്നിരുന്നു. അദ്ദേഹത്തിനോട്ട് വിശേശ്വരൻ പറഞ്ഞു:—

"നിങ്ങളിലാണ് ഇനി സവ്ഭാരവും. ഞാൻ ഇരിക്കാൻ പോകുന്നു."

"ഓഹോ! അതിനെപ്പററി യാതൊരു ചിന്തയ്ക്കും ആവശ്യമില്ല. എല്ലാം ഞാൻ നോക്കിക്കൊള്ളാം."

വിശേശ്വരൻ വരവസ്ത്രങ്ങളും മററും ധരിച്ച് വരാസനത്തിൽ പോയി ഇരിക്കാൻ ഭാവിച്ചു.

പുരോഹിതൻ പറഞ്ഞു:—

"വരട്ടേ, സ്ത്രീജനങ്ങളുടെ ചടങ്ങുകൾ തീന്നിട്ടുവേണംകന്യകാദാനം."

വിശേശ്വരൻ ഇതികത്തവ്യതാ വിമൂഢനെന്നപോലെ അവിടെനിന്നു. ജോലി ഒന്നും ഇല്ലാതെ അവിടെ നിന്നിരുന്ന ചില യുവജനങ്ങൾ ഉത്സാഹഭരിതരായിട്ട് അദ്ദേഹത്തിനെ വാതുക്കൽ കൊണ്ടുചെന്നു നിറുത്തി. ആ സാധു അങ്ങനെ നില്ക്കവേ, സ്ത്രീകൾ മംഗളധ്വനി പുറപ്പെടുവിച്ചുകൊണ്ടു അദ്ദേഹത്തിനെ നാലുപാടും വളഞ്ഞു. പോരെ! പിന്നെന്തെല്ലാമാണുണ്ടായതെന്നോ? ഒരുത്തി അദ്ദേഹത്തിൻെറ ചെവിക്കു നല്ല അനത്തു കൊടുത്തു; മററൊരുത്തി മൂക്കി

നിട്ട് തട്ടി. ഇങ്ങനെ സ്ത്രീജനങ്ങൾ അദ്ദേഹത്തിനെ ഓരോരൊ വിധത്തിൽ കമ്പം പിടിപ്പിക്കുന്നതുകണ്ടു് നവയുവാക്കൾ സന്തോഷം കൊണ്ടു പുളച്ചു.

"വന്നായാൽ ഇങ്ങനെയൊക്കെയാണ്. ഒരു സാവകാശവും കിട്ടുകയില്ല വലിയ ദുർഘടത്തിൽ അകപ്പെട്ടുപോകും."

എന്നൊക്കെ അവർ പരിഹസിച്ചു.

"അകപ്പെട്ടാൽ പുലി ചുരുണ്ടു" എന്ന മട്ടിലായി വിശേശ്വരൻെറ കഥ.

സ്ത്രീകളുടെ ചടങ്ങുകൾ പൂർത്തിയായപ്പോൾ, ഹരി കന്യാദാനം ചെയ്തു. വിശേശ്വരൻ കന്യകയുടെ കൈ പിടിച്ചുകൊണ്ടു് പതുക്കെ ഹരിയുടെ നേക്ക് ആംഗ്യം കാണിച്ചു. സാവിത്രി മൂർച്ഛിതയെന്ന പോലെ ഒരു ചലനവും കൂടാതെ ഇരിക്കുന്നതു അദ്ദേഹം കുറേനേരത്തേ കണ്ടിരുന്നു. ഹരി സാവിത്രിയുടെ ഈ അവസ്ഥകണ്ടു് പരിഭ്രമത്തോട്ടുകൂടി, "ഇനി എന്താണുപായം?" എന്നു ചോദിച്ചു.

"എന്തു സംഭവിച്ചു? എന്തിനാണ് ഇവിടെ ഉപായം അന്വേഷിക്കുന്നതു്?"

"കന്യകയ്ക്കു ബോധക്ഷയം വന്നുവെന്നു തോന്നുന്നു."

"അങ്ങനെ അവശ്യം സംഭവിക്കണം. ബോധക്ഷയം വരാതിരുന്നെങ്കിലേ ആശ്ചര്യത്തിനു വഴിയുണ്ടായിരുന്നുള്ളു. ഈ മാതിരിയുള്ള ദുർഘടങ്ങളിൽ വലിയ സാഹസികന്മാരുടെ ധൈര്യം പോലും ശിഥിലമാകാതിരിക്കയില്ല. അതത്രേ ഇവിടെയും ഉണ്ടായിട്ടുള്ളു. പരിഭ്രമിക്കാനൊന്നുമില്ല. ഏതായാലും ഇനി സമയം കളയേണ്ട. മന്ത്രോച്ചാരണം ചെയ്യു."

വിവാഹം നടന്നു. ഹരി പരിഭ്രമത്തോടുകൂടി "അകത്തു വല്ലവരുമുണ്ടെങ്കിൽ ഇങ്ങോട്ടൊന്നു വരണേ" എന്നു വിളിച്ചുപറഞ്ഞു. ജാഹ്നവി ഓടിവന്ന് മകളുടെ ശീർഷത്തെ മടിയിൽ എടുത്തുവെച്ചുംകൊണ്ടു് ഇരുപ്പായി അന്നപൂർണ്ണ വിശറി എടുത്തു വീശിത്തുടങ്ങി. കുറച്ചുനേരം കഴിഞ്ഞപ്പോൾ സാവിത്രിക്കു ബോധം വീണു.

ജാഹ്നവി ചോദിച്ചു:—

"എന്താണു മകളേ! നിനക്കു ബോധക്ഷയം വരാൻ കാരണമെന്തു? ഹാ! ജഗദീശ്വരാ! സമുദ്രച്ചുഴിയിൽ അണ്ടുപോയ എൻെറ മാണിക്യത്തെ എനിക്കു തിരിച്ചുകിട്ടി."

സാവിത്രി ഇരുകൈകൾ കൊണ്ടും മാതാവിൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു് കരഞ്ഞുകൊണ്ടു പറഞ്ഞു:—

"അയ്യോ! എൻെറ ചേച്ചി എവിടെപ്പോയി? ചേച്ചിയെ വിളിക്കു."

..................

# പതിനേഴാംഅദ്ധ്യായം.

---

കാലം സാവധാനം അതിന്റെ സാംവത്സരികാവൎത്തനത്തിന്റെ പകുതി വഴി സഞ്ചരിച്ചു കഴിഞ്ഞിരിക്കുന്നു. പ്രതിവൎഷം കാണാറുള്ളതുപോലെ ഇത്തവണയും വിശേശ്വരന്റെ ഗൃഹത്തിനോടു ചേൎന്നുള്ള കുസുമവനികയിലെ തരുനിര പൂങ്കുലഅണിഞ്ഞിരിക്കുന്നു. ചുവന്നു ചുവന്നിരിക്കുന്ന പത്രാവലികളാലും പൂങ്കൊത്തുകളാലും അവ അത്യന്തം ശോഭിക്കുന്നു. മധുമക്ഷികകൾക്കു ലേശം പോലും സാവകാശം കിട്ടുന്നില്ല. ഋജുക്കളും ഉന്നതശീൎഷങ്ങളുമായ നാളികേരവൃക്ഷങ്ങൾ ശൈത്യഹസ്തത്തിൽ നിന്നു വിമുക്തങ്ങളായിട്ടു് മടലുകളെ നല്ലപോലെവിരിച്ചു നവീനവായുവിന്റെ പ്രേരണയാൽ തലയാട്ടിക്കൊണ്ടിരിക്കുന്നു. രണ്ടുനാരകവൃക്ഷങ്ങൾ നവബന്ധുക്കളെന്നോണം രക്താംബരം ധരിച്ചു് ഒരുകോണിൽ നില്ക്കുന്നു. ധൂൎത്തനായ പവനൻ പകുതി വിടൎന്ന കുസുമകലികകളെ ഇടയ്ക്കിടയ്ക്കു് ആട്ടിയും, തല കുത്തിച്ചും, ചിലപ്പോൾ അവയുടെ സുഗന്ധത്തെതട്ടിയെടുത്തുകൊണ്ടു് ഓടിക്കളഞ്ഞും പിന്നീടു തിരിച്ചുവന്നും സരസക്രീഡകൾ ചെയ്യുന്നു മുല്ലമല്ലികാദികൾ ക്ഷുദ്രബാലികകളെന്നോണം തങ്ങളുടെകാന്തിയാലും പരിമളധോരണിയാലും ഉന്മത്തങ്ങളായിത്തീൎന്നതുപോലെ കാണപ്പെടുന്നു. അവ കഴിയുന്നത്ര തങ്ങളുടെ കോമളിമയെ കാമചാരിയായ പവനനിൽനിന്നു് മറച്ചുവെക്കാൻ നോക്കുന്നു. അവനാകട്ടെ അവയെ വശപ്പെടുത്താനായി തന്റെ സൎവ്വശക്തികളും പ്രയോഗിച്ചു നോക്കുന്നു. ഇവയെല്ലാം ആണ്ടുതോറും നടക്കാറുള്ള സംഭവങ്ങളത്രേ. എന്നാൽ പ്രഭാതവേളയിൽ കൈയിൽ പുസ്തകവുമായി ഒരു വൃക്ഷത്തിന്റെ ചുവട്ടിൽനിന്നു് മറെറാന്നിലേക്കും അവിടെനിന്നു വേറൊന്നിലേക്കും ചുററിനടക്കാറുള്ള വിശേശ്വരനു ഈയാണ്ടത്തെ ഋതുവിലാസത്തിൽ ഒരു പുതുമതോന്നി.

ഒട്ടുവളരെ കടലാസുകൾ കൈയിൽ എടുത്തുകൊണ്ടു് വിശേശ്വരന്റെ ഒരു കാൎയ്യസ്ഥൻ ഈ അവസരത്തിൽ അവിടെവന്നുചേൎന്നു.

"ഈ കണക്കുകളെ അവിടുന്നു് ഒന്നു നോക്കിയാൽ കൊള്ളാം. ക്ഷേത്രപ്പണിക്കു് എസ്റ്റിമേററിൽ കവിഞ്ഞു ചിലവു വരുന്ന ലക്ഷണം കാണുന്നു." എന്നു് അയാൾ പറഞ്ഞു.

വിശേശ്വരൻ കൈയിലിരുന്ന പുസ്തകം അടച്ചിട്ടു് മറുപടി-പറഞ്ഞു:—

"എനിക്കും അങ്ങനെതന്നെ തോന്നുന്നു. ഇരിക്കട്ടെ. ഈ കണക്കുക

ളൊക്കെ എടുത്തുകൊള്ളുക. നമുക്കു അഫീസുമുറിയിലേക്കു പോകാം.”

ഇത്രമാത്രം മനോഹരവും ശൃംഖലാഹീനവുമായ പ്രകൃതിവിലാസത്തിനിടയ്ക്കു് കേവലം ലൌകികങ്ങളായ കണക്കുകളും മററും വായിക്കുന്നതിൽ അദ്ദേഹത്തിനു രസമുണ്ടായിരുന്നില്ല. കൈയിൽ ഇരുന്ന കാവ്യഗ്രന്ഥത്തെ ബെഞ്ചിന്മേൽവച്ചിട്ടു്, അദ്ദേഹം കാര്യസ്ഥനോടുകൂടെ അഫീസുമുറിയിലേക്കുകടന്നു.

വിശേശ്വരൻ ചോദിച്ചു:—

“പണി ഇനി എത്ര നാൾകൊണ്ടു തീരും?”

“ഏകദേശം പകുതി ആയിട്ടുണ്ടു്—പണി മുറയ്ക്കു നടന്നുകൊണ്ടിരിക്കുന്നു. അവിടുന്നു തയ്യാറാക്കാൻ പറഞ്ഞിരുന്ന കണക്കുകൾ കുറേ തീർത്തുവെന്നു ഹരിഹരൻ പറയുന്നു. അതിനെ അവിടുന്നു് ഇപ്പോൾ നോക്കുന്നോ?”

“ഓഹോ! അടുത്ത വർഷത്തിൽ പ്രതിഷ്ഠ നടത്തണമെന്നാണു് ചെറിയമ്മയുടെ നിശ്ചയം.”

“അതിനുമുമ്പെ ജോലി ഒക്കെ തീരും.”

കണക്കുകൾ പരിശോധിച്ചതിനുശേഷം വിശേശ്വരൻ സ്നാനം ചെയ്യുന്നതിനായി എഴുന്നേററു. വീട്ടിനുള്ളിൽ ചെന്നിട്ടു് “ചെറിയമ്മെ! അല്പം എണ്ണ തരൂ” എന്നു പറഞ്ഞു.

ചെറിയമ്മ തത്സമയം പാചകജ്ജോലിയിൽ ഏർപ്പെട്ടിരിക്കയായിരുന്നതിനാൽ മഞ്ഞൾ അരച്ചുകൊണ്ടിരുന്ന വധുവിനോടു്—

“നീ പോയി വിശ്ശുവിനു് അല്പം എണ്ണ എടുത്തുകൊടുക്കു്” എന്നു പറഞ്ഞു.

അവൾ ശീഘ്രത്തിൽ ജോലി ചെയ്തു തീർത്തിട്ടു് എണ്ണഎടുത്തുകൊണ്ടു് വെളിക്കുവന്നു്, മുട്ടുപടം മാററിയിട്ടു നോക്കിയപ്പോൾ വിശേശ്വരനെ അവിടെങ്ങും കാണ്മാനില്ല. അവൾ എണ്ണ അവിടെ വെച്ചിട്ടു, തിരിച്ചു പോന്നു. രാമധനന്റെ അമ്മ അങ്കണത്തിൽ ഇരുന്നു് എന്തോ ചെയ്തുകൊണ്ടിരുന്നതു കണ്ടു്, അവരുടെ ദൃഷ്ടിയിൽ പെടാതിരിക്കാൻ വേണ്ടി വരാന്തയിൽ ഒരു തൂണിനു സമീപത്തു ചെന്നു നില്ക്കയായിരുന്നു.

വധു തിരിച്ചുചെന്നപ്പോൾ “വിശ്ശു അവിടെ ഉണ്ടോ” എന്നു ചെറിയമ്മ ചോദിച്ചു.

‘ഇല്ല’ എന്നു് അവൾ നമ്രമുഖിയായി ഉത്തരം പറഞ്ഞു.

“എവിടെപ്പോയി? നോക്കീട്ടു വാ. അവൻ എണ്ണ തേയ്ക്കാതെപോയി കുളിച്ചുകളയും. വിളംബം അവനൊട്ടും സഹിക്കയില്ല. നിനക്കു് ഇതേവരെ അവന്റെ സ്വഭാവം മനസ്സിലായില്ലേ?”

പരമാൎത്ഥത്തിൽ സാവിത്രി തൻെറ സ്വാമിയുടെ സ്വഭാവത്തെ ചെറിയമ്മയേക്കാഠം കൂടുതൽ മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് അവഠം കുണ്ഠിതത്തോടുകൂടി മൂടുപടം മുഖത്തു വലിച്ചിട്ടുകൊണ്ടു എണ്ണയുമായി അങ്കണത്തിലേക്ക് ഇറങ്ങി. അദ്ദേഹം എവിടെയെന്നു അവഠം രാമധനൻെറ അമ്മയോടു ചോദിച്ചു. എന്നാൽ അവഠം ജോലിയിൽ മുഴുകിയിരുന്നതിനാൽ—

"എനിക്കറിയാമോ? അകത്തെങ്ങാനുമുണ്ടായിരിക്കും" എന്നു മറുപടി പറഞ്ഞു.

അവഠം അങ്കണം കടന്ന് ശയനാഗാരത്തിൻെറ വരാന്തയിൽ എത്തിയപ്പോഠം തൂണിൻെറ മറവിൽനിന്നു ഒരാഠം അവളുടെ അഞ്ചലത്തിൽ പിടിച്ചുവലിച്ചു. അവഠം പരിഭ്രമിച്ചു നാലുപാടും നോക്കി. എന്നാൽ ആരെയും കാണ്മാനുണ്ടായിരുന്നില്ല. വേറെ ആരും അല്ലെന്നു മനസ്സിലായപ്പോഠം അവഠം സ്വാമിയുടെ അടുത്തുചെന്നു എണ്ണക്കിണ്ണം അദ്ദേഹത്തിൻെറ പാദത്തിൽ വെച്ചിട്ട്—

'ഇതാ എണ്ണ' എന്നുപറഞ്ഞു.

"ശരിതു് എനിക്കു കാണാം എന്നാൽ എനിക്കു ഒരു രസകരമായ കഥപറയാനുണ്ട്. കേഠക്കണോ?" എന്നു വിശേശ്വരൻ തുടങ്ങി.

സാവിത്രി മൂടുപടത്തിനുള്ളിൽ കൂടി വിനയനിൎഭരമായ നേത്രങ്ങളാൽ സ്വാമിയെ നോക്കിക്കൊണ്ട്—

"എനിക്കു ജോലിയുണ്ട്—ഞാൻ പോകട്ടെ" എന്നു പറഞ്ഞു.

"പോകണോ? നിന്നെ വിളിക്കാൻ ആരുവന്നിരിക്കുന്നു? മൂടുപടം ഇത്ര മാത്രമെന്തിനു? കുറെ കീഠപ്പോട്ടു വലിച്ചിടരുതോ?"

എന്നുപറഞ്ഞിട്ട് അദ്ദേഹം വധുവിൻെറ മൂടുപടത്തെ കീഠപ്പോട്ടുവലിച്ചിട്ടു.

ആ സാധുബാലിക തൻെറ പ്രാണനെ അവിടെ ഇട്ടിട്ട് അതിവേഗം ഓടിക്കളഞ്ഞു.

"കേട്ടിട്ടു പോവുക—അല്ല! പോവുകയായോ? പക്ഷെ ഞാൻ ഇതിനു പകരം ചോദിക്കാതിരിക്കയില്ല."

വിശേശ്വരൻ കുളികഴിഞ്ഞുവന്നിട്ട് ഊണുകഴിക്കാനിരുന്നു. ചോറുവിളമ്പിക്കൊണ്ടിരിക്കവേ ചെറിയമ്മ ഓരോന്നു ചോദിച്ചുതുടങ്ങി.

"ഹരിക്കായി നീ നോക്കി വെച്ചിരിക്കുന്ന കുട്ടി കണ്ടാൽ കൊള്ളാമോ? നിങ്ങളെ ഒക്കെ ശ്വശ്രൂ അങ്ങോട്ടു ക്ഷണിച്ചിരിക്കുന്നു. വധുവിനെ ഞാൻ മൂന്നുനാലുദിവസത്തേക്ക് അങ്ങോട്ട് അയയ്ക്കും. ഇവിടെ പാവത്തിനു അവളുടെ പ്രായത്തിലുള്ള കൂട്ടുകാരാരുംഇ

ല്ല. മുട്ടപടം ധരിച്ചു കൊണ്ടു് അവൾ എപ്പോഴും അകത്തുതന്നെകുത്തിയിരിക്കുന്നു. പക്ഷേ അധികനാൾ അവളെ ആവിടെ എങ്ങനെ താമസിപ്പിക്കും? എന്റെ ജോലിയൊന്നും അവളില്ലാതിരുന്നാൽ നടക്കുകയില്ല. നിനക്കു കച്ചവടത്തിൽ നല്ല ലാഭം കിട്ടുന്നുണ്ടെന്നു ഹരി പറഞ്ഞു. ഉള്ളതു തന്നെയോ?''

അവരുടെ വാക്കുകൾക്കൊക്കെ, 'അതേ! ശരി!', എന്നിങ്ങനെ ദൃക്ഷരങ്ങളായ മറുപടി പറഞ്ഞുകൊണ്ടു വിശേശ്വരൻ ചിലപ്പോൾ അടുക്കളയുടെനേക്കും, ചിലപ്പോൾ പകുതി തുറന്നുകിടക്കുന്ന കതകുകളുടെ ഇടയിലേക്കും, ചിലപ്പോൾ കോണിപ്പടിയിലേക്കും, നോക്കിക്കൊണ്ടിരുന്നു. തന്റെ കോപഭാവം വല്ലവരും കണ്ടേയ്ക്കുമോ എന്നായിരുന്നു അദ്ദേഹത്തിന്റെ ശങ്ക.

ഊണുകഴിഞ്ഞു ഉറക്കറയിൽ ചെന്നു നോക്കിയപ്പോൾ സാവിത്രി കട്ടിലിനടുത്തു വെച്ചിരിക്കുന്ന ടീപ്പായിയുടെ മുകളിൽ, ഒരു ഗ്ലാസുവെള്ളവും വെററിലച്ചുരുളുകളും കൈലേസ്സുംകൊണ്ടു ചെന്നുവെച്ചിട്ടുപൊയ്ക്കഴിഞ്ഞിരിക്കുന്നു. വിശേശ്വരന്റെ കോപം പരമ കാഷ്ഠയെപ്രാപിച്ചു. കോപാധിക്യത്താൽ അവൾ കൊണ്ടുവന്നുവെച്ചിരുന്ന താംബൂലത്തെ തൊടുകപോലുംചെയ്യാതെ അദ്ദേഹം ശയ്യയിൽ കേറിക്കിടന്നു. എന്നാൽ മുമ്പൊരിക്കൽ ഇങ്ങനെ താംബൂലചർവ്വണം ചെയ്യാതെ, താൻ കോപിച്ചു കിടന്നപ്പോൾ, സാവിത്രി തന്നേവിഷണ്ണഭാവത്തിൽ നോക്കിയനോട്ടം അദ്ദേഹം പെട്ടെന്നു് ഓർത്തു. ഉടൻതന്നെ വെററിലച്ചുരുളുകൾ എടുത്തു ചവച്ചിട്ടു്, ഇനിമേൽ തന്നോടു ഈ മാതിരി പ്രവർത്തിക്കുന്നപക്ഷം തീർച്ചയായും മാപ്പുകൊടുക്കയില്ല എന്നു ശപഥം ചെയ്തു.

വിശേശ്വരൻ ഏകദേശം രണ്ടു മണിക്കൂർനേരം ഇങ്ങനെ കിടന്നതിനുശേഷം എഴുന്നേററു തന്റെ ജോലികൾക്കായിപ്പോയി. പ്രണയകലഹത്തിനുള്ള സമയം ഇതല്ല. തല പുണ്ണാക്കുന്ന ജോലികൾ പലതുമുണ്ടായിരുന്നു. എന്നിട്ടും ചെറിയമ്മയുടെ മുറിക്കരികിൽ കൂടി പതുക്കെ നടന്നുപോകവേ, അവർ സാവിത്രിയെക്കൊണ്ടു മഹാഭാരതം വായിപ്പിക്കുന്നതു് ചെവികൊടുത്തു കേൾക്കാതിരുന്നില്ല.

സന്ധ്യയ്ക്കു് അല്പംമുമ്പെ വിശേശ്വരൻ തിരിച്ചുവന്നു. അന്വേഷിച്ചതിൽ അന്നപൂർണ്ണ ജാഹ്നവിയുടെ ഗൃഹത്തിൽ പോയിരിക്കുന്നതായി അറിഞ്ഞു. ആ സ്ഥിതിക്കു് ഈ അവസരം കലഹത്തിൽ കഴിച്ചുകൂട്ടുന്നതു മൂർഖതയാണെന്നു അദ്ദേഹം വിചാരിച്ചു. അദ്ദേഹം മിണ്ടാതെ അങ്ങുമിങ്ങും തിരഞ്ഞു തിരഞ്ഞു് ദേവാലയത്തിനു സമീപ

ത്തുഎത്തി. അതിനുള്ളിൽ ഒന്നു ഉളിഞ്ഞു നോക്കിയപ്പോഠം, സാവിത്രി ഒരു പാത്രത്തിൽ കുറേ പുഷ്പങ്ങഠം വെച്ചുകൊണ്ടു്, മാലകെട്ടിക്കൊണ്ടിരിക്കുന്നതാണു് കണ്ടതു്.

വിശേശ്വരൻ ആ രണ്ടു പ്രേമമൂത്തികളുടേയും നേർക്കു്—ആദ്യം ദേവീ പ്രതിമയുടെ നേക്കും—പിന്നീടു് നവവധുവായ സാവിത്രിയുടെ നേക്കും നോക്കി. ചതുരനായശില്പി ജഗദംബികയുടെ മുഖത്തു യാതൊരു പ്രേമനിർഭരമായ ഭാവത്തെ പ്രകാശിപ്പിച്ചിട്ടുണ്ടോ, അതിൻെറ സുബന്ധുരമായ മധുരച്ഛായ ദേവീസിംഹാസനത്തിൻെറ ചുവട്ടിൽ ഇരുന്ന, മാനവിയുടെ മുഖത്തിലും അദ്ദേഹം കണ്ടു. വിശേശ്വരൻ മന്ദംമന്ദം അടുത്തു ചെന്നു് ചോദിച്ചു:—

"ആക്കാണു് ഇതു ബദ്ധപ്പെട്ടു മാല കെട്ടിക്കൊണ്ടിരിക്കുന്നതു്?"

സാവിത്രി സസംഭ്രമം അദ്ദേഹത്തിൻെറ മുഖത്തേക്കു് ഒന്നു നോക്കീട്ടു, മൂടുപടത്തെ മാററിക്കൊണ്ടു് കോമളസ്വരത്തിൽ പറഞ്ഞു.

"ദേവതയ്ക്കുവേണ്ടി."

"ഏതു ദേവതയ്ക്കു?"

സാവിത്രി ശിരസ്സിനെ അല്പം ഉന്നമിപ്പിച്ചിട്ടു സ്വാമിയുടെ മുഖത്തേയ്ക്കുനോക്കി.

വിശേശ്വരൻ ഗംഭീരമായസ്വരത്തിൽ പറഞ്ഞു:—

"നീ എത്രദിവസം ഇടവിട്ടാണു് ദേവതയേ മാററുന്നതു്? ദേവതാപദം കൊടുക്കാനും വാങ്ങാനും നിനക്കു അധികം നേരമൊന്നും വേണ്ടേ?

സാവിത്രി പുഞ്ചിരി തൂകിക്കൊണ്ടു് മുഖം താഴ്ത്തി. വിശേശ്വരനു്, അവളുടെ മുഖകമലത്തേ ഉയത്തി, ചരുനമായ ആ സ്മിതരുചി ഒന്നു കാണണമെന്നു് ആഗ്രഹം തോന്നി. അദ്ദേഹം അടുത്തു ചെന്നിരുന്നു്, അവളുടെ കൈകൊണ്ടു് അദ്ധഗ്രഥിതമായിരുന്ന ആ പുഷ്പമാല്യത്തെ പിടിച്ചു പറിച്ചെടുത്തു കഴുത്തിൽ അണിഞ്ഞിട്ടു് പറഞ്ഞു:—

"ഞാൻ അത്ര വേഗത്തിൽ എൻെറ ദേവതാപദം ഉപേക്ഷിക്കയില്ല. ഈ മാല എനിക്കുള്ളതാണു്."

സാവിത്രി അദ്ധശങ്കിതമായ മുഖത്തോട്ടുകൂടി പറഞ്ഞു:—

"എന്താണു് ചെയ്യുന്നതു്. അയ്യോ! ദേവീകോപം ഉണ്ടാകും ഇതു് ദേവിയേ അച്ചിക്കാനായി..."

"എന്നാൽ ഇതു് ഏതു ദേവതയ്ക്കാണെന്നു നേരത്തെ പറയാഞ്ഞതെന്തു്? അന്നത്തെ പാണ്ഡിത്യമൊക്കെ ഇപ്പോഠം മാഞ്ഞുപോയെന്നു തോന്നുന്നല്ലോ."

സ്വാമിയുടെ ഭാവം നന്നല്ലെന്നുകണ്ടിട്ടു് സാവിത്രി പുഷ്പമിരുന്ന പാത്രത്തെ ഒരു വശത്തേയ്ക്കു മാററി. അദ്ദേഹത്തിൻെറ ഈ അവിനീതമായ പ്രവൃത്തിനിമിത്തം അവൾക്കു വലിയ ഭയം ജനിക്കയാൽ, ദേവിയുടെ കോപനിവാരണാൎത്ഥം പ്രതിമയുടെ മുമ്പിൽ നമസ്കരിച്ചു. പ്രണാമം കഴിഞ്ഞു് അവൾ ശിരസ്സിനെ ഉന്നമിപ്പിച്ചപ്പോൾ വിശ്വേശ്വരൻ പറഞ്ഞു:—

"ഇതു കൊള്ളാം. ഇവിടെ വേറൊരു ദേവത നിൻെറ ഈ മാതിരി ഭക്തിപൂൎവ്വകമായ പ്രണാമത്തെ കാംക്ഷിച്ചു് ബകധ്യാനനിഷ്ഠയിൽ നില്ക്കുന്നു. പക്ഷെ അയാൾക്കു് ആ ഭാഗ്യം ഉണ്ടായില്ല."

സാവിത്രി ചഞ്ചലനേത്രങ്ങളാൽ സ്വാമിയുടെ മുഖത്തേയ്ക്കു് ഒന്നു നോക്കി. അവളുടെ മനസ്സിൽ വിവിധ ചിന്തകൾ ഉദിച്ചു പൊങ്ങിക്കൊണ്ടിരുന്നു. വിശ്വത്തിൻെറ സാക്ഷാൽ ഈശ്വരൻ തന്നെയോ തൻെറ മുമ്പിൽ നില്ക്കുന്നതെന്നു് അവൾ ശങ്കിച്ചു. അവളുടെ ഹൃദയം നിറഞ്ഞു. അവൾ ഉച്ഛ്വാസത്തിൻെറ വേഗത്തിൽ നതജാനുവായി പ്രണമിക്കാൻ ഭാവിച്ച ക്ഷണത്തിൽതന്നെ സുദൃഢമായ ബാഹുപാശങ്ങളാൽ അവൾ തൽക്കൎമ്മത്തിൽ നിന്നു നിരുദ്ധയായി. വിശ്വേശ്വരൻ വ്യഗ്രസ്വരത്തിൽ പറഞ്ഞു:—

"ഇതെന്തു്? നീ എന്തു ചെയ്യാനാണു് ഭാവിക്കുന്നതു്?"

ലജ്ജിതയായ സാവിത്രി വേറൊരിടത്തേയ്ക്കു് മുഖം തിരിച്ചുകൊണ്ടു പറഞ്ഞു:—

"എന്താണു്—പ്രണാമംചെയ്യുന്നതിൽ വല്ലദോഷവുമുണ്ടോ?"

"വളരെ ദോഷമുണ്ടു്. ഈ മാതിരി ഗുരുശിഷ്യഭാവത്തിൽ നമസ്കരിക്കാനും ആശീൎവ്വാദം വാങ്ങാനും നിനക്കു ലജ്ജതോന്നുന്നില്ലേ സാവിത്രി?"

"ലജ്ജിക്കുന്നതെന്തിനു്? ദേവതയെ പ്രണമിക്കുന്നതിൽ ലജ്ജിപ്പാനെന്തുള്ളു?" വിശ്വേശ്വരൻ സാവിത്രിയെ തുറിച്ചുനോക്കി. ആ നേത്രത്തിൽ, തിരസ്കാരം, അഭിമാനം, വേദന എന്നീ ഭാവങ്ങൾ നിൎഭരമായിരുന്നു. ആ ദൃഷ്ടിപാതത്തെ സഹിക്കുന്നതിനു സാവിത്രിക്കു ശക്തിയുണ്ടായിരുന്നില്ല. അവൾ ശിരസ്സിനെ അവനമിച്ചു.

"സാവിത്രീ! ഇപ്പോഴും നീ ഇങ്ങനെതന്നെ പറയുന്നോ? നിൻെറ മനോഭാവം പൂൎണ്ണമായിഗ്രഹിക്കുന്നതിനു് എനിക്കു് ഇതേവരെ സാധിച്ചിട്ടില്ല. ഇപ്പോഴും നീ എന്നെ അന്യനായിട്ടുതന്നെയാണോ വിചാരിച്ചിരിക്കുന്നതു്?"

സ്വാമിയുടെ വിഷാദസംകലിതമായ സ്വരം കേട്ടപ്പോൾ സാവിത്രിക്ക ദുഃഖമുണ്ടായി. അവൾ ആർത്തസ്വരത്തിൽ പറഞ്ഞു:—
"ഇതുകൊണ്ട് അന്യനായിപ്പോയോ?"

"പിന്നില്ലേ?—തീർച്ചയായും അന്യനായിപ്പോയി നീ. എന്നെ ദേവതയെന്നു വിളിക്കുന്നല്ലോ! എന്നാൽ എങ്ങനെയുള്ളവനെയാണ് സാധാരണ ദേവതയെന്നു പറയുന്നത്? കേൾക്കട്ടെ."

"അനാഥരായിട്ടുള്ളവൎക്ക് ആശ്രയം നൽകുന്നവനേയും, ദുഃഖിതന്മാരുടെ ദുഃഖങ്ങൾ തീൎത്ത് അവരെ സുഖികളാക്കുന്നവനേയും വഴിനീളെ തെണ്ടിനടക്കുന്നവരെ സിംഹാസനത്തിൽ കയററുന്നവനേയും—"ഇതു കേട്ടമാത്രയിൽ വിശ്വേശ്വരൻ സാവിത്രിയെ പിടിച്ചു മാറോടണച്ചുകൊണ്ട് പ്രണയമസൃണമായ സ്വരത്തിൽ പറഞ്ഞു:—

"അപ്പോൾ പ്രേമം കാണിക്കുന്നവനേയും പ്രേമത്തെമാത്രം കാംക്ഷിക്കുന്നവനേയും നീ മനുഷ്യനെന്നേ വിളിക്കൂ. മററുള്ളവർ പറയുന്നെങ്കിൽ പറഞ്ഞുകൊള്ളട്ടെ. എന്നാൽ നീ അങ്ങനെ പറയരുത്. സാവിത്രി, ഇത്ര അടുത്തിരുന്നിട്ടും നീ എന്നെ മനസ്സിലാക്കുന്നില്ലല്ലോ ഇത്ര അടുത്തിരുന്നിട്ടും നാം ദൂരസ്ഥരെപ്പോലെ വൎത്തിക്കുന്നല്ലോ?"

സാവിത്രി തൻെറ ശിരസ്സിനെ സ്വാമിയുടെ മാറിടത്തിൽ വെച്ചുകൊണ്ടു നിന്നു. അവൾക്കു ഇങ്ങനെ പറയണമെന്നാഗ്രഹമുണ്ടായിരുന്നു.

"അങ്ങ് എനിക്കു സദയം നൽകിയ പദവിയെ ഞാൻ സ്വപ്നത്തിൽപോലും ആശിച്ചിരുന്നതാണോ? അങ്ങയുടെ പത്നിയായിരിക്കാനുള്ള യോഗ്യത എനിക്കുണ്ടെന്ന് ഞാൻ എങ്ങനെ വിചാരിക്കും? കാററത്തു കരിയിലകൾ എന്നപോലെ പ്രപഞ്ചവിസ്തൃതിയിൽ ഒരു ലക്ഷ്യവും കൂടാതെ പറന്നു നടന്നിരുന്ന ഞങ്ങൾക്ക് അങ്ങു് ആശ്രയം അരുളി. അങ്ങയുടെ ചരണാരവിന്ദത്തിൽ ഒരു സ്ഥാനവും എനിക്കു തന്നു—സ്വാമിൻ! ഇതിലധികം എന്നോട്ട് ഒന്നും പറയരുതേ. അതു് എനിക്കു തീരെ ദുസ്സഹമാണ്."

പക്ഷേ ഈ വാക്കുകൾ അവളുടെ നാവിൽ നിന്നു പൊങ്ങിയില്ല. പെട്ടെന്ന് വെളിയിൽ "കൊച്ചേച്ചീ" എന്നൊരുവിളികേട്ടു. 'കാളി വന്നിരിക്കുന്നു' എന്നു പറഞ്ഞുകൊണ്ടു സാവിത്രി അവിടെനിന്നുപോയി. വിശ്വേശ്വരൻ മറെറാരു വാതലിൽകൂടെ വേശത്തിൽ

വെളിയ്ക്കു കടന്നു. എന്തുകൊണ്ടെന്നാൽ ചെറിയമ്മ വന്നുകഴിഞ്ഞിരിക്കുന്നു എന്ന് അദ്ദേഹം ഗ്രഹിച്ചു. കുറച്ചുനേരം കഴിഞ്ഞു് സാവിത്രി വിളക്കു കത്തിക്കാനായി ശയനഗൃഹത്തിൽ ചെന്നപ്പോൾ, വിശേശ്വരനും വന്നുചേർന്നു. അദ്ദേഹം കൈയിൽ ഇരുന്ന വെററിലച്ചുരുളുകളെ കാണിച്ചുകൊണ്ടു് സാവിത്രിയോടു പറഞ്ഞു:—

"നാം തമ്മിലുണ്ടായ കലഹം ഞാൻ മറന്നുപോയെന്നാണോ നീ വിചാരിച്ചതു്? ഇതാ നോക്കൂ."

ഈ വാക്കുകൾ കേട്ടപാതി, കേൾക്കാത്തപാതി സാവിത്രികണ്ണിറുക്കിക്കൊണ്ടു് അവിടെനിന്ന് ഓടിക്കളഞ്ഞു.

വിശേശ്വരൻ ഒരു പുസ്തകമെടുത്തു് അതിൻെറ ദലങ്ങൾ ഓരോന്നായി മറിച്ചു തുടങ്ങി. പക്ഷെ അദ്ദേഹത്തിനു ഒന്നും വായിക്കാൻ സാധിച്ചില്ല; ചുമ്മാ മറിച്ചു കൊണ്ടിരുന്നതേ ഉള്ളു. ഈ അവസരത്തിൽ അദ്ദേഹത്തിൻെറ നേത്രങ്ങളിൽ ആനന്ദരശ്മികളും മനസ്സിൽ വിവിധരമ്യഭാവങ്ങളുടെ തിരതല്ലും, ശരീരത്തിൽ പുളകാവലിയും ഉണ്ടായി. പെട്ടെന്ന് പുസ്തകത്തിനുള്ളിൽനിന്ന് ഒരു കത്തു നിലത്തു പതിച്ചു. അതു സതിയുടെ ഹസ്തലിഖിതമായ അന്ത്യഘോഷണാപത്രമായിരുന്നു. വിശേശ്വരൻ അതിനെ ഒരാവൎത്തികൂടി വായിച്ചു. അദ്ദേഹത്തിന് അനേകനാളത്തേ സ്മൃതി മനസ്സിൽ ഉദിച്ചുപൊങ്ങി. അന്ന് സതിയുടെ വാക്കുകൾ ഒരു ശാപമായിട്ടാണു വിശേശ്വരനു തോന്നിയതു്. എന്നാൽ ഇപ്പോഴൊ? അല്പം വേദനാക്ലിഷ്ടമെങ്കിലും അവ മംഗലകാംക്ഷിയായ ഒരു ഹൃദയത്തിൻെറ സ്നേഹനിൎഭരമായ ആശീൎവ്വാദങ്ങളായിരുന്നെന്ന് അദ്ദേഹത്തിന് പൂൎണ്ണബോധമുണ്ടായി.

"അധമമായ ഈ നാരീജാതിയിൽനിന്നു ഒരുവളെ അങ്ങ് പത്നീഭാവത്തിൽ സ്വീകരിച്ചു ലാളിക്കാനിടവരും......... ഈ അധമജാതിയുടെ ഹൃദയാന്തൎഭാഗത്തിൽ എത്ര വിപുലമായ ഒരു പ്രേമസമുദ്രമാണ് മറഞ്ഞിരിക്കുന്നതെന്ന് അക്കാലത്തു അങ്ങേയ്ക്കു് അനുഭവപ്പെട്ടും. ലോകത്തിൽ സുഖം നിൎഭരമായിരിക്കുന്നതു് പ്രേമത്തിൻെറ ആദാനപ്രദാനങ്ങളിലാണെന്നു അപ്പോൾ അങ്ങു സമ്മതിക്കാതിരിക്കയില്ല."

ഇതു ശാപമാണോ? ഒരിക്കലുമല്ല. നേരേമറിച്ചു ഭവിഷ്യദ്വക്താവിൻെറ ദിവ്യവാണിയത്രേ. ഇതിൻെറ മൎമ്മം ഗ്രഹിക്കാതിരുന്ന ഞാൻ മൂഢനാണു്.

അദ്ദേഹം പിന്നെയും വായിച്ചു:—
“അങ്ങ് സുഖിയായിരിക്കട്ടെ. അന്യന്മാരെയും സുഖികളാക്കിത്തീൎക്കട്ടേ.”

വിശേശ്വരൻ ഈ പത്രത്തെ സാദരം ശിരസ്സിൽവെച്ചു. കുറച്ചുനേരം കഴിഞ്ഞു് ഇതിനെ ചീന്തി ദൂരത്തെറിയണമെന്ന് അദ്ദേഹം ആലോചിച്ചു. ഇതു സാവിത്രിയുടെ കൈയിലെങ്ങാനും പെടുന്നതിനിടവന്നാൽ വലിയ അനൎത്ഥമായിത്തീരും. അവൾക്കു ദുസ്സഹമായ ദുഃഖം ഉണ്ടാകും. ഇപ്പോഴും അവൾ സതിയെ ഓൎത്തു കരഞ്ഞുകൊണ്ടേ ഇരിക്കുന്നു. ഈ കത്ത് അഗ്നിയിൽ ഭസ്മംപോലെ ആവും സാവിത്രിയിൽനിന്നു ഇതിനെ മറച്ചുവെയ്ക്കുന്നതു കഠിനമാണ്. പക്ഷേ എന്തു ചെയ്യാം! വേറെ നിവൃത്തിയില്ല. സാധുവിശേശ്വരൻ ആ കത്തിനെ ദീപശിഖയിൽ അൎപ്പണംചെയ്തു.

—o-*-o—

## പതിനെട്ടാം അദ്ധ്യായം.

ആണ്ടുപിറന്നാൽ ചൈത്രമാസത്തിൽ തന്നെ ക്ഷേത്രപ്രതിഷ്ഠ നടത്തണമെന്നായിരുന്നു അന്നപൂൎണ്ണയുടെ നിശ്ചയം. എന്നാൽ പല വിധത്തിലുള്ള സാംസാരികപ്രതിബന്ധങ്ങൾ നിമിത്തം അതിനു സാധിക്കാതെ വന്നു. അതുകൊണ്ട് വിശേശ്വരന്റെ വിവാഹാടിയന്തിരത്തിന്റെ രണ്ടാം വാൎഷികദിനത്തിൽ നടത്താൻ തീൎച്ചപ്പെടുത്തി.

ഇതിനിടയ്ക്കു സാവിത്രിയുടെ ഹൃദയത്തിനു വേറൊരു കഠിനക്ഷതം കൂടിപ്പറ്റി. ജാഹ്നവീദേവിയുടെ പ്രാണവിഹംഗം, ഈ ലോകത്തിൽ യാതൊരു ശാന്തിയും കാണാഞ്ഞിട്ടെന്നപോലെ, ശരീരപഞ്ജരം വിട്ടു് പറന്നുപൊയ്ക്കളഞ്ഞു. അവർ ഇങ്ങനെ നിത്യശാന്തി അടഞ്ഞു. സാവിത്രി ആദ്യം ഒട്ടുവളരെക്കരഞ്ഞു. എന്നാൽ അമ്മ പോയതു നന്നായി എന്ന് അവൾ പിന്നീടു വിചാരിച്ചുതുടങ്ങി.

“അമ്മ ചേച്ചിയുടെ അടുക്കൽ പോയിരിക്കാം. അവിടെ രണ്ടുപേരും—അമ്മയും മകളും—ഒന്നിച്ചുചേൎന്നു സുഖമായി പാൎക്കുകയായിരിക്കണം. ഞങ്ങളൊക്കെ എല്ലാപ്രകാരത്തിലും ക്ഷേമമായിരിക്കുന്നതു കണ്ടു് സന്തുഷ്ടയായിട്ട്, അമ്മ തന്റെ ദുൎഭഗയായ പുത്രിയെ ആശ്വസിപ്പിക്കാനായി പോയതാണ്. അമ്മയും ചേച്ചിയും സുഖമായിരിക്കട്ടെ” ഇങ്ങനെ വിചാരിച്ച് സാവിത്രി തന്റെ ബാഷ്പപ്രവാഹത്തെ നിരോധിച്ചുകളഞ്ഞു.

ഹരിശങ്കരന്റെ വിവാഹവും നടന്നുകഴിഞ്ഞു. അയാൾ ഗൃഹസ്ഥാശ്രമം കൈക്കൊണ്ടു് സുഖമായി പാക്കുന്നു. ചേച്ചിയെ വിട്ടു താമസിക്കുന്ന കാൎയ്യം വലിയ വിഷമമായതുകൊണ്ടു് കാളി മിക്കപ്പോഴും വിശേശ്വരന്റെ ഗൃഹത്തിൽ തന്നെയാണു്. ഇങ്ങനെ ഭട്ടാചാൎയ്യരുടെ ഗൃഹം ഇപ്പോൾ പുതിയ ആളുകളോടുകൂടി, പുതിയ സുഖദുഃഖങ്ങളുടെ ചുഴിയിൽപ്പെട്ടു് കറങ്ങിത്തുടങ്ങിയിരിക്കുന്നു.

ക്ഷേത്രപ്പണി ഒക്കെ അവസാനിച്ചു. അന്നപൂൎണ്ണാദേവിയുടെ പ്രതിഷ്ഠയും യഥാകാലം നടന്നു. അന്നു് ഒരു മഹോത്സവം തന്നെയായിരുന്നു. അന്നപൂൎണ്ണ തന്റെ കൈവശമുള്ള പണംകൊണ്ടു് ഒരു അനാഥശാല തുറക്കുമെന്നായിരുന്നു, ആളുകൾ വിശ്വസിച്ചിരുന്നതു്. വിശേശ്വരന്റെ വിചാരവും അതുതന്നെ ആയിരുന്നു. എന്നാൽ അന്നപൂൎണ്ണ ഇങ്ങനെ പറഞ്ഞു:—

"മകനേ! ഭഗവാൻ ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ, ഉണ്ണാനുള്ളവഴി എല്ലാവൎക്കും ഉണ്ടാക്കി കൊടുക്കുന്നുണ്ടു്. അതുകൊണ്ടു നമ്മുടെ നാട്ടിൽ ആഹാരത്തിനു ബുദ്ധിമുട്ടു് ഇപ്പോൾ അധികമില്ല. എന്നാൽ മനുഷ്യരുടേയും സമുദായങ്ങളുടേയും അത്യാചാരങ്ങളാൽ പീഡിതരായിരിക്കുന്നവരുടെ കഷ്ടതകൾക്കു കൈയും കണക്കുമില്ല. അതുകൊണ്ടു് നീ ഈ പണംകൊണ്ടു്, കന്യാദാനം ചെയ്യാൻ മാൎഗ്ഗമില്ലാതെ ക്ലേശിക്കുന്ന സാധുക്കളെ ആ ഋണത്തിൽനിന്നു മോചിപ്പിക്കണം. എനിക്കു വേറൊരു പുണ്യവും വേണമെന്നു് ആഗ്രഹമില്ല. എന്റെ ദേശത്തിൽ മുലകുടിമാറാത്ത ബാലികമാർ അച്ഛനമ്മമാരുടെ ദാരിദ്ര്യംനിമിത്തം ആജീവനാന്തം, ജ്വലിക്കുന്ന അഗ്നികുണ്ഡത്തിൽപെട്ടു് വെന്തുനീറാൻ ഇടയാകരുതെന്നേ എനിക്കു് ആഗ്രഹമുള്ളു. എന്റെ ഈ തുച്ഛധനംകൊണ്ടു് ഒരു കന്യകയുടെ എങ്കിലും കണ്ണീരു തുടയ്ക്കാൻ സാധിച്ചുവെങ്കിൽ, അതിനു് പൂൎണ്ണസാഫല്യം വരും."

വിശേശ്വരൻ തന്റെ വളൎത്തമ്മയുടെ ആജ്ഞയെ അണുപോലും തെററിക്കാതെ നിറവേററിത്തുടങ്ങി. ആ പണംകൊണ്ടു് അദ്ദേഹം 'അന്നപൂൎണ്ണാനിധി' എന്നൊരു ഫണ്ടു തുറന്നു. പേരൊന്നു മാററിയാൽ കൊള്ളാമെന്നു് ആ സാധ്വീരത്നത്തിനു മോഹമുണ്ടായിരുന്നു. അതിനായി അവർ വിശേശ്വരനെ വളരെയൊക്കെ നിർബന്ധിക്കയും ചെയ്തു പക്ഷേ ആ ഒരു കാൎയ്യത്തിൽ വിശേശ്വരൻ മാതാവിന്റെ വാക്കിനെ വകവെച്ചതേ ഇല്ല.

അന്നപൂൎണ്ണാലയത്തിൽ അന്നു വലിയ ആൾത്തിരക്കായിരുന്നു.

വസ്ത്രദാനം തുടങ്ങിയ വിശിഷ്ടദാനങ്ങൾ യഥോചിതം നടത്തുന്നതിലും അന്യദിക്കുകളിൽനിന്നു വന്നിരുന്ന പണ്ഡിതന്മാരെ യഥാവിധി പൂജിച്ചയയ്ക്കുന്ന വിഷയത്തിലും ആ നാട്ടുകാർ മനസ്സറ്റു പ്രയത്നിച്ചു. ഇന്ന് എല്ലാവരും വിശേശ്വരൻെറ ഹിതൈഷികളും വിശ്വാസപാത്രങ്ങളും ആയി കാണപ്പെട്ടു. സാവിത്രി സാക്ഷാൽ അന്നപൂർണ്ണാദേവിയെപ്പോലെ, ക്ഷേത്രത്തിൻെറ അങ്കണത്തിൽ ഭോജനം വിളമ്പിക്കൊടുക്കുന്നതിൽ നിർല്ലീന ചിത്തയായിരിക്കുന്നു. അല്പം വിശ്രമിക്കുന്നതിന് അന്നപൂർണ്ണ വളരെ നിർബന്ധിച്ചിട്ടും, അവൾ ആ ജോലിയിൽനിന്ന് വിരമിക്കുന്നില്ല. സന്ധ്യ ആയപ്പോൾ അന്നപൂർണ്ണ അവളെ പിടിച്ചുകൊണ്ടു പോയിട്ടു പറഞ്ഞു:—

"എന്തൊരു ഭ്രാന്തി! ഇനി വല്ലതും കഴിച്ചിട്ട് വിശ്രമിക്കൂ." •

നാലുദിക്കിൽനിന്നും ആളുകൾ വന്നും പോയുമിരിക്കുന്നു. അന്നപൂർണ്ണാദേവിയുടെ വിശ്വൈകമോഹിനിയായ മൂർത്തി ഉജ്ജ്വലശോഭാതരംഗിതമായി കാണപ്പെട്ടു. സാവിത്രി തൻെറ നെററിയിലെ വിയർപ്പു തുടച്ചുകളഞ്ഞിട്ട്, ചേലാഞ്ചലത്താൽ മുഖം വീശിത്തുടങ്ങി. തത്സമയം വാതുക്കൽ ആരോ വന്നു വിളിച്ചു.

"അകത്ത് ആര്? ദേവിയുടെ ചരണാമൃതം അല്പം തരണേ! വലിയ ദാഹമായിരിക്കുന്നു."

സാവിത്രി പെട്ടെന്നു തിരിഞ്ഞു നോക്കിയപ്പോൾ, വിശേശ്വരൻ വാതുക്കൽ സസ്മിതം നില്ക്കുന്നതാണ് കണ്ടത്. അദ്ദേഹത്തിൻെറ ശരീരത്തിൽ നിന്ന് ഒരു ചെറിയ സഭ്യയ്ക്കുള്ള വട്ടങ്ങളൊക്കെ എടുക്കാമായിരുന്നു. വിയർപ്പു തെരുതെരെ ചാടിക്കൊണ്ടിരുന്നു.

വേറെ ആരും അകത്തില്ലെന്നു മനസ്സിലായപ്പോൾ അദ്ദേഹം ഉള്ളിലേക്കു കടന്നു. സാവിത്രി തൻെറ അഞ്ചലത്താൽ സ്വാമിയെ വീശിക്കൊണ്ടു പറഞ്ഞു:—

"എന്തിനാണ് ഇത്ര കഠിനപരിശ്രമം ചെയ്യുന്നത്?"

"നീയോ? എന്നു ചോദിച്ചുകൊണ്ട് അദ്ദേഹം ചിരിച്ചു."

സാവിത്രി വേഗം ചെന്ന് ദേവിയുടെ ചരണാമൃതവും സ്വല്പം സർബത്തും കൊണ്ടുവന്ന് സ്വാമിക്കു കൊടുത്തു. അതു കുടിച്ചിട്ട് വിശേശ്വരൻ ചോദിച്ചു:—

"സാവിത്രി! ഇത് ഏതുദിവസമാണെന്നു ഓർമ്മയുണ്ടോ?"

"ഉണ്ട്" എന്നു പറഞ്ഞു അവൾ ചിരിച്ചു.

"ഈ തിരക്കിനിടയ്ക്ക് അക്കാര്യം എനിക്കു ഓർമ്മ വന്നു. ആകട്ടെ,

സാവിത്രി, അന്ന് അവർ അങ്ങനെ ഒരു കൌശലം ഉണ്ടാക്കിയില്ലെങ്കിൽ എന്തു വരുമായിരുന്നു?"

"എന്നും ഈ ഒരേ ഒരു ചോദ്യമേയുള്ളൂ. എന്തുവരാനാണ്? എല്ലാം മംഗളമായ്ത്തന്നെ ഇരിക്കുമായിരുന്നു."

"എൻെറ കാൎയ്യം മാത്രമാണ് ചോദിച്ചത്. പരമസാധ്വിയായതുകൊണ്ട് നിനക്കു ഒന്നുമില്ല."

സാവിത്രി സ്നിഗ്ദ്ധനേത്രങ്ങളാൽ സ്വാമിയെ കടാക്ഷിച്ചു.

"ഈ സമയത്തു ഞാനും അതിനെപ്പറ്റി ആലോചിക്കാതിരുന്നില്ല. അന്ന് ഞാൻ ജീവച്ഛവമായിപ്പോയി. ആ വിവാഹം നടക്കാതിരുന്നെങ്കിൽ എനിക്ക് വിശേഷിച്ചു ലാഭമോ നഷ്ടമോ ഉണ്ടാകുമായിരുന്നില്ല. അമ്മയുടെ ഒരു വലിയ ഭാരം നീങ്ങി, അവൾക്ക് മനസ്സ്വാസ്ഥ്യം ഉണ്ടാകണമെന്നേ എനിക്കു മോഹമുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ആ വിവാഹം എനിക്കു ഒരു വലിയ കാൎയ്യമായിട്ടാണ് തോന്നിയത്. വേറൊരു ആശയും എനിക്കില്ലായിരുന്നു. ആശിക്കാൻ ശക്തിയും ഉണ്ടായിരുന്നില്ല."

വിശേശ്വരൻ നിൎന്നിമേഷലോചനങ്ങളാൽ പ്രേമവാരിധിയും ഭാവമയിയും ആയ ആ കോമളമൂൎത്തിയെ നോക്കീട്ടു ഇങ്ങനെ വിചാരിച്ചു:—

"സാവിത്രീ, നീ ഈവിധം ഒരു യോഗിനിയായിത്തീൎന്നാൽ, നിൻെറ അജ്ഞാനാച്ഛന്നനായ നിൎജ്ജീവസ്വാമിക്കു നവജീവൻ നൽകുന്നതെങ്ങിനെ?"

ഈ സമയത്തു സൌമ്യമൂൎത്തിയായ അന്നപൂൎണ്ണ എളിയിൽ കുന്ദകലികോപമമായ ഒരു പൈതലിനെ എടുത്തുകൊണ്ട് അവിടെ വന്നു. അവർ ആ ശിശുവിനെ സാവിത്രിയുടെ കൈയിൽ കൊടുത്തിട്ട് സസ്മിതം പറഞ്ഞു:—

"കരഞ്ഞുകരഞ്ഞു കുഞ്ഞിൻെറ തൊണ്ട വരണ്ടുപോയിട്ടും ആരു കേൾക്കുന്നു? ഇങ്ങനെ ഒരു തള്ളയെ എങ്ങും കണ്ടിട്ടില്ല."

വിശേശ്വരൻ ലജ്ജിച്ചു വേറൊരു വാതലിൽ കൂടി ഓടിക്കളഞ്ഞു. ഓടിപ്പോകുംവഴിക്ക് അദ്ദേഹം ഭക്തിപരവശമായ നേത്രങ്ങളാൽ ക്ഷേത്രത്തിൻെറ ഉള്ളിലേക്കു നോക്കി. അന്നപൂൎണ്ണാലയത്തിലെ പ്രതിമ മാതൃത്വം മൂൎത്തിമത്തായിരിക്കുന്നതുപോലെ, ജഗത്തിൽ അജസ്രസ്നേഹധാര വൎഷിച്ചുകൊണ്ടിരുന്നു.

Ab

B 5 9

MUL
066823